മുതുതല ഗ്രാമപഞ്ചായത്ത്



അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനങ്ങളുടെ പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം



# പ്രഥമ വികസന റിപ്പോർട്ട്

## മുതുതല ഗ്രാമപഞ്ചായത്ത്

**1996**

*''കുഴി വെട്ടിമൂടുക വേദനകൾ*
*കുതികൊൾക ശക്തിയിലേക്കു നമ്മൾ*
*പ്രതിരോധമൊക്കെയും തട്ടിമാറ്റി*
*കുതികൊൾക ശക്തിയിലേക്കു നമ്മൾ''*

*-ഇടശ്ശേരി-*

## ഉപദേശക സമിതി

**എ. രഘുനാഥ്**
**കെ.എസ്. മുഹമ്മദ് ഹാജി**
**കെ.എം. ഉണ്ണികൃഷ്ണൻ**
**ഗോവിന്ദൻകുട്ടി മേനോൻ**

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

**കെ.എം. വാസുദേവൻ**
**കെ.എം. ശിവകരൻ**
**വി.ടി. നാരായണൻ**
**ജി. മണികണ്ഠൻ**
**എം.കെ. രാധ**
**കെ. ശ്യാമളാദേവി**
**ടി. അബ്ദുൾ ഗഫൂർ**
**ജയശങ്കർ**

## മുൻകാല പ്രസിഡൻറുമാർ

**പി.കെ. ഗോപാല മേനോൻ**



**യു.പി. അച്ചുത മേനോൻ**



**ടി.എം. പരമേശ്വരൻ ഭട്ടതിരി**



**പി. ഗോവിന്ദൻകുട്ടി മേനോൻ**



**എ. രഘുനാഥ്**



സുഹൃത്തുക്കളേ,

വരും ഭാരത ചരിത്രത്തിൻെറ സുവർണ്ണത്താളുകളിൽ തങ്കലിപികളാൽ എഴുതി ചേർക്കപ്പെടേണ്ട 'അധികാരം ജനങ്ങളിലേക്ക്' എന്ന സുന്ദര സ്വപ്നത്തിൻെറ സാക്ഷാത്കാരമായ കേരള ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഉദ്ഘാടനം 1996 സെപ്റ്റംബർ 17ന് (1172 ചിങ്ങം 1) ആയിരുന്നു. ഒരാഴ്ച നീണ്ടുനിന്ന സംസ്ഥാനതല ശില്പശാലക്കു ശേഷം സെപ്റ്റംബർ മദ്ധ്യത്തോടെ നടന്ന ജില്ലാതല പരിശീലന ക്യാമ്പിൽ ഈ പഞ്ചായത്തിൽ നിന്ന് പ്രസിഡൻറ് ഉൾപ്പെടെ ഒമ്പതു പേർ പങ്കെടുത്തു. സെപ്റ്റംബർ 22ന് പ്രാദേശിക പരിശീലന ക്യാമ്പിൽ 126 പേർ പങ്കെടുത്തു. തുടർന്നു നടക്കേണ്ട ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്ത് തലത്തിലും, ഒമ്പതു വാർഡുകളിൽ വെവ്വേറെയും വ്യത്യസ്ഥ പ്രചരണ പ്രവർത്തനങ്ങൾ നടന്നു. സർവ്വകക്ഷി യോഗവും തുടർന്നുള്ള കക്ഷിഭേദം മറന്നുള്ള കൂട്ടായ പ്രവർത്തനവും മൂലം ഗ്രാമസഭകളിലുള്ള ജനകീയ പങ്കാളിത്തം ആവേശകരമായിരുന്നു. മുതുതല ഗ്രാമപഞ്ചായത്തിലെ ഒമ്പതു ഗ്രാമസഭകളിൽ മൊത്തം 1606 പേർ പങ്കെടുത്തു. ചർച്ചകൾക്കു ശേഷം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ വിപുലമായ യോഗം ചേർന്ന് വികസനരേഖയുടെ പ്രാഥമിക ചർച്ച നടത്തി.

തുടർന്ന് പരിശീലകരുടെ രണ്ടാംഘട്ട ശില്പശാല മുതുതല യു.പി.സ്കൂളിൽ 2.11.96ന് നടന്നു. പന്ത്രണ്ട് ഗ്രൂപ്പുകളെ വ്യത്യസ്ഥ മേഖലകളെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് റിപ്പോർട്ടുണ്ടാക്കാൻ ചുമതലപ്പെടുത്തി. ചുരുങ്ങിയ സമയം കൊണ്ട് പഞ്ചായത്തിലെ വികസന പ്രശ്നങ്ങളെക്കുറിച്ച് ജനകീയ ചർച്ചകൾ, വ്യത്യസ്ഥ ഏജൻസികളുടെ സ്ഥിതിവിവരക്കണക്കുകൾ, പ്രവർത്തനാനുഭവങ്ങൾ എന്നിവ ക്രോഡീകരിക്കാൻ വിവിധ ഗ്രൂപ്പുകൾ പരിശ്രമിച്ചതിൻെറ ഫലമായിട്ടുണ്ടായതാണ് ഈ റിപ്പോർട്ട്.

പരിമിതികളുണ്ടെങ്കിലും വികസന സെമിനാറിൻെറ ചർച്ചകൾ പരിപോഷിപ്പിക്കുന്നതിനും തുടർന്ന് ജനപങ്കാളിത്തത്തോടെ പദ്ധതികൾ പ്രായോഗികമാക്കുന്നതിനും ഇത് സമർപ്പിക്കുകയാണ്.

സ്നേഹാദരങ്ങളോടെ
**വി.സി. സുഗതകുമാരി**
പ്രസിഡണ്ട്
മുതുതല ഗ്രാമപഞ്ചായത്ത്

# ഭൂപ്രകൃതിയും ജനപ്രകൃതിയും

## ഭൂപ്രകൃതി

19.95ച.കി.മീ. വിസ്തീർണ്ണത്തിൽ കിഴക്കു പടിഞ്ഞാറായി നീണ്ടുകിടക്കുന്ന മുതുതല ഗ്രാമപഞ്ചായത്തിൻെറ തെക്കു ഭാഗത്ത് ഭാരതപ്പുഴയും പടിഞ്ഞാറ് പരുതൂർ പഞ്ചായത്തും കിഴക്ക് പട്ടാമ്പി പഞ്ചായത്തും വടക്കുഭാഗത്ത് കൊപ്പം പഞ്ചായത്തും അതിരിട്ടു കിടക്കുന്നു.

ഭൂപ്രകൃതി അനുസരിച്ച് നമ്മുടെ പഞ്ചായത്തിനെ പ്രധാനമായും മൂന്നായി വിഭജിക്കാം.

1. കുന്നും പ്രദേശങ്ങൾ
2. താഴ്‌വാരങ്ങൾ
3. സമതലങ്ങൾ.

മയിലാടിക്കുന്ന്, കുളപ്പാറകുന്ന്, തമ്പുരാൻ കുന്ന്, കോട്ടക്കുന്ന്, മുത്തശ്ശ്യാർകുന്ന്, നിലപ്പറമ്പുകുന്ന്, പാലപ്പുറം കുന്ന്, കോൽക്കുന്ന് തുടങ്ങിയ ഒട്ടേറെ കുന്നുകളും അവയുടെ താഴ്‌വാരങ്ങളും സമതലങ്ങളും ചേർന്നതാണ് മുതുതല പഞ്ചായത്ത് എന്ന് മൊത്തത്തിൽ പറയാം.

രണ്ടുവലിയ തോടുകളും ഒട്ടേറെ ചെറുതോടുകളും ചോലകളും ഉള്ള പഞ്ചായത്തിലെ നീരൊഴുക്ക് കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ്. ഗ്രാമപഞ്ചായത്തിൽ പെയ്യുന്ന വെള്ളത്തിൽ ഭൂരിഭാഗവും പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്തുകൂടി ഒഴുകുന്ന ഭാരതപ്പുഴയിൽ ചെന്നുചേരുന്നു.

തെക്കൻ മേഖലയിലേയും മധ്യമേഖലയിലേയും കുന്നിൻ പുറങ്ങളിൽ കരിങ്കൽ ധാരാളമുണ്ട്. താഴ്‌വാരങ്ങളിലും ഉയർന്നപ്രദേശങ്ങളിലും ചരൽ കലർന്ന മണ്ണിനു താഴെ ചെങ്കല്ല് കാണപ്പെടുന്നു. പാടങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും ചാരനിറമുള്ള ചളിമണ്ണാണുള്ളത്. ചില പ്രദേശങ്ങളിൽ മണൽ ചേർന്ന കറുത്ത നിറമുള്ള ചളിമണ്ണുമുണ്ട്. ഭാരതപ്പുഴയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ ഇഷ്ടികയും മൺപാത്രങ്ങളും നിർമിക്കാൻ അനുയോജ്യമായ കളിമണ്ണാണുള്ളത്.

# ജനപ്രകൃതി

മുതുതല ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 20604 ആണ്. ഇതിൽ 10634 സ്ത്രീകളും 2618 പേർ കുട്ടികളുമാണ്. പട്ടികജാതി വിഭാഗത്തിൽപെടുന്ന 4537 പേർ ഉണ്ട്. മലയവിഭാഗത്തിൽ പെടുന്ന രണ്ടുമൂന്നു പട്ടികവർഗ്ഗ കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിൽ വസിക്കുന്നു. ഹിന്ദുക്കളും മുസ്ലീംങ്ങളും ഏകോദര സഹോദരങ്ങളെപോലെ ജീവിക്കുന്ന മുതുതലയിൽ വിരലിലെണ്ണാവുന്ന ക്രിസ്ത്യൻ കുടുംബങ്ങളേയുള്ളൂ. പഞ്ചായത്തിലെ സാക്ഷരതാശതമാനം 91 ആണ്.

## തൊഴിൽ മേഖല

അതീവ സങ്കീർണ്ണമായ ഒരു തൊഴിൽ മേഖലയാണ് നമ്മുടെ പഞ്ചായത്തിൽ നിലവിലവിലുളളത്. തൊഴിൽ മേഖലയിൽ മുൻ പന്തിയിൽ നിൽക്കുന്നത് കർഷകരും കർഷക തൊഴിലാളികളുമാണ്. വൈദഗ്ധ്യം വേണ്ട കാർഷികതൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ സംഖ്യ അനുദിനം കുറഞ്ഞു വരുന്ന ഒരു സാഹചര്യമാണ് നമ്മുടെ ഇടയിൽ കണ്ടുവരുന്നത്.

കെട്ടിടനിർമ്മാണ തൊഴിലാളികളായുള്ള ഒരു വലിയ വിഭാഗം നമ്മുടെ പഞ്ചായത്തിലുണ്ട്. കാർഷിക മേഖലയിൽ കെട്ടിട നിർമ്മാണ മേഖലയിലേക്കുള്ള തൊഴിലാളികളുടെ തൊഴിൽ മാറ്റം വ്യാപകമാണ്. ഇപ്പോൾ വർഷം മുഴുവനും പ്രവർത്തനം നടക്കുന്ന ഇഷ്ടികച്ചൂളുകളിലും ഒരു വലിയ വിഭാഗം തൊഴിലാളികൾ പണി എടുക്കുന്നുണ്ട്.

ഓട്ടോറിക്ഷാ, ടെമ്പോ, ജീപ്പ് തുടങ്ങിയ വാഹനങ്ങളിൽ പണിയെടുക്കുന്ന കുറച്ചാളുകൾ പഞ്ചായത്തിലുണ്ട്.

വ്യവസായ തൊഴിലാളികൾ ഈ ഗ്രാമ പഞ്ചായത്തിൽ വളരെ കുറവാണ്. കാരണം വ്യവസായശാലകളുടെ അഭാവം തന്നെ. കുറച്ച് മരമില്ലുകൾ, നെല്ല്കുത്ത് അരിപൊടിക്കൽ എണ്ണയാട്ടുമില്ലുകൾ, ഓട്ടോമൊബൈൽ വർക്ക് ഷാപ്പുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നും തന്നെ പറയത്തക്ക തൊഴിൽദായക സംരഭങ്ങളല്ല. പഞ്ചായത്തിലെ രണ്ടു ഖാദിനെയ്ത്തു കേന്ദ്രങ്ങളിലും കുറച്ചു വനിതകൾ പരിശീലനം നേടുന്നു.

മൊത്തം ജനസംഖ്യയുടെ 5%ത്തോളം വിദേശത്തു ജോലി ചെയ്യുന്നു. സർക്കാർ, അർദ്ധസർക്കാർ, പ്രൈവറ്റ് മേഖലകളിലായി 6%ത്തോളം ആളുകൾ ജോലി ചെയ്യുന്നുണ്ട്.

സ്ത്രീകളിൽ വലിയൊരു വിഭാഗം വീടുപണികളിൽ മാത്രം ഒതുങ്ങികൂടുന്നവരാണ്. താരതമ്യേന വേതനം കുറവാണെങ്കിലും വിയർക്കേണ്ടതില്ലാത്തതും ശരീരത്തിലും വസ്ത്രത്തിലും ചളിപുരളാത്തതുമായ തൊഴിലുമാണ് ആളുകൾ അഭികാമ്യമായി കരുതുന്നത് എന്നത് നിർഭാഗ്യകരമാണ്. തൊഴിലെടുക്കാൻ സാധിക്കുന്ന വലിയൊരു വിഭാഗം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ മുതുതല പഞ്ചായത്തിലുണ്ട്. കൃഷിയും വ്യവസായത്തിലും ഒതഴിലെടുക്കുന്നവരുടെ എണ്ണത്തിലുള്ള കുറവ് ഉൽപ്പാദന മേഖലയിൽ ഇത് പ്രകടമായി കാണുന്ന തകർച്ചയെ അടിവരയിട്ടു കാണിക്കുന്നു.

കൺകുളിർപ്പിക്കുന്ന ഗ്രാമീണസൗന്ദര്യം





മുത്തശ്ശിയാർകുന്നിൽ നിന്നുള്ള വീക്ഷണം



കൃഷി





വ്യവസായം



പഞ്ചായത്ത് അതിർത്തി
വാർഡ് അതിർത്തി
റെയിൽ പാത
PWD റോഡ്
ചരിവ് പ്രദേശം
സമതലപ്രദേശം
തോട്

# താളുകൾ മറിക്കുമ്പോൾ

1. ആമുഖം

2. ചരിത്രം

3. കൃഷി, ജലസേചനം

4. മൃഗപരിപാലനം

5. വിദ്യാഭ്യാസം

6. ആരോഗ്യം

7. കുടിവെള്ളം

8. വ്യവസായം

9. ഗതാഗതം

10. ഊർജ്ജം

11. ഭവനനിർമ്മാണം

12. സാമൂഹ്യക്ഷേമം

13. സംസ്കാരം

14. വനിത

15. സഹകരണമേഖല

16. പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം

17. വിഭവസമാഹരണം

# ആമുഖം

73 - 74 ഭരണഘടനാ ഭേദഗതി പ്രകാരം ഭാരത സർക്കാർ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തിയിരിക്കുന്നു. ഇതിൻെറ ഭാഗമായി കേരള നിയമസഭ പാസ്സാക്കിയ പഞ്ചായത്ത് രാജ് നിയമപ്രകാരം കേരളത്തിൽ ഇന്ന് ത്രിതല പഞ്ചായത്ത് സംവിധാനം നിലവിലുണ്ട്.

1951 മുതൽ നാം പഞ്ചവത്സരപദ്ധതികൾ നടപ്പാക്കി വരുകയാണ്. ഈ പദ്ധതികൾ നമ്മുടെ നാട്ടിലെ ജീവിതനിലവാരത്തെ മാറ്റിയിട്ടുണ്ടെന്നത് അവിതർക്കിതമാണ്. പക്ഷെ പദ്ധതി എന്നത് ദില്ലിയിലും, തിരുവനന്തപുരത്തും മാത്രമാണ് തീരുമാനിക്കേണ്ടത് എന്നും, സാമാന്യജനങ്ങൾ ഇതിൽ പങ്കാളികളാകേണ്ട എന്നുമുള്ള ധാരണയായിരുന്നു ഇതുവരെ നിലനിന്നിരുന്നത്. എന്നാൽ ഒമ്പതാം പദ്ധതി ഇതിനൊരു വഴിത്തിരിവാണ്. ജനങ്ങൾ പദ്ധതി നിശ്ചയിക്കുകയും, അവർതന്നെ അതു നടപ്പാക്കുകയും ചെയ്യുക എന്നത് പുതിയൊരു പരീക്ഷണമാണ്. ഇതിനു പ്രാപ്തരാക്കുകയാണെന്നതാണ് ഇന്നു നമുക്കു ചെയ്യാനുള്ളത്.

ഗ്രാമസഭകൾ അതിൻെറ തുടക്കമാണ്. അതിലെ പങ്കാളിത്തം ഈ പദ്ധതി വിഭാവനം ചെയ്യുന്ന കാര്യങ്ങൾ ജനങ്ങൾ സംതൃപ്തിയോടെ അംഗീകരിക്കുന്നതായി തെളിയുന്നു.

പാലക്കാടു ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ പട്ടാമ്പി ബ്ലോക്കിൽ ഉൾപ്പെടുന്ന നിളാ നദിയുടെ തലോടൽ ഏറ്റുവാങ്ങി കിടക്കുന്ന സുന്ദരമായൊരു പ്രദേശമാണ് മുതുതല ഗ്രാമപഞ്ചായത്ത്. വിഭിന്ന വിഭാഗക്കാർ ഐക്യത്തോടെ വസിക്കുന്ന ഈ പഞ്ചായത്തിൽ രണ്ടു സ്ത്രീ സംവരണ സീറ്റുകളും, അഞ്ച് ജനറൽ സീറ്റുകളും ഉൾക്കൊള്ളുന്ന ഒമ്പത് നിയോജക മണ്ഡലങ്ങളാണുള്ളത്.

# ഭരണസമിതി



**വി.സി. സുഗതകുമാരി**
പ്രസിഡൻറ്



**പി.സി. വാസു**
വൈസ് പ്രസിഡൻറ്



**ടി.വി.മമ്മു**
ചെയർമാൻ സ്റ്റാൻഡിങ്
കമ്മറ്റി



**കെ.എം.അബ്ദുറഹിമാൻ**
മെമ്പർ,ഒന്നാം വാർഡ്



**സി.ശ്രീമതി**
മെമ്പർ, രണ്ടാം വാർഡ്



**കെ. ചന്ദ്രിക**
മെമ്പർ, നാലാം വാർഡ്



**ടി.പി. ഗോപാലൻ**
മെമ്പർ,അഞ്ചാം വാർഡ്



**സി.പി. സുജാത**
മെമ്പർ,എട്ടാം വാർഡ്



**എം. ശങ്കരൻകുട്ടി**
മെമ്പർ, ഒമ്പതാം വാർഡ്



**ഇ.എം. വാസുദേവൻ**
സെക്രട്ടറി

പഞ്ചായത്ത് രൂപീകരിക്കുന്നതിനുശേഷം ഇന്നുവരെ നിലവിലുണ്ടായിരുന്ന ഭരണ സമിതികളെ കുറിച്ചൊരു ലഘുചിത്രം

1956ൽ നിലവിൽ വന്ന ആദ്യത്തെ നോമിനേറ്റഡ് പഞ്ചായത്ത് സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരുന്നു.

1. **പി.കെ.ഗോപാലമേനോൻ പ്രസിഡൻറ്**
2. **കോരക്കോട്ടിൽ തിയ്യാമുഹാജി**
3. **മൂർക്കനൊട്ടുപറമ്പിൽ കോരൻ**
4. **തോട്ടുപുറത്ത് നാരായണമേനോൻ**
5. **കോച്ചിത്തൊടി കൃഷ്ണമേനോൻ**
6. **പുല്ലാനിക്കാട്ടിൽ ഗോപാലൻവൈദ്യർ**
7. **വാക്കട നാരായണൻകുട്ടി എന്ന അനിയൻനായർ**

1964ൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്ത് ഭരണ സമിതിയിലെ അംഗങ്ങൾ

1. **യു.പി അച്ചുതമേനോൻ പ്രസിഡൻറ്.**
2. **അടാട്ട് ഗോവിന്ദൻകുട്ടിമേനോൻ**
3. **കോച്ചിത്തൊടി കൃഷ്ണമേനോൻ**
4. **പുല്ലാനിക്കാട്ടിൽ കരുണാകരൻവൈദ്യർ**
5. **വി.പി.അച്ചുതൻ**
6. **തടം പരമേശ്വരൻ ഭട്ടതിരിപ്പാട്.**
7. **കുറുപ്പമ്മാരിൽ കറപ്പൻ**
8. **അമ്മുകുട്ടിഅമ്മ – നോമിനേറ്റഡ്**

യു.പി.അച്ചുതമേനോൻ ഒന്നരവർഷത്തിനുശേഷം രാജിവെച്ചപ്പോൾ തടം പരമേശ്വരൻ ഭട്ടതിരിപ്പാട് പ്രസിഡൻറായി. ഈ ബോർഡ് 1979 വരെ ഭരണം തുടർന്നു. തുടർന്ന് അടാട്ട് ഗോവിന്ദൻകുട്ടിമേനോൻ വൈസ് പ്രസിഡൻറ് സ്ഥാനം രാജിവെച്ചപ്പോൾ കോച്ചിത്തൊടി കൃഷ്ണമേനോൻ വൈസ്പ്രസിഡൻറായി.

1979ൽ തിരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ പഞ്ചായത്ത് ഭരണ സമിതിയിലെ അംഗങ്ങൾ

1. പാറക്കാട്ട് ഗോവിന്ദൻ **മേനോൻ – പ്രസിഡൻറ്**
2. അടാട്ട് രഘുനാഥ് – **വൈസ്പ്രസിഡൻറ്**

3. കെ.എം അബ്ദുറഹ്മാൻ
4. എ.പരമേശ്വരൻ
5. കെ.നാരായണൻ
6. കെ.എം.ആര്യ
7. എൻ.നാരായണൻ
8. യു.പി.ഗോപി

കൃത്യം 5 വർഷംവെച്ച് ഈ ബോർഡ് പിരിച്ചുവിടുകയും പിന്നീട് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഇല്ലാതെയുമാണ് പഞ്ചായത്ത് ഭരണം നടന്നത്.

1988 ജനുവരിയിൽ അധികാരമേറ്റ ഭരണ സമിതിയിലെ അംഗങ്ങൾ

1. എ.രഘുനാഥ് പ്രസിഡൻറ്
2. ടി.വി. മമ്മു വൈസ്പ്രസിഡൻറ്
3. കെ.എം അബ്ദുറഹ്മാൻ
4. എ. വത്സല
5. പി.സി.വാസു
6. എം.കെ.രാധ
7. കെ.എം. ഉണ്ണികൃഷ്ണൻ
8. പി.കുഞ്ഞൻ
9. പി.ടി.മാധവൻനായർ

1995 സെപ്റ്റംബറിൽ തെരഞ്ഞെടുക്കപ്പെട്ട

| ഇപ്പോൾ നിലവിലുള്ള ഭരണസമിതി | | വാർഡ് |
|---|---|---|
| 1. | വി.സി സുഗതകുമാരി പ്രസിഡൻറ് | 7 |
| 2. | പി.സി.വാസു വൈസ്പ്രസിഡൻറ് | 3 |
| 3. | കെ.എം അബ്ദുറഹ്മാൻ | 1 |
| 4. | സി.ശ്രീമതി | 2 |
| 5. | കെ.ചന്ദ്രിക | 4 |
| 6. | ടി.പി.ഗോപാലൻ | 5 |
| 7. | ടി.വി. മമ്മു സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | 6 |
| 8. | സി.പി.സുജാത | 8 |
| 9. | എം.ശങ്കരൻകുട്ടി | 9 |

# അല്പം ചരിത്രം

ജാതിയിലധിഷ്ഠിതമായ നാടുവാഴിത്തസമ്പ്രദായമാണ് മറ്റു പ്രദേശങ്ങളെന്നപ്പോലെ ഇവിടെയും തുടർന്നുവന്നത്. ബ്രാഹ്മണാധിപത്യം ഉറപ്പിക്കുന്നവിധത്തിലായിരുന്നു ജന്മി സമ്പ്രദായം പൗരോഹിത്യ അടിസ്ഥാനത്തിൽ ലഭ്യമായ അധീശത്വം ബ്രിട്ടീഷുകാരുടെ വരവോടെ നിയമപരമായി ഉറപ്പിച്ചു എന്നു പറയാം. സർവ്വെ നൽകികൊണ്ട് ജന്മം വേർതിരിച്ചു നൽകി ജന്മിയെ ബ്രിട്ടീഷുഭരണത്തിൻെറ ഗ്രാമീണ അടിത്തറയാക്കാൻ കഴിഞ്ഞു ഗണപതി അമ്പലം, അമ്മന്നൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം,കോഴിക്കോട്ടിരിഅമ്പലം, മേതൃക്കോവിൽ,ചെറുനീർക്കര,ചെറുശ്ശേരി, ഈഹാപുരേശ്വരി ക്ഷേത്രം തിരുവേഗപുറ ദേവസ്വം എന്നിവ ധാരാളം പാട്ടം കിട്ടാനുണ്ടായിരുന്ന ദേവസ്വങ്ങളും മൂത്തേടത്തുമന, ഭട്ടിമന, പെരുമുടിയൂർ പുന്നശ്ശേരിനമ്പി എന്നിവർ ജന്മികളിൽ പ്രധാനികളായിരുന്നു. ക്രമേണ കാണം വാങ്ങി നമ്പൂതിരിമാരല്ലാത്ത ഭൂവുടമകളും ജന്മികളും ഉണ്ടായിട്ടുണ്ട്. ദേവസ്വം ഭൂമിയുടെ നടത്തിപ്പും ബ്രാഹ്മണർക്കുതന്നെയായിരുന്നു.

ബ്രാഹ്മണർ അല്ലാത്ത മുഴുവൻ പേർക്കും അയിത്തം കല്പിച്ചിരുന്നു. ജാതിക്രമമനുസരിച്ച് തട്ടുതട്ടുകളായി അയിത്തത്തിനും ക്രമം തീരുമാനിച്ചിരുന്നു. ഹരിജനങ്ങളെ ജന്മി സ്വത്ത് ഭാഗംവെയ്ക്കുമ്പോഴും വിൽക്കുമ്പോഴും കൂടെ കണക്കാക്കിയിരുന്നു.

ജന്മിമാരുടെ ഭവനങ്ങൾ പ്രൗഢങ്ങളായിരുന്നു നാലുകെട്ടുകളായിരുന്നു, ആദ്യമാദ്യം ഓലയും വൈക്കോലും കൊണ്ടു മേഞ്ഞിരുന്നത് ഓടിൻെറ വരവോടെ ഓടാക്കിമാറ്റി. ഇതരജാതിക്കാരുടെ വീടുകൾ കുറച്ചുകൂടി മേൻമ കുറഞ്ഞതും ഹരിജനങ്ങളുടേത് ചാള എന്ന കൂരകളുമായിരുന്നു. കുടി ഒഴിപ്പിക്കൽ സാധാരണമായിരുന്ന ജന്മി ആവശ്യപ്പെടുന്നതനുസരിച്ച് കുടി ഒഴിയാൻ അടിയാളർ ബാദ്ധ്യസ്ഥരായിരുന്നു. വിശേഷങ്ങൾക്ക് കാഴ്ചകൊടുക്കുക., കുട്ടികൾക്ക് പേരിടാൻപോലും അനുവാദം ചോദിക്കുക, മറ്റുപണികൾക്ക് പോകാൻ അനുവാദം ചോദിക്കുക തുടങ്ങിയ ഏർപ്പാടുകൾ നിലനിന്നിരുന്നു. സ്ത്രീകൾക്കെതിരെ അതിക്രമം നടന്നിരുന്നു.

സർക്കാർ നിശ്ചയിച്ച നികുതിയും ജന്മി നിശ്ചയിച്ച പാട്ടവും നൽകാൻ കർഷകർ നന്നെ ബുദ്ധിമുട്ടിയിരുന്നു

ടിപ്പുവിൻെറ പടയോട്ടകാലത്ത് പൊന്നാനി - പട്ടാമ്പി റോഡു വരണ്ടു കുറ്റിക്കടവുവഴി പുഴകടന്ന് പെരുമുടിയൂർവഴി വന്നു അക്കാലത്തുതന്നെ കൊപ്പം - കടവ് റോഡും വന്നതായി ഊഹിക്കുന്നു. തൃത്താല കൊപ്പം എന്നപേർ വന്നത് കൊപ്പത്തുനിന്നു തൃത്താലക്കുളള വഴി എന്ന അർത്ഥത്തിലാകണം. മുതുതല നിന്നു പളളിപ്പുറത്തേക്കു റോഡു വന്നത് 1957ലെ സർക്കാറിൻെറ കാലത്താണ്.

1861 സെപ്തംബർ 23ന് കുറ്റിപ്പുറം - പട്ടാമ്പി 12 നാഴിക തീവണ്ടിപ്പാത നിർമ്മിച്ച് പൂർത്തിയാക്കി.

ജന്മി കുടുംബങ്ങളിൽ വിദ്യാഭ്യാസത്തിന് ആഭിമുഖ്യം കുറവായിരുന്നു. നമ്പൂതിരി ഗൃഹങ്ങളിൽ വേദപഠനങ്ങളായിരുന്നു പ്രധാനം. ഇതരജാതികളിൽ വിദ്യാഭ്യാസം കുറവായിരുന്നു പാരമ്പര്യമായ പഠന സമ്പ്രദായങ്ങൾ നിലനിന്നിരുന്നു സംസ്കൃതം, മലയാളം, വൈദ്യം, ജ്യോത്സ്യം, എന്നിവയിലെ പഠനം അല്പാല്പം നടന്നിരുന്നു. പുന്നശ്ശേരി നീലകണ്ഠശർമ്മ വൈദ്യം, ജ്യോത്സ്യം, സാഹിത്യം എന്നിവ പഠിപ്പിക്കാനുണ്ടാക്കിയ സാരസ്വതോദ്യോദിനിയാണ് ആദ്യത്തെ പാഠശാല ദക്ഷിണേന്ത്യയിലെ പലസ്ഥലത്തു നിന്നും ഇവിടെയ്ക്ക് പഠിതാക്കൾ എത്തിയിട്ടുണ്ട്. കേരളത്തിൽ വളരെ വിപുലമായ ഒരു ശിഷ്യസമ്പത്ത് ഗുരുനാഥന് ഉണ്ടായിട്ടുണ്ട്. ആദ്യത്തെ പ്രസ് വിജ്ഞാനചിന്താമണി ഇവിടെയാണ്. ഇതേപേരിൽ മാസിക പ്രകാശനം ചെയ്തിരുന്നു. ഗ്രന്ഥകർത്താവ്, പ്രസംഗകൻ എന്നീ നിലകളിലും ഗുരുനാഥയും പ്രസിദ്ധനാണ്. 1889 ലെ പാഠശാല 1905ൽ എൽ.പി. സ്കൂളായും 1911ൽ കോളേജായും വഴിപിരിഞ്ഞു മുതുതല കേന്ദ്രമായുണ്ടായിരുന്ന ബോർഡ് സ്കൂൾ കൊടുമുണ്ടയിലേക്കുമാറ്റി സ്ഥാപിക്കേണ്ടിവന്നു. ഗണപതി അമ്പലത്തിനു സമീപമുണ്ടായിരുന്ന പ്രൈവറ്റ് സ്കൂൾ ഇപ്പോളത്തെ യു,പി സ്കൂളിൻെറ സ്ഥാനത്തു വന്നതു തുടർന്നാണ്. ഒന്നാം വാർഡ് പ്രദേശത്ത് പിന്നീട് ഒരു എൽ.പി. സ്കൂളുണ്ടായി. കൊഴിക്കോട്ടിരിയുടെ കിഴക്കുവശത്തായിരുന്നു എൽ.പി. സ്കൂൾ ഇപ്പോഴത്തെ സ്ഥാനത്തു വന്നതു പിന്നീടാണ്. 1946ഓടെയാണ് അമ്മന്നൂർ എൽ.പി. സ്കൂൾ സ്ഥാപിതമായത്. കൊടുമുണ്ടയിലേക്ക് കൊണ്ടുവന്ന സ്കൂൾ ഡിസ്ട്രിക്ട് ബോർഡ് ഭരണകാലത്ത് യു.പിയായും 1980ൽ ഹൈസ്കൂളായും മാറി. കൊടുമുണ്ടയുണ്ടായിരുന്ന പ്രൈവറ്റ് സ്കൂൾ 1930കളിൽ തന്നെ ഗേറ്റ് പ്രദേശത്തേക്കു മാറ്റി. ചെറുശ്ശേരി അമ്പലത്തിനു സമീപമായി ഒരു ഹരിജൻ വെൽഫയർ സ്കൂൾ ഉണ്ടായിരുന്നതു കുറച്ചുകാലങ്ങൾക്കുശേഷം എസ്.എൻ.ജി.എൽ.പി. സ്കൂളിൽ ലയിച്ചു, വട്ടുപറമ്പിൽ ഒരു 'പഞ്ചമ'സ്കൂൾ പ്രവർത്തിച്ചിരുന്നു.

തുടർന്ന് അത് ആകാലത്തുത്തന്നെ ഉണ്ടായിരുന്ന ALP സ്കൂൾ പെരുമുടിയൂരിൽ ലയിച്ചു. ഡിസ്ട്രിക് ബോർഡ് ഭരണകാലത്ത് 8ാം വാർഡിലെ സ്കൂൾ സ്ഥാപിതമായി. സംസ്കൃത കോളേജ് പട്ടാമ്പിക്കു പോയപ്പോൾ ജി.ഒ.എച്ച്.എസ്. സ്ഥാപിതമായി.

സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് സംഘടിത പ്രവർത്തനം നടന്നത് കൊടുമുണ്ടയിലാണ് ജന്മി ഗൃഹങ്ങളിലാണ് പ്രവർത്തനം തുടങ്ങിയതെന്നാണ് ഇതിൻെറ പ്രത്യേകത. വി.ടി. ഭട്ടതിരിപ്പാടിൻെറ നേതൃത്വത്തിലാരംഭിച്ച നമ്പൂതിരി സമുദായ പരിഷ്കരണ പ്രവർത്തനത്തിൽ കൊടുമുണ്ടയിലെ നമ്പൂതിരി യുവാക്കൾ രംഗത്തുവന്നത് ക്രമേണ സ്വാതന്ത്ര്യസമരപ്രസ്ഥാനമായി രൂപാന്തരം പ്രാപിക്കുകയായിരുന്നു. ജന്മിഗൃഹത്തിൽനിന്നാരംഭിച്ചതായതുകൊണ്ടുതന്നെ ഇത് എല്ലാ വിഭാഗം ജനങ്ങളേയും യോജിപ്പിച്ചു കൊണ്ടു പോകാൻ സഹായകമായി. 1921ലെ മലബാർ കലാപത്തിന് തീക്ഷണതകുറയാനും ഇത് ഇടയാക്കിയിട്ടുണ്ട്. കലാപം സാമ്രാജിത്വവിരുദ്ധമായി തുടങ്ങുകയും വർഗീയമായി കലാശിക്കുകയും ചെയ്തത് നമ്മുടെ പ്രദേശത്ത് ഭീകരത ഉണ്ടാക്കിയിട്ടുണ്ടെങ്കിലും നാശനഷ്ടങ്ങൾ കുറവാണ്. 1930നുശേഷം അറസ്റ്റ് ചെയ്തു സമുദായം ഭ്രഷ്ട് കല്പിച്ച കണ്ണനൂർ പിഷാരത്ത് ചക്രപാണിപിഷാരടിയെ സ്വീകരിച്ച് താമസിപ്പിക്കാനും വിധവയെ വിവാഹം ചെയ്തകാരണം

സമൂഹം ഭ്രഷ്ട് കല്പിച്ച എം.ആർ ഭട്ടതിരിയെയും ഭാര്യയേയും സ്വീകരിച്ച് താമസിപ്പിക്കാനും ഉതകുന്ന തരത്തിൽ കൊടുമുണ്ടയിലെ രാഷ്ട്രീയാന്തരീക്ഷം പക്വതയാർജ്ജിച്ചിരുന്നു. ഏതാണ്ട് ഇതേയവസരത്തിൽ പെരുമുടിയൂർ പ്രദേശത്ത് ചെറിയ തോതിൽ ഒരു പ്രവർത്തനം നടന്നിട്ടുണ്ട്. കല്ലൻമാർതൊടി രാവുണ്ണികുട്ടിമേനോൻെറ നേതൃത്വത്തിൽ മുപ്പതോളം പേർ യോഗം ചേർന്ന് സമരത്തിന് തയ്യാറായി എങ്കിലും ഗാന്ധിജി സമരം നിർത്തിവെച്ചതുകാരണം പങ്കെടുക്കുകയുണ്ടായിട്ടില്ല. പാറക്കാട്ടിൽ അച്ചുതമേനോൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ പ്രവർത്തനമേഖല ഇവിടെ ആയിരുന്നില്ല ഇതിൻെറ ഭാഗമായി ചെറുപ്പക്കാർ ഹരിജന വിദ്യാഭ്യാസം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മുതുതല പ്രദേശത്ത് പ്രവർത്തനം താരതമ്യേന കുറവാണ്. ടി.കെ. മേനോൻെറ നേതൃത്വത്തിലും, പയ്യൂർ പങ്കുനായരുടെ നേതൃത്വത്തിലും പ്രവർത്തനം നടന്നിട്ടുണ്ട്. സി.ആർ നാണപ്പ ജയിൽവാസമനുഭവിക്കുകയും ഹിന്ദി പ്രചാരകനായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻെറയെല്ലാം ഭാഗമായിത്തന്നെയാണ് ഉൽപതിഷ്ണുക്കളുടെ പിന്തുണയോടെ മുത്തശ്ശിയാർകാവിലെ മൃഗബലി അവസാനിപ്പിക്കാൻ വേണ്ടി കഴുത്തുനീട്ടികൊടുക്കുവാൻ സി.ആർ. ദേവകിഅമ്മ തയ്യാറായത്.

കൊടുമുണ്ടയിലെ നേതൃത്വം കാഞ്ഞൂര് രാമൻ ഭട്ടതിരിപ്പാട്, നാരായണൻ ഭട്ടതിരിപ്പാട്, തടം പരമേശ്വരൻ ഭട്ടതിരിപ്പാട്, രാമൻനായർ, രാവുണ്ണിനായർ, വി.ടി.ശങ്കരൻ എന്നിവർക്കായിരുന്നു. കൊടുമുണ്ടിയിൽ സ്ഥാപിച്ച കോളനിയിൽ നിന്നും ഉത്ബുദ്ധകേരളം പ്രസിദ്ധീകരണം ഉണ്ടായി. കുഞ്ഞൻനായരുടെ നേതൃത്വത്തിലാരംഭിച്ച വിവിധോദ്ദേശ്യസഹകരണ സംഘം നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. ഇത് പിന്നീട് പട്ടാമ്പി സർവ്വീസ് - സഹകരണ ബാങ്കിൽ ലയിപ്പിച്ചു.

ടി.കെ. മേനോൻെറ നേതൃത്വത്തിലുണ്ടായിരുന്ന ഐക്യനാണയസംഘം അല്പകാലത്തിനുള്ളിൽ പൊളിഞ്ഞു പോയി. മുതുതല ഒരു നമ്പൂതിരി ബാങ്കുണ്ടായതും തകരുകയാണുണ്ടായത്.

തോട്ടുപുറത്തു വൈദ്യശാലയുണ്ടായിരുന്നു എന്നതു കൊണ്ട് അവടെ ഒരു പോസ്റ്റാഫീസും ആരംഭിക്കാൻ കഴിഞ്ഞു.

രണ്ടാംലോക മഹായുദ്ധകാലത്തു ജനജീവിതം കൂടുതൽ ദുസ്സഹമായി. പട്ടിണിമൂലം മനുഷ്യർ മരിക്കുന്ന സ്ഥിതിയുണ്ടായി. 'മുളയുടെ കട്ട'ഭക്ഷിച്ചിരുന്ന കാലമുണ്ടായിരുന്നു. കോളറ മരണം എല്ലായിടത്തും ഏറിയോകുറഞ്ഞോ അനുഭവപ്പെട്ടു. കുടുംബം മുഴുവൻ അനാഥമായ സംഭവങ്ങളും ഉണ്ടായി. ശവം മറവു ചെയ്തും സാമൂഹ്യപ്രവർത്തകർ ആശ്വാസമെത്തിച്ചും നാട്ടുകാരുടെ ഭീതിയകറ്റാൻ സഹായിച്ചിട്ടുണ്ട്.

1947 നുശേഷം കൊടുമുണ്ടയിലും ക്രൂരമായ പോലീസ് മർദ്ദനം ഉണ്ടായിട്ടുണ്ട്. 1957ലെ ഒഴിപ്പിക്കൽ നിരോധന ഉത്തരവും 1967ലെ ഭേദഗതിനിയമവും സ്ഥിതിഗതികളിൽ കാര്യമായ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. 1970നുശേഷം മിച്ച ഭൂമിക്കു വേണ്ടിയുള്ള സമരം നടന്നു ഏറ്റവും കൂടുതൽ

മിച്ച ഭൂമി വിതരണം ചെയ്യപ്പെട്ട പഞ്ചായത്താണ് നമ്മുടേത്.

രണ്ടാം ലോക മഹായുദ്ധകാലത്ത് പറക്കാട് പട്ടാള ക്യാമ്പ് നിർമ്മിച്ചിരുന്നു. എന്നാൽ യുദ്ധം അവസാനിച്ച സാഹചര്യത്തിൽ അതിൻെറ പണി നിർത്തിവെയ്ക്കുകയും , ഭൂമി തിരിച്ചു ലേലം ചെയ്തു കൊടുക്കുകയും ചെയ്തു. കരിങ്കൽതറകൾ, സിമൻറിലുള്ള ചുവര് കോൺക്രീറ്റുവാർപ്പു തുടങ്ങി അത്യാധുനിക രീതിയിലുള്ള നിർമ്മാണ മാതൃകകൾ നമ്മുക്കു കാണാം. വിളയൂരിൽ നിന്നും വെള്ളം അടിച്ച് കൊപ്പം ആസ്പത്രിക്കു സമീപമുള്ള ടാങ്കിൽ ശേഖരിച്ചു പറക്കാട് ജലവിതരണത്തിനുള്ള ഏർപ്പാടുകൾ ഉണ്ടായിരുന്നു.

# കൃഷി, ജലസേചനം

മുതുതല പഞ്ചായത്ത് മൊത്തം വിസ്തീർണ്ണം 19.5 ചതുരശ്രകി.മീറ്ററാണ്. റവന്യൂ കണക്കുപ്രകാരം നികുതി ഈടാക്കിയിരുന്നത് നാലു പ്രദേശങ്ങളായി തരം തിരിച്ചിരിക്കുന്നു. മുതുതല,കൊഴിക്കോട്ടിരി, പെരുമുടിയൂർ, കൊടുമുണ്ട എന്നിങ്ങനെയായിരുന്നു. ഇപ്രകാരം പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക വ്യവസ്ഥിതിക്കനുസരിച്ചാണ് നികുതി ഈടാക്കിയിരുന്നത്. ഒന്നാം വിളയിൽ 869.14 ഏക്രയും രണ്ടു വിള എടുക്കുന്നത് 732.53ഏക്രയും പുരയിടം മുതലായ തോട്ടത്തിന് 683.90 ഏക്രയും മറ്റു കൃഷി ചെയ്യാവുന്ന സ്ഥിരം പുഞ്ച 1093.67 ഏക്രയും ഭാഗികമായി മറ്റു വിളകൾ എടുക്കാവുന്ന അസ്ഥിരം പുഞ്ച 1176.09 ഏക്രയും കുളം മുതലായ നികുതി ഈടാക്കാത്ത 50.02 ഏക്രയും പുറമ്പോക്ക് മുതലായവ 346.33 ഏക്രയും കൂടി ആകെ 4952.18 ഏക്രയാണ് വിസ്തീർണ്ണം. പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരും കർഷകതൊഴിലാളികളും കൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തിവന്നവരായിരുന്നു. പ്രകൃതിയെ മാത്രം ആശ്രയിച്ചും. ഭൂമിയുടെ സ്വഭാവമനുസരിച്ചും നെൽകൃഷിക്കു പ്രാധാന്യം കൊടുത്തു കൊണ്ടും മറ്റു ധാന്യവിളകൾ പച്ചക്കറി എന്നിവ അവസരോചിതമായും കൃഷി ചെയ്തിരുന്നു. മുഴുവൻ സമയവും കൃഷി തന്നെ ജീവിതവൃത്തിയായി സ്വീകരിക്കുന്ന ജനവിഭാകമായിരുന്നു ഈ പ്രദേശത്തിൽ ബ്രാഹ്മണരുടേയും ദൈവത്തിൻേറയും ജന്മിത്വസ്വഭാവമായിരുന്നു. ഈ പ്രദേശത്തിന് കുടിയാന്മാരായിരുന്നു കൂടുതലും. ജന്മിത്തംകൊടികുത്തിവാഴുന്നകാലം ജന്മിത്വത്തിൻേറയും നാടുവാഴിത്വത്തിൻേറയും നടുവിൽ വീർപ്പുമുട്ടുന്ന കർഷകജനത ജന്മിയോട് വിധേയത്വവും ഒപ്പം ഭീതിയും ഇതായിരുന്നു കൃഷിക്കാരൻെറ അവസ്ഥ 1921 നുമുമ്പേ തന്നെ സാമൂഹ്യപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. കൃഷിക്കാരനു ജന്മിയുടെ ക്രൂരമായ അക്രമണത്തിനും ചൂഷണത്തിനുംമെതിരെ സംഘടിപ്പിക്കുവാൻ സാമൂഹ്യപ്രസ്ഥാനങ്ങൾ പരമാവധി ശ്രമിച്ചിരുന്നു.

1931 - 32 കാലത്ത് മദിരാശി സർക്കാർ നടപ്പാക്കിയ നികുതി വർദ്ധവിനെതിരെ നടന്ന പോരാട്ടമാണ് ആദ്യത്തെ സംഘടിതകർഷക പ്രക്ഷോഭം. പാട്ടം കൂട്ടുന്നതിനെതിരെ അനവധി പ്രക്ഷോഭങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. 1940 കളിൽ ഒഴിപ്പിക്കലിനെതിരെ കൊടുമുണ്ടയിൽ കാർഷക പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. സാമൂഹ്യപ്രസ്ഥാനങ്ങളിലൂടെ മുന്നോട്ടുവന്ന സവർണ്ണ വിഭാഗം തന്നെയാണ് കർഷകർക്ക് ഈ പ്രദേശത്ത് ഒരു സംഘടന ആദ്യമായി രൂപീകരിച്ചത്.

കൊടുമുണ്ടയിൽ തടം പരമേശ്വരൻ ഭട്ടതിരി, വി.ടി.ശങ്കരൻ, കാഞ്ഞൂർ നാരായണൻ ഭട്ടതിരി, രാമൻനായർ എന്നിവരുടെ നേതൃത്വത്തിൽ നിരവധി പ്രക്ഷോഭങ്ങൾ ജന്മിത്വത്തിനും നാടുവാഴിത്വത്തിനു മെതിരെ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

1936 - ൽ രൂപം കൊണ്ട കേരളത്തിലെ കർഷകരുടെ സംഘടന ഒഴിപ്പിക്കൽ തടയുക കടം റദ്ദാക്കുക ഭൂപരിഷ്കരണനിയമം കൊണ്ടുവരിക എന്നീ ആവശ്യങ്ങളുയർത്തി പ്രക്ഷോഭം സംഘടിപ്പിക്കാൻ തുടങ്ങി 1959ൽ അധികാരത്തിലുണ്ടായിരുന്ന ഗവൺമെൻറ് പാസ്സാക്കിയ

ഭൂപരിഷ്കരണനിയമം ഒരു മഹാസംഭവമായിരുന്നു. 1967ൽ ഐക്യമുന്നണിസർക്കാർ രൂപം നൽകിയ നിയമം 1970 ജനവരി 1ന് സമഗ്രമായി നടപ്പിൽ വന്നു.

കേരളത്തിലെ ദശലക്ഷകണക്കിലുള്ള കൃഷികാർക്ക് അതിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ കർഷകർക്ക് മോചനത്തിൻെറ പാത വെട്ടിത്തുറന്നു. കൃഷി ഭൂമി കൃഷിക്കാരന് ലഭിച്ചു. ഉൽപാദനം സ്വന്തം മണ്ണ് എന്ന ബോധത്തോടെ ആരംഭിച്ചു. വിളവ് കുറഞ്ഞാലും ആരേയും ബോധ്യപ്പെടുത്തേണ്ട എന്ന മനോഭാവം കൃഷിക്കാരിലുയർന്നുവോയെന്ന് സംശയിക്കുന്നു. കേരളത്തിലെ മുഴുവൻ കർഷകർക്കും ഭൂമി ഉണ്ടാവുക എന്ന അവസ്ഥ ഉണ്ടായി കൃഷിക്കാരൻെറ ഭാവി ജീവിതത്തിൽ സമസ്ത മേഖലകളിലും പുരോഗതി പ്രകടമായി. തുണ്ടവൽക്കരണത്തിൻെറ ഭാഗമായി നേട്ടങ്ങൾ പലതും ഉണ്ടായിട്ടുണ്ടെങ്കിലും കാർഷികവൃത്തി യഥാർത്ഥ ജീവിതോപാധിയല്ലാതെയായി മറ്റുതൊഴിലിൻെറ ഉപതൊഴിലായി കാർഷികവൃത്തി മാറി.

കാർഷികമേഖലയിൽ പണ്ടുണ്ടായിരുന്ന ശ്രദ്ധയും ശുശ്രൂഷയും നഷ്ടപ്പെട്ടു. ആധുനിക രീതിയിലുള്ള വിളസമ്പ്രദായങ്ങൾ അശാസ്ത്രീയമായ രീതിയിൽ കാർഷികമേഖലയിലേക്ക് കടന്നുകയറി. ജൈവവളം ഉപയോഗിക്കുന്നതിൽ നിന്ന് രാസവളം ഉപയോഗിക്കുന്നതിലേക്ക് വ്യതിചലിച്ചു. ആധുനിക സ്വഭാവമാണെന്ന തെറ്റിദ്ധാരണയിൽ അശാസ്ത്രീയമായി കൃഷി നടത്തുന്നതു കാരണം നെൽപാടങ്ങളെ നാശത്തിലേക്ക് നയിച്ചു. പൂർവ്വീകമായ 58 കുളങ്ങളും പൊതുവായ 3കിണറുകളും 6 ചോലകളും 2 വലിയ തോടുകളും അവയിൽ ചേരുന്ന ചെറു തോടുകളും ജലശ്രോതസ്സുകളെ സംരക്ഷിച്ചു. നിലനിർത്തുന്നതിനുപകരം വനനശീകരണം കരിങ്കൽ ക്വോറി നെൽപാടങ്ങൾ നികത്തി വീടുണ്ടാക്കുക, കളിമൺ എടുത്ത് കൃഷിക്ക് യോഗ്യമല്ലാതാക്കുക എന്നീ അവസ്ഥകളിലേക്ക് വന്നതുകാരണം ജലസ്രോതസ്സുകൾ അടയുന്നതിനും ഇടവെച്ചു. ഇത് കാർഷിക രംഗത്തെ ഉൽപാദനം കുറയുന്നതിന് കാരണമായി.

ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സഹായമായിരുന്ന ഐക്യനാണയസംഘം, പി.സി.സി. സൊസൈറ്റി പോലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം നിലക്കുകയും ചെയ്തത് വഴി കർഷകരുടെ ഉണർവ് നശിക്കാനും ഇടയായി. കാർഷികവൃത്തി, ജീവിതത്തിൻെറ ഭാഗമായി ലാഭനഷ്ടംനോക്കാതെ കൃഷിക്കാരുടെ രംഗപ്രവേശനം പാരമ്പര്യമായി തുടർന്ന് പോന്നിരുന്ന കൃഷിസമ്പ്രദായത്തിന് കോട്ടംതട്ടുകവഴിയും സർക്കാർ ആവിഷ്കരിച്ച കൂട്ടുകൃഷിസമ്പ്രദായം പ്രായോഗികമാക്കാനും സാധിക്കാതെ വരുന്നു.

## ഇന്നത്തെവിള ചേരുവ

ഇപ്പോൾ പഞ്ചായത്തിലൊട്ടാകെ നെൽകൃഷി ചെയ്യുന്നത് 1940 ഏക്കർ സ്ഥലത്താണ് 148 ഏകർസ്ഥലം ഭൂമി ദുർവിനിയോഗം കാരണം കൃഷിയോഗ്യമല്ലാതായി. മുതുതല പഞ്ചായത്തിലെ

[illegible]

| വിഭാഗം | വിസ്തൃതി ഏക്കറിൽ | ഉല്പാദനം ടൺ | ഉല്പാദന ക്ഷമത |
|---|---|---|---|
| നെല്ല് ഒന്നാംവിള | 955 | [illegible] | 1719 |
| രണ്ടാംവിള | 985 | [illegible] | 1370 |
| തെങ്ങ് | 675 | [illegible] | 9000 |
| [illegible] | 125 | [illegible] | |
| [illegible] | 40 | [illegible] | |
| കുരുമുളക് | 26 | | |
| [illegible] | 12 | | |
| മരിച്ചീനി | 20 | [illegible] | |
| പച്ചക്കറി | 25.7 | 8 | |
| ഇഞ്ചി [illegible] | 15 | | |

[illegible]

| സ്ഥലം | [illegible] |
|---|---|
| മുതുതല | [illegible] |
| കൊഴിക്കോട്ടിരി | [illegible] |
| പെരുമുടിയൂർ | [illegible] |
| കൊടുമുണ്ട | [illegible] |

മേൽ [illegible] സൗകര്യങ്ങൾക്ക് പുറമെ [illegible] ഒഴുകുന്ന [illegible] പുഴയും, [illegible] പുഴയിൽ നിന്ന് 700 [illegible] ഇറിഗേഷൻ പദ്ധതിയും [illegible] ഇറിഗേഷൻ [illegible] ചിറയും വലിയ [illegible] ചെറുകിണറുകളും [illegible] ജലസേചനത്തിന് [illegible] ചെയ്യുന്നില്ല. [illegible] സ്ഥിതിയിലാണ് മുതുതല പഞ്ചായത്തിലെ കർഷകർ ഇന്നും [illegible] വിപ്ലകരമായ മാറ്റം [illegible] അത്യാവശ്യമാണ്.

## ഉൽപന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിനകത്ത് ഒരോ വിളകളും [illegible] ാടിസ്ഥാനത്തിൽ

നെൽകൃഷിചെയ്യുന്ന കർഷകരുടെ എണ്ണം വിരളമാണ്. കാർഷികാവശ്യത്തിന് സാമ്പത്തികസഹായം അതികൃതരിൽ നിന്ന് യഥാസമയം ലഭിക്കാത്തതിനാൽ കിട്ടുന്ന വിലക്ക് ഇടത്തട്ടുകാർ മുഖേന വില്പന നടത്തേണ്ടിവരുന്ന സ്ഥിതിവിശേഷതയുണ്ട്. കേര സംസ്കരണ വിപണനം പഞ്ചായത്തിൽ ഇല്ലാത്തതുകാരണം നാളികേരവ്യവസായം വമ്പിച്ച നഷ്ടത്തിൽ അവസാനിക്കുന്നു.

ഈ മേഖലയിൽ യഥാർത്ഥ മെച്ചം ലഭിക്കുന്നത് കർഷകരുടെ ഇടയിൽ വന്ന് നേരിട്ട് നാളികേര കച്ചവടം നടത്തുന്നവർക്കാണ് പച്ചക്കറി ലാഭകരമായി വിറ്റഴിക്കാനുള്ള വിപണിയുടെ അഭാവം മൂലം കിട്ടിയ വിലയ്ക്ക് വിൽക്കേണ്ടി വരുന്ന സ്ഥിതിയാണുള്ളത്.

പഴം, മററു ഫലങ്ങളുടെ വിപണനത്തിലും ഇടനിലക്കാർ കൊളളലാഭം എടുത്തുകൊണ്ടിരിക്കുന്നു. റബ്ബർ കർഷകർക്കും ഉൽപന്നം വിറ്റഴിക്കാനുള്ള സൗകര്യം പഞ്ചായത്തിൽ നിലവിലില്ല.

## കാർഷിക ബന്ധങ്ങൾ

കൂട്ടുകുടുംബവ്യവസ്ഥകളിലെ വിഭജനം, താൽക്കാലിക ലാഭം നോക്കിയുള്ള ഭൂ കൈമാറ്റം തുണ്ട് ഭൂമികളായി കർഷകരുടെ എണ്ണം കൂടിവരുന്നതും, കാർഷിക മേഖലയിലുളള കൂട്ടായ്മയില്ലാതായും കാർഷികമാന്ദ്യത്തിന് കാരണമായിതീർന്നു.

**കൈവശഭൂമിയുടെ വിവരം.**

| സ്ഥലപരിധി | എണ്ണം |
|---|---|
| 1.10സെൻറ് | 685 |
| 10.25സെൻറ് | 495 |
| 25.50സെൻറ് | 280 |
| 0-50-1ഏക്കർ | 232. |
| 1-2ഏക്കർ | 177 |
| 2-3ഏക്കർ | 93 |
| 3ഏക്കർ മുകളിൽ | 80 |
| ആകെ | 2032 |

ഇതിൽ പൂർണ്ണമായും കൃഷിചെയ്യിച്ചു വരുന്നവർ 813 പേരും, ഭാഗികമായി കൃഷി ചെയ്യുന്നവരുടെ എണ്ണം 629പേരും മുഴുവൻ കൃഷിപണിയിൽ ഏർപ്പെട്ടിട്ടുള്ള കൃഷിക്കാരുടെ എണ്ണം 590ഉം ആകുന്നു.

## കൂലിസേവന വ്യവസ്ഥകൾ

സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളുടെ ഫലമായി ചൂഷണത്തിൻെറ വിധേയരായിരിക്കുന്നു കർഷക തൊഴിലാളികളുടെ കൂലി സേവന വ്യവസ്ഥകൾ വർദ്ധനവിന് വിധേയമായി കർഷക രംഗത്തെ വിദഗ്ദരായ തൊഴിലാളികൾ നിർമ്മാണ രംഗത്തേക്ക് ആകർഷിക്കപ്പെട്ടു ഇതിനു വിദഗ്ധരായ കാർഷിക തൊഴിലാളികളുടെ കൂലി വർദ്ധനവിന് കാരണമാണ്.

### പഞ്ചായത്തിലെ വിവിധ കൃഷിപ്പണികളുടെ കൂലി

| തൊഴിലിൻെറ സ്വഭാവം | കൂലിനിരക്ക് | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| അതിർത്തി സംരക്ഷണം ഭാരം ചുമക്കൽ ഉഴവു നടത്തുക | 100 | 60 |
| തെങ്ങുകയറ്റം | തൈതെങ്ങ് 5രൂപ | |
| റബ്ബർ ടാപ്പിങ്ങ് | 100ന് 20രൂപ | |
| മറ്റുതൊഴിലുകൾ | 110 | 70 |

കർഷക തൊഴിലാളികൾക്ക് ഇപ്പോൾ കിട്ടുന്ന കൂലി അധികമല്ലെങ്കിലും കൊടുക്കുന്ന കർഷകന് താങ്ങാനാവുന്നില്ലയെന്നത് ഒരു യാഥാർത്ഥ്യമാണ്. ഉൽപന്നങ്ങളുടെ വിലയില്ലായമയും മറ്റുഉൽപാദനചിലവിൻെറ വർദ്ധനവിനോടൊപ്പം കൂലി വർദ്ധനയും കൂടിയാകുമ്പോൾ കർഷകർ കാർഷികവൃത്തിയാകുന്ന സ്ഥിതിയില്ലെന്നു ഈ അലസത ഒഴിവാക്കാൻ കാർഷിക ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാൻ സർക്കാറിൻെറയും കർഷകരുടേയും വഴി മാത്രമേ സാദ്ധ്യമാകൂ എന്നത് അവധാനതയോടെ വിലയിരുത്തേണ്ടതാണ്.

## വള ഉപഭോഗം

എല്ലാ കൃഷിക്കും രാസവളം ഉപയോഗിക്കുന്ന പ്രവണത കൃഷിക്കാരിൽ കൊണ്ടുവരുന്ന താല്ക്കാലിക ലാഭത്തെ മുന്നിൽ കണ്ടുകൊണ്ടും അഞ്ജത കൊണ്ടും നൈട്രജൻ വളങ്ങളെ ആശ്രയിച്ചുകൊണ്ടും ഷാരത്തെയും ഫോസ്ഫറസ് എന്നിവയെ അവഗണിച്ചുകൊണ്ടുമുള്ള ഒരു രാസവള രീതിയാണ് പഞ്ചായത്തിലെ കൃഷിക്കാർ അനുവർത്തിച്ചു വരുന്നത്. രാസവളം

ശാസ്ത്രീയമായി ഉപയോഗിക്കുന്നവർ റബ്ബർ കർഷകർ മാത്രമാണ്. രാസവളം ഉപയോഗിക്കുന്ന കർഷകർ ഇവയുടെ അമിതമായ വില കാരണം കാർഷികവൃത്തി നഷ്ടത്തിലാകുന്നു. ഇതിനുപരിയായി ജൈവവളം ഉപയോഗിക്കുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകേണ്ടത് അത്യാവശ്യമാണ്. മുതുതല പഞ്ചായത്തിലെ ഓരോ വീട്ടിലും ഓരോ കംപോസ്റ്റ് കുഴി എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കേണ്ടതാണ്. മുതുതല പഞ്ചായത്തിൽ നിന്ന് വളം കയറ്റി പോകുന്നത് തടഞ്ഞ് അത് അവിടെയുള്ള കർഷകർക്ക് പ്രയോജനപ്രദമാക്കണം. വീട്ടിൽ വളർത്തുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും കാഷ്ടം ഉപയോഗിച്ച് നല്ല ജൈവവളം ഉണ്ടാക്കാവുന്നതാണ്. ഏത് കാലാവസ്ഥയിലും നല്ലപോലെ വളരുന്ന ആര്യവേപ്പ്, വേങ്ങ, പൊടുണ്ണി, സീമക്കൊന്ന മുതലായ മരങ്ങൾ വെച്ച് പിടിപ്പിച്ച് ജൈവവളം ഉൽപാദനം വർദ്ധിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ വ്യാപകമാക്കണം രാസവളങ്ങൾക്ക് കൊടുക്കുന്ന സബ്സീഡിപോലുള്ള ആനുകൂല്യങ്ങൾ ജൈവവള ഉൽപാദനത്തിനും അനുവദിക്കേണ്ടതാണ്.

പഞ്ചായത്തടിസ്ഥാനത്തിൽ ഫല വൃക്ഷങ്ങൾ നട്ടുവളർത്തി അവയുടെ പച്ചിലകൊണ്ട് ജൈവവള ഉൽപാദനം പ്രോത്സാഹിപ്പിക്കാനുള്ള സാധ്യതയുണ്ട്.. പെട്ടന്ന് കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലായിടത്തും എന്നപോലെ നമ്മുടെ പഞ്ചായത്തിലെ കർഷകർ കീടനാശിനി അമിതമായി ഉപയോഗിക്കുന്നു. ഇത് മണ്ണിന്റെ പ്രതിരോധശേഷിക്കുറവിനും പരിസ്ഥിതി മലിനീകരണത്തിനും മത്സ്യം തുടങ്ങിയ ജൈവ സമ്പത്തുക്കളുടെ ഉന്മൂലത്തിനും കാരണമാകുന്നു പാരമ്പര്യമാർഗ്ഗങ്ങളിലൂടെ കീടങ്ങളെ നശിപ്പിക്കാനുള്ള സമ്പ്രദായം നല്ല ഫലം ഉളവാക്കിയിരുന്നു.

## നടപ്പുപദ്ധതികളുടെ അവലോകനം

മുതുതല ഗ്രാമപഞ്ചായത്ത് കൃഷിഭവൻ 31 - 9 - 87 ലാണ് നിലവിൽ വന്നത് കൃഷിഭവനിലൂടെ നടപ്പാക്കി കൊണ്ടിരിക്കുന്നതും സമീപകാലത്ത് അവസാനിച്ചതുമായ പദ്ധതികളുടെ അവലോകനമാണ് താഴെ കൊടുക്കുന്നത്.

## നെൽകൃഷി വികസന പദ്ധതികൾ

പുതിയ ഇനം വിത്തുകൾ കൂട്ടുകൃഷി ചെയ്യുന്നതിനായുള്ളത് അംഗികൃത വിത്തുല്പാദന സമിതി നെൽകൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രൂപ്പ് ഫാർമിംഗ് സമിതികൾ മുഖേന 50% സബ്സിഡി നിരക്കിൽ ട്രാക്റ്റർ ടില്ലർ മെതിയന്ത്രം എന്നിവ നൽകി വന്നു സാങ്കേതിക കാരണങ്ങൾ കൊണ്ട് ഇത് ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഓരോ പൂവലും നെൽകൃഷി ചെയ്യുന്നവർക്ക് സമിതി മുഖേന ഉൽപാദനബോണസ് ഏക്കറിന് 100 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു.

ഗ്രൂപ്പ് ഫാർമിംങ്ങ് സൊസൈറ്റികൾ മുഖേന നെൽകൃഷി വികസനത്തിനായി കർഷകർക്ക്

കീടനാശിനികൾ, കുമ്മായം, പൊതുഞാറ്റടി, പമ്പുസെറ്റുകൾ എന്നിവ വാങ്ങാൻ 50% സബ്സിഡിയുടെ സഹായധനം നൽകുന്ന നെൽകൃഷി കൂട്ടുകൃഷി സമ്പ്രദായം ആണ്. നിലവിലുള്ള മറ്റൊരു പദ്ധതി വിനിയോഗത്തിനായി 89968 രൂപ ബാക്കിയുണ്ട്.

## കേര വികസന പദ്ധതികൾ

ഗ്രൂപ്പ് മേനേജ്മെൻറ് പദ്ധതിയുടെ ചുരുങ്ങിയത് 30 സെൻറ് സ്ഥലമുള്ള കർഷകന് പദ്ധതിയുടെ ഭാഗമായി കേരസമിതി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ചുരുങ്ങിയത് 30 സെൻറ് സ്ഥലമുള്ള കർഷകന് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാണ്. വായ്പാ ബാന്ധിതമായോ അല്ലാതേയോ കിണറുകൾ കുഴിക്കുന്നതിനും പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും 1 /3 സബ്സിഡിയോ പരമാവധി 2500 രൂപയോ നൽകും. തെങ്ങിന് മരുന്ന് തെളിക്കുന്നതിനായി ചവിട്ടു പമ്പിന് 1000 രൂപ സബ്സിഡിയും തെങ്ങു കയറ്റുയന്ത്രങ്ങൾക്ക് 50% സബ്സിഡിയോ, ഗ്രൂപ്പ് ഇരിഗേഷൻ പദ്ധതിക്ക് 50% സബ്സിഡിയോ, പരമാവധി 10000രൂപയോ നൽകും. കൂടാതെ തെങ്ങിൻ തോട്ടങ്ങളിൽ കൃഷി ചെയ്യാനായി പച്ചിലചെടിയുടെ വിത്ത് 50% സബ്സിഡിയോടെ വിതരണം ചെയ്യുന്നു.

## കുരുമുളക് വികസന പദ്ധതികൾ

ചുരുങ്ങിയ 50 സെൻറ് കൃഷിക്കാർക്ക് കുരുമുളക് കൃഷി പ്രോത്സാഹനത്തിനായി സഹായങ്ങൾ നൽകുന്നു. കേടുവന്ന കുരുമുളക് വള്ളികൾക്ക് പകരം പുതിയതു നട്ടുപിടിപ്പിക്കുന്നതിനും കേടുവന്ന താങ്ങു മരങ്ങൾക്ക് പകരം പുതിയത് വെച്ചുപിടിപ്പിക്കാനുമുള്ള കുരുമുളക് പുനരുദ്ധാരണ പദ്ധതിയും നിലവിലുണ്ട്.

## പച്ചക്കറി കൃഷി

വിദ്യാർത്ഥികളെ പച്ചക്കറി കൃഷിയിൽ താൽപര്യമുള്ളവരാക്കുന്നതിനും വേണ്ടി സൗജന്യമായി പച്ചക്കറി വിത്ത് വിതരണം ചെയ്ത് വരുന്നു. പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കാൻ വേണ്ടിയുള്ള ഊർജ്ജിത പദ്ധതികൾ എത്രയും പെട്ടെന്ന് ഉണ്ടാകണം.

## വിള ഇൻഷൂറൻസ് പദ്ധതി

എല്ലാ കാർഷിക വിളകൾക്കും പരമാവതി ഇൻഷുറൻസ് സംരക്ഷണം ഈ പദ്ധതി പ്രകാരം നൽകുന്നു.

## കശുമാവ് വികസന പദ്ധതി

മുതുതല പഞ്ചായത്തിലെ തരിശായി കിടന്നിരുന്ന 10 ഹെക്ടറോളം കശുമാവ് വെച്ചു പിടിപ്പിക്കാനുള്ള പദ്ധതിയാണിത്. ഒരോ കർഷകനും 160 കശുമാവിൻ തൈയും പ്ലാൻറിങ്ങ് ചാർജ്ജായി തൈയ്യൊന്നിന് 3 രൂപ നിരക്കിൽ സൗജന്യമായി നൽകുന്നു.

**ഒരു ലക്ഷം തൊഴിൽദാന പദ്ധതി:-**

തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കാർഷികവൃത്തിയിൽ താൽപര്യം വളർത്താൻ വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. ഇപ്രകാരം 68 യുവതി യുവാക്കൾ നമ്മുടെ പഞ്ചായത്തിൽ അംഗങ്ങളായിട്ടുണ്ട്.

**പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ :-**

പ്രത്യേക പദ്ധതി പ്രകാരം ഹരിജനങ്ങൾക്ക് കിണർ കുഴിക്കുവാൻ 6000രൂപ സബ്സിഡി കോളനികളിൽ കാർഷികോപകരണങ്ങൾ പമ്പുസെറ്റുകൾ മുതലായവക്ക് കൂടുതൽ ധനസഹായം ലഭ്യമാണ് ഹരിജനങ്ങൾക്ക് ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാൻ 8900 രൂപ സബ്സിഡിയുണ്ട്.

**ഒപ്പെക്ക് നീർമറി വികസന പദ്ധതി**

ഒപ്പെക്ക് എന്ന രാഷ്ട്രങ്ങളുടെ സഹായത്താൽ 1,2,3,4 വാർഡുകളിൽ നടപ്പാക്കുന്നതാണീ പദ്ധതി. ഒരു ലോൺ ലിങ്ക്ട് പ്രോഗ്രാം ആണിത് ഇത് പ്രകാരം 9000രൂപ ലോൺ എടുക്കുന്നവർക്ക് 3500 രൂപ സബ്സിഡി കർഷകർക്ക് കിട്ടും.

**മുതുതല ഗ്രാമപഞ്ചായത്തിലെ പാടശേഖര കമ്മിറ്റിയുടെ വിവരങ്ങൾ**

**1995 – 96**

| ക്രമ നമ്പർ | പാടശേഖര സമിതിയുടെപേര് | വിരിപ്പ് കൃഷിചെയ്തസ്ഥലത്തിൻെറവിവരണങ്ങൾ | കൃഷിക്കാർ | മുണ്ടകൻ | കൃഷിക്കാർ |
|---|---|---|---|---|---|
| 1 | ചെമ്പേരി കൊഴിക്കോട്ടിരി | 120 | 95 | 118 | 94 |
| 2 | കാരക്കുത്ത് | 132 | 101 | 130 | 110 |
| 3 | കൊഴിക്കോട്ടിരി | 89 | 76 | 103 | 87 |
| 4 | മുതുതല | 64 | 65 | 53 | 64 |

| | | | | | |
|---|---|---|---|---|---|
| 5 | പെരുമുടിയൂർ | 172 | 158 | 196 | 158 |
| 6 | കൊടുമുണ്ട | 137 | 122 | 154 | 125 |
| 7. | കൊടുമുണ്ടഗൈറ്റ് | 76, | 60 | 77 | 60 |
| 8. | ആലിക്കപറമ്പ് | 101 | 72 | 101 | 72 |
| 9. | കളത്തും പാടം | 44 | 40 | 47 | 41 |
| | | 955 | 789 | 985 | 811 |

കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണത്തിലെ കുറവും, ഉള്ളവരുടെ സമയക്കുറവും, തെരഞ്ഞെടുക്കപ്പെട്ട കുട്ടുകൃഷി സംഘങ്ങളുടെ സംഘാടകരുടെ പരിചയകുറവും, നേതൃത്വക്കുറവും മൂലം കാർഷികവകുപ്പിൻെറ മിക്ക പദ്ധതികളുടെയും ഗുണം താഴെ തട്ടിലുള്ള യഥാർത്ഥ കർഷകർക്ക് എത്തിയിട്ടില്ല എന്നതു ദു:ഖകരമായ സത്യമാണ്.

റബ്ബർ ബോർഡിലെ ഉദ്യോഗസ്ഥർ നടത്തുന്ന പ്രവർത്തനം പോലെ നമ്മുടെ പഞ്ചായത്തിലെ കൃഷിവകുപ്പ് ഉദ്യോഗസ്ഥരും രണ്ടാഴ്ചയൊരിക്കലെങ്കിലും ഒരോ പാടശേഖരസമിതി യോഗങ്ങളിലും കർഷകരുടെ കൃഷിയിടങ്ങളിലും പോയി അവർക്ക് ആവശ്യം വേണ്ട നിർദേശങ്ങളും ഉപദേശങ്ങളും നല്കുകയും ഓരോ കൃഷിയും അഭിവൃദ്ധിപ്പെടുത്താൻ വേണ്ടി സർക്കാർ നൽകുന്ന സഹായങ്ങളും കുറിച്ച് അവരെ ബോധ്യപ്പെടുത്തുകയും അതാത് സഹായങ്ങൾ യഥാസമയത്ത് കൃഷിക്കാരനിലേക്ക് എത്തിക്കാനും വേണ്ട ശ്രമങ്ങൾ എടുക്കേണ്ടതാണ്.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

## പ്രശ്നങ്ങളും പരിഹാരങ്ങളും

### 1. ചിറ

പണ്ടാരത്തൊടിയിലെ നിലവിലുള്ള ചിറകൾ അറ്റകുറ്റപണികൾ ചെയ്യാതെ താറുമാറായി കിടക്കുകയാണ് ഇവ അടിയന്തിരമായി അറ്റകുറ്റ പണിചെയ്ത് 3,4,5,9 വാർഡുകളിൽ ജലസേചനത്തിന് സൗകര്യമുണ്ടാക്കണം.

2. പുളിങ്കല്ലിൽ പണ്ടാരത്തോട് എന്നീ ചിറകൾ വൃത്തിയാക്കി ഷട്ടർ ഇടണം.
3. പുളിങ്കല്ലിൽ ചിറകെട്ടി കനാൽ സംവിധാനം ഉണ്ടാക്കണം ഏരയകത്ത് പടിയിൽ ചിറനിർമ്മിക്കണം. കൊഴിക്കോട്ടിരി ചിറ പുതുക്കി പണിയണം.
4. നാലാം വാർഡിലെ വേട്ടാകുന്നത്ത് ചിറ നിർമ്മിച്ച് ഇരുമ്പ് ഷട്ടർ ഇടണം. നെല്ലിപ്പാടം ശ്രീധരത്ത് ചുമരത്ത് പാടം എന്നിവടങ്ങളിൽ നിലവിലുള്ള ചിറകൾ ഇരുമ്പുഷട്ടർ പുതുക്കി പണിയണം.
5. കുണ്ടാണത്തോടിന് ചിറകെട്ടണം.

6. **അഞ്ചാംവാർഡിലെ** പൂഞ്ചിറ പുതുക്കി പണിയണം. പലകയ്ക്ക് പകരം ഷട്ടർ ഇടണം. ചിറയുടെ **രണ്ടു** വശവും 160 മീ. ദൂരം വരെ കോൺക്രീറ്റ് ചെയ്യണം.
7. **മണ്ണാരത്ത്** പടിയിൽ ഒരു പുതിയ ചിറ നിർമ്മിക്കണം.
8. **ഒമ്പതാം** വാർഡിൽ കരിങ്കറപാടത്ത് ചിറ നിർമ്മിക്കണം മുതുതല ഭാഗത്ത് ഇരുനമ്പാടത്ത് **ചിറ നിർമ്മിക്കണം.** തെക്കേചോല ഭാഗത്ത് ബണ്ടു കെട്ടി വെള്ളംസംഭരിക്കണം.

## ഇറിഗേഷൻ

1. രണ്ടാം വാർഡിലെ ചിറകളിലെ ജലം ലിഫ്റ്റ് ഇറിഗേഷൻ മുഖേന കൃഷിക്ക് ലഭ്യമാക്കണം.
2. **അഞ്ചാംവാർഡിൽ** ഭാരതപ്പുഴയിൽ 60 എച്ച്.പി. മോട്ടോർ വെച്ച് കനാൽ കെട്ടി **ഇറിഗേഷൻ** സംവിധാനം ഉണ്ടാക്കണം.
3. **ആറാംവാർഡിൽ** ഭാരതപ്പുഴയുടെ തീരത്തുള്ള കെമ്മർ ഇറിഗേഷൻ മോട്ടോർ മാറ്റി **പുതിയ 20** എച്ച്.പി മോട്ടോർ വെച്ച് കനാൽ കൂടുതൽ സ്ഥലങ്ങളക്ക് വ്യാപിപ്പിക്കണം. **പെരുമുടിയൂർ** ഇറിഗേഷൻ കടവകം വരെ നീട്ടി സബ്കനാലുകൾ കളോത്തി പാടത്തേക്കും, **പമ്പ് ഹൗസ്** മുതൽ അകാച്ചവരെയും നീട്ടുക.
4. ഏഴാം വാർഡിലെ ഇറിഗേഷന്റെ കനാൽ പമ്പിങ്ങ് സിസ്റ്റം പൂർവ്വസ്ഥിതിയിലാക്കുക.

## 3. കുളങ്ങൾ

1. **ഒന്നാം** വാർഡിലെ കാരക്കുളം **ആഴംകൂട്ടി** വശങ്ങൾ സംരക്ഷിക്കണം. പാറോടികുളം **വൃത്തിയാക്കണം.** പാക്കുളം വൃത്തിയാക്കണം. അടാട്ടുകുളത്തിൽ നിന്നും **പുല്ലുണ്ണികുളത്തിൽ നിന്നും** തുടങ്ങുന്ന ചാലുകളുടെ ഇരുവശവും കോൺഗ്രീറ്റ് ചെയ്ത് **സംരക്ഷിക്കണം.**
2. **രണ്ടാം** വാർഡിൽ കോതകുളം, രാമൻകുളം, കൊട്ടിലിങ്ങൽ കുളം, മാവുണ്ടിക്കുളം **എന്നിവ വൃത്തിയാക്കുകയും,** സംരക്ഷിക്കുകയും ചെയ്യുക.
3. **മൂന്നാംവാർഡിലെ** കുറ്റാടിച്ചിക്കുളം വൃത്തിയാക്കി കനാൽ നിർമ്മിക്കുക. **പുത്തൻകുളം, ചെറൂളികുളം** എന്നിവ വൃത്തിയാക്കി സംരക്ഷിക്കണം.
4. **നാലാം** വാർഡിൽ പതിയപുരംകുളം പുതുക്കി പണിയണം. പുത്തൻ കുളത്തിന്റെ **പടിഞ്ഞാറു** ഭാഗം പുതുക്കി പണിയണം കൊറ്റുകുളം കരിമ്പനക്കുളം, ചാത്തൻകുളം എന്നിവ പുതുക്കി **പണിയണം.** പുഴ കിണറ്റിൻ കരകുളം, ചോലക്കുളം എന്നിവ നന്നാക്കണം.
5. **അഞ്ചാം** വാർഡിൽ മുത്താറുകുണ്ട് ആഴം കൂട്ടി വശങ്ങൾ കോൺക്രീറ്റ് ചെയ്ത് **സംരക്ഷിച്ച്** പഞ്ചായത്ത് ഏറ്റെടുക്കണം ആശാരിപ്പടികുളം നന്നാക്കണം. മേതൃക്കോവിൽ കുളം **നന്നാക്കി** വെള്ളം സംഭരിക്കണം.
6. **ആറാംവാർഡിൽ** എടലക്കുളം, അമ്പലക്കുളം, പൂളകുളം, കടമ്പകംകുളം എന്നിവ **വൃത്തിയാക്കി** സംരക്ഷിക്കണം.
7. **ഏഴാം** വാർഡിൽ വരകുളം, തായൻകുളം, പട്ടുരുകുളം എന്നിവ താഴ്ത്തിയും, **പടുത്തുയർത്തിയും**

ജലസംഭരിക്കണം.

8. എട്ടാംവാർഡിൽ പൊതുകുളങ്ങൾ നന്നാക്കി ജലസേചനയോഗ്യമാക്കണം. വാഴക്കോട്ടിരികുളം നേരെയാക്കണം. ചേളമ്പറ്റകുളം വൃത്തിയാക്കണം. പൂന്തലകുളം പുതുക്കി പണിയണം.
9. ഒമ്പതാം വാർഡിലെ മാടായിക്കുളം ജലസേചനയോഗ്യമാക്കണം. പുന്നാരംകുളം നേരയാക്കണം.

## 4 വെളളച്ചാലുകൾ

1. ഒന്നാം വാർഡിലെ ഞാറ്റത്തു പളളിയാലിലേക്ക് വെളളം കൊണ്ടു പോകുവാൻ ചാലു നിർമ്മിക്കണം. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണം.
2. നാലാം വാർഡിൽ നിലവിലുളള വെളളച്ചാലുകൾ ഇരുവശവും കെട്ടി ജലസേചനയോഗ്യമാക്കണം.
3. അഞ്ചാം വാർഡിൽ തച്ചുനീർക്കരപാടത്തു നിന്ന് പടിഞ്ഞാറൻ പാടശേഖരത്തിലേക്ക് പോകുന്ന ചാല് കോൺക്രീറ്റ് ചെയ്ത് വൃത്തിയാക്കണം.
4. ഒമ്പതാം വാർഡിൽ മാടായിക്കുളത്തുനിന്ന് ഒഴുകുന്ന കൈ തോടുകൾ സൈസ് പടുത്ത് വൃത്തിയാക്കണം. ഹൈസ്കൂളുകൾ റോഡിലൂടെ ചുടല കുന്നിൻെറ മുകളിൽ നിന്ന് ഒഴുകി വരുന്ന വെളളം നെൽപ്പാടങ്ങളിലേക്ക് ഒഴിക്കുന്നത് ചാല് നിർമ്മിച്ച് തടയണം.

## കോൺക്രീറ്റ് പാത്തികൾ

1. നാലാം വാർഡിൽ മുണ്ടയിൽ നിന്ന് വെളളം കൊണ്ടുവരാൻ കോൺക്രീറ്റ് പാത്തി സ്ഥാപിക്കണം. ചീരൻ പൂക്കിച്ചിൽ പാടത്ത് ഒരു കോൺക്രീറ്റ് പാത്തി സ്ഥാപിക്കുക.
2. അഞ്ചാം വാർഡിൽ ആര്യൻ പാടത്തുനിന്നും മുതുകാട് നിലത്തേക്ക് വെളളം കൊണ്ടുവരാൻകോൺക്രീറ്റ് പാത്തി നിർമ്മിക്കണം.

## 6. അരുപടുക്കലും വൃത്തിയാക്കലും

1. പഞ്ചായത്തിൻെറ 1,2,3,4,5,9 എന്നീ വാർഡുകളിലൂടെ ഒഴുകുന്ന പണ്ടരതോടിൻെറ ആഴം കൂട്ടി പൂർവ്വ സ്ഥിതിയിലാക്കി സൈഡ് കോൺക്രീറ്റ് കെട്ടി സംരക്ഷിക്കുക.
2. പഞ്ചായത്തിൻെറ 7,6,5,9 എന്നീ വാർഡുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന ഭാരതപുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കണം.
3. ആറാം വാർഡിലെ ചെറുശ്ശേരി ഭാരതപ്പുഴ തോട് വൃത്തിയാക്കണം.

## യന്ത്രോപകരണങ്ങൾ

1. കൃഷി സ്ഥലത്തേക്ക് ട്രാകറ്റർ ഇറങ്ങാനുളള സൗകര്യം ഉണ്ടാക്കണം.
2. നാലാം വാർഡിൽ ചിയ്യണ്ണികല്ല് റോഡിൽ നിന്നും പാടത്തേക്ക് ട്രാക്റ്റർ ഇറക്കാൻ സൗകര്യം

ഉണ്ടാക്കണം.

3. അഞ്ചാം വാർഡിൽ പൂഞ്ചിറയുടെമൂകളിൽ കൂടി ട്രാക്റ്റർ കൊണ്ട് വരാനുള്ള സൗകര്യം ഉണ്ടാക്കണം.
4. ട്രാക്റ്റർ മെതിയന്ത്രം എന്നിവ പാടശേഖരസമിതികൾക്ക് നൽകണം.
5. യന്ത്രോപകരണങ്ങൾ പഞ്ചായത്തടിസ്ഥാനത്തിലെങ്കിലും ലഭ്യമാക്കാനുള്ള ഏർപ്പാടുണ്ടാക്കണം.
6. എട്ടാം വാർഡിൽ കിഴക്കു ഭാഗത്ത് പാടത്തേക്ക് വണ്ടിയിറക്കാൻ റോഡ് ഉണ്ടാക്കണം. വാഴക്കോട് പള്ളിയാൽ മുതൽ നെല്ലി വള്ളിയാൽ വരെ ട്രാക്റ്റർ ഇറങ്ങാൻ സൗകര്യമുണ്ടാക്കണം.

## കർഷകർക്കുള്ള സാമ്പത്തിക സഹായം

1. പാക്കേജ് ലോണിൻെറ തുക വർദ്ധിപ്പിച്ച് നിയമവ്യവസ്ഥകൾക്ക് ലഘൂകരിക്കുക.
2. കാർഷിക വികസന ബാങ്കുകളിൽ നിന്ന് സാമ്പത്തികസഹായം ലഭിക്കുന്നതിന് സ്ഥലത്തിൻെറ പരിധി നിയമം കുറയ്ക്കണം.
3. കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന മോട്ടോറുകളെ പൂർണ്ണമായും വൈദ്യുത ചാർജ്ജിൽ നിന്ന് ഒഴിവാക്കണം.
4. ഉൽപാദനബോണസ് ഏക്കറിന് 100രൂപ എന്നതുമാറ്റി 500 രൂപയാക്കുകയും യഥാസമയത്ത് ലഭ്യമാക്കുകയും ചെയ്യുക.
5. കർഷകർക്ക് ഷെഡ് കെട്ടാൻ സഹായം ചെയ്യണം.
6. കർഷകർക്ക് പെൻഷൻ പദ്ധതി നിലവിൽ വരുത്തണം.
7. പഞ്ചായത്തിലെ കർഷകർക്ക് ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭ്യമാക്കണം.
8. രാസവളത്തിന് പകുതി സബ്സിഡി അനുവദിക്കണം.
9. രാസവളം പോലെ തന്നെ ജൈവവളനിർമ്മാണത്തിന് കർഷകർ മുന്നോട്ട് വരികയാണെങ്കിൽ സസബ്സിഡി മുതലായവ ആനുകൂല്യങ്ങൾ ലഭ്യമാകണം
10. കീടനാശിനി പഞ്ചായത്തിലെത്തേക്ക് വേണ്ടത് കൃഷിഭവനിൽ യഥാസമയത്ത് സ്റ്റോക്ക് ചെയ്യണം.

## കൂട്ടുകൃഷി സംഘങ്ങൾ.

1. നിലവിലുള്ള പാടശേഖരസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
2. കൂട്ടുകൃഷി സമ്പ്രദായം കൂടുതൽ പ്രദേശത്തേക്ക് വ്യാപിപ്പിക്കണം.
3. ഒരു പാടത്ത് ഒരു വിത്ത് എന്ന തത്ത്വം നിർബന്ധമായും പ്രാവർത്തികമാക്കണം.
4. പൊതുന്താറ്റടി ആരംഭിക്കണം.
5. ഓരോ പാടശേഖരസമിതികളിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റുവുമികച്ച കർഷകനേയും കർഷകതൊഴിലാളികളേയും പ്രോത്സാഹനം നൽകി ആദരിക്കണം.
6. കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തടയുക.
7. കാർഷിക വിള ഇൻഷൂർ ചെയ്യുന്നതിനും ആവശ്യഘട്ടങ്ങളിൽ തുക ലഭിക്കുന്നതിനും ആവശ്യമായ

നടപടികൾ ഉണ്ടാക്കണം.

8. പ്രകൃതിക്ഷോഭമൂലം കൃഷിനാശമാകുന്ന കർഷകർക്ക് പര്യാപ്തമായ പ്രതിഫലം നൽകണം.
9. നെൽകൃഷി ചെയ്യാതെ വെറുതെ ഇടുന്ന ഭൂമി പാടശേഖരസമിതി ഏറ്റെടുത്ത് നെൽകൃഷി ചെയ്യാനുളള സംവിധാനം ഉണ്ടാക്കണം.
10. പറക്കാട് ഭാഗത്ത് പ്രത്യേകം ഗ്രൂപ്പ് ഫാമിംഗ് ആരംഭിക്കണം.

## കേരകൃഷി

1. തെങ്ങ് കൃഷി വികസിപ്പിക്കാനായി ഹരിജൻ കർഷകർക്ക് സൗജന്യമായി പമ്പു സെറ്റും വൈദ്യുതിയും ലഭ്യമാക്കണം
2. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണം.
3. ഒമ്പതാം വാർഡിൽ പാലപ്പുറകുന്നിൽ കിണർ സ്ഥാപിക്കണം.
4. കേരസംസ്കകണവിപണന കേന്ദ്രം പഞ്ചമയത്തിൻ ആരംഭിക്കണം.
5. തെങ്ങ് കൃഷിക്കുളള വൈദ്യുതി സൗജന്യമാക്കണം.
6. തെങ്ങുകൃഷിക്ക് തുരിശ്, കുമ്മായം, ഇവ സബ്സിഡി നിരക്കിൽ നൽകണം.
7. റോഡിൻെറ ഇരുവശങ്ങളിലും ഫലവൃക്ഷങ്ങൾ നടണം
8. അത്യുല്പാദനശേഷിയുളള തെങ്ങിൻ തൈകൾ കൃഷിഭവൻെറ നേതൃത്വത്തിൽ ഉണ്ടാക്കി കർഷകർക്ക് ചുരുങ്ങിയ നിരക്കിൽ ലഭ്യമാക്കണം.
9. തെങ്ങുകൃഷി മെച്ചപ്പെടുത്തുന്നതിന് കാർഷികലോണുകളും മോട്ടോറുകളിലും സ്ഥപരിധി നോക്കാതെ ലഭ്യമാക്കുക.
10. മണ്ണു പരിശോധിക്കുന്ന കേന്ദ്രം പഞ്ചായത്തടിസ്ഥാത്തിൽ സ്ഥാപിക്കണം.

## പച്ചക്കറി കൃഷി

1. അടുക്കളത്തോട്ടനിർമ്മാണത്തിനാവശ്യമായ വിത്ത് വളം കീടനാശിനി എന്നിവ സൗജന്യമായി വീട്ടമ്മമാർക്ക് ലഭ്യമാക്കണം.
2. തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുക.
3. വാർഡുതലത്തിൽ പച്ചക്കറി ഗ്രാമം എന്ന ആശയം നടപ്പാക്കുക.
4. കൂട്ടായി പച്ചക്കറി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക.
5. പഞ്ചായത്തിൽ പച്ചക്കറി ശേഖരണ വിപണ കേന്ദ്രം ആരംഭിക്കുക.

## ഇടവിളകൾ നാണ്യവിളകൾ

1. കുരുമുളകുകൃഷി വികസന ആവശ്യത്തിനുളള സാങ്കേതിക ഉപദേശങ്ങൾ യഥാസമയത്ത് കൃഷി ഉദ്യോഗസ്ഥൻമാർ മുഖേന ലഭ്യമാക്കുക.

2. അത്യുല്പാദനശേഷിയുള്ള കുരുമുളകു വള്ളികൾ പഞ്ചായത്തടിസ്ഥാനത്തിൽ വളർത്തി കർഷകർക്കു വിതരണം ചെയ്യുക.
3. റബ്ബർ കൃഷി വികസനത്തിന് പഞ്ചായത്തടിസ്ഥാനത്തിൽ പരിശീലനം ലഭ്യമാക്കണം.
4. കവുങ്ങ് കൃഷിക്കാവശ്യമുള്ള സാങ്കേതിക ഉപദേശവും അത്യുല്പാദനശേഷിയുള്ള കവുങ്ങിൻ തൈകളും കൃഷി ഭവൻ മുഖേന ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കുക.
5. ഇഞ്ചികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

## കൃഷിവിഭവൻ

1. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരെ ചുരുങ്ങിയത് 3 വർഷത്തേയ്ക്കെങ്കിലും സ്ഥലം മാറ്റാതിരിക്കുക.
2. അതാത് സമയത്ത് സർക്കാർ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ പട്ടികയില്ലാക്കി കൃഷിഭവൻെറ നോട്ടീസ് ബോർഡിൽ പതിക്കണം.
3. കർഷക തൊഴിലാളികളികളെ പഞ്ചായത്തടിസ്ഥാനത്തിൽ കൃഷിഭവനിൽ റജിസ്റ്റർ ചെയ്യുക.
4. ഔഷധകൃഷി, പുഷ്പകൃഷി, കൂൺകൃഷി ഇവയുടെ വികസനത്തിനാവശ്യമായ സർവ്വെ നടത്തി അതാത് പ്രദേശത്ത് പഞ്ചായത്തിൻെറയും കൃഷിഭവൻേറയും സഹകരണത്തോടെ സാദ്ധ്യതയുള്ള കൃഷി നടപ്പാക്കുക.

# മൃഗപരിപാലനം

മുമ്പ്കാലത്ത് നമ്മുടെ ഗ്രാമത്തിൽ ധാരാളം പശുക്കളും മറ്റു കന്നുകാലികളും ഉണ്ടായിരുന്നു. പശു, കാള, പോത്ത് എന്നിവയായിരുന്നു പ്രധാനം. എരുമ താരതമ്യേന കുറവാണ്. പശുക്കൾ അക്കാലങ്ങളിൽ മിക്കവാറും കുടുംബങ്ങളിൽ ഉണ്ടായിരുന്നു. പ്രധാനമായും രണ്ടുവിഭാഗം കാലിവർഗ്ഗങ്ങളാണ് ഉണ്ടായിരുന്നത്. 'നാടൻ ഇനവും' കിഴക്കൻ ഇനവും ഇവയിൽ നാടൻ ഇനങ്ങൾ വലിപ്പത്തിൽ ചെറുതും പാലുല്പാദനശേഷി കുറഞ്ഞവയുമാണ്. കിഴക്കൻ വർഗ്ഗത്തിലെ പശുക്കളേയും അപൂർവ്വമായി ഉഴവിന് ഉപയോഗിക്കുമായിരുന്നു.

ഈ വർഗ്ഗങ്ങൾ നമ്മുടെ പ്രകൃതിദത്ത സാഹചര്യങ്ങൾക്കൊത്ത് വളരുന്നവയാണ്. സംരക്ഷണച്ചിലവ് വളരെ കുറവാണ്. പ്രത്യേകിച്ചും നാടൻ വർഗ്ഗം. ഇവക്ക് രോഗപ്രതിരോധനശേഷി വളരെ കൂടുതലുണ്ട്.

മുൻ കാലത്ത് മേച്ചിൽ സ്ഥലങ്ങൾ ധാരാളം ഉണ്ടായിരുന്നു. അതിനാൽ കാലികളെ സ്വതന്ത്രമായി വിട്ടു വളർത്താൻ കഴിഞ്ഞിരുന്നു. അതു പോലെ ഒരു പ്രദേശത്തെ കന്നുകാലികളെ ഒന്നിച്ച് ഒരാൾ മേക്കാൻ കൊണ്ടുപോകുന്ന പതിവുണ്ടായിരുന്നു കറവുകാരും ഉണ്ടായിരുന്നു. മക്കപ്പാതി സമ്പ്രദായത്തിന് വളർത്താൻ കൊടുത്തിരുന്നു. ഇന്ന് അതിനെല്ലാമുള്ള സൗകര്യങ്ങൾ നഷ്ടപ്പെട്ടുപോയി.

പോയ കാലങ്ങളിൽ ഗ്രാമത്തിലെ മുഖ്യതൊഴിൽ കൃഷിയായിരുന്നു. കൃഷിയും, കാലിവളർത്തലും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. കർഷക കുടുംബങ്ങളിലെല്ലാം ധാരാളം കന്നുകാലികൾ ഉണ്ടായിരുന്നു. കൃഷി ധാരാളമുള്ളത് കൊണ്ട് കന്നുകാലികളുടെ ഭക്ഷണം അമിത വില കൊടുത്ത് വാങ്ങേണ്ട സാഹചര്യം അന്നുണ്ടായിരുന്നില്ല. വളർത്തിയിരുന്ന കന്നുകാലികളിൽ നിന്ന് കൃഷിക്കാവശ്യമായ ഉത്തമ ജൈവവളവും ലഭിച്ചിരുന്നു. പശുക്കൾ വീട്ടിലെ ഐശ്വര്യ ദേവതയായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഉപയോഗശൂന്യമായാൽ പോലും ഇവയെ മാംസത്തിൻെറ ആവശ്യത്തിന് ഭൂരിഭാഗവും കുടുംബങ്ങളും വിറ്റിരുന്നില്ല. ഈ രീതിയിൽ കൃഷി, മൃഗപരിപാലനം, മാനവികസംസ്കാരം എന്നിവ പരസ്പര ബന്ധിതമായ ഒരവസ്ഥ ഗുണപരമായ സ്ഥിതി വിശേഷം ഉണ്ടാക്കി ഇത് കാലിവളർത്തലിന് പ്രചോദനം നൽകിയിരുന്നു.

കാലികളെ സ്വതന്ത്രമായി മേയാൻ വിടുന്നതിൻെറ ഫലമായി ചാണകം, മൂത്രം തുടങ്ങിയവ പുൽമേടുകളിൽ വിതരണം ചെയ്യപ്പെടുന്നു. ഇത് സ്വാഭാവിക വള പ്രയോഗമായി മാറുകയും സസ്യവളർച്ചക്ക് സഹായകമാവുകയും ചെയ്തു. മാടുകളെ കൊണ്ട് ഉഴവ് നടത്തിയിരുന്ന സമയത്ത് കൃഷി ഭൂമിയിലും ഇതേ രീതിയിൽ ജൈവവളത്തിൻെറ വിതരണം നടന്നിരുന്നത് കാർഷിക വിളകൾക്കും ഗുണകരമായിരുന്നു.

ഇന്ന് നേരത്തെ സൂചിപ്പിച്ച രീതിയിൽ കാലിവളർത്താനുള്ള സ്വാഭാവിക സൗകര്യങ്ങളെല്ലാം നഷ്ടപ്പെട്ടു പോയി.

1. കൃഷി ലാഭകരമല്ലാത്ത ഒരു മേഖലയായി മാറിയതിനാൽ ഗ്രാമങ്ങളിൽ കൃഷി കുറഞ്ഞു. കാർഷികരംഗത്തുണ്ടായ തളർച്ച മൃഗപരിപാലന രംഗത്തും വലിയ തകർച്ചക്ക് വഴിവെച്ചു.
2. തരിശുഭൂമിയും, പുൽമേടുകളും ഇല്ലാതായി. വിസ്തൃതമായ ഭൂപ്രദേശങ്ങൾ തോട്ടങ്ങളായി മാറുകയുംകാലികളെ മേക്കാൻ അനുവാദം നിഷേധിക്കപ്പെടുകയും ചെയ്തു. അധിക കുടുംബങ്ങൾക്കും ചെറിയ തുണ്ടു ഭൂമിയും അതിലൊരു വീടും എന്ന അവസ്ഥ വന്നു. ഈപരിമിത സൗകര്യങ്ങളിൽ കാലിവളർത്തൽ വിഷമകരമായി മാറി.
3. മുമ്പ് സ്വന്തം ആവശ്യത്തിന് ഒരു പശുവിനെ വളർത്തുന്നത് ഒരു ശീലമായിരുന്നു. ഇന്ന് അത് സാധ്യമല്ലാത്ത അവസ്ഥയാണ്. മാത്രമല്ല പാലുല്പാദനം, വിപണനം എന്നിവ ഒരു ലാഭമേഖലയായി മാറി. അതോടെ പരമ്പരാഗതമായ രീതികൾക്ക് തളർച്ച സംഭവിച്ചു.
4. ഇന്ന് നിലവിലുള്ളത് പഴയ നാടൻ വർഗ്ഗങ്ങളല്ല. ഗുണമേൻമ കൂടിയ വർഗ്ഗങ്ങളാണ്. ഇവയുടെ സംരക്ഷണച്ചിലവ് കൂടുതലാണ്. മാത്രമല്ല അവക്ക് നിരന്തരപരിചരണവും ആവശ്യമാണ്. ഭൂരിഭാഗം ആളുകൾക്കും അതിനുള്ള സമയം കണ്ടെത്താൻ കഴിയുന്നില്ല.
5. പുല്ല്, വൈക്കോൽ, എന്നിവ ലഭിക്കാനുള്ള വിഷമവും വിലകൂടുതലും, കാലിത്തീറ്റയുടെ ഉയർന്ന വിലയും ഈ രംഗത്ത് തിരിച്ചടിക്ക് കാരണമായി.
6. കന്ന് പൂട്ട്കുറവായി, കാളത്തേക്ക്, കാളവണ്ടികൾ എന്നിവ അപ്രത്യക്ഷമായി കാർഷികമേഖലയിലെ യന്ത്രവൽക്കരണം ഉഴവുമാടിൻെറ വളർത്തൽ ഇല്ലാതാക്കി. ഉഴവു മാടിനെ വളർത്തുന്നത് ഇന്ന് ലാഭകരമല്ല. ഈ തൊഴിൽ ചെയ്യാൻ പുതിയ തലമുറക്ക് താല്പര്യമില്ലാതായതും ഇതിനൊരു കാരണമാണ്.

ആടുകളെ വളർത്തുന്നതും ഇന്ന് കുറവാണ്. പണ്ട് ധാരാളം ആടുകൾ ഗ്രാമപ്രദേശങ്ങളിലുണ്ടായിരുന്നു. മേച്ചിൽ പുറങ്ങളുടേയും, സസ്യഇലകളുടെയും, ലഭ്യത കുറഞ്ഞത് ആടുവളർത്തൽ കുറയാൻ ഇടയാക്കി. അനാവശ്യമായ പരിഷ്കരഭ്രമവും ഇവയുടെ എണ്ണം കുറയാൻ കാരണമാണ്. വീടിനോട് ചേർന്ന് ഒരാട്ടിൻ കൂട് എന്ന സങ്കല്പം ഇന്നത്തെ സമൂഹത്തിന് ഉൾക്കൊള്ളാവുന്നതല്ല. മെച്ചപ്പെട്ട ഇനം ആടുകളെ കുറിച്ച് ഗ്രാമവാസികൾ ഇന്നും അജ്ഞരാണ്.

എങ്കിലും ആടുവളർത്തൽ അടുത്ത കാലത്തായി മെച്ചപ്പെടുന്നുണ്ട്. ലാഭകരമായ ഒരു തൊഴിൽ എന്ന അംഗീകാരം ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഗോട്ട് ഫാമുകൾ ചില സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

കോഴിവളർത്തലിന് മുമ്പ് സൂചിപ്പിച്ച പ്രശ്നങ്ങൾ ഒന്നുമില്ല. എങ്കിലും കോഴിവളർത്തൽ ഗ്രാമങ്ങളിൽ അന്യമായി കൊണ്ടിരിക്കുന്നു.

മുമ്പ് വീടിൻെറ ഒരു ഭാഗമായി തന്നെ കോഴിക്കൂടുകൾ പണിയുകയും കൂടിൻെറ മുകൾ ഭാഗം വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്തിരുന്നു. ഏറ്റവും സൗകര്യപ്രദവും, ഫലപ്രദവുമായ രീതിയാണ് ഇത്. ഈ രീതിയിൽ മിക്കവാറും എല്ലാ വീടുകളിലും കോഴികൾ ഉണ്ടായിരുന്നു. വീട്ടിലെ ഭക്ഷണത്തിൻെറ അവശിഷ്ടങ്ങൾ മാത്രം തീറ്റയായി കൊടുത്ത് ഒരു ചിലവുമില്ലാതെ ഏതാനും കോഴികളെ വളർത്തിയിരുന്നു.

ഇന്നത്തെ അന്ധമായ പരിഷ്കാര ഭ്രമം ഈ സമ്പ്രദായത്തിൻെറ നാശത്തിന് വഴിതെളിയിച്ചു. ഇന്നത്തെ വീടുകൾ ഈ രീതിക്ക് അനുയോജ്യമല്ല. കോഴി വളർത്തുന്നത് ഒരു വൃത്തികേടായി കരുതുന്ന അവസ്ഥ വന്നു. ഇതിൻെറ അവസാനഫലം ഗുണമേൻമയേറിയ മുട്ട, മാംസം, ജൈവവളം എന്നിവ നമ്മുക്ക് നഷ്ടപ്പെട്ടു എന്നതാണ്.

കോഴിവളർത്തൽ ഒരു തൊഴിൽ എന്ന നിലയിൽ പ്രചാരം നേടി വരുന്നുണ്ട്. ചുരുങ്ങിയ തോതിൽ കോഴി വളർത്തു കേന്ദ്രങ്ങൾ ആരംഭിക്കപ്പെട്ടിട്ടുണ്ട്.

കോഴികൾ രോഗം വന്ന് കൂട്ടത്തോടെ ചത്തു പോകുന്നത് ഇവയെ വളർത്തുന്നതിലുള്ള താല്പര്യം നശിപ്പിക്കുന്നു. ഇതിനെ ഫലപ്രദമായി ചെറുക്കാൻ ഗ്രാമങ്ങളിൽ സംവിധാനമായി കഴിഞ്ഞിട്ടില്ല.

നായകളെ പണ്ടും, ഇന്നും ധാരാളമായി വളർത്തുന്നു. ശാസ്ത്രീയരീതിയിൽ വളർത്തുന്ന പതിവില്ല. അലഞ്ഞു നടക്കുന്ന നായ്ക്കൾ മനുഷ്യരേയും, മറ്റു മൃഗങ്ങളേയും കടിക്കുന്നത് സാധാരണം.

മുയൽ, പന്നി, താറാവ് എന്നിവ ഗ്രാമങ്ങളിൽ വ്യാപകമായി വളർത്തുപ്പെട്ടിരുന്നില്ല. പന്നി നാമമാത്രമാണ്.

## മൽസ്യബന്ധനം

മൽസ്യം വളർത്തൽ ഒരു തൊഴിൽ എന്ന നിലയിൽ മുമ്പും പ്രചാരം നേടിയിട്ടില്ല. എങ്കിലും മുമ്പ് കാലത്ത് ഗ്രാമപ്രദേശങ്ങളിൽ ധാരാളം മത്സ്യസമ്പത്തുണ്ടായിരുന്നു.

ഗ്രാമത്തിൽ ധാരാളം തോടുകൾ, കുളങ്ങൾ, കിണറുകൾ, ജലം നിറഞ്ഞ വയലുകൾ എന്നിവ ഉണ്ടായിരുന്നു. ഈ ജലാശയങ്ങളിൽ സ്വാഭാവിക മത്സ്യസമ്പത്തുണ്ടായിരുന്നു. ധാരാളം മഴയും, വെള്ളവും,. ലഭിച്ചിരുന്ന കാലത്ത് പുഴകളിൽ നിന്ന്, തോടുകളിലും, തോട്ടിൽ നിന്ന് മറ്റു ജലാശയങ്ങളിലും, നെൽവയലുകളിലും മത്സ്യം ധാരാളമായി എത്തിച്ചേരുമായിരുന്നു. ഒരു തൊഴിൽ എന്ന നില്യ്ക്കല്ലെങ്കിലും ഒഴിവു സമയങ്ങളിൽ മത്സ്യബന്ധനം ഒരു വരുമാന മാർഗ്ഗവും,

വിനോദവുമായി നടന്നിരുന്നു. മത്സ്യങ്ങളുടെ നാശം ഗ്രാമങ്ങളിൽ നല്ല മത്സ്യങ്ങളുടെ ലഭ്യത ഇല്ലാതാക്കി.

ജലാശയങ്ങൾ നശിച്ചുപോയതും, തോടുകളിലെ പൊന്തക്കാടുകൾ നശിച്ചതും മത്സ്യങ്ങൾക്ക് ജീവിക്കാനുള്ള സാഹചര്യം ഇല്ലാതാക്കി. മഴയുടെ കുറവ്, നദികളിൽ നിന്നും മത്സ്യസമ്പത്ത് മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നത് തടഞ്ഞു. മത്സ്യബന്ധനത്തിന് ഗ്രാമപ്രദേശങ്ങളിൽ സ്വീകരിക്കുന്ന തെറ്റായ മാർഗ്ഗങ്ങൾ - ജലാശയങ്ങളിൽ നഞ്ഞ് കലർത്തുന്ന രീതി - മത്സ്യക്കുഞ്ഞുകൾ പൂർണ്ണമായും നശിക്കുന്നതിന് ഇടയാകുന്നു. വയലുകളിലെ രാസവളത്തിൻേറയും, കീടനാശിനികളുടേയും ഉപയോഗം മത്സ്യസമ്പത്തിനെ നശിപ്പിക്കുന്നു. അടുത്തകാലത്ത് പടർന്നുപിടിച്ച രോഗബാധയോടെ മത്സ്യസമ്പത്ത് ഏറെക്കുറെ നശിച്ചു കഴിഞ്ഞിരിക്കുന്നു.

ഈ രീതിയിൽ മൃഗസംരക്ഷണവും, മത്സ്യബന്ധനവും വളർച്ചയുടെ ഒരു ചിത്രമല്ല തരുന്നത്. മറിച്ച് തളർച്ചയുടേതാണ്. മൃഗസംരക്ഷണം പൂർണ്ണമായും കാർഷിക മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ കാർഷിക മേഖല പൂർണ്ണമായും മെച്ചപ്പെടേണ്ടതുണ്ട്. ഈ രീതിയിൽ കാർഷിക മേഖലയും, മൃഗസംരക്ഷണവും ഒരു പോലെ മെച്ചപ്പെടുത്തിയെടുക്കാനാവശ്യമായ പദ്ധതികൾ ആരംഭിക്കേണ്ടതുണ്ട്.

ഈ മേഖലകളിൽ ഇത്രയും കാലം നൽകിയ ധനസഹായത്തിൽ വലിയൊരു പങ്ക് യഥാർത്ഥ രീതിയിൽ വിനിയോഗിക്കപ്പെട്ടിട്ടില്ല. ഇത് പരിശോധിക്കപ്പെടുകയും, മേലിൽ ഈ രീതി തുടരാൻ അനുവദിക്കാതിരിക്കുകയും വേണം.

## മത്സ്യമേഖല, മൃഗപരിപാലനം

1. തേനീച്ച വളർത്തൽ പ്രോത്സാഹിക്കപ്പെടേണ്ട മേഖലയാണ്.
   കാർഷിക മേഖലയിൽ റബ്ബർ കൃഷി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. റബ്ബർ തോട്ടങ്ങളിൽ ഏറ്റവും സൗകര്യ പ്രദമായി തേനീച്ച വളർത്തൽ വ്യാവസായിക അടിസ്ഥാനത്തിൽ തന്നെ നടത്താവുന്നതാണ്. മറ്റു മേഖലകളിലും ഇത് പരീക്ഷിച്ചു നോക്കാവുന്നതാണ്. വിപണി കണ്ടെത്തുവാൻ ഒരു വിഷമവുമില്ല.
2. ഐ.സി.ഡി.പി. സബ് സെൻററുമായി ബന്ധപ്പെട്ട് കൃത്രിമ ബീജസങ്കലനത്തിന് സൗകര്യം ഇന്ന് ഗ്രാമപ്രദേശങ്ങളിലുണ്ട്. എങ്കിലും അശാസ്ത്രീയമായ ബീജസങ്കലനം ഗ്രാമങ്ങളിൽ ധാരാളമായി കാണുന്നുണ്ട്. ഇതിന് പ്രധാന കാരണം കൃത്രിമ ബീജസങ്കലനം പലപ്പോഴും ഫലപ്രദമാകുന്നില്ല. എന്നതാണ്. അതുപോലെ സബ്. സെൻററുകളിലെ പരിമിതമായ സൗകര്യങ്ങളും ഇതിനൊരു കാരണമാണ്.

അശാസ്ത്രീമായ ബീജസങ്കലനം നിരുത്സാഹപ്പെടുത്തണം. ഇതിന് ശരിയായ രീതിയിലുള്ള

## മൃഗസംരക്ഷണം – മത്സ്യബന്ധനം

| | |
|---|---|
| മത്സ്യം | ഏഴാം വാർഡിൽ 3000 മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന ഒരു വളർത്തുകുളം ആരംഭിച്ചിട്ടുണ്ട്. |
| പശു | 1100 എണ്ണം വളർത്തപ്പെടുന്നു. |
| കാള,പോത്ത് | 25ജോഡി ഉഴവുമാട്, 2 വണ്ടിക്കാളകൾ |
| ആട് | വീട്ടിൽ വളർത്തുന്നവ - 190<br>2 ഗോട്ടുഫാമുകളിലായി (മൊത്തം 60) ആടുകളുണ്ട്. |
| കോഴി | വീട്ടിൽ വളർത്തുന്ന - 3850<br>പൗൾട്രിഫാം - 3 എണ്ണം<br>വാർഡ് 1 നാലങ്ങാടി - 1000 എണ്ണം (1ഫാം)<br>വാർഡ് 8 പെരുമുടിയൂർ - 8000 എണ്ണം (2 ഫാം) |
| കാട | ഇല്ല |
| മുയൽ | ഇല്ല |
| പന്നി | വാർഡ് 8ൽ നടന്നുകൊണ്ടിരിക്കുന്ന യൂണിറ്റ് ഉണ്ട്. നിലവിൽ 6 എണ്ണം ഉണ്ട്. |

## ഗ്രാമസഭകളിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങൾ

1. ക്ഷീര വികസനം, സംഭരണം, സംസ്കരണം, വിതരണം എന്നിവക്ക് സഹായകമായ രീതിയിൽ പഞ്ചായത്തിൽ സഹകരണസംഘം രൂപീകരിക്കുക.
2. ബീജസങ്കലനം സൗജന്യമാക്കുക, മരുന്നുകൾ സബ്സീഡി നിരക്കിൽ നൽകുക.
3. കാലിത്തീറ്റകളുടെ വില കുറക്കുക, കാലിത്തീറ്റകൾക്ക് സംസ്ഥാനനികുതി പിൻവലിക്കുക.
4. വളർത്തുമൃഗങ്ങളെ വായ്പയായി ലഭിക്കാനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.
5. പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ മൃഗാശുപത്രി സ്ഥാപിക്കുക.
6. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുക.
7. മൃഗപരിപാലനത്തിൽ താൽപര്യവും, തയ്യാറുമുള്ളവർക്കുമാത്രം ധനസഹായം അനുവദിക്കുക. ഇത് ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നു എന്നുറപ്പുവരുത്താനുള്ള പരിശോധന കർനമാക്കുക. കഴിയുമെങ്കിൽ ഈ പരിശോധന ഗ്രാമസമിതികളെ ഏൽപ്പിക്കുക.
8. വ്യത്യസ്ത മൃഗസംരക്ഷണവകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിക്കുകയും ജീവനക്കാരുടെ സേവനം താഴെത്തട്ടിൽ എത്തിക്കുകയും ചെയ്യുക.
9. തീറ്റപ്പുൽകൃഷി ആരംഭിക്കാൻ സൗജന്യധനസഹായം അനുവദിക്കുക.
10. കാർഷിക മേഖലയിലെ ലോണുകൾക്ക് പലിശ കുറയ്ക്കുക
11. തൃശൂർ ജില്ലയിൽ ആരംഭിച്ച രീതിയിലുള്ള കോഴിഗ്രാമ'പദ്ധതി വ്യാപകമായി നടപ്പാക്കുക.

12. കോഴി വളർത്തൽ ലാഭകരമായി മാറ്റാൻ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തുന്ന ഉല്പന്നങ്ങളുടെ വിലക്ക് ആനുപാതികമായി കേരളത്തിൽ ഉല്പന്നങ്ങൾ ഉണ്ടാക്കാനുളള സാഹചര്യം ഒരുക്കുക.
13. നായ്ക്കളെ വളർത്താൻ ലൈസൻസ് സമ്പ്രദായം ഫലപ്രദമായി നടപ്പിൽ വരുത്തുക. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക. നായക്കൾക്ക് പേവിഷത്തിനെതിരെ കുത്തിവെപ്പ് നിർബന്ധമാക്കുക.
14. മുഴുവൻ വളർത്തുമൃഗങ്ങളെയും പഞ്ചായത്ത് തലത്തിൽ ഇൻഷൂർ ചെയ്യുക.
15. പഞ്ചായത്തിൽ നിലവിലുളള കുളങ്ങളിലും, ക്വാറികളിലും മത്സ്യം വളർത്താൻ സഹായകമായ നടപടികൾ സ്വീകരിക്കുക. മത്സ്യരോഗം തടുയുന്നതിന് നടപടികൾ സ്വീകരിക്കുക.

## നടപ്പാക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ

നമ്മുടെ ഗ്രാമങ്ങളിൽ മുമ്പ് കാലത്ത് ഒരു പരിധി വരെ സ്വയം പര്യാപ്തമായിരുന്നു. കാലി വളർത്തലിൽ വന്ന തകർച്ച ഈ അവസ്ഥയെ തകിടം മറിച്ചു. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉപഭോഗം വൻതോതിൽ വർദ്ധിച്ചു. അതേ സമയം ഇവയുടെ ഉല്പാദനം വളരെ കുറയുകയും ചെയ്തു. ഇവയുടെ ആവശ്യത്തിന് നമ്മൾ മറ്റു പ്രദേശങ്ങളെയും, സംസ്ഥാനങ്ങളേയും ആശ്രയിക്കേണ്ട അവസ്ഥ വന്നു. മുട്ട, ഇറച്ചി എന്നിവയുടെ വിപണനം ഇന്ന് പൂർണ്ണമായും മറ്റ് സംസ്ഥാനങ്ങളാണ് നിയന്ത്രിക്കുന്നത് അതുപോലെ ഗ്രാമങ്ങളിൽ പോലും പാലിന് മിൽമയേയും പാൽപൊടിയേയും ആശ്രയിക്കുന്നു.

കന്നുകാലി വളർത്തലിൽ നിന്ന് ലഭിച്ചിരുന്ന ജൈവവളം നമ്മുടെ കൃഷിയെ പോഷിപ്പിച്ചിരുന്നു. ഇന്ന് മേൻമകുറഞ്ഞ ജൈവവളം അമിത വിലകൊടുത്ത് അന്യപ്രദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ട അവസ്ഥയായി.

ഈ അവസ്ഥ മാറ്റിയെടുക്കണം ഉപഭോഗസംസ്കാരത്തിൻെറ സ്ഥാനത്ത് ഉല്പാദനസംസ്കാരം വളർത്തിയെടുത്തേ മതിയാകൂ.

ശാസ്ത്രീയവും, സമയബന്ധിതവുമായ ആസൂത്രണണങ്ങളിലൂടെ നമുക്ക് ഈ സ്ഥിതി മാറ്റിയെടുക്കാൻ കഴിയണം. ഗ്രാമപ്രദേങ്ങളിലെ ആവശ്യങ്ങൾക്കനുസരിച്ച് അതൊരു പ്രദേശത്ത് ഉല്പാദനം നടത്താനാവശ്യമായ പരിപാലികൾ ആവിഷ്കരിക്കണം. ഈ പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ മേഖലയിൽ പുതിയ തൊഴിലവസരങ്ങളും വരുമാനമാർഗ്ഗങ്ങളും സൃഷ്ടിക്കാൻ കഴിയും.

മൃഗസംരക്ഷണവും കൃഷിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതായത് മൃഗസംരക്ഷണം മെച്ചപ്പെടാൻ കാർഷിക മേഖലയുടെ പുനരുദ്ധാരണവും ആവശ്യമാണ്. മൃഗസംരക്ഷണത്തെ ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം, കൃഷി, തൊഴിൽവരുമാനമാർഗ്ഗം, ഊർജ്ജം എന്നീ മേഖലകളുമായി

ബന്ധപ്പെടുത്തി സമഗ്രമായമൊരു പദ്ധതിയായി രൂപം കൊടുക്കാം.

## ലക്ഷ്യങ്ങൾ

ഗ്രാമത്തിലെ ആവശ്യത്തിനുവേണ്ട മേൻമയേറിയ പാൽ മറ്റുക്ഷീരോല്പന്നങ്ങൾ, മുട്ട, മാംസം എന്നിവ ഉല്പാദിപ്പിക്കുക. ഗ്രാമങ്ങളിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും അതിലൂടെ കുടുംബവരുമാനത്തിൽ വർദ്ധനവുഉണ്ടാവുകയും ചെയ്യുക. ഉഭോല്പന്നങ്ങളായ -ജൈവവസ്തുക്കൾ ഉപയോഗിച്ച് ബയോഗ്യാസ് നിർമ്മാണവും ഊർജ്ജോല്പാദനവും കൃഷിക്ക് ആവശ്യമായ ജൈവവളങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കൽ പുതിയ ഒരു തൊഴിൽ സംസ്കാരം വളർത്തിയെടുക്കൽ.

## പശുവളർത്തൽ.

ഗ്രാമങ്ങളിൽ പശുവളർത്തൽ പ്രോൽസാഹിപ്പിക്കുക. പശു വളർത്തൽ ഒരു തൊഴിലായി സ്വീകരിക്കാൻ തയ്യാറുള്ള കുടുംബങ്ങളേയും വ്യക്തികളേയും കണ്ടെത്തുക. അവർക്ക് അതിനാവശ്യമായ സൗകര്യങ്ങൾ സാമ്പത്തിക സഹായമുൾപ്പടെ ചെയ്തുകൊടുക്കുക.

ഒരു പ്രദേശത്ത് പത്തോ പതിനഞ്ചോ കുടുംബങ്ങളിൽ പശു വളർത്തണം അപ്പോൾ ഒരു കൂട്ടായ പ്രവർത്തനം സംഘടിപ്പിക്കാൻ കഴിയും. കാലിത്തീറ്റ ഒരുമിച്ചെത്തിക്കുക ഡോക്ടറുടെ സേവനം ഫലപ്രദമായി ലഭ്യമാക്കുക എന്നീ കാര്യങ്ങൾ സൗകര്യപ്രദമാകും. കാലിസംരക്ഷണം, കറവ എന്നിവക്ക് പ്രത്യേകം ആളെ ഏർപ്പെടുത്താനും ഈ സംവിധാനം സഹായിക്കും. വീടുകളിൽ ഉല്പാദിപ്പിക്കുന്ന പാൽ ഒരു പ്രത്യേക സ്ഥലത്ത് എളുപ്പത്തിൽ സംഭരിക്കാൻ കഴിയും. ഗ്രാമത്തിൽ പാലിൻെറ ആവശ്യക്കാരെ കണ്ടെത്തി അവർക്ക് പാൽ എത്തിച്ചുകൊടുക്കാനും ബാക്കി വരുന്ന പാൽ തൊട്ടടുത്ത് സംഭരണ സംസ്കരണ കേന്ദ്രത്തിൽ എത്തിക്കാനും ഒരാളെ ചുമതലപ്പെടുത്താം. അയാൾക്ക് അതൊരു തൊഴിലായി മാറും.

മോര്, തൈര്, നെയ്യ് എന്നിവ കുടുംബങ്ങളിൽ തന്നെ ഉല്പാദിപ്പിക്കാനും വിപണനം നടത്താനും കഴിയും. സ്ത്രീകൾക്ക് പ്രത്യേകം തൊഴിൽ മേഖലയായി ഇതിനെ മാറ്റിയെടുക്കാം.

കാലിവളർത്തലിൻെറ സംഭരണം വിതരണം എന്നിവയും ഈ മേഖലയിൽ വരുന്ന ഒരു തൊഴിലായി മാറും. ചാണകത്തിൻെറ ലഭ്യതക്കനുസരിച്ച് ഗോപർ പ്ലാൻറുകൾക്ക് രൂപം നൽകാം. ഇന്ധനമേഖലയിൽ ഒരു നേട്ടമായി ഇതിനെ മാറ്റാം. സാഹചര്യങ്ങളും സൗകര്യങ്ങളും അനുസരിച്ച് കോളനികളിലും ഒന്നിലധികം വീടുകൾക്കും പ്രയോജനപ്പെടുന്നതരത്തിൽ ഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാം.

ഈ രീതിയിൽ കാലിവളർത്തലിന് സഹായമാകുന്ന രീതിയിൽ തീറ്റ പുൽകൃഷി

പ്രോൽസാഹിപ്പിക്കുക. മറ്റു കൃഷികൾ ലാഭകരമാവാത്ത തരിശുഭൂമികളിൽ തീറ്റപ്പുൽകൃഷി ഫലപ്രദമാക്കാൻ ശ്രമിക്കുക. തീറ്റപ്പുല്ലിൻെറ സംസ്കരണത്തിന് ആവശ്യമായ സൗകര്യങ്ങൾ ഗ്രാമങ്ങളിൽ ഉണ്ടാക്കുക.

ഈ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിൽ വരുത്തുന്നതിനും വേണ്ടി ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകാനും സാങ്കേതിക സഹായങ്ങൾ വിപണനസൗകര്യം എന്നിവ ഉറപ്പുവരുത്താനും അവ വാർഡുതലത്തിൽ സഹകരണസംഘങ്ങളുടെ മാതൃകയിൽ ഉപദേശക സമിതികൾക്ക് രൂപം നൽകുക. സാമ്പത്തിക സഹായം ശരിയായരീതിയിൽ വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക. അതിൻെറ ബാധ്യത രൂപീകരിക്കപ്പെടുന്ന സമിതികളെ ഏൽപ്പിക്കുക.

## ആടുവളർത്തൽ

ഏറ്റവും ലാഭകരമായ ഒരു തൊഴിലാണ് ആടുവളർത്തൽ. താരതമ്യേന ചിലവു കുറഞ്ഞ തൊഴിലുമാണ്. ഈ യാഥാർത്ഥ്യം ഗ്രാമീണ ജനതയെ ബോധ്യപ്പെടുത്തണം. സ്ത്രീകൾക്കും കുട്ടികൾക്കും വളരെയെളുപ്പത്തിൽ ചെയ്യാവുന്ന ഒരു തൊഴിലുമാണ്. ഒരു വർഷം കൊണ്ട് മുടക്കുമുതൽ നാലുഇരട്ടിയായി തിരിച്ചുകിട്ടാനുള്ള സാധ്യതയുള്ള തൊഴിലാണ്.

താൽപര്യമുള്ളവർക്ക് 'ഗോട്ട്ഫാമുകൾ' സ്ഥാപിക്കാനാവശ്യമായ സഹായങ്ങൾ നൽകുക. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 'ഗോട്ട്ഫാമുകൾ' വലിയ സാധ്യതയില്ല. കാരണം ഇതിന് വിസ്തൃതമായ പുൽമേടുകൾ ആവശ്യമാണ്. സ്വന്തമായി ഇതിനു സൗകര്യമുള്ളവർ ഈ തൊഴിലിൽ തൽപരരുമല്ല. എങ്കിലും പ്രധാനമായി തെങ്ങിൻതോട്ടങ്ങളിൽ ഈ തൊഴിൽ പ്രായോഗികമാക്കാൻ കഴിയും.

ഗ്രാമങ്ങളിലെ കുടുംബങ്ങളിൽ സൗകര്യം താല്പര്യം എന്നിവയനുസരിച്ച് 5ൽ അധികമല്ലാത്ത രീതിയിൽ ആടുകൾ വിതരണം ചെയ്യുക. സൗകര്യമനുസരിച്ച് കോളനികളായ പ്രദേശങ്ങൾ തിരഞ്ഞെടുത്താൽ ഗോട്ട്ഫാമിൻെറ ഫലം ഇതുകൊണ്ട് ലഭ്യമാക്കാം. ഒരുമിച്ച് മേയാൻ കൊണ്ടുപോകാനും മറ്റു സംരക്ഷണബാധ്യതകൾ നിറവേറ്റാനും കഴിയും. ഒരു കൂട്ടായ പ്രവർത്തനം ഈ കാര്യത്തിലും നടപ്പാക്കാൻ കഴിയും. ഉപദേശങ്ങൾ വൈദ്യസഹായം എന്നിവയെല്ലാം എളുപ്പത്തിൽ ലഭ്യമാക്കാൻ ഈ സംവിധാനം സഹായിക്കും.

ആടിൻെറ പാൽ മാംസം എന്നിവയുടെ വിപണനത്തിന് സൗകര്യങ്ങൾ ചെയ്യണം. പശുവളർത്തലിൻെറ കാര്യത്തിൽ നിർദ്ദേശിച്ച ഉപദേശകസമിതികൾ ഈ കാര്യത്തിലും ഫലപ്രദമായി ഉപയോഗിക്കാം. നല്ലയിനം ആട്ടിൻകുട്ടികളുടെ ലഭ്യത ശാസ്ത്രീയമായ സംരക്ഷമരീതി എന്നിവ ഉറപ്പുവരുത്താൻ ഈ സംഘങ്ങൾക്കു കഴിയും.

ആട്ടിൻ കാട്ടം ഉത്തമ ജൈവവളമാണ്.

ഇതേ രീതിയിൽ മുയൽ, പന്നി, എന്നിവയെ വളർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ഇത്തരം പ്രവർത്തനങ്ങൾ പ്രായോഗികമായി നടപ്പാക്കിയാൽ പാൽ, മാംസം, എന്നിവയുടെ കാര്യത്തിൽ ഗ്രാമങ്ങൾക്ക് വൻ മുന്നേറ്റം നടത്താൻ കഴിയും കാർഷിക രംഗത്ത് വൻ പുരോഗതിക്ക് ഇത് വഴിവെയ്ക്കുകയും ചെയ്യും.

## കോഴി വളർത്തൽ

വളരെ ലാഭകരവും ചിലവ് വളരെ കുറഞ്ഞതുമായ ഒരു മേഖലമാണിത്. കുടുംബാവശ്യത്തിനു വേണ്ട മുട്ട സ്വന്തം വീട്ടിൽ ഉല്പാദിപ്പിക്കുന്ന സമ്പ്രദായം വളർത്തിയെടുക്കാം. സ്ത്രീകൾക്കും കുട്ടികൾക്കും ചെയ്യാവുന്ന തൊഴിലാണ്. വ്യാവസായികാടിസ്ഥാനത്തിൽ കോഴി വളർത്തൽ ആസൂത്രണം ചെയ്യാം.

നാട്ടിൽ മുട്ടയുടെ ഉപഭോഗം വളരെ വർദ്ധിപ്പിച്ചിട്ടുണ്ട്. വളരെ എളുപ്പത്തിൽ പാചകം ചെയ്യെടുക്കാവുന്നതും, പോഷക സമൃദ്ധവും, സ്വാദിഷ്ടവുമായ ഒരു ആഹാരമാണ് ഇത്. മായം ചേർക്കാൻ കഴിയില്ല എന്ന ഗുണവും ഇതിനുണ്ട്.

പഞ്ചായത്തിൽ ശരാശരി ഒരു ദിവസം 2000 മുട്ടകൾ വില്ക്കപ്പെടുന്നുണ്ട്. ഇത് കൂടുതലാകാനേ സാധ്യതയുള്ളൂ. ഇത്രയും മുട്ട ഓരോഗ്രാമത്തിലും തമിഴ്നാട്ടിൽ നിന്ന് എത്തിക്കൊണ്ടിരിക്കുകയാണ്. ഇത് ഗ്രാമങ്ങളിൽ ഉല്പാദിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. പഞ്ചായത്തിൽ പ്രതിമാസം 6000ത്തോളം ഇറച്ചികോഴി ഉല്പാദനം നടക്കുന്നുണ്ട്. 3 യൂണിറ്റ് പ്രവർത്തിക്കുന്നു. നാലങ്ങാടി1 പെരുമുടിയൂർ2

കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കാനാവശ്യമായ സഹായങ്ങൾ ഗ്രാമവാസികൾക്ക് നൽകുക. ഉപദേശം സാമ്പത്തിക സഹായം എന്നിവ നൽകണം. മികച്ച ഇനം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കണം. ബാങ്കുകൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

ഒരുവാർഡിൽ രണ്ടു കോഴി ഫാം 'യുണിറ്റുകൾ' ആരംഭിക്കാൻ കഴിയും. 250 കോഴികൾ അടങ്ങുന്ന രണ്ട് യൂണിറ്റുകൾ (500 കോഴികൾ) വ്യാവസായികാടിസ്ഥാനത്തിൽ തന്നെ ആരംഭിക്കാം. ഇതിനു തയ്യാറുള്ളവരെ കണ്ടെത്തി സഹായങ്ങൾ നൽകണം.

ഇറച്ചികോഴി, കോഴിവളർത്തലിനും നല്ല സാധ്യതയുണ്ട്. പക്ഷേ ഇറച്ചികോഴിയുടെ വിപണനം

ഗ്രാമങ്ങളിൽ എളുപ്പമല്ല. എങ്കിലും ഇതിനുപരിഹാരം കണ്ടെത്താൻ കഴിയും. 'മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ' എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് വിപണനപ്രശ്നത്തിന് പരിഹാരം കണ്ടെത്താം.

കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തി ചെറിയ യൂണിറ്റുകളായി ഇത് ആസൂത്രണം ചെയ്യാം. ഇതുമൂലം സ്വന്തം കുടുംബത്തിൽ മുട്ടയുല്പാദനം നടക്കുന്നു. ഒരു ചെറു വരുമാനമാർഗ്ഗമായി ധാരാളം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്യുന്നു. കോഴി ഗ്രാമം എന്ന ആശയമനുസരിച്ച് 10 മുതൽ 25വരെ കോഴികളെ കുടുംബങ്ങളിൽ വിതരണം നടത്തുക. ഇവയെശാസ്ത്രീയമായ രീതിയിൽ വളർത്താനുള്ള സൗകര്യമുണ്ടാക്കാം. കൂട്ടായ പ്രവർത്തനത്തിലൂടെ രോഗപ്രതിരോധ നടപടികൾ കുറഞ്ഞ ചിലവിൽ നടപ്പാക്കാനും കഴിയും.

നല്ല ജൈവവളം കോഴികളിൽ നിന്ന് ലഭിക്കുന്നത് കാർഷിക മേഖലക്ക് ഗുണകരമാണ്. മുട്ടശേഖരണം വിതരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ ഉപദേശകസമിതികൾക്ക് കഴിയും താറാവ്, കാട എന്നീ പക്ഷികളെ വളർത്താനും ഈ രീതിയിൽ ശ്രമങ്ങൾ നടത്താവുന്നതുമാണ്.

### മത്സ്യബന്ധനം

സ്വാഭാവിക മത്സ്യസമ്പത്ത് ഏതാണ്ട് പൂർണ്ണമായും നശിച്ചു കഴിഞ്ഞിരിക്കുന്നു. പ്രകൃതിയിലും, കാലാവസ്ഥയിലും വന്ന മാറ്റങ്ങൾ അശാസ്ത്രീയമായ വികസനകാഴ്ചപാട്, എന്നവയെല്ലാം ഇതിന് കാരണമായിട്ടുണ്ട്.

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ അവയ്ക്ക് വളരാനുള്ള സ്വാഭാവിക സാഹചര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. നിലവിലുള്ള കുളങ്ങളും മറ്റു ജലാശയങ്ങളും വൃത്തിയാക്കി ധാരാളം ജലം കെട്ടിനിർത്താനുള്ള സൗകര്യമുണ്ടാക്കണം. മുമ്പുകാലത്ത് ഇത്തരം ജലാശയങ്ങളുമായി ബന്ധപ്പെട്ട നീർച്ചാലുകൾ നില നിന്നിരുന്നത് ഇന്ന് നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവ പുന:സ്ഥാപിക്കണം. ഇതിലൂടെ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് എത്തിച്ചേരാനുള്ള സാഹചര്യം ഉണ്ടാവുന്നു. തോടുകളിൽ മണ്ണ് കോരി ആഴം വരുത്തുകയും അവ സംരക്ഷിക്കുകയും ചെയ്യുക. തോട്ടിൻ കരകളിൽ സസ്യങ്ങൾ വെച്ച് പിടിപ്പിക്കുക. തോട്ടു കൈത വളർത്തിയാൽ തോട്ടിൻെറ തിട്ടുകൾ ഇടിയുന്നത് തടയാം കൈതയോല ഉപയോഗിച്ച് തഴപ്പായ നെയ്ത് ഗ്രാമങ്ങളിൽ പ്രോത്സാഹിപ്പിക്കാം. പ്രായമായ നിരവധി സ്ത്രീകൾ ഈ തൊഴിൽ അറിയാവുന്നവരായി ഗ്രാമങ്ങളിലുണ്ട്. തോട്ടിൻ കരകളിൽ വളരുന്ന കൈതപ്പൊന്തയും മറ്റു മത്സ്യങ്ങൾ വളരുന്നതിനെ വളരെയേറെ സഹായിക്കുന്നു. നീരൊഴുക്ക് തടസ്സപ്പെടാത്ത രീതിയിൽ തോടുകളിൽ ചിറകൾ നിർമ്മിക്കുന്നത് മത്സ്യവളർച്ചക്ക് സഹായകമായ രീതിയിലുള്ള ജല തളങ്ങൾ രൂപം കൊള്ളാൻ സഹായിക്കും. ഇതിനുപുറമേ കുളങ്ങൾ, കിണറുകൾ, ക്വാറികൾ എന്നിവയിൽ മത്സ്യം വളർത്തുക. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ സംഭരിച്ച് ഇത്തരം ജലാശയങ്ങൾക്കനുസരിച്ച രീതിയിൽ വളർത്തുക. മത്സ്യബന്ധനത്തിന് തെറ്റായ

രീതി സ്വീകരിക്കുന്നതു കാരണം മത്സ്യസമ്പത്ത് നശിപ്പിക്കപ്പെടുന്നത് തടയുക.

പഞ്ചായത്തിൽ മത്സ്യം വളർത്താൻ അനുയോജ്യമായ ഒരു പ്രദേശമുണ്ട്. വാർഡിലെ കുറ്റിക്കാട് പ്രദേശത്ത് നാലേക്കറോളം സ്ഥലം ജലം മൂടിക്കിടക്കുന്നതാണ്. 8-9 മാസക്കാലമേ ഇവിടെ ജലം ലഭിക്കു എന്നതാണ് ഒരു സാങ്കേതിക പ്രയാസം. ഇത്രയും കാലം കൊണ്ട് വളർച്ചയെത്തുന്ന രീതിയിലുള്ള മത്സ്യക്കുഞ്ഞുങ്ങളെ വളർത്തത്തക്ക രീതിയിൽ ഇവിടെ മത്സ്യം വളർത്താൻ ആസൂത്രണം ചെയ്യാം.

മത്സ്യം വളർത്തലിന് പഞ്ചായത്തിൽ പ്രചാരം ലഭിക്കണമെങ്കിൽ മത്സ്യക്കുഞ്ഞുങ്ങളെ സമീപപ്രദേശങ്ങളിൽ തന്നെ ലഭിക്കുന്ന സൗകര്യം വേണം. ഇപ്പോൾ ഏറ്റവും സമീപത്തുള്ള പ്രദേശം മലമ്പുഴയും, പീച്ചിയുമാണ്. ഇത് അപ്രായോഗികമാണ്. അതിനാൽ മത്സ്യക്കുഞ്ഞുങ്ങളെ, വളർത്തുന്ന കേന്ദ്രങ്ങളിൽ എത്തിച്ചു കൊടുക്കാനുള്ള സംവിധാനം നടപ്പാക്കിയാലെ ഈ രംഗത്ത് മാറ്റമുണ്ടാകൂ.

മൃഗസംരക്ഷണ - പരിശീലന പ്രവർത്തനത്തിന് സഹായകമായ രീതിയിൽ പഞ്ചായത്തിൽ മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഇവിടുത്തെ സൗകര്യങ്ങൾ പരിമിതമാണ്. എങ്കിലും ഉള്ള സൗകര്യങ്ങൾ ഉപയോഗിച്ച്. ഈരംഗത്ത് ക്രിയാത്മക നിർദ്ദേശങ്ങൾ തരാൻ ഇവർക്ക് കഴിയും. വിപുലമായ എല്ലാ സൗകര്യങ്ങളോടുകൂടിയ ഒരു മൃഗാശുപത്രി പഞ്ചായത്തിൽ ആരംഭിക്കുക. ജീവനക്കാരുടെ പ്രവർത്തനം ഗ്രാമീണതലത്തിലേക്ക് എത്തിക്കുക എന്നിവയെല്ലാം ഈ രംഗത്ത് മാറ്റമുണ്ടാക്കാൻ സഹായിക്കും.

ഈ മേഖലയിൽ പ്രവർത്തിനത്തിന് ആവശ്യമായ ധനം കണ്ടെത്തണം ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പകൾ കൂടുതൽ ആളുകൾക്ക് ലഭ്യമാക്കണം. ഇതിനുവേണ്ടി ആവശ്യക്കാരൻ നിരവധി തവണ അലയേണ്ട സാഹചര്യം ഒഴിവാക്കണം.

പ്രാദേശിക വിഭവ സമാഹകരണം കഴിയും. ബാങ്കുകളിൽ പ്രത്യുൽപാദനപരമല്ലാത്ത രീതിയിൽ പണം നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ഈ പണം ഗ്രാമീണ തലത്തിൽ തന്നെ പ്രയോജനകരമായി ഉപയോഗിക്കാം. തിരിച്ചു കിട്ടുമെന്നുള്ള ഉറപ്പില്ലായ്മയാണ് ഇത്തരം പണം കടമായി ലഭിക്കുന്നതിനുള്ള പ്രധാന തടസ്സം. ന്യായമായ ലാഭവീതത്തോടെ ഈ പണം തിരിച്ചു കൊടുക്കാനുള്ള ഗ്യാരൻറി ഗ്രാമീണ സംഘങ്ങൾ ഉറപ്പാക്കുന്ന പക്ഷം ഇത്തരം ഒരു വിഭവമേഖല ഗ്രാമങ്ങളിൽ ലഭ്യമാക്കാം.

ക്ഷീര വികസന വകുപ്പ് 1996 - 97 വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നതും, നടപ്പിൽ വരുത്തിയതുമായ പദ്ധതികളുടെ അവലോകനം.

1. കാലിത്തീറ്റവിളകൾ.

വിത്തുകളും, വളങ്ങളും

സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

കാലികമായ കാലിത്തീറ്റ വിളകൾ

50% സബ്സിഡി വിത്ത്, വളം സബ്സിഡി

പയറിനങ്ങൾ

ധാന്യവിളകൾ

മക്കച്ചോളം, മണിച്ചോളം, ബജ്റ

വൃക്ഷ വിളകൾ

പീലിവാക (സുബാബുൾ)

അഗത്തി, ശീമക്കൊന്ന

വാണിജ്യാടിസ്ഥാനത്തിലുള്ള കാലിത്തീറ്റ കൃഷി

| | |
|---|---|
| വൈക്കോൽ | സബ്സിഡി, 200രൂപ (പെർ ടൺ) |
| പച്ചപ്പുല്ല് സംരക്ഷണം | സൈലേജ് നിർമ്മാണം |
| | സബ്സിഡി Rs. 600 (ടൺ - 1) |

വൈക്കോലിൽ യൂറിയ ചേർക്കൽ

സബ്സിഡി Rs. 500

ശുദ്ധമായ പാലുല്പാദനം - കിറ്റ് (തൊഴുത്ത് വൃത്തിയാക്കൽ തുടങ്ങിയവ)

## മാതൃകാക്ഷീരോല്പാദകയൂണിറ്റ്

| | | |
|---|---|---|
| പശുക്കൾ | - | സബ്സിഡി Rs. 7000 |
| തൊഴുത്ത് നിർമ്മാണം | - | സബ്സിഡി Rs. 1250 |

കർഷക സമ്പർക്ക പരിപാടി

1. ചർച്ചാക്ലാസ്സുകൾ 2, പാലുല്പാദന പരിശീലനത്തിന് ക്ലാസുകൾ Rs. 3000 3, സെമിനാറുകൾ

പാലുല്പന്ന നിർമ്മാണ പ്രദർശനം

ക്ഷീരോല്പാദനത്തെക്കുറിച്ചുള്ള പരിശീലനം (കർഷകർക്ക്) പ്രത്യേക പദ്ധതികൾ (ഐ.എച്ച്.ഡി.പി. കോളനികളിൽ)

(പ്രത്യേക കേന്ദ്രസഹായ പദ്ധതികൾ പട്ടിക ജാതി, പട്ടികവർഗ്ഗക്കാർക്ക്)

# വിദ്യാഭ്യാസം

മുതുതല പഞ്ചായത്തു ചരിത്രപരമായി നോക്കുമ്പോൾ വിദ്യാഭ്യാസകാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ്. അതിനുകാരണങ്ങൾ ഏറെയാണ് ജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, ജാതിവ്യവസ്ഥ, ബാല്യവിവാഹം, വിദ്യാഭ്യാസ്ഥാപനങ്ങളുടെ ശോചനീയാവസ്ഥ തുടങ്ങിയവ നമ്മുക്കു ചൂണ്ടി കാണിക്കാവുന്നതാണ്.

1889ൽ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ ആരംഭിച്ച സംസ്കൃത വിദ്യാലയമാണ് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ. ഈ സ്ഥാപനം 1911ൽ മദ്രാസ് സർവ്വകലാശാലയുടെ വിദ്വാൻ ശിരോമണി തുടങ്ങിയ ബിരുദകോഴ്സുകൾ ഉള്ള കോളജായി മാറി.

ഇത് സാധാരണ ജനങ്ങൾക്കു സംസ്കൃതം പഠിക്കാൻ അവസരം നൽകിയ പുന്നശ്ശേരി നമ്പി ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനങ്ങളുടെ തുടർച്ചയായി പെരുമുടിയൂരിലെ എസ്.എൻ.ജി.എൽ.പി.എസ്, ജി.ഒ.എച്ച്.എസ്.ഉം നിലനിൽക്കുന്നു. ധാരാളം പ്രതിഭാശാലികളെ സൃഷ്ടിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപനം വരുന്നതിനുമുമ്പു വിദ്യാഭ്യാസ ആവശ്യങ്ങൾ നിർവഹിച്ചിരുന്നത് ഏതാനും എഴുത്തുപള്ളികളായിരുന്നു. ഇതിൻെറ ഒരു തുടർച്ച എന്ന നിലയിലാണ് പട്ടാമ്പി ശ്രീ. നീലകണ്ഠസംസ്കൃതകോളേജ് പ്രവർത്തനമാരംഭിച്ചത്.

മുതുതല എയിഡ്സ് അപ്പർ പ്രൈമറി സ്കൂൾ ആരംഭിച്ചത് 1927ലാണ്. ഈ സ്കൂൾ നാലങ്ങാടിയിൽ പ്രവർത്തിച്ചിരുന്ന സ്കൂളിൻെറ തുടർച്ചയാണ്. നാലങ്ങാടിയിലെ ബോർഡു സ്കൂൾ നഷ്ടപ്പെട്ടപ്പോൾ ഈങ്ങക്കാട്ടുമനക്കാർ സ്ഥാപിച്ചതാണ് ഇന്നത്തെ എ.യു.പി.സ്കൂൾ.

ഇതിനു മുമ്പു മുതുതലയിൽ ഉണ്ടായിരുന്ന ഡിസ്ട്രിക്റ്റ് ബോർഡുസ്കൂൾ നടത്താനുള്ള വിഷമം മൂലം 1928ൽ കൊടുമുണ്ടയിലേക്കുമാറ്റി സ്ഥാപിക്കപ്പെട്ടു ഈ വിദ്യാലയം നിലനിർത്തുന്നതിൽ പ്രവർത്തിച്ചിരുന്ന കൂട്ടത്തിൽ കൊടിലിയിൽ ഇസ്മായിൽ ഹാജി, തമ്പി വീട്ടിൽ കുഞ്ഞൻനായർ എന്നിവർ സ്മരിക്കപ്പെടുന്നു.

ദേശീയപ്രസ്ഥാനത്തിൻെറ ഭാഗമായി ഹരിജനങ്ങൾക്കും മറ്റു പിന്നോക്ക ജാതിക്കാർക്കും അക്ഷരം പകർന്നുകൊടുക്കുന്നതിൽ സർവ്വശ്രീ. കെ.ആർ. ഭട്ടതിരിപ്പാട്, കെ.പി. ഭരതപ്പിഷാരോടി എന്നിവരുടെസംഭാവനകൾ വിലപ്പെട്ടതാണ്. പിന്നോക്കജാതിയിൽപെട്ട കുട്ടികൾക്കു പഠിക്കുന്നതിനായി ചാത്തു എഴുത്തച്ഛൻ മാസ്റ്റർ ആരംഭിച്ച വിദ്യാലയമാണ് പെരുമുടിയൂർ എ.എൽ.പി. സ്കൂളായി മാറിയത് പെരുമുടിയൂർ വട്ടപറമ്പിൽ ഹരിജനങ്ങൾക്കായി മാത്രം ഒരു 'പഞ്ചമം' സ്കൂൾ പ്രവർത്തിച്ചിരുന്നു. നവോത്ഥാനപ്രസ്ഥാനം, കർഷകപ്രസ്ഥാനം, ദേശീയപ്രസ്ഥാനം ഇവയുടെ പ്രവർത്തനം മൂലമാണ് ഭൂരിപക്ഷം വരുന്ന പിന്നോക്കവിഭാഗങ്ങൾക്കു വിദ്യാഭ്യാസമുണ്ടായത്. സ്വാതന്ത്ര്യത്തിനുശേഷം ഭൂ ബന്ധങ്ങളാൽ വന്ന മാറ്റവും വിദ്യാഭ്യാസരംഗത്തെ

പരിഷ്കാരങ്ങളും സാർവത്രിക വിദ്യാഭ്യാസത്തിനു വഴിയൊരുക്കി. 90 -91 കാലത്തുനടന്ന ഊർജ്ജിത സാക്ഷരതാപ്രവർത്തനം ജനങ്ങ ളിൽ വിദ്യാഭ്യാസ ആഭിമുഖ്യമുണ്ടാക്കാനും അക്ഷരജ്ഞാനം ഉണ്ടാക്കാനും സഹായിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാലയങ്ങളും 50 വർഷത്തിലേറെ പഴക്കം ചെന്നതാണ്. ഹരിജൻ വിദ്യാർത്ഥികൾക്ക് ഭക്ഷണം അടക്കം എല്ലാ ആനുകൂല്യങ്ങളും നൽകി വന്നിരുന്ന ലേബർസ്കൂൾ എന്ന പേരിലറിയപ്പെടുന്ന പെരുമുടിയൂരിലെ വിദ്യാലയം അടച്ചുപൂട്ടിയകാര്യവും ഓർക്കേണ്ടതുണ്ട്.

ഇന്നു ഈ പഞ്ചായത്തിൽ 2 ഹൈസ്കൂളുകളും, ഒരു യു.പി.സ്കൂളും, 7 എൽ.പി.സ്കൂളുകളുമടക്കം 10 സ്കൂളുകളുണ്ട്. 2 ഹൈസ്കൂളുകളും, 2 എൽ.പി.സ്കൂളും ഗവ:മേഖലയിലും ബാക്കിയുള്ളവ സ്വകാര്യമേഖലയിലുമാണ് ഇതിനുപുറമേ 12 മതപഠനത്തിനുള്ള മദ്രസ്സകളുമുണ്ട്.

കൊടുമുണ്ടയിൽ പ്രവർത്തിച്ചിരുന്ന എൽ.പി. സ്കൂൾ 1954ലാണ് യു.പി.സ്കൂളായി ഉയർത്തിയത്. 1980ൽ ഹൈസ്കൂളായും അപ്ഗ്രേഡു ചെയ്യുകയുമുണ്ടായി.

3 ഏക്കർ സ്ഥലവും 4 മുറികളുള്ള സ്ഥിരം കെട്ടിടവും സംഭാവനയായി നൽകിയതു കൊണ്ടാണ് യു.പു.സ്കൂൾ ഹൈസ്കൂളായി മാറിയത്. തുടർന്നു വന്ന ഗവ:കൾ ഒന്നും ഭൗതിക സൗകര്യങ്ങൾക്ക് വർദ്ധിപ്പിക്കാൻ ശ്രദ്ധിച്ചില്ല. അതുകാരണം സ്കൂൾ പ്രവർത്തനം പേരിനു മാത്രം എന്നതാണ് സ്ഥിതി. എസ്.എസ്.എൽ.സി പരീക്ഷാസെൻറർ ഇതു വരെ അനുവദിച്ചിട്ടില്ല. അതുകാരണം അടുത്തുള്ള സ്കൂളുകളിലാണ് പരീക്ഷകൾ എഴുതുന്നത്. 94-95 ൽ എം.പിയുടെ ഫണ്ടിൽ നിന്നും 10ലക്ഷം രൂപ സഹായത്തോടുകൂടി 7മുറികളുള്ള ഒരു കെട്ടിടം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിൽ ആകെയുള്ള 4623 വിദ്യാർത്ഥികളിൽ 1044 ഹരിജൻ വിദ്യാർത്ഥികളാണ്. 95 - 96 വർഷത്തിൽ എൽ.പി.വിഭാഗത്തിൽ 7ഉം യു.പി. വിഭാഗത്തിൽ 26ഉം വിദ്യാർത്ഥികളാണ് കൊഴിഞ്ഞുപോയത്. ഹൈസ്കൂളിൽ നിന്നും പെൺകുട്ടികളാണ് കൂടുതലും കൊഴിഞ്ഞ് പോയത്. ബാല്യവിവാഹം ഇതിനുകാരണമാണ്. ആകെ കൊഴിഞ്ഞുപോയ 52കുട്ടികളിൽ 6 പേരാണ് പട്ടികജാതിയിൽ പെട്ടിട്ടുള്ളത് കൊഴിഞ്ഞ പോക്കിൻെറ ശരാശരി 1.1% ആയിരിക്കെ പട്ടിക വിഭാഗത്തിൻേറത് 57%ആക്കാൻ കഴിഞ്ഞത് നേട്ടമായി കരുതാം.

പഞ്ചായത്തിലെ ജി.ഒ.എച്ച്.എസ്ൽ മലയാള ഭാഷാപഠനസൗകര്യമില്ലാത്തതുകാരണം വിദ്യാർത്ഥികൾ മറ്റു ഹൈസ്കൂളുകളെ ശരണം പ്രാപിക്കുന്നു. ഗവ:സ്കൂളുകളിൽ യഥാ സമയത്തു അധ്യാപകരെ നിയമിക്കാത്തത് പഠനപ്രവർത്തനത്തെ കാര്യമായി സ്വാധീനിക്കുന്നു. ഇത്

ഹൈസ്കൂളുകളുടെ വിജയ ശതമാനത്തെ സാരമായി ബാധിക്കുന്നു.

പഞ്ചായത്തിലെ ഒരു സ്കൂളിനും ഭൗതികമായി ഒരു സൗകര്യവുമില്ല. കുട്ടികളുടെ എണ്ണം കൂടുതലായി വർദ്ധിച്ചിട്ടാണ് കാണുന്നത്. എയ്ഡഡ് സ്കൂളുകൾ കുട്ടികളുടെ എണ്ണകുറവുമൂലം എടുത്തുകളയൽ ഭീഷണി നേരിടുകയാണ്.

പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നുമില്ല. പ്രി. പ്രൈമറി വിദ്യാഭ്യാസസൗകര്യങ്ങൾ തീരെയില്ല. വായനശാലകളുടെ പ്രവർത്തനവും എല്ലാ വാർഡിലും സംഘടിപ്പിക്കപ്പെട്ടിട്ടില്ല.

വിദ്യാർത്ഥികളുടെ കലാ കായിക രംഗത്തെ നേട്ടവും പരിമിതമാണ്. പഞ്ചായത്തിൽ നിന്നും എം.എസ്. ഗോപകുമാർ എന്ന കുട്ടി ചെസ്സ് മൽസരത്തിൽ സംസ്ഥാനതലത്തിൽ ശ്രദ്ധേയമായ നേട്ടമുണ്ടാക്കിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
2. രക്ഷിതാക്കളെ ബോധവൽക്കരിക്കുക.
3. അധ്യാപകരിൽ അർപ്പണമനോഭാവം ഉണ്ടാക്കുക.
4. അധ്യാപനനിയമനം മുഴുവൻ പി.എസ്.സി.ക്കു വിടുക.
5. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം നേടിയവരെ മാത്രം ഇംഗ്ലീഷധ്യാപകരായി നിയമിക്കുക.
6. സ്കൂൾതലപരിശോധന യഥാസമയത്തുനടത്തുമെന്നു ഉറപ്പുവരുത്തുക.
7. അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കികുറക്കുക.
8. പ്രൈമറി തലം കഴിഞ്ഞാൽ വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുക.
9. വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രി. പ്രൈമറിസ്കൂളുകൾ തുടങ്ങുക.
10. രണ്ടാം വാർഡിൽ ആണ്ടാത്ത് ഹരിജൻ കോളനിയിൽ ഒരു ഗവ: എൽപിസ്കൂൾ ആരംഭിക്കുക.
11. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക.
12. ഒന്നാംവാർഡിലെ വി.വി.എ.എൽ.പി.സ്കൂളും, എ.എൽ.പി സ്കൂൾ പെരുമുടിയൂരും, എ.എൽ.പി.എസ്സ് കൊഴിക്കോട്ടിരി എന്നിവ അപ് ഗ്രേഡു ചെയ്യുക.
13. ജി.എൽ.പി.എസ്. പെരുമുടിയൂരിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടാക്കുക.
14 എല്ലാ വിദ്യാലയങ്ങളിലേയും സെഷണൽ സമ്പ്രദായം നിർത്തലാക്കുക.
15. പൊളിഞ്ഞു വിഴാറായ ഗവ:ഓറിയൻറൽ ഹൈസ്കൂളിനു പുതിയ കെട്ടിടം നിർമ്മിക്കുക.
16. സ്കൂളുകളിലെ ലൈബ്രറി, ലബോട്ടറി, പഠനോപകരണങ്ങൾ എന്നീവയുടെ സൗകര്യം വിപുലീകരിക്കുക.
17. ഗവ:ഹൈസ്കൂൾ കൊടുമുണ്ടയിൽ നിന്നും എൽപിസ്കൂൾ വേർപ്പെടുത്തുകയും പുതിയ ഹെഡ്മാസ്റ്റർ തസ്തിക അനുവദിക്കുകയും ചെയ്യുക. ഇപ്പോൾ എൽ.പി.സ്കൂൾ പ്രവർത്തിക്കുന്ന

കെട്ടിടം സർക്കാർ ഏറ്റെടുക്കുക.

18. ഗവ:ഹൈസ്കൂൾ കൊടുമുണ്ടക്കു മുപ്പതുമുറികളുള്ള ഒരു പുതിയ കെട്ടിടം അനുവദിക്കുക.
19. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിനു മുകളിൽ 7 മുറികൾ കൂടികെട്ടുക.
20. ഹൈസ്കൂൾ കൊടുമുണ്ടക്കു ചുറ്റുമതിൽ കെട്ടുക.
21. എസ്സ്.എൻ.ജി.എൽ.പി സ്കൂളിനു പുതിയ കെട്ടിടം പണിയുക.
22. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക
23. യു.പി.സ്കൂളുകളിൽ കലാ - കായിക അധ്യാപകരെ നിയമിക്കണം.
24. ഗവ:ഹൈസ്കൂൾ കൊടുമുണ്ടയിൽ എസ്.എസ്.എൽ.സി. സെൻറർ ആരംഭിക്കുക.
25. സ്കൂൾ നടത്തിപ്പിലും പഠനനിലവാരം വിലയിരുത്തുന്നതിലും പി.ടി.എ.ക്കുള്ള പ്രാതിനിധ്യം ഉറപ്പാക്കുക.

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ/യു.പി./എൽ.പി. | സർക്കാർ/എയിഡഡ് | ഡിവിഷനുകളുടെ എണ്ണം | കുട്ടികൾ | | | അനുവദിച്ച അധ്യാപക പോസ്റ്റുകളുടെ എണ്ണം | നിലവിലുള്ള അധ്യാപകരുടെ എണ്ണം | സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | മൊത്തം കളി സ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം | കുടിവെള്ളം ഉണ്ടോ/ഇല്ല | ചുറ്റുമതിൽ ഉണ്ടോ/ഇല്ലയോ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | | | | | | | |
| ജി.എച്ച്എസ് കൊടുമുണ്ട | HS | സർക്കാർ | 24 | 569 | 550 | 1119 | 33 | 32 | 3ഏക്ര | - | 2.50ഏക്ര | ഇല്ല | ഇല്ല |
| ജി.ഒ.എച്ച്.എസ് പെരുമുടിയൂർ | HS | സർക്കാർ | 22 | 515 | 449 | 964 | | | 1.5ഏക്ര | 1ഏക്ര | - | ഉണ്ട് | ഉണ്ട് |
| എ.വി.പി.എസ്. മുതുതല | UP | എയ്ഡഡ് | 24 | 587 | 547 | 1134 | 30 | 30 | 1.24ഏക്ര | - | - | ഉണ്ട് | ഉണ്ട് |
| വി.വി.എൽ.പി.എസ്. മുതുതല | LP | എയ്ഡഡ് | 10 | 214 | 176 | 390 | 12 | 12 | 1.06ഏക്ര | .75ഏക്ര | - | ഉണ്ട് | ഇല്ല |
| എ.എൽ.പി.എസ്. അമ്മന്നൂർ | LP | എയ്ഡഡ് | 6 | 116 | 117 | 233 | 7 | 7 | .15ഏക്ര | - | - | ഇല്ല | ഉണ്ട് |
| എ.എൽ.പി.എസ് കൊഴിക്കോട്ടിരി | LP | എയ്ഡഡ് | 4 | 61 | 66 | 127 | 5 | 5 | .80ഏക്ര | .30ഏക്ര | - | ഉണ്ട് | ഉണ്ട് |
| എ.എം.എൽ.പി.എസ് കൊടുമുണ്ട | LP | എയ്ഡഡ് | 4 | 80 | 68 | 148 | 5 | 5 | .25ഏക്ര | .20ഏക്ര | - | ഉണ്ട് | ഉണ്ട് |
| എസ്.എൻ.ജി.എൽ.പി.എസ്. പെരുമിടിയൂർ പട്ടാമ്പി | LP | സർക്കാർ | 5 | 112 | 129 | 241 | 8 | 8 | .50ഏക്ര | .40ഏക്ര | - | ഉണ്ട് | ഉണ്ട് |
| എ.എൽ.പി.എസ് പെരുമുടിയൂർ | LP | എയ്ഡഡ് | 4 | 66 | 58 | 124 | 5 | 5 | 1ഏക്ര | .55ഏക്ര | - | ഇല്ല | ഇല്ല |
| ജി.എൽ.പി.എസ്. പെരുമുടിയൂർ | LP | എയ്ഡഡ് | 4 | 79 | 64 | 143 | 4 | 4 | ..39ഏക്ര | .20ഏക്ര | - | ഉണ്ട് | ഇല്ല |

# 1995 – 96ൽ വിദ്യാലങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്കുപട്ടിക

| | എൽ.പി.സ്ക്കൂൾ | | | | | യു.പി. സ്ക്കൂൾ | | | | ഹൈസ്ക്കൂൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വിദ്യാർത്ഥികൾ | | കൊഴിഞ്ഞുപോയവർ | | | വിദ്യാർത്ഥികൾ | | കൊഴിഞ്ഞുപോയവർ | | വിദ്യാർത്ഥികൾ | | കൊഴിഞ്ഞുപോയവർ | |
| G.H.S.കൊടുമുണ്ട | 163 | 35 | | | | 175 | 34 | 1 | 4 | 231 | 52 | 1 | 0 |
| | 146 | 34 | | | | 175 | 33 | 0 | 0 | 229 | 52 | 1 | 9 |
| G.O.H.S.പട്ടാമ്പി | | | | | | 207 | 64 | | | 308 | 88 | 1 | 12 |
| | | | | | | 208 | 63 | | | 241 | 47 | 0 | 2 |
| A.U.P.S.മുതുതല | 130 | 37 | | | | 457 | 86 | | 11 | | | | |
| | 132 | 40 | | | | 415 | 69 | | 3 | | | | |
| V.V.A.L.P.S മുതുതല | 214 | 26 | | | | | | | | | | | |
| | 176 | 33 | | | | | | | | | | | |
| ALPS അമ്മന്നൂർ | 116 | 71 | 1 | 3 | | | | | | | | | |
| | 117 | 19 | 0 | 2 | | | | | | | | | |
| ALPS കൊഴിക്കോട്ടിര | 61 | 16 | | | | | | | | | | | |
| | 66 | 12 | | | | | | | | | | | |
| AMLPS കൊടുമുണ്ട | 80 | 20 | | | | | | | | | | | |
| | 68 | 13 | | | | | | | | | | | |
| SNGLPS പെരുമുടിയൂർ | 112 | 35 | | | | | | | | | | | |
| | 129 | 55 | | | | | | | | | | | |
| ALPS പെരിമുടിയൂർ | 66 | 16 | | | | | | | | | | | |
| | 58 | 13 | | | | | | | | | | | |
| G.L.P.S. പെരുമുടിയൂർ | 79 | 28 | 1 | | | | | | | | | | |
| | 64 | 28 | 0 | | | | | | | | | | |
| | 1977 | 457 | 2 | 5 | | 1637 | 349 | 1 | 18 | 1009 | 238 | 3 | 23 |

# ഊർജ്ജം

**ആമുഖം .**

നമ്മുടെ ഉൾനാടൻ ഗ്രാമങ്ങളിലെ ഊർജോപകരണങ്ങളെക്കുറിച്ചുള്ള വിവരണക്കണക്കുകൾ അന്വോഷിച്ചറിയുമ്പോഴാണ് ഊർജ്ജത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങൾഎത്രത്തോളം പൊള്ളയാണെന്ന വസ്തുത നാം മനസ്സിലാക്കുന്നത്. ഊർജ്ജമെന്നാൽ വൈദ്യുതിയെന്നാണ് സാധാരണക്കാരൻെറ ഇന്നത്തെകാഴ്ചപ്പാട്. അതുകൊണ്ട് തന്നെ ഈർജ്ജത്തെക്കുറിച്ചുള്ള ചർച്ചകളിലെല്ലാം മുഴങ്ങികേൾക്കുന്നത് വോൾട്ടേജ് ക്ഷാമത്തെകുറിച്ചും, വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനെക്കുറിച്ചും മറ്റുമുള്ള പരാതികളാണ്. പക്ഷെ ആകെ ഊർജ്ജോപയോഗത്തിലെ വളരെ ചെറിയ ശതമാനം മാത്രമെ വൈദ്യുതോർജ്ജം വരുന്നുള്ളൂ എന്നുള്ളതാണ് പരമാർത്ഥം. ഗ്രാമപ്രദേശങ്ങളിലെ പ്രധാന ഊർജ്ജസ്രോതസ്സ് ഇന്നും വിറകുതന്നെയാണ്. വ്യവസായികവാണിജ്യമണ്ഡലങ്ങളിലുള്ള ചാക്കോളിൻെറ (മരക്കരി) വ്യാപകമായി ഉപയോഗവും അപ്രധാനമല്ല. സൗരോർജ്ജത്തെക്കുറിച്ചും, കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുവാനുമുള്ള സാദ്ധ്യതകളെക്കുറിച്ചും കോട്ടറിവിന്നപ്പുറത്തുള്ള വിവരങ്ങൾ നമ്മുക്കൊട്ടില്ലതാനും. ഈ വക പാരമ്പര്യേതര സ്രോതസ്സുകളെക്കുറിച്ചും അന്വേഷണകുതുകികളായ സാങ്കേതിക വിദഗ്ധർ വല്ലവരുമുണ്ടെങ്കിൽ തീർചയായും അവരുടെ അന്വേഷണങ്ങൾക്ക് എല്ലാ വിധത്തിലും അനുയോജ്യമായ ഒരു ഭൂപ്രദേശമാണ് മുതതല പഞ്ചായത്ത്.

ദൈനംദിന ജീവിതത്തിൽ ഇന്നും നമ്മുടെ പ്രധാന ഊർജ്ജസ്രോതസ്സ് വിറകുതന്നെ. ഗാർഹികാവശ്യങ്ങൾക്കായി സുമാർ 600മെട്രിക്ടൺ വിറക് ഓരോ മാസവും നമുക്കുപയോഗിക്കേണ്ടി വരുന്നു എന്നുള്ളതാണ് ഓരു ഏകദേശ കണക്ക്. ഇതിൻെറ ഏതാണ്ട് ഇരുപതുശതമാനത്തോളം കേരത്തിൻെറ ഉപോല്പന്നങ്ങളായ ഓല, ചകിരി,ചിരട്ട മുതലായവയിൽ നിന്നും മറ്റു ചെറു ചെടികളിൽ നിന്നും ലഭ്യമാകുന്നുണ്ടാകണം. നമ്മുടെ ഗ്രാമീണ മേഖലയിലെ തൊഴിലാളിസ്ത്രീകൾ വിറകുശേഖരണത്തിന്നായ് കമ്യൂണിസ്റ്റപ്പ തേടി കൂട്ടമായിറങ്ങുന്ന കാഴ്ച ഇന്നും അപൂർവ്വമല്ലല്ലോ. ഇഷ്ടിക മുതലായ വ്യവസായികാവശ്യങ്ങൾക്കായി മാസം മറ്റൊരു 200ടൺ വിറകും നമുക്ക് ആവശ്യമായിവരുന്നുണ്ട്. കൊല്ലപ്പണി ശാലകളിലും ഹോട്ടൽ വാണിജ്യ മണ്ഡലങ്ങളിലുമായി ചുരുങ്ങിയത് 3 ടൺ ചാർക്കോളെങ്കിലും (മരക്കരി) നാം മാസന്തോറും ഉപയോഗിക്കുന്നുവെന്നു വേണം കണക്കാക്കാൻ. ഗ്യാസടുപ്പോ, പ്രഷർകുക്കർ പോലുള്ള ആധുനിക പാചകോപരണങ്ങളോ ഉപയോഗിക്കുന്നവരുടെ സംഖ്യ ഒരു ശതമാനത്തിലും താഴെ വരൂ.

നമ്മുടെ നിത്യോപയോഗത്തിലെ മറ്റൊരു ഊർജ്ജസ്രോതസ്സ് മണ്ണെണ്ണയാണ്. ഗ്യാസടുപ്പുകൾ വിരളമെങ്കിലും വിറകിൻെറ ദൗർലഭ്യവും വിലക്കൂടുതലും കാരണം മണ്ണെണ്ണ സ്റ്റൗ ഗ്രാമീണ ഗൃഹങ്ങളിൽ ഇന്ന് സർവ്വസാധാരണമായിട്ടുണ്ട്. മാസത്തിൽ സുമാർ 12000ലിറ്റർ മണ്ണെണ്ണ എ.ആർ.ഡി. ഷാപ്പുകളിലൂടെ വിതരണം ചെയ്തുവരുന്നുണ്ടെന്നാണ് സിവിൽ സപ്ലൈവകുപ്പിൻെറ ഒരു ഏകദേശ

കണക്ക് മാസത്തിൽ 1000ലിറ്ററിൽ കുറയാത്ത അളവിൽ മണ്ണെണ്ണ വ്യാവസായികാവശ്യങ്ങൾക്കുമായി ഉപയോഗിച്ചുവരുന്നു. അമിതവിലയാണെങ്കിലും മണ്ണെണ്ണഗ്രാമപ്രദേശങ്ങളിൽ കൂടി ഇന്നുസുലഭമായി ലഭിക്കുന്നു എന്നതുംമണ്ണെണ്ണ ഉപയോഗിച്ചുളള പാചകത്തെ സ്റ്റൗവിൻെറ പ്രചുരപ്രചാരമാക്കാൻ സഹായിച്ചിട്ടുണ്ട്.

കാർഷികമേഖലയിൽ മൃഗങ്ങളെഉപയോഗിച്ചുളള നിലമുഴുവൽ ഏറെക്കുറെ അസ്തമിക്കുകയും ട്രാക്റ്ററുപയോഗം സാർവത്രികമാവുകയും ചെയ്തതോടെ ഡീസലും ഗ്രാമീണ കാർഷികമേഖലയിൽ ഒരു നിത്യോപയോഗഊർജ്ജവസ്തുവായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കാത്തിടത്തും മറ്റും ഓയൽ എൻജിൻ ഉപയോഗിച്ചുളള ജലസേചനം നടക്കുന്നതുകൊണ്ട് ഈ വഴിക്കും ഡീസലിൻെറയും മണ്ണെണ്ണയുടേയും ഉപയോഗം ഉണ്ട്.

വൃക്ഷങ്ങൾ കുറഞ്ഞുവരുകയും വിറകു ഇന്ധനമായി ഇന്നത്തെ നിലക്കുളള ഉപയോഗം പോലും നിലനിൽക്കുകയുമാണെങ്കിൽ ഒരു പത്തു വർഷത്തിനുളളിൽ ഇന്ധനക്ഷാമം നമ്മെ എവിടെക്കൊണ്ടെത്തിക്കുമെന്ന് പ്രവചിക്കവെയ്യ. സാമൂഹ്യവനവൽക്കരണപോലുളള പരിപാടികൾ അടിയന്തിരമായും പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ട ആവശ്യതകയിലേക്കാണ് ഈ വസ്തുത വിരൾ ചൂണ്ടുന്നത്. കാലേകൂട്ടിയുളള ആസൂത്രണം കൊണ്ടല്ലാതെ നമ്മുടെ ഇന്ധനക്ഷാമത്തെ ഒരു പരിധിവരെയെങ്കിലും തടുത്തുനിർത്താൻ കഴിഞ്ഞെന്നുവരില്ല.

## ഗ്രാമസഭായോഗങ്ങളിൽ പൊന്തിവന്ന നിർദ്ദേശങ്ങൾ

ഊർജ്ജത്തെക്കുറിച്ചുളള ചർച്ചകളിൽ ഗ്രാമസഭകളിൽ പൊന്തിവന്ന ആവശ്യങ്ങൾ നോക്കിയാലറിയാം വൈദ്യുതി മാത്രമാണ് ഗ്രാമീണർ ഊർജ്ജമായി കാണുന്നതെന്ന വസ്തുത. നിത്യപരിചിതമായ വിറകിൻെറ ക്ഷാമം വിലകയറ്റമോ മണ്ണെണ്ണയുടേയോ ഡീസലിൻേറയോ വിലക്കയറ്റമോ അവൻെറ ചർച്ചകളെ അസ്വസ്ഥപ്പെടുത്തി കണ്ടില്ല. അധികം ചർച്ചകളും വൈദ്യുതി ക്ഷാമത്തിലും, കണക്ഷൻകിട്ടായ്മകളിലും വോൾട്ടേജ് കമ്മിയിലും ഒതുങ്ങിനിന്നു എന്നതാണ് പരമാർത്ഥം.

### വാർഡ് 2

1. ആണ്ടത്തു കോളനിയിൽ കടുത്ത വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതുകൊണ്ട് മദ്ധ്യഭാഗത്ത് ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കണം.
2. വൈദ്യുതികാര്യങ്ങൾ നോക്കുന്നതിനായി പഞ്ചായത്തിൻേറതായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കണം.
3. രണ്ടാം വാർഡിൽ കോതകുളം ഭാഗം വൈദ്യുതീകരിക്കണം. സ്റ്റ്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. ആണ്ടാത്തു വെളുത്തേടത്ത് പറമ്പിൽ വൈദ്യുതി എത്തിക്കണം. ഏതാണ്ട് 150ഓളം വീടുകൾ

വൈദ്യുതീകരിക്കണം.

4. ഈൗർച്ചമില്ലിൻെറ സമീപത്തുനിന്നും അണ്ണേംങ്കോട്ടുഭാഗത്തേക്കു പോകുന്ന സിംഗൾ ലൈൻ ത്രീഫേസ് ലയിൽ ആക്കണം.

5. രണ്ടാം. വാർഡിൽ റോഡിൽ യാത്രക്കു തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും ദ്രവിച്ചു കഴിഞ്ഞിട്ടുള്ള പോസ്റ്റുകൾ മാറ്റുകയും വേണം. സുമാർ 50 പോസ്റ്റുകൾ മാറ്റേണ്ടിവരും.

6. അപകടാവസ്ഥയിലുള്ള വൈദ്യുതലൈനുകൾ സുരക്ഷിതമാംവിധം സംരക്ഷിക്കണം.

7. പുകയില്ലാത്തഅടുപ്പുകളും ബയോഗ്യാസ് പ്ലാൻറുകളും സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

## വാർഡ് 3

1. സൗരോർജ്ജ്യത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുവാനുള്ള ശ്രമം നടത്തുക.
2. കൊഴിക്കാട്ടിരി റോഡിൽ സ്റ്റ്രീട്ട് ലൈറ്റ് സ്ഥാപിക്കുക.
3. വേളേരി നാലു സെൻറിലേക്ക് വൈദ്യുതി എത്തിക്കുക.
4. റേഷൻകടയുടെ ഭാഗത്തേക്കുപോകുന്ന റോഡിൽ സ്റ്റ്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

## വാർഡ് 4

1. വേട്ടാംകുന്ന് കോളനിയിലേക്ക് വൈദ്യുതി എത്തിക്കണം.
2. അങ്ങാടിപറമ്പിൽ അനധികൃതമായി കെട്ടിയിരിക്കുന്ന ഗ്യാസ് പ്ലാൻറ് വൊളിച്ചുമാറ്റണം.
3. വൈദ്യുതി എത്താത്ത വീടുകളിൽ മുഴുവനും ഉടനെ വൈദ്യുതി എത്തിക്കണം.
4. കാർഷികാവശ്യങ്ങൾക്കു സൗജന്യമായി വൈദ്യുതി നൽകണം.
5. പ്രധാന റോഡുകളിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുക.
6. പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിൽ വ്യാപകമാക്കുക.
7. പുല്ലാനിക്കാടുപടിമുതൽ പന്തക്കാളംവരെ വൈദ്യുതി എത്തിക്കണം.

## വാർഡ് 5

1. നിലവിലുള്ള ഹരിജൻ വീടുകളിലേക്കും വൈദ്യുതി എത്തിക്കുക.
2. താന്നിക്കര, തടത്തിൽ പടി, മൂരിങ്ങലം പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.
3. അഞ്ചാംവാർഡിൽ പുളിക്കൽ, തടത്തിൽ പടി, കോച്ചാം തൊടി, തോട്ടിൻകര, പുല്ലാനി ഏരിയയിൽ അബ്ദുറഹിമാൻെറ വീടിനുമുന്നിൽ എന്നിവിടങ്ങളിൽ സോഡിയം വെയ്പർലാമ്പുകൾ സ്ഥാപിക്കുക.
4. വ്യക്തികളുടെ വീട്ടുവളപ്പിൽ നില്ക്കുന്ന എലക്ട്രിൽപോസ്റ്റുകൾ പൊതു സ്ഥലങ്ങളിലാക്കിമാറ്റുക.

വാർഡ് 6

1. ആറാം വാർഡ് തറ ഏരിയയിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമമുണ്ട്. അതുകൊണ്ട് ആറാം വാർഡിൻേറയും അത്യത്തിയിൽ പുതിതായി ട്രാൻസ് ഫോർമർ സ്ഥാപിക്കണം.
2. ഗൈറ്റിനു സമീപം തറ റോട്ടിൽ സ്ഥാപിച്ചിട്ടുളള ട്രാൻസ്ഫോമർ ഉടനെ ചാർജ്ജു ചെയ്യണം.
3. വൈദ്യുതി എത്താത്ത നില പറമ്പ്, പുല്ലാനിക്കൽ വീട്, തുമ്പ്രത്തൊടി കോളനി, പ്ലാത്തോട്ടം കോളനി, കുറുവ, അച്ചുതൻ എന്നിവരുടെ വീട്, കുന്നത്തൊടി കോളനി, താളത്ത് തുടങ്ങിയ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.
4. താഴ്ന്നവരുമാനക്കാരുടെ വീട് വയറിങ്ങു നടത്തുന്നതിനുളള സാമ്പത്തിക സഹായം അനുവദിക്കുക.
5. ചീതപ്പുറം കോളനിമുതൽ തറ വരെയുളള ഏരിയയിൽ സ്റ്റ്രീറ്റ് ലൈറ്റു സ്ഥാപിക്കണം.
6. ആശാരി പടിമുതൽ ആലിക്കാമുക്കുകോളനിവരെ സ്റ്റ്രീറ്റ് ലൈറ്റുകൾ എത്തിക്കുക.
7. പാറപ്പുറം, മദ്രസ - പിഷാരത്തിടവഴി കുന്നത്തൊടി കോളനി പാറപ്പുറം കോളനികളിൽ സ്റ്റ്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

വാർഡ് 7

1. കൃഷ്ണപുരം ട്രാൻസ്ഫോർമർ ഏതു സമയത്തും നിലംപതിക്കാമെന്ന നിലയിലാണ് നില്പ്. വരകുളം ട്രാൻസ് ഫോമറിൻേറയും നില്പുസുരക്ഷിതമല്ല. അടിയന്തിരമായും തറകെട്ടി ട്രാൻസ്ഫോമറുകൾ അതിലേക്കു മാറ്റി സ്ഥാപിക്കണം തറ നിർമ്മാണത്തിന് ഓരോ നിന്നും സുമാർ 4000കവിതം വേണ്ടി വരും.
2. വോൾട്ടേജു ക്ഷാമം പരിഹരിക്കാൻ മമ്മിപടിയിൽ ഒരു പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കണം.
3. തററോട്ടിലും മറ്റു ഗതാഗതത്തിന്നു തസ്സമാംവിധം നില്ക്കുന്ന പതിമൂന്നോളം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.
4. അശാസ്ത്രീയമാംവിധം തലങ്ങും വിലങ്ങും ലയിനുകൾവലിക്കുക വഴി ഊർജ്ജനഷ്ടവും വിഭവനഷ്ടവും വരും വിധമാണ് ഇന്നു ഇല്ക്ട്രിക് ലയിനുകൾ പക്ഷിസക്രതങ്ങളായി മാറുകയും അവ കൃഷിക്കു വമ്പിച്ച നാശം വരുത്തുകയും ചെയ്യുന്നുണ്ട്. ലയിനുകൾ അടിയന്തിരമായും പൊതുവഴികളിലേക്കു മാറ്റി പുനസംവിധാനം ചെയ്യേണ്ടതുണ്ട്.
5. പോസ്റ്റുകൾ മാറ്റിയ സമയത്ത് മുൻപു സ്റ്റ്രീറ്റുലൈറ്റുണ്ടായിരുന്ന പല പോസ്റ്റുകളിലും സ്റ്റ്രീറ്റുലൈറ്റുകൾ പുനസ്ഥാപിക്കുകയുണ്ടായിട്ടില്ല. ഇവ ഉടനെ പുനർസ്ഥാപിക്കണം.
6. വട്ടപറമ്പു ഹരിജൻ കോളനിയിലും ആവശ്യമായുളള മറ്റിടങ്ങളിലും കൂടി അൻപതോളം സ്റ്റ്രീറ്റ് ലൈറ്റുകൾ പുതുതായി സ്ഥാപിക്കേണ്ടതുണ്ട്.
7. വിറകിന്ന് അനുദിനമെന്നോണം ക്ഷാമവും വിലക്കയറ്റവും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ഇന്ധനക്ഷമത കൂടിയ പരിഷത്ത് അടുപ്പുകളും മറ്റു പുകയില്ലാത്ത അടപ്പുകളും കാര്യക്ഷമമാംവിധം പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. ജനങ്ങളിൽ ഇവയെക്കുറിച്ചുളള സൗജന്യനിരക്കിലുളള വിതരണവും നടത്തേണ്ടതാണ്.

8. സാമൂഹ്യവനവൽക്കരണത്തിലെ മുന്നേറ്റം ഉൾപ്പെടുത്തിപുഴയോരത്തും സാദ്ധ്യമായ മറ്റിടങ്ങളിലും വിറകിന്നുപയുക്തമായ മരങ്ങൾ വെച്ചു പിടിപ്പിക്കുകയുംവിറകിൻെറ വിതരണം കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

9. ഇട. ത്തരക്കാർക്ക് കൂടി ഗ്യാസടുപ്പിനോട് ആഭിമുഖ്യം കാട്ടുന്നതും ഇക്കാലത്ത് ഗ്യാസിൻെറ സുഗമമായ ലഭ്യതക്കു വേണ്ട ക്രമീകരണങ്ങൾക്കു ഉണ്ടാക്കുവാൻ അടിയന്തിരമായും ശ്രമിക്കണം.

വാർഡ് 8

1. പൂക്കാട്ടുകുന്ന് പ്രദേശത്തുള്ള എല്ലാ വീടുകൾക്കും വൈദ്യുതിലഭിക്കുന്നതിനുള്ള സൗകര്യം ഉടനെ ഏർപ്പെടുത്തുക. കൂടാതെ ആ ഭാഗത്തൊരുതെരുവിളക്കുകളും സ്ഥാപിക്കുക.
2. എട്ടാം വാർഡിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുവാൻ വരിക്കോട്ടു പള്ളിയാലിൽ ഒരു ട്രാൻസ്ഫോർമറെ സ്ഥാപിക്കുക.
3. മഞ്ചലപറമ്പ ഭാഗത്തുനിന്ന് എട്ടാം വാർഡിലേക്കുള്ള ഭാഗത്തേക്ക് ഇപ്പോഴുള്ള സിഗിൾലൈയിൻ ത്രീഫേയ്സ് ആക്കുക.
4. ഏഴാം വാർഡിൽ നിന്നും എട്ടാം വാർഡിലേക്ക് ചേരുന്ന ജഗ്നഷനിൽ തെരുവുവിളക്കു സ്ഥാപിക്കുക.
5. കുളപ്പുറം ട്രാൻസ്ഫോമറിൽ നിന്ന് അക്കരെപറമ്പുഹരിജൻ കോളനിയിലേക്കുള്ള ലയിൻ വലിക്കുമ്പോൾ എല്ലാ മെയിൻ റോഡിലൂടെയാക്കി ത്രീഫേയ്സ് കണക്ഷൻ ആക്കുക.
6. ടാഗോർ റോഡിലുള്ള സിംഗിൾ ലയിൻ ത്രീഫേയ്സ് ആക്കി നാറ്റുക.
7. വ്യാവസായികാവശ്യങ്ങൾക്കുള്ള കണക്ഷൻ ഉടൻ നല്കുക.
8. അക്കരെ പറമ്പുകോളനിയുടെ പരിസരത്തുള്ള പൊതുകിണറിനു സമീപം തെരുവുവിളക്കുകൾ സ്ഥാപിക്കുക.
9. എട്ടാം വാർഡിൻെറ എല്ലാ ഭാഗത്തും തെരുവുവിളക്കുകൾ ഏർപ്പെടുത്തുക.
10. മാർക്കശ്ശേരി തൊടിയിൽ നിന്നും തുടങ്ങി പെരുമുടിയൂർ ശിവക്ഷേത്രത്തിലേക്കുള്ള ലൈനിലെ വോൾട്ടേജു ക്ഷാമം പരിഹരിക്കുവാൻ ത്രീഫേയ്സ് ലയിൻ ആക്കി മാറ്റുക.
11. ആലിക്കാ പറമ്പ് മുതൽ ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് ഏർപ്പെടുത്തുക.

വാർഡ് 9

1. വൈദ്യുതി എത്തിയിട്ടില്ലാത്ത താഴെ പറയുന്ന സ്ഥലങ്ങളിൽ ഉടനെ വൈദ്യുതി എത്തിച്ചു കൊടുക്കേണ്ടിയിരിക്കുന്നു.

a. കാര്യാട്ടു പറമ്പത്ത് കോളനി പോസ്റ്റ് എടുക്കാൻ കോളനിക്കാർ തയ്യാറാണ്.
b. വീടുകളുടെ പണിതുകഴിഞ്ഞുനിൽക്കുന്ന തെക്കേചോലകോളനി
c. പുതുശ്ശേരി പടികോളനി
d. വേങ്ങാക്കാടുകോളനി

e. കൊണ്ടപുറത്ത് നിന്ന് താന്നിക്കര ഭാഗത്തേക്ക്.

2. കൊടുമുണ്ട ഹൗസ്കൂൾ വൈദ്യുതീകരിക്കണം.

3. താഴെ പറയുന്ന സ്ഥലങ്ങളിൽ സ്റ്റ്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. മച്ചിങ്ങാതൊടിസെൻറർ, കുലും കുന്ന് വളവ്, മദ്രസ്സയുടെ അടുത്ത്, മാലാറമ്പത്തുസരോജിനി അമ്മ വീട്ടുപടിക്കൽ, പട്ടിച്ചെരുവ് പറമ്പിൻെറ കിഴക്കു ഭാഗത്ത്, പുതുശ്ശേരി പടി ഏരിയയിൽ, ആശാരി പറമ്പു ബാപ്പുട്ടിയുടെ പടിക്കൽ, കാഞ്ഞൂർ മനപ്പടി, പുല്ലാറരാജൻ നായരുടെ വീട്ടിന്നടുത്തുള്ള പാലത്തിന്നരികിൽ പുതുശ്ശേരി അച്ചുതൻനായരുടെ താഴ്ഭാഗം ജഗ്ഷനിൽ ആശാരി ചന്ദ്രൻ പടിക്കൽ.

4. പുകയില്ലാത്ത അടുപ്പിനെ കുറിച്ചു ജനങ്ങളെ ബോധവാൻമാരാക്കുകയും ആവശ്യക്കാർക്കു സ്ഥാപിച്ചു കൊടുക്കുകയും വേണം.

5. ചെറുകിട വ്യവസായികൾക്ക് കറൻറ് കനക്ഷൻ ആവശ്യപ്പെട്ട ഉടനെ നൽകുക.

6. പള്ളിപ്പുറം ടെലിഫോൺ എക്ചേഞ്ച് നവീകരിക്കുകയും ചെയ്ത് ഈ പ്രദേശത്തെ ആവശ്യമുള്ള സ്ഥലത്ത് പബ്ലിക് ടെലിഫോൺ ബൂത്തു സ്ഥാപിക്കുകയും വേണം.

ഇരുപതുച.കീ.മീ.വിസ്തൃതിയും ഇരുപതിനായിരത്തിലധികം ജനസംഖ്യയുമുള്ള മുതുതല പഞ്ചായത്തിൽ കേവലം 120 ഓളം സ്റ്റ്രീറ്റു ലൈറ്റുകളും 32 സോഡിയം വേപ്പർ ലാമ്പുകളുമാണ് ഉള്ളതെന്നു വരുമ്പോൾ സ്റ്റ്രീറ്റുലൈറ്റുകൾ സ്ഥാപിച്ചു കിട്ടുവാനുള്ള ആവശ്യം സാർവ്വത്രികമായി ഏതു പ്രദേശത്തു നിന്നും ഉയരുന്നതിൽ അത്ഭുതത്തിന്നവകാശമില്ലതന്നെ. ഇവയിൽത്തന്നെ 75%ത്തോളം കത്താത്തവയും ആകുമ്പോഴുള്ള ദുരിതം ആലോചിക്കുവാൻ കഴിയുന്നതിലും അപ്പുറമാണ്. അധികാരികളുടെ സത്വരശ്രദ്ധഇക്കാര്യത്തിൽ പതിഞ്ഞേ പറ്റൂ.

# പൊതുജനാരോഗ്യം

പൊതുജനാരോഗ്യ പ്രവർത്തനത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്തിന്റെ അവസ്ഥ ഒട്ടും മെച്ചപ്പെട്ടതല്ല. ചികിത്സാ സൗകര്യങ്ങളുടെ കുറവാണ് ഈ പിന്നോക്കാവസ്ഥയ്ക്കു കാരണം.

ഇക്കാര്യത്തിൽ ഈ പഞ്ചായത്തിനവകാശപ്പെടാവുന്ന പാരമ്പര്യം ആയുർവ്വേദ ചികിത്സയിൽ മാത്രമൊതുങ്ങുന്നു. പ്രസിദ്ധരായ ചില വൈദ്യന്മാരും അവരുടെ വൈദ്യശാലകളും ഇവിടെയുണ്ടായിരുന്നു. 2–ാം വാർഡു ഭാഗത്തുണ്ടായിരുന്ന തോട്ടുപുറത്തു കുഞ്ചുണ്ണി മേനോനും, 3 –ാം വാർഡു ഭാഗത്തുണ്ടായിരുന്ന പറമ്പുക്കളത്തിൽ പരമേശ്വരമേനോനും അവരുടെ സ്ഥാപനങ്ങളും. ഇന്നത്തെ 5–ാം വാർഡു ഭാഗത്തുണ്ടായിരുന്ന സെയ്താലിമൊല്ല സമീപപ്രദേശങ്ങളിൽ പോലും പ്രസിദ്ധനായ ബാലചികിത്സകനായിരുന്നു. 1–ാം വാർഡു ഭാഗത്ത് കുട്ടികൃഷ്ണൻ വൈദ്യർ പ്രസിദ്ധനായ നാട്ടുചികിത്സാ വിദഗ്ദനായിരുന്നു. ഇന്നത്തെ 4–ാം വാർഡിലെ ഉണിക്കാട്ട് 6–ാം വാർഡിലെ പുതാനി കുടുംബങ്ങൾ വിഷചികിത്സയിൽ പ്രാവിണ്യം നേടിയിരുന്നവരാണ്.

വാണിയംപറമ്പത്തു കളരിയിൽ ഉഴിച്ചിൽ ചികിത്സ നടന്നു വന്നിരുന്നു. ഉളുക്കു മുതൽ ഒടിവ്, ചതവ് മുതലായ അസ്ഥി സംബന്ധമായ ഏതു കുഴപ്പവും വെച്ചുകെട്ടും ഉഴിച്ചിലുമായി സുഖപ്പെടുത്തിയിരുന്ന ചരിത്രം വളരെ വിദൂരമല്ല. താന്നിക്കര കുഞ്ചുണ്ണി വൈദ്യരും, രാമൻ വൈദ്യരും വൈദ്യം പഠിച്ചവരും പ്രയോഗിച്ചു ശീലമുള്ളവരുമായിരുന്നു. സുപ്രസിദ്ധ സംസ്കൃതാചാര്യൻ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മയുടെ പഠനകേന്ദ്രത്തിൽ ആയുർവ്വേദം പഠിപ്പിച്ചിരുന്നുവെന്നത് ഏറെ ശ്രദ്ധേയമായ കാര്യമാണ്. മാത്രമല്ല സുസജ്ജമായ ഒരു വൈദ്യശാലയും അവിടെ പ്രവർത്തിച്ചു വന്നിരുന്നതായി അറിയുന്നു.

ഈ മഹാത്മ്യങ്ങൾക്കൊരു മറുവശമെന്ന നിലയിലായിരുന്നു ഇവിടത്തെ അലോപ്പതി ചികിത്സാ സൗകര്യം. ഏറ്റവും അടുത്ത ആസ്പത്രി തൃത്താലയിലായിരുന്നു. ഭാരതപ്പുഴക്കു പട്ടാമ്പിയിൽ പാലമില്ലായിരുന്നുവെന്നതും മോട്ടോർ വാഹനങ്ങൾ വിരളമായിരുന്നു എന്നതും അക്കാലത്തിന്റെ പ്രത്യേകതകളാണ്. മുളയും കയറുമുപയോഗിച്ചുണ്ടാക്കിയ താൽക്കാലിക മഞ്ചലിൽ അബോധാവസ്ഥയിലായ രോഗിയെയുമെടുത്ത് മൂളിക്കൊണ്ടുപോകുന്നതു കാണാം. തോണിയിൽ പുഴയും കടന്ന് തൃത്താലയിലെത്താൻ മുളാതെയുള്ള ഒരു തിരിച്ചുവരവാണ് പലപ്പോഴും അത്തരം യാത്രകളുടെ കലാശം. ഇതിനു മുമ്പ് ഇത്തരം യാത്രകൾ പെരിന്തൽമണ്ണ ആസ്പത്രിയിലേക്കായിരുന്നു.

പകർച്ചവ്യധികൾ സമൂഹത്തെയാകെ കീഴടക്കുന്ന ഘട്ടങ്ങളിൽ പകച്ചു നിൽക്കാനേ അന്നത്തെ തലമുറയ്ക്ക് കഴിഞ്ഞിരുന്നുള്ളു. പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ച് ബോധമില്ലായിരുന്നു. 'ജാതി, മതം, സാമ്പത്തിക സ്ഥിതി എന്നിവ കൊണ്ടുള്ള ഭിന്നതകൾ മൂലം പരസ്പര ബന്ധമില്ലാതെയാണ് ജനങ്ങൾ അന്നു ജീവിച്ചിരുന്നത്. 1939 – 43 കാലഘട്ടത്തിൽ വിഷുചിക എന്ന പകർച്ചവ്യാധി ഇവിടെ ഒരു തേർവാഴ്ച നടത്തി. തലോട്ടി എന്നറിയപ്പെടുന്ന കോളറയായിരുന്നു ഇത്. അയൽവീടുകളിൽ

നിന്നുയരുന്ന ഓരോ കൂട്ടനിലവിളിയും ഓരോ മരണത്തിന്റെ വിളംബരമായിരുന്നു എന്ന് സാധാരണ ജനങ്ങൾ സ്വന്തം വീട്ടിനകത്തിരുന്ന് മനസ്സിലാക്കി. നിർഭയരായ ചില പൊതു പ്രവർത്തകർ ചെന്നാണ് പല വീടുകളിലും ഒന്നിലധികം ശവങ്ങൾ ഒരുമിച്ച് സംസ്കരിച്ചത്. അന്നിവിടെ കമ്മാളന്റെ ശവസംസ്കാര ആഢ്യബ്രാഹ്മണൻ നടത്തിയ അനുഭവം പോലുമുണ്ടായിട്ടുണ്ട്. കുപ്പിയിൽ കർപ്പൂരാസവവുമായി വീടുതോറും കയറിഇറങ്ങിയിരുന്ന, ഫലപ്രദമായ ഉപദേശങ്ങൾ തന്നിരുന്ന, മരിച്ചവരെ മണ്ണിനടിയിലാക്കി തന്ന ആ പ്രവ്വർത്തകരെ ഇന്നും നന്ദിയോടെ സ്മരിക്കുന്ന കുടുംബങ്ങൾ ഇവിടെയുണ്ട്.

വസൂരി ഇവിടെ വാർഷിക വിളയാട്ടമാണ് നടത്തിയിരുന്നത്. അതുകൊണ്ടുണ്ടാകുന്ന മരണം, അംഗവൈകല്യം, വൈരൂപ്യം ഇവയെല്ലാം ദൈവകോപ ഫലമായി വിശ്വസിക്കപ്പെട്ടു. രോഗം ബാധിച്ചവരെ അകലെയുള്ള കെട്ടിടങ്ങളിലേക്ക് – ആസ്പത്രി ഭാഷയിൽ പറഞ്ഞാൽ ഐസോലേഷൻ വാർഡുകളിലേക്ക് മാറ്റിപാർപ്പിക്കുകയും നാട്ടിലെ വസൂരി നോട്ടക്കാരായി സ്വയം പ്രഖ്യാപിച്ചിട്ടുള്ള ചിലരെ ശുശ്രൂഷിക്കാൻ ഏൽപ്പിക്കുകയുമായിരുന്നു അന്നത്തെ രീതി. ധൈര്യം കിട്ടാൻ വേണ്ടി വേണ്ടത്ര മദ്യവും കഴിച്ച് അതിനൊത്ത വെളിവോടെ അവർ പറയുന്നതും പ്രവർത്തിക്കുന്നതും അതേപടി അംഗീകരിക്കപ്പെട്ടു.

സുപ്രസിദ്ധ സാമൂഹ്യ പരിഷ്കർത്താവായിരുന്ന പള്ളം കൃഷ്ണൻ നമ്പൂതിരിക്ക് 1923 ൽ കഠിനമായ വസൂരി ബാധയുണ്ടായി കുടുംബാംഗങ്ങളെല്ലാം അദ്ദേഹത്തെ തനിച്ചാക്കി ഒഴിഞ്ഞു പോയി. മുത്തിരിങ്ങോടു മനക്കലെ കാര്യസ്ഥനായ ഒരു സ്വാമിയായിരുന്നത്രേ നോട്ടക്കാരൻ. ഒരു ദിവസം പള്ളം മരിച്ചതായി നോട്ടക്കാരൻ പ്രഖ്യാപിക്കുകയും ശവം നിലത്തിറക്കി കിടത്തുകയും ചെയ്തു. യാദൃച്ഛികമായി ആ വഴിക്കു വന്നപ്പോൾ രോഗവിവരമറിഞ്ഞ് പള്ളത്തെ കാണാൻ ഒരു സുഹൃത്ത് വന്നു - നെന്മിനിമംഗലം നമ്പൂതിരി. മരിച്ചു കിടക്കുന്ന **പള്ളത്തിനു** നേരിയ മിടിപ്പുണ്ടെന്ന് അദ്ദേഹത്തിനു തോന്നി തുടർന്നു നടത്തിയ ശുശ്രൂഷയിൽ സ്ഥിതി മെച്ചപ്പെടുകയും പള്ളം രക്ഷപ്പെടുകയും ചെയ്തു എന്നാണ് അത്ഭുതം. പിന്നീട് പള്ളം മരിക്കുന്നതു വരെ അതായത് 44 കൊല്ലം കൂടി മറ്റു സേവനങ്ങളോടൊപ്പം ശാസ്ത്രീയമായ വിധം തന്നെ വസൂരി രോഗ ശുശ്രൂഷ നടത്തിയിരുന്നു.

ഈ രോഗത്തിനു പ്രതിരോധ പ്രവർത്തനമായി ഗോവസൂരി കുത്തിവെയ്പ് അഥവാ വാക്സിനേഷൻ മാത്രമാണ് അന്ന് ഉണ്ടായിരുന്നത്. വളരെ ഫലപ്രദമായിരുന്നു എങ്കിലും ജനം രോഗത്തെക്കാളേറെ ഇതിനെ ഭയപ്പെട്ടിരുന്നു. ലാത്തിച്ചാർജ്ജ് നടത്തിയാലും പിരിഞ്ഞു പോകാത്ത ഇന്നത്തെ വിദ്യാർത്ഥികളുടെ അന്നത്തെ തലമുറ കുത്തിവെയ്പുണ്ടെന്നു കേട്ടാൽ സ്ക്കൂളിലെത്തും മുമ്പ് തിരിച്ചു പോകുമായിരുന്നു. വീട്ടുപടിക്കൽ പൊട്ടക്കലത്തിലിത്തിരി ചാണക വെള്ളവും അതിലൊരു കുറ്റിച്ചൂലും വെച്ചാൽ അത് ഒരു No Admission അറിയിപ്പായി കരുതി രോഗം വഴി മാറി പോകുമെന്ന് കരുതിയിരുന്ന ശുദ്ധഗതിക്കാരായിരുന്നു അന്നിവടത്തെ നാട്ടുകാർ.

കൊല്ലംതോറും ഭീകര താണ്ഡവം നടത്തിപോകുന്ന വസൂരി ഇന്ന് പാടെ നിർമാർജ്ജനം ചെയ്യപ്പെട്ടു. വസൂരി എവിടെയെങ്കിലും ഉള്ളതായി അറിയിക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ

അയാൾക്ക് വമ്പിച്ച തുക ഇനാമായി നൽകുമെന്ന് ആരോഗ്യ വകുപ്പിന്റെ അറിയിപ്പ് ഇക്കാര്യത്തിൽ അവർക്കുള്ള ആത്മവിശ്വാസം വ്യക്തമാക്കുന്നു. അങ്ങനെ പൊതുജനാരോഗ്യ വകുപ്പു കൂടി തീരെ മറന്നു കളഞ്ഞ ഈ ഭീകര രോഗത്തിന് ഒരു സ്മാരകമുണ്ട് – വിദ്യാഭ്യാസ വകുപ്പിൽ. സ്ക്കൂൾ അഡമിഷൻ ഫോമിന്റെ 15 ബി കോളത്തിലും അഡ്മിഷൻ രജിസ്റ്ററിന്റെ 16 ാം കോളത്തിലും ഇന്നും ചോദ്യമുണ്ട്. Date of vaccination

രോഗനിർണ്ണയം നടക്കാതെ അതിയായ ചികിത്സ കിട്ടാതെ അന്നൊക്കെ നടന്ന മരണങ്ങളിൽ പലതിന്നും ജ്യോതിഷം വഴി പിന്നീടാണ് കാരണം കണ്ടെത്തിയിരുന്നത്. മന്ത്രവാദം വഴി നടത്തുന്ന പ്രതിവിധികൾ കൊണ്ട് ഇത്തരം അനുഭവങ്ങൾ ആവർത്തിക്കില്ലെന്നുറപ്പു വരുത്തി സമാധാനിക്കുകയും ചെയ്തിരുന്നു. ഹൃദയ സ്തംഭനങ്ങളെല്ലാം ഒടിയന്റെ കണക്കിലും ത്വക്ക് രോഗം മുതൽ കുഷ്ഠരോഗം വരെ സർപ്പത്തിന്റെ കണക്കിലും പതിച്ചു കൊടുത്തിരുന്നവരാണ് അന്നത്തെ വഴികാട്ടികൾ.

ഹോമിയോപ്പതി, യുനാനി തുടങ്ങിയ ചികിത്സകളെ കുറിച്ച് പൂർവ്വ കഥകളൊന്നും കേൾക്കുന്നില്ല എന്നതുതന്നെ അവയ്ക്കിവിടെ വേരുകളില്ലായിരുന്നു എന്നു തെളിയിക്കുന്നു.

പ്രസവ ശുശ്രൂഷാ രംഗത്ത് നാടൻ വയറ്റാട്ടിമാരുടെ സേവനവും കൂടുതൽ പ്രസവിച്ച് ശീലമുള്ള സ്ത്രീകളുടെ വൈഭവവും മാത്രമായിരുന്നു ആശ്രയം. പ്രസവ വേദനകൊണ്ട് പുളയുന്ന സ്ത്രീക്കു ചുറ്റുമിരുന്ന് പ്രസവത്തിലുണ്ടാകാവുന്ന അപകടങ്ങളെ കുറിച്ചവർ സംസാരിക്കും.കിണ്ണത്തിന്റെ വക്കത്തിരിക്കുന്ന നെന്മണിയുടെ അവസ്ഥയാണ് ഗർഭിണിയുടേതെന്ന തത്വത്തിന്റെ സുദീർഘ വ്യാഖ്യാനങ്ങൾ. അത്യാവശ്യ സന്ദർഭങ്ങളിൽ പോലും ഡോക്ടറുടെ സേവനം വിലക്കി അപകടത്തിലെത്തിച്ച എത്രയോ സംഭവങ്ങൾ ഇവിടെയുണ്ട്. നിലത്തു കിടക്കുന്ന ഗർഭിണിയെ മുട്ടു മടക്കിയിരുന്നു ശുശ്രൂഷിക്കാ,ൻ പാകത്തിൽ ഹാഫ് ട്രൌസേഴ്സിട്ടു പോകുന്ന ഡോക്ടറും പെട്ടിയും തൂക്കി പുറകെ പോകുന്ന ബന്ധുവും 60 കളിൽ പോലും ഇവിടത്തെ കാഴ്ചയായിരുന്നു. വലിയ ചിലവുള്ള കാര്യമായതിനാൽ അതും പാവങ്ങൾക്കു സാധിക്കുമായിരുന്നില്ല.

ഇന്നത്തെ സ്ഥിതി പരിശോധിക്കാം. പഞ്ചായത്തിൽ ഗവ; ആസ്പത്രിയോ ഡിസ്പൻസറിയോ ഇല്ല. ഒരു സ്വകാര്യ നേഴ്സിങ്ങ് ഹോം ഒന്നാം വാർഡിൽ അല്പകാലം മുമ്പ്തുറന്നു – താമസിയാതെ അടച്ചു. M.B.B.S. കാരനായ ഒരു ഡോക്ടറുടെ സാന്നിദ്ധ്യം, സേവനം ഇന്നും ഇവിടെ ലഭ്യമല്ല. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആസ്പത്രി ഒന്നാം വാർഡുകാരന് 12 കി.മി. അകലെയാണ് പട്ടാമ്പി നിള മിഷൻ ഹോസ്പിറ്റൽ. അതും കഴിഞ്ഞ് പട്ടാമ്പി ഗവ: ഹോസ്പിറ്റൽ. അല്ലെങ്കിൽ 6 കി.മി. അകലെ കൊപ്പം ഗവ: ഹോസ്പിറ്റൽ.

2,3,5,7 വാർഡുകളിൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ സബ്ബ് സെന്ററുകളുണ്ട്. അവിടെ തന്നെ താമസിക്കുന്ന ANM എന്ന ഉദ്യോഗസ്ഥയുടെ സേവനവും സദാ ലഭ്യമാണ്.

ആരോഗ്യ വകുപ്പിന്റെ നിരന്തരമായ പ്രവർത്തനവും ബോധവൽകരണവും ഗർഭകാല

പരിചരണം, കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ എന്നീ കാര്യങ്ങളിൽ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. പ്രസവത്തോടനുബന്ധിച്ചുള്ള മരണം തീരെ ഒഴിവായിട്ടുണ്ടെന്നുള്ളത് സ്ത്രീകൾക്കിത്തരം കാര്യങ്ങളിൽ ഉണ്ടായ അവബോധത്തെ കുറിക്കുന്നു. നവജാത ശിശു - മരണനിരക്ക് ശരാശരിയിൽ താഴെ ആണെന്നാണു കണക്കുകൾ കാണിക്കുന്നത്. രോഗം നിമിത്തമുള്ള മരണങ്ങളെകുറിച്ചുള്ള കണക്ക് ഒരിക്കലും ശരിയായ ചിത്രം തരില്ല. കാരണം ആസ്പത്രികളിൽ എത്തിയവയിൽ മരിക്കുന്നിത് രജിസ്റ്റർ ചെയ്യപ്പെടുന്നത് മറ്റു പഞ്ചായത്തുകളിലാണ്. കുടുംബാസൂത്രണ പ്രവർത്തനങ്ങളിലും അതിന്റെ നേട്ടങ്ങളിലും പഞ്ചായത്ത് ഒട്ടും പുറകിലല്ല എന്നു കാണിക്കുന്നു.

വാർഡ് 3ൽ ഒരു ആയുർവ്വേദ ഡിസ്പെൻസറിയുണ്ട് വൈദ്യ സേവനവും മരുന്നുകളും ലഭ്യമായ ഈ സ്ഥാപനത്തിൽ ധാരാളം രോഗികൾ വന്നു പോകുന്നു. 95-96 വർഷത്തിൽ അവിടെ 22913 ഔട്ട് പേഷ്യന്റുകൾക്ക് ചികിത്സ നടത്തിയിട്ടുള്ളതായി കാണുന്നു. 4 കൊല്ലം മുമ്പ് ഈ സംഖ്യ 16433 ആയിരുന്നു. 6480 രോഗികൾ വർദ്ധിച്ചത് ചികിത്സാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ചുള്ള ബോധം വർദ്ധിച്ചതിന്റെ ഫലമായി കാണാം. കണക്കുകളനുസരിച്ച് മൊത്തം രോഗികളുടെ 20.68 ശതമാനം ത്വക് രോഗങ്ങളുള്ളവരും 46.32 ശതമാനം വാതരോഗമുള്ളവരും 11.49 ശതമാനം പകർച്ചവ്യാധികൾ ഉള്ളവരും 21 ശതമാനം മറ്റു രോഗങ്ങളുള്ളവരുമാണ്. 4 വർഷത്തെ കണക്കു പരിശോധിക്കുമ്പോൾ ഇവിടെ ജല, വായു, പ്രാണി ജന്യമായ രോഗങ്ങൾ തീരെ ഇല്ലെന്നു കാണുന്നു. ഏറ്റവും കുറഞ്ഞ നിരക്ക് പകർച്ച വ്യാധികളുടെതാണെന്നുള്ളത് ജനങ്ങളിൽ മെച്ചപ്പെട്ട ആരോഗ്യ ശീലങ്ങളുണ്ടെന്നാശ്വസിക്കാൻ വക നൽകുന്നു.

എങ്കിലും ചില പ്രധാനപ്പെട്ട കാര്യങ്ങൾ കാണേണ്ടിയിരിക്കുന്നു. താഴ്ന്ന വരുമാനക്കാരിലധികവും ചെറിയ പുരയിടങ്ങളിൽ താമസിക്കുന്നവരാണ്. ഈ കൂട്ടത്തിൽ കക്കൂസില്ലാത്ത വീടുകൾ 1432 എണ്ണമുണ്ട്. ഇവിടെയെല്ലാം ചുറ്റുമതിലില്ലാത്ത കിണറുകളും കാണുന്നുണ്ട്. ഇതിനർത്ഥം ജലപ്രാണി ജന്യ രോഗങ്ങൾക്ക് പഞ്ചായത്തിൽ സാദ്ധ്യതശരേറെയുണ്ടെന്നാണ്. ജനസംഖ്യാനുപാതമാനുസരിച്ച് 5000 പേർക്ക് ഒരു JHI, ഒരു JPHN എന്നീ തസ്തികകൾ വേണം ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും ലേഡി ഇൻസ്പെക്ടർ തസ്തികയും സൂപ്പർ വൈസർ തസ്തികയും വേണ്ടതാണ്. ഇങ്ങനെ 12 ൽ പരം തസ്തികകൾ വേണ്ടിടത്ത് ആകെ 2 JHI തസ്തികയിലും 4 JPHN തസ്തികയുമാണ് ഇവിടെയുള്ളത്. മുഴുവൻ തസ്തികകളിലും ജീവനക്കാരെ നിയമിച്ചാൽ തന്നെ 12 പേരുടെ ജോലി 6 പേർക്കെങ്ങനെ നിർവഹിക്കാനാവും?

പഞ്ചായത്തിൽ ആകെ 17 അംഗനവാടികളുണ്ട്. കെട്ടിടം മുതലായ കാര്യങ്ങളിൽ പൂർണ്ണതയുള്ളത് അവയിൽ ഒരെണ്ണത്തിനു മാത്രമാണ്. മൂന്നു എണ്ണത്തിന് സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ല. അപര്യാപ്തതകൾ വേണ്ടത്രയുണ്ടെങ്കിലും ആരോഗ്യ സേവന രംഗത്ത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനവും വിലപ്പെട്ടതാണ്. പ്രതിരോധ കുത്തിവെയ്പുകളെ കുറിച്ചുള്ള ഉപദേശം ശൊടുക്കൽ, ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ വിറ്റാമിൻ ഗുളികകൾ, പോഷകാഹാരങ്ങൾ എന്നിവ വിതരണം ചെയ്യൽ, കുടുംബാസുത്രണ സംബന്ധമായ ഉപദേശം

നൽകൽ, പാനീയ ചികിത്സക്കു വേണ്ട ORS Powder വിതരണം ചെയ്യൽ, പ്രഥമ ശുശ്രൂഷകൾ നൽകൽ എന്നീ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഈ സ്ഥാപനങ്ങൾ നടത്തുന്നു.

രോഗികളും അവരുടെ ബന്ധുക്കളും ഇന്നൊരു വിഷമസന്ധിയിലാണ്. മൂത്രപരിശോധന മുതൽ ഫുൾബോഡി സ്കാനിംഗ് വരെ വേണ്ടെങ്കിലും ചെയ്യിക്കുന്ന സ്വകാര്യസ്ഥാപനങ്ങൾ ഒരു വശത്തു വേണമെങ്കിലും ചെയ്തുകൊടുക്കാനാവാത്ത ഗവ: സ്ഥാപനങ്ങൾ മറുവശത്തുംമുള്ളതാണ് ഇന്നത്തെ ചികിത്സാരംഗം. സൗജന്യ ചികിത്സാരംഗത്തും രോഗികളുടെ ദൈവമായി മാറിയ ഡോക്ടർ ലീവെടുത്തു മുങ്ങി തൊട്ടതിനെല്ലാം ഫീസീടാക്കുന്ന സ്വകാര്യ നഴ്സിംഗ് ഹോമിൽ പൊങ്ങുന്നു. ഇത്തരം ആക്ഷേപങ്ങൾ കൊണ്ടു നിറഞ്ഞ അലോപ്പതി രാഗത്തു നിന്നു മാറി ആയുർവ്വേദ രംഗത്തേക്കൊന്നു നോക്കുകയേ വേണ്ടൂ. ചികിത്സാശാഖയിലെ വാണിജ്യവൽകരണത്തിന്റെ പുതിയ മുഖം കാണാം. വൈദ്യശാലകളും ഔഷധശാലകളുമില്ല - ഫാർമസ്യൂട്ടിക്കൽസേയുള്ളൂ. ടിങ്ചർ രൂപത്തിലുള്ള കഷായങ്ങളും അലുമിനിയം ഫോയിലുള്ള ഗുളികകളും അവയ്ക്കെല്ലാം വാർത്താ മാധ്യമങ്ങളിലൂടെയുള്ള വൻ പരസ്യങ്ങളും. നാളികേര വികസന കോർപ്പറേഷൻ പിരിച്ചു വിടേണ്ടി വരുന്നു എന്നു സംശയിക്കണം തെങ്ങിൻ പൂക്കുലാദി രസായനത്തിന്റെ ജന നന്മയെ ലാക്കാക്കിയുള്ള മുന്നേറ്റം കാണുമ്പോൾ. പതിവായി ദേഹരക്ഷയ്ക്കു വേണ്ടി ഒരു കമ്പനിയുടെ ആയുർവ്വേദ കമ്പനിയുടെ ആയുർവ്വേദ മരുന്നു കഴിച്ചിരുന്ന രണ്ടു തൊഴിലാളി സ്ത്രീകൾ ഗുരുതരമായ കരൾ രോഗത്തിന്റെ പിടിയിലായി കോട്ടയം മെഡിക്കൽ കോളേജിൽ എത്തി എന്ന ചെറിയ പത്ര വാർത്ത നമ്മെ വലിയൊരു ചിന്തക്കു പ്രേരിപ്പിക്കുന്നു. വിലനിലവാരത്തിൽ മേൽ പറഞ്ഞ രണ്ടു ശാസ്ത്രങ്ങളിലേയും മരുന്നുകൾ മത്സരിക്കുകയാണ്.

ഇത്തരം ദുരവസ്ഥകളിൽ മനുഷ്യന് യഥാസമയം ചികിത്സ കിട്ടാനുള്ള ഫലപ്രദമായ പ്രാദേശിക സംവിധാനങ്ങളൊരുക്കുകയാണ് വേണ്ടത്. അതിനുള്ള സർക്കാർ സൗകര്യം സൃഷ്ടിക്കുകയും അനുദിനം വികസിപ്പിച്ചെടുക്കുകയുമാണ് ഇന്നത്തെ ആവശ്യം.

5 കൊല്ലം കൊണ്ട് പൂർത്തിയാക്കാവുന്ന ഒരു പദ്ധതിക്ക് താഴെപ്പറയും വിധം രൂപം കൊടുക്കാം.

## A നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

1. 2,3,5,7 വാർഡുകളിൽ ഇപ്പോഴുള്ള ഹെൽത്ത് സബ് സെന്ററുകളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

2. എല്ലാ സെന്ററിലും ആഴ്ചയിലൊരിക്കൽ ശിശുരോഗ വിദഗ്ദ്ധന്റെ സേവനം ഏർപ്പെടുത്തുക.

3. മുതുതല ഗവ: ആയുർവ്വേദ ഡിസ്പെൻസറിക്കു സ്വന്തം കെട്ടിടം പണിതു കൂടുതൽ വികസിപ്പിക്കുക.

4. ഹെൽത്തു സെന്ററുകളിൽ ജനസംഖ്യാനുപാത പ്രകാരം സ്റ്റാഫിനെ നിയമിക്കുക.

5. അക്കരപ്പറമ്പു ഹരിജൻ കോളനിയിൽ ഹെൽത്ത് സബ് സെന്റർസ്ഥാപിക്കുക.

## B പുതുതായി ഏർപ്പെടുത്തേണ്ട കാര്യങ്ങൾ

1. പഞ്ചായത്തിന്റെ ഏതാണ്ടു മദ്ധ്യഭാഗത്തായി 10 ബെഡ്ഡെങ്കിലുമുള്ള ഒരാശുപത്രി സ്ഥാപിക്കുക

2. 1,4,6,8,9 വാർഡുകളിൽ പുതിയ ഹെൽത്ത് സബ്ബ് സെന്ററുകൾ സ്ഥാപിക്കുക.

3. പഞ്ചായത്തിൽ ഒരു ഗവ: ആയുർവ്വേദ ആസ്പത്രി സ്ഥാപിക്കുക.

4. പഞ്ചായത്തു വകയായി ഒരു ആംബുലൻസ് വാൻ വാങ്ങുക.

5. കക്കൂസകളില്ലാത്തവർക്ക് അതു നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം ചെയ്യുക.

6. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക.

7. പഞ്ചായത്തു വക പൊതു ശ്മശാനത്തിലേക്ക് അപ്രോച്ച് റോഡ് നിർമ്മിക്കുക.

8. മത്സ്യ മാംസ വില്പനക്ക് ആരോഗ്യകരമായ ചുറ്റുപാടുകളുള്ള സ്ഥിരം മാക്കറ്റ് ഏർപ്പെടുത്തുക.

9. സംഭാവനയായി കിട്ടിയ സ്ഥലത്ത് ഉടനെ ഗവ: ഡിസ്പെൻസറി തുടങ്ങുക.

## C പൊതുവിൽ ചെയ്യേണ്ട കാര്യങ്ങൾ

1. വ്യാജവാറ്റും ചാരായ വില്പനയും പൂർണ്ണമായി നിരോധിക്കണം.

2. പാൻപരാഗും അതുപോലുള്ള ലഹരിവസ്തുക്കളും എമ്പാടും വിറ്റഴിയുന്നതും കുട്ടികളിൽ പോലും അതിന്റെ സ്വാധീനം പടരുന്നതും കർശനമായി തടയണം.

3. സ്ക്കൂളുകൾക്കു മുമ്പിലും പൊതുസ്ഥലങ്ങളിലും വെച്ചുള്ള പലഹാര വില്പന തടയണം.

4. കൊതുകു നശീകരണം സ്ഥിരമായ പരിപാടിയാക്കണം.

5. അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കാനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. വളർത്തു നായ്ക്കൾക്കു ലൈസൻസ് നിർബന്ധമാക്കണം.

6. തെരുവു നായക്കളെ പോറ്റുവാൻ പാകത്തിൽ അറവുശാലകളിലെ മാലിന്യങ്ങളുപേക്ഷിക്കുന്നതു തടയണം.

7. പകർച്ച വ്യാധികളുണ്ടാകാതിരിക്കാൻ കുടിവെള്ളം ക്ലോറിനേറ്റു ചെയ്യുന്നതുീ പതിവാക്കണം.

8. ആരോഗ്യവകുപ്പുദ്യോഗസ്ഥർ നടത്തേണ്ട ഗൃഹസന്ദർശന പരിപാടി കൂടുതൽ കാര്യക്ഷമമാക്കണം.

9. മുതുതല കൊടുമുണ്ട സെന്ററുകളിൽ പൊതുമൂത്രപ്പുര സ്ഥാപിക്കണം.

10. പേ വിഷ നിർമാർജ്ജന പരിപാടികളിൽ കുറുക്കന്മാരെ നശിപ്പിക്കാനും ശ്രമിക്കണം.

11. വീട്ടിൽ ഒരു കമ്പോസ്റ്റു കുഴിയെന്ന മുദ്രാവാക്യം പ്രാവർത്തികമാക്കണം.

12. പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ കുഷ്ഠരോഗബാധയുടെ ലക്ഷണങ്ങൾ കണ്ടെത്തിയതിനെതിരെ
ഫലപ്രദമായ നടപടികൾ ഊർജ്ജിതമായി ആരംഭിക്കണം.

13. കടവു ഭാഗത്തു കിടക്കുന്ന PWD വക തരിശു സ്ഥലവും ഒരു പഴയ കെട്ടിടവും 6-ാം വാർഡിൽ ഹെൽത്തു സബ്സെന്ററിന് ഉപയോഗിക്കാൻ ശ്രമിക്കണം.

# കുടിവെള്ളം

സമസ്ത ജനങ്ങളേയും ബാധിക്കുന്ന അടിയന്തിര പരിഹാരം കാണേണ്ട ഒന്നാണ് കുടിവെള്ള പ്രശ്നം. വനനശീകരണം കൊണ്ട് വർഷപാതത്തിൽ വന്ന കുറവും അശാസ്ത്രീയമായി ജലവിതരണ പദ്ധതികൾ കൊണ്ട് ഭാ രതപ്പുഴക്കേറ്റ പരിക്കും ജനസംഖ്യാ വർദ്ധനവും ഈ പ്രശ്നം കൂടുതൽ രൂക്ഷമാക്കികൊണ്ടിരിക്കുന്നു. വർഷക്കാലത്ത് പെയ്ത മഴവെള്ളം മണിക്കൂറുകൾ കൊണ്ട് ഒഴുകി ഇറങ്ങി നദികൾ നിറഞ്ഞ് കടലിൽ എത്തുന്നു. വേനക്കാലത്ത് ജലക്ഷാമം കൊണ്ട് ജനങ്ങൾ പൊറുതിമുട്ടുന്നു. നഷ്ടപ്പെടുന്ന വെള്ളം സമർത്ഥമായി ശേഖരിച്ചു കൊണ്ടു മാത്രമെ ഈ പ്രശ്നത്തിന് [illegible] കാണാനാകൂ. വൃക്ഷനിബിഡമായ കരപ്രദേശങ്ങളും ജലാശയങ്ങളും പാരമ്പര്യമായി ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നു. സാമ്പത്തിക സാമൂഹ്യ മുന്നേറ്റങ്ങളുടെ നിരക്കിൽ ആ സംസ്കാരം നിലനിർത്താനും വികസിപ്പിക്കാനും പിഴച്ചു പോയി എന്ന് തിരിച്ചറിയാനാരംഭിച്ചിരിക്കുന്നു. ഉറവു വറ്റിയ മണ്ണും വരണ്ടുണങ്ങിയ പുഴയും വേനല്ക്കാലങ്ങളിൽ നമ്മെ ഭയപ്പെടുത്തുന്നു.

കഴിഞ്ഞ രണ്ടു ദശകങ്ങളായി ഓരോ വേനലും ആവർത്തിച്ചാവർത്തിച്ച് വരൾച്ചയുടെയും കുടിവെള്ള ക്ഷാമത്തിന്റെയും സങ്കീർണ്ണപ്രശ്നങ്ങൾകൊണ്ടു നമ്മെ കുഴക്കുന്നു. 1980 കളുടെ ആരംഭത്തിൽ പ്രവർത്തനമാരംഭിച്ച ജലവിതരണ പദ്ധതി ഒന്നര ദശാബ്ദമായിട്ടും കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. ടെക്നോളജി മിഷന്റെ ഫലമായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുഴിച്ച 28 ഓളം കുഴൽകിണറുകളിലൂടെ ലഭിക്കുന്ന ഭൂഗർഭ ജലമണ് ഈ കൊടും വരൾചയിലും അല്പം നനവു പരത്തുന്നത്. സീതപ്പുറം ഹരിജൻ കോളനി കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ച 6-ാം വാർഡിലും 7-ാം വാർഡിലെ വട്ടപ്പറമ്പ് കോളനിയിലും പിന്നീട് വിപുലീകരിച്ച് പ്രവർത്തിക്കുന്നതുമായ ഹരിജൻ വാട്ടർ സപ്ലൈസ്കീം ഈ പ്രദേശത്തിനൊരാശ്വാസമാണ്. മുതുതല കേന്ദ്രീകരിച്ച് 1,2,3 വാർഡുകളിലും 4-ാം വാർഡിന്റെ ഒരു പ്രദേശത്തും തെരുവോരപ്രദേശന്നളിൽ നിലവിലുള്ള ഒരു ട്യൂബ്‌വെൽ സ്കീം മാറ്റൊരാശ്വാസമാണ്. പരിമിതമായ ഈ പ്രദേശങ്ങളിൽ നിന്ന് വിപുലമായ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് ജലവിതരണം വ്യാപിപ്പിക്കണമെങ്കിൽ മേജർ വാട്ടർ സപ്ലൈ സ്കീം അടിയന്തിരമായി പണിപൂർത്തിയാക്കുക തന്നെയാണ് ഏക മാർഗ്ഗം. സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും നിയന്ത്രണത്തിനപ്പുറം വാട്ടർ അതോറിട്ടിയുടെ അലസവും യാന്ത്രികവുമായ പ്രവർത്തനരീതി വളരെ നിരാശപ്പെടുത്തുന്നതുമാണ് ജനങ്ങൾക്ക് ജീവജലം നൽകുന്ന ഇത്തരം സംവിധാനങ്ങൾ അടിത്തട്ടിലുള്ള ജനകീയ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ തന്നെയാകണമെന്നുള്ള ഒരാവശ്യവും ഇതിന്റെയടിസ്ഥാനത്തിൺ ഉയർന്നു വന്നിട്ടുണ്ട്.

ശാസ്ത്രീയമായി, നഷ്ടപ്പെടുന്ന മഴവെള്ളം സംരക്ഷിച്ചു കൊണ്ടും , നശിച്ചു കൊണ്ടിരിക്കുന്ന പാരമ്പര്യജലസ്രോതസ്സുകളായ ജലാശയങ്ങൾ പരിരക്ഷിച്ചു കൊണ്ടും ആധുനിക ജലവിതരണ പദ്ധതികൾ നടപ്പാക്കി കൊണ്ടും മാത്രമെ ഈ പ്രശ്നത്തെ മറികടക്കാനാവൂ.

നമ്മുടെ പഞ്ചായത്തിൽ പൊതുകുളം - 6 കിണർ - 24, കുഴൽകിണർ - 28 എണ്ണവും

മാത്രമാണുള്ളത്.

ശുദ്ധജല വിതരണത്തിന് നടപ്പിലാക്കാവുന്ന ചില പൊതു നിർദ്ദേശങ്ങൾ

1. 82 ൽ പ്രവർത്തനമാരംഭിച്ച ശുദ്ധജല വിതരണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക.

2. ഭാരതപ്പുഴയിൽ (കൊടുമുണ്ട വളവ്, കണ്ണനൂർ കയത്തിനും മുകളിലായി )ചെക്ക് ഡാമുകൾ നിർമ്മിക്കുക.

3. വെള്ളിയാംകല്ല് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കി ഭാരതപ്പുഴയിൽ വെള്ളം നിലനിറുത്തിയാൽ ഈ പ്രദേശങ്ങളിലുള്ള കിണറുകളും കുളങ്ങളും ജലസമൃദ്ധമാകും.

4. കുടിവെള്ളത്തിന്റെ ചുമതല വാട്ടർ അതോറിറ്റിയിൽ നിന്നും മാറ്റി പഞ്ചായത്തിനെ ഏൽപ്പിക്കുക.

5. നിലവിലുള്ള കിണറുകളും, കുളങ്ങളും, മറ്റു ജലാശയങ്ങളും സംരക്ഷിക്കുക. വയലുകൾ നികത്തുന്നത് തടയുക.

6. പണ്ടാരത്തോട്ടിൽ തടയണകൾ 1,2,3,4,5-9 വാർഡുകളിൽ സൗകര്യപ്രദമായ സ്ഥലത്ത് നിർമ്മിക്കുക.

അടിയന്തിരമായി ശുദ്ധജല വിതരണ നടത്തേണ്ട പ്രദേശങ്ങളും അതിനുള്ള മാർഗങ്ങളും

പഞ്ചായത്തിൽ ഒന്നാം വാർഡിൽ താളികുന്ന് അങ്ങാടി - പറളി റോഡ്, മലപ്പറമ്പ് ഭാഗം കണിയാംകുഴി ഹരിജൻ കോളനി വഴി ആണ്ടാം റോഡിൽ മനക്കൽപടി മുതൽ വാണിയംപറമ്പ് വരെറോഡ്, പുല്ലുണ്ണിപറമ്പ് റോഡ്, കാരക്കുളം പാലയ്ക്കാ പറമ്പ് റോഡ്, പള്ളിപ്പുറം മംഗലം വഴി റോഡ് മേക്കോൾ റോഡു മുതൽ കാരക്കുന്ന് ഹരിജൻ കോളനി വരെ പെപ്പ് ലൈൻ എത്തിക്കുക.

ഒന്നാം വാർഡിൽ ടാങ്ക് നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം ലഭ്യമാണ്. അവിടെ ടാങ്ക് നിർമ്മിക്കുകയും മേൽപറഞ്ഞ എല്ലാ ഭാഗങ്ങളിലും കുടിവെള്ളമെത്തിക്കുകയും ചെയ്യുക. മാവണ്ടികുളം, കാരക്കുളം ഇവ സംരക്ഷിക്കാൻ ഉടമസ്ഥരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുക. പണ്ടാരത്തോട്ടിൽ തടയണ നിർമ്മിക്കുക.

രണ്ടാം വാർഡിൽ താരതമ്യേന ഉയർന്ന പ്രദേശമായ ആണ്ടാത്ത് ഭാഗത്ത് ടാങ്ക് നിർമ്മിച്ച്

പൈപ്പ് ലൈൻ എത്താത്ത മുഴുവൻ ഭാഗങ്ങളിലും പൈപ്പ് ലൈൻ ഇട്ട് കുടിവെള്ളം എത്തിക്കുക. ക്രൂട്ടപ്ലാക്കൽ ഭാഗത്ത് കുഴൽകിണർ നിർമ്മിച്ച് ഹാൻഡ് പമ്പ് സ്ഥാപിക്കുക. നിലവിലുള്ള ടാപ്പുകളുടെകേടുപാടുകൾ തീർകുക. കോതകുളം, രാമൻകുളം, കൊട്ടിലിങ്ങൽ കുളം എന്നിവ ഉടമസ്ഥരുമായി ബന്ധപ്പെട്ട് സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുക. പണ്ടാരത്തോട്ടിൽ തടയണ നിർമ്മിക്കുക. ചെട്ട്യാംകുന്ന് ഭാഗത്തേക്ക് പെപ്പ്ലൈൻ നീട്ടുക.

മൂന്നാം വാർഡ് കൊഴിക്കോട്ടിരി ഭാഗത്ത് ടാങ്ക് നിർമ്മിച്ച് കിഴക്കെതൊടി കോളനി, കൂളിപ്പാറ കോളനി അതുപോലെ കാര്യാട്ടുപറമ്പ് തോട്ടുങ്ങൾ, മൂർക്കാംകുഴി തുടങ്ങി – പൈപ്പ് ലൈൻ ഇല്ലാത്ത ഭാഗങ്ങളിലേക്ക് പെപ്പ് ലൈൻ നീട്ടുകയും വെള്ളം എത്തിക്കുകയും വേണം. പഞ്ചായത്ത് അതിർത്തി വരെ (മച്ചിങ്ങ തൊടി റോഡ് ) കൊഴിക്കോട്ടിരി - മുതുതല റോഡ്, പനംപറ്റ പുത്തൻവീട് ഭാഗം ശ്രീധരം ചുമരത്തുപടി കോളനി, മണിയാർ കുന്ന്, 4 – സെന്റ് കോളനി, വേലേരി ലക്ഷം വീട് കോളനി, പൊന്നത്തൊടി കോളനി, കൂരിപള്ളിയാൽ കോളനിയിലെ കിണർ നന്നാക്കുക. പെരുമുടിയൂർ ശുദ്ധജല വിതരണ പദ്ധതി ഉടൻ പൂർത്തീകരിക്കുക. പഞ്ചായത്താഫീസിലുള്ള ടാങ്ക് വലുതാക്കി കുടുതൽ ജലവിതരണം നടത്തുക. അയ്യപ്പൻകുഴികുളം, കണ്ണാർച്ചികുളം സംരക്ഷിക്കുക.

4 ാം വാർഡിൽ മുതുതല കൊപ്പം പെപ്പ് ലൈൻ റൂറൻപറമ്പ് ഉണ്ണിക്കാട്ടുപടി വരെ നീട്ടുക. പുല്ലാനിക്കാട്ടിൽ പടി, കാലംപറ്റപറമ്പ് കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടുക. അമ്മന്നൂർ ക്ഷേത്ര പരിസരത്തേ വെള്ളമുള്ള കിണർ വൃത്തിയാക്കണം. പറക്കാട്ടു സെന്റർ ഉപയോഗ്യശൂന്യമായ കുഴൽകിണർ നന്നാക്കി വെള്ളമെടുക്കാനാക്കുക. പാതിരികുളം, പുത്തൻകുളം ഇവ ശരിയാക്കി സംരക്ഷിക്കുക. കള്ളികുന്ന്, വേട്ടാംകുന്ന് കോളനികളിൽ കിണറുകൾ ആവശ്യമാണ് 3–4 വാർഡുകളുടെ അതിർത്തിയിലൂടെ പോകുന്ന റോഡിൽ ജലവിതരണ സംവിധാനം ഏർപ്പെടുത്തുക.

5ാം വാർഡിൽ മുരിങ്ങലം ഭാഗത്ത് ടാങ്ക് നിർമ്മിച്ച് തടത്തിൽപ്പടി– മുരിങ്ങലംഭാഗം – എരിക്കുംപുറം, പുളിക്കൻ, തോട്ടിനക്കരെ, മറ്റു കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഭാഗങ്ങളിലേക്ക് കൂടി വെള്ള വിതരണം നടത്തുക. ഒന്നാം വാർഡിൽ എത്തി നിൽക്കുന്ന പൈപ്പ് ലൈൻ കുഴിപ്പറമ്പ് പ്രദേശത്ത് കുടി തോട്ടിനക്കരെ ഭാഗത്തേക്ക് നീട്ടുക. തോട്ടിനക്കരെ കുളം, മേതൃകോവിൽ ക്ഷേത്രകുളം, മുത്താർകുണ്ട് കുളം എന്നിവ സംരക്ഷിക്കുക. കുഴിപ്പറമ്പ് പഞ്ചായത്ത് കിണർ ശരിയാക്കുക.

6–ാം വാർഡിൽ ചിതപ്പുറം ടാങ്കിൽ നിന്നും 6,7,8 വാർഡുകളിലേക്കും വെള്ളമെത്തിക്കാൻ കഴിയും. എടലംക്കുളം, അമ്പലകുളം, പൂളകുളം ഇവ സംരക്ഷിക്കുക. പൊതുകിണർ വൃത്തിയാക്കി സംരക്ഷിക്കുക. ആലിക്കമുക്ക്, അരിത്തൊടിപ്പറമ്പ്, ചക്കിലാംകുഴി എന്നിവടങ്ങളിൽ പൊതു കിണറുകൾ വേണം. 10ാം നമ്പർ വീടു വരെ വെള്ളമെത്തിക്കുക. ജാറം വരെ വന്നു നിൽക്കുന്ന പെപ്പ് ലൈൻ കിഴക്കോട്ടുള്ള റോഡു വഴി കുന്നത്തൊടി ഭാഗത്തേക്കു നീട്ടണം.

7–ാം വാർഡിൽ വട്ടപ്പറമ്പ് വരെ എത്തിയ പൈപ്പ് ലൈൻ പാറപ്പുറം ആച്ചിതൊടി വഴി പട്ടിപ്പറമ്പ് വരെ എത്തിക്കുക. പുതിയ ഗെയിറ്റ്, വട്ടപ്പറമ്പ് കുഴൽകിണറുകൾ ബന്ധപ്പെട്ട് മിനി പമ്പിങ്

സൗകര്യമേർപ്പെടുത്തുക.

ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ ഉപയോഗിച്ച് കിട്ടുന്ന വെള്ളം ഫിൽട്ടർ ചെയ്ത് ശുദ്ധജല വിതരണണം നടത്തുക. വട്ടപ്പറമ്പ് മുതലുള്ള പൈപ്പ് ലൈൻ പൂതാനി വഴി എടലക്കരെ വരെ എത്തിക്കുക. ALPS പെരുമുടിയൂരിനു സമീപം വിട്ടുതരുവാൻ തയ്യാറുള്ള കിണർ ഏറ്റെടുത്ത് സംരക്ഷിക്കുക.

8–ാം വാർഡിലെ മഞ്ചലപ്പറമ്പിലെ കുഴൽകിണനൻ മോട്ടോർ സ്ഥാപിച്ച് ടാങ്ക് കെട്ടി വാർഡിന്റെ മുഴുവൻ ഭാഗങ്ങളിലും വെള്ളമെത്തിക്കുക. ശാന്തിനഗർ , പൂഞ്ചീരി, മണിയംതൊടി, ചിറയൻകോളനി, ആലിക്കപറമ്പ് നിന്ന് കൊഴിക്കോട്ടിരി പോകുന്ന സ്ഥലം അക്കരപറമ്പ് ഹരിജൻ കോളനി തുടങ്ങിയ ഭാഗങ്ങളിൽ ശുദ്ധജല വിതരണം നടത്തുക.

9–ാം വാർഡിൽ നിലവിലുള്ള എല്ലാ റോഡിലും പൈപ്പ് ലൈൻ എത്തിക്കുക. മച്ചിങ്ങത്തൊടി, മാടായി, തെക്കേച്ചോല ഭാഗത്തേക്ക് കുടിവെള്ളമെത്തിക്കുക. വേങ്ങക്കാട്ട്, മാടായി, മാലാറമ്പത്തുപടി എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ ആവശ്യമാണ് . മാടായി അമ്പലകുളം, പുന്നാരകുളം എന്നിവ താഴ്ത്തി നന്നാക്കുന്നത് പ്രയോജനകരമാണ്.

**ജലത്തിന്റെ ദുരുപയോഗം തടയൽ**

1. പബ്ലിക് ടാപ്പുകളിൽ ഒരു വലിയ വിഭാഗത്തിനു കേടുപാടുകളുണ്ട് അവ നന്നാക്കി തുടർച്ചയായ ജലനഷ്ടം തടയണം.

2. പഞ്ചായത്താപ്പീസിനു മുമ്പിലുള്ള ടാങ്ക് പരമാവധി വലുതാക്കുക.

3. പൊതു ടാപ്പിനടുത്തു വെച്ച് വാഹനങ്ങൾ കഴുകുന്നതും വസ്ത്രങ്ങൾ അലക്കുന്നതും , തോട്ടം നനയ്ക്കാനും., മറ്റു കൃഷിയാവശ്യങ്ങൾക്ക് വെള്ളം എടുക്കുന്നത്, കന്നുകാലികളെ കുളിപ്പിക്കുന്നതും കർശനമായി തടയണം.

4. പൈപ്പ് ലൈനുകളിലുള്ള കേടുപാടുകൾ ഉടൻ തീർക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

8–ാം വാർഡിൽ ലക്ഷം വീടിനടുത്തുള്ള കിണർ നന്നാക്കിയെടുക്കുക.. പട്ടാമ്പി ബ്ലോക്ക് വക കുളം (പൂന്തലകുളം) കേടുപാടുകൾ തീർക്കുക.

3,4 വാർഡുകളുടെ അതിർത്തിയിലുടെ പോകുന്ന റോഡിൽ ജലവിതരണം ഏർപ്പെടുത്തുക. ( ശ്രീധരൻ ചുമരത്തു മനയുടെ കിഴക്കു ഭാഗം ). രണ്ടാം വാർഡിലെ പൊതുകിണർ വൃത്തിയാക്കി സംരക്ഷിക്കുക.

# വ്യവസായം

ഒട്ടാകെ സുമാർ ഇരുപതിനായിരത്തോളം ജനസംഖ്യയുള്ള മുതുതല പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും കർഷകതൊഴിലാളികൾ ആണ്. ജലക്ഷാമം കാരണം കൃഷിനടത്താൻ വിഷമം നേരിടുന്നു. മറ്റ് തോട്ടം വിളകളായ റബ്ബർ, തെങ്ങ്, വാഴ,പച്ചക്കറികൾ എന്നിവയ്ക്കായും ഭൂമി വിനിയോഗിക്കുന്നു. ഈ കാരണങ്ങളാൽ കർഷക തൊഴിലാളിക്ക് ജൂൺ മാസം മുതൽ ഡിസംബർ വരെ മാത്രമെ തൊഴിൽ കിട്ടുന്നുള്ളൂ. ബാക്കിയുള്ള ആറു മാസങ്ങളിൽ ഇഷ്ടികകമ്പനികൾ, കോൺക്രീറ്റ് ബ്ലോക്ക് കമ്പനികൾ, കരിങ്കൽ ക്വാറികൾ എന്നിവയിൽ തൊഴിൽ ചെയ്യുന്നു. ഇവർക്ക് തുടർച്ചയായി തൊഴിൽ നൽകാൻ അനേകം ചെറുകിട വ്യവസായങ്ങൾ മുതുതല പഞ്ചായത്തിൽ ആവശ്യമാണ്.

അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളെയാണ് മിക്കവാറും നാം ഉപയോഗിക്കുന്നത്. അത് നമ്മുടെ സാമ്പത്തിക ഭദ്രതയെ കാര്യമായി ബാധിക്കുന്നു. അതിനു പകരം മുതുതല പഞ്ചായത്ത് അടക്കമുള്ള കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഉപയോഗിക്കുകയും അതിന്റെ ഫലമായി സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യും. അപ്രകാരം ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും സാധിക്കും. ഈ പ്രശ്നപരിഹാരത്തിന് വ്യവസായവൽക്കരണം ഒഴിച്ചു കൂടാത്തതാണ്.

പണ്ടുകാലത്ത് വ്യത്യസ്ഥതലത്തിലുള്ള പരമ്പരാഗത വ്യവസായങ്ങൾ മുതുതല പഞ്ചായത്തിൽ നിലനിന്നിരുന്നു. കാർഷികോപകരണങ്ങൾ, ഇരുമ്പുകൊണ്ടുള്ള ആയുധങ്ങൾ, ഓട്, പിച്ചള, ചെമ്പ് പാത്ര നിർമ്മാണം സ്വർണ്ണാഭരണനിർമ്മാണം, കളിമൺ പാത്ര നിർമ്മാണം. കരിങ്കൽ / വെട്ടുകൽ ഖനനം, കാളവണ്ടി നിർമ്മാണം, തെയ്യൽ തുന്നൽ, മുള/ ഈറ്റ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, പായനെയ്ത്ത്,കിടക്ക നിർമ്മാണം, എണ്ണയാട്ടൽ, പപ്പടനിർമ്മാണം, ആയുർവ്വേദമരുന്ന് നിർമ്മാണം, മരം കൊണ്ടുള്ള മേശ, കസേര കട്ടിൽ മുതലായവ ഉണ്ടാക്കൽ എന്നിവ പണ്ട് നിലനിന്നിരുന്ന പരമ്പരാഗത വ്യവസായങ്ങളിൽ പെടുന്നു.

ശാസ്ത്രീയമായ പുരോഗതി, യന്ത്രവൽക്കരണം എന്നീ കാരണവും, വിദ്യാഭ്യാസം നേടിയ യുവാക്കൾ ഉദ്യോഗങ്ങൾ മുതലായവ സ്വീകരിച്ചതിനാലും ചില പരമ്പരാഗത വ്യവസായങ്ങൾ ഇന്ന് നിലവിലില്ല. കാളവണ്ടി നിർമ്മാണം അവയിൽപെടുന്നു.

കാർഷിക / ഗാർഹിക ഉപകരണങ്ങളും വസ്ത്രങ്ങളും ആയിരുന്നു ഇവിടെ ആവശ്യമുണ്ടായിരുന്ന ആദ്യ കാല ഉൽപ്പന്നങ്ങൾ. ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ ധാരാളമായി വന്നതോടു കുടി പരമ്പരാഗത വ്യവസായങ്ങൾ ക്ഷയിച്ചു തുടങ്ങി. ആകർഷ്ണീയമായ സ്റ്റെയിൻലസ് സ്റ്റീൽ / അലുമിനിയം പാത്രങ്ങൾ എന്നിവ വിപണിയിൽ എത്തിയതോടെ മൺപാത്രങ്ങളുടെ ഉപയോഗം കുറയുകയും ആ പരമ്പരാഗത വ്യവസായത്തിന്റെ ഭാവിക്ക് കോട്ടം തട്ടുകയും ചെയ്തു. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം കുടി ആയപ്പോൾ കാർഷിക മേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞു. നിർമ്മാണ പ്രവർത്തനം മുതലായ മേഖലകളിൽ തൊഴിൽ ചെയ്യുന്ന പലരും അന്യ സംസ്ഥാനങ്ങളിലും ഗൾഫ് നാടുകളിലും ജോലി തേടി പോയി.

മറുനാടൻ വിപണിയെ ആശ്രയിച്ചുകൊണ്ട് ഓട് / ചെമ്പ് / പിത്തള വ്യവസായങ്ങൾ ഇന്നു നിലകൊള്ളുന്നു. യന്ത്രനിർമ്മിതമായ പാത്രങ്ങൾക്കും നല്ല വിപണന സാധ്യത ഉണ്ട്. അതിനായി ഉതകുന്ന ഒരു സംവിധാനം ഏർപ്പെടുത്തണം അത് ഉചിതമായിരിക്കും.

മരം കൊണ്ടുണ്ടാക്കുന്ന കാർഷിക ഉപകരണങ്ങൾ / ഗാർഹിക ഉപകരണങ്ങൾ / സാമഗ്രികൾ കെട്ടിടനിർമ്മാണത്തിനാവശ്യമായ മര ഉരുപ്പടികൾ എന്നിവ ഉണ്ടാക്കുന്ന മരപ്പണിക്കാർ മുതുതല പഞ്ചായത്തിലുണ്ട്. കോൺക്രീറ്റ് കെട്ടിടങ്ങളുടെ തള്ളികയറ്റം, മരത്തിനു പകരം പ്ലാസ്റ്റിക് / ലോഹനിർമ്മിതമായ ഉത്പന്നങ്ങളുടെ രംഗപ്രവേശം എന്നിവയെ അതിജീവിച്ച് ചെറിയ തോതിൽ യന്ത്രവൽക്കരിച്ച മര ഉരുപ്പടികളുടെ നിർമ്മാണശാലകൾ മുതുതല കൊഴിക്കോട്ടിരി,കൊടമുണ്ട, പെരുമുടിയൂർ എന്നിവിടങ്ങളിൽ വളർന്നു വന്നിട്ടുണ്ട്. ഈ പഞ്ചായത്തിലെ രണ്ടു തീപ്പെട്ടി പോള നിർമ്മാണ യൂണിറ്റുകൾ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ് മൂലം അടച്ച് പൂട്ടി.

നെയ്ത്ത്, നൂൽനൂൽപ്പ് മേഖലയിൽ കേരള സർവ്വോദയ സംഘത്തിന്റെ കീഴിൽ കൊടുമുണ്ടയിലും മുതുതലയിലും രണ്ട് നൂൽനൂൽപ്പ് കേന്ദ്രങ്ങൾ ഉണ്ട്. ഇവയിൽ ധാരാളം.വനിതകൾ ജോലി ചെയ്യുന്നു. ഇത്തരം തൊഴിൽ കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് അടിയന്തിരാവശ്യമാണ്.എങ്കിൽ വനിതാ വിഭാഗത്തിൽ തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ കഴിയും. സ്ത്രീകൾക്കായി ആകർഷണീയമായ ഉടുപ്പകളുടെ നിർമ്മാണത്തിൽ പരിശീലനം കൊടുക്കുകയാണെങ്കിൽ അവർക്ക് സ്വന്തമായും ഒരു തൊഴിൽ സ്ഥാപനം തുടങ്ങാൻ സഹായകമാവും.

ഈയിടെയായി മുതുതല പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ വ്യക്തികൾ സ്വന്തമായി ഏതാനം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

മുള/ ഈറ്റ ഉൽപ്പന്നനിർമ്മാണം ഒരു സാമുദായിക തൊഴിലായി ഇവിടെ നിലനിന്നിരുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ് ആദായകരമല്ലാത്ത അവസ്ഥഎന്നിവയാൽ ഇത് നാമമാത്രമായി മാത്രം നിലനിൽക്കുന്നു. പായനെയ്ത്തിന്റെയും അവസ്ഥ ഇതുതന്നെയാണ്. സഹകരണ സംഘങ്ങൾ രൂപീകരിച്ച് അസംസ്കൃത വസ്തുക്കൾ ഉണ്ടാക്കാനുള്ള സംവിധാനം ഉണ്ടായാൽ ഈ വ്യവസായം പ്രയോജനപ്പെടുത്താൻ കഴിയും. അതിനുതകുന്ന വിധത്തിൽ പരിശീലനം നൽകുകയും വേണം. വിനോദസഞ്ചാര വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർ ഹോട്ടലുകൾ എന്നിവയ്ക്ക് ഇത്തരം സുന്ദര ഉൽപ്പന്നങ്ങൾ വാങ്ങുന്നതിൽ താത്പര്യം ഉണ്ടാകും.

അസംസ്കൃത വസ്തുവായ കളിമണ്ണ് ധാരാളം ലഭ്യമായിട്ടും കളിമൺപാത്രവ്യവസായം തകർന്നിരിക്കുകയാണ്. ഇന്ധനത്തിന്റെ ക്ഷാമവും ഉൽപ്പാദനച്ചിലവും മൺപാത്രങ്ങളുടെ ഉറപ്പ് കുറവും കണക്കിലെടുക്കുമ്പോൾ ഉപഭോക്താക്കൾ മുൻഗണന നൽകുന്നതും സ്റ്റെയിൻലസ് സ്റ്റീൽ / അലുമിനിയം പാത്രങ്ങൾക്കാണ്. ഈ തൊഴിലിൽ ഏർപ്പെട്ടവർക്ക് ശാസ്ത്രീയവും കലാപരവും ആയ പരിശീലനം കൊടുത്ത് ആകർഷണീയമായ കപ്പുകൾ, പിഞ്ഞാണങ്ങൾ, ഭരണികൾ, പൂച്ചട്ടികൾ എന്നിവ ഉണ്ടാക്കാൻ കഴിയും. അതുപോലെ വിപണി കണ്ടെത്താനും വേണ്ട സഹായം നൽകേണ്ടതാണ്.

കരിങ്കൽ ക്വാറികൾ പഞ്ചായത്തിൽ പല സ്ഥലങ്ങളിലുമുണ്ട്. കരിങ്കൽ ക്വാറികൾ നടത്തുന്നതിന്റെ നിയമവശങ്ങളെ പറ്റി ഈ വ്യവസായികൾക്ക് പരിജ്ഞാനം നൽകുകയും കരിങ്കല്ലിൽ നിന്ന് അമ്മി, ആട്ടുകല്ല് എന്നിവ ഉണ്ടാക്കുന്ന ഒരു ചെറുകിട വ്യവസായം തുടങ്ങാനും ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും സഹായിക്കേണ്ടതാണ്. പുരാതന ശില്പകലാ സമ്പ്രദായത്തിൽ ആകർഷണീയമായ ശില്പ രൂപങ്ങളുണ്ടാക്കുകയും ഗൃഹനിർമ്മാണത്തിനുപയോഗിക്കുന്ന ആകർഷണീയമായ തൂണുകൾ നിർമ്മിക്കുകയും ചെയ്താൽ നല്ല വിപണന സാദ്ധ്യതയുള്ള ഒരു വ്യവസായമായി തീരും എന്നു പ്രതീക്ഷിക്കുന്നു. ഇത് ഒരു പരീക്ഷണമായി സഹകരണ സംഘങ്ങൾ ഏറ്റെടുക്കുന്നത് ആശാവഹമാണ്.

പെരുമുടിയൂരിലും മുതുതലയിലും ഓരോ കോൺക്രീറ്റ് ബ്ലോക്ക് ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ധാരാളം പേർ ജോലി ചെയ്യുന്നു. ശരിയായ വിപണിയില്ല എന്നത് ഈ വ്യവസായം ആകർഷകമല്ലാതാക്കുന്നു. ഇതിനുള്ള പരിഹാരം ഐ.എസ്.ഐ അംഗീകാരം ഉള്ള ഗുണനിലവാരം നില നിർത്തുകയും, ശബ്ദം, ഉഷ്ണം എന്നിവയുടെ അതിപ്രസരണം നിയന്ത്രിക്കാനുള്ള ഇത്തരം കോൺക്രീറ്റ് ബ്ലോക്കുകളുടെ സവിശേഷതകളെ ജനങ്ങളെ ബോധവാൻമാരാക്കുകയും ചെയ്താൽ ഈ വ്യവസായത്തിന് പുരോഗമിക്കാൻ കഴിയും. അതിനുതകുന്ന വിധത്തിൽ വ്യവസായികൾക്ക് ബോധവൽക്കരണം നടത്തുകയാണ് അഭികാമ്യം.

ചെളുകല്ല് ഖനനം മുതുതല പഞ്ചായത്തിൽ നാമമാത്രമായിരിക്കുകയാണ്. വ്യവസായിക അടിസ്ഥാനത്തിൽ യന്ത്രസഹായത്തോടെ ഉൽപാദനം വർദ്ധിപ്പിച്ചാൽ ഈ വ്യവസായം വിജയിപ്പിക്കാൻ കഴിയും. തേപ്പ് പണിയില്ലാത്ത ചുമരുകൾ പണിയാമെന്നതിനാൽ കെട്ടിടം പണിയിൽ ഗണ്യമായി ചിലവ് കുറയ്ക്കാൻ കഴിയും.

മുതുതല പഞ്ചായത്തിൽ ഏഴ് ഇഷ്ടിക നിർമ്മാണ കമ്പനികൾ ഉണ്ട്. എങ്കിലും ഇഷ്ടികയുടെ ആവശ്യം നിറവേറ്റാൻ ഇനിയും വ്യവസായങ്ങൾ ആവശ്യമാണ്.

കൃഷി അടിസ്ഥാനമായ വ്യവസായങ്ങൾക്ക് ഈ പഞ്ചായത്തിൽ നല്ല ഭാവി ഉണ്ട്. നെല്ല് ശേഖരിച്ച് അരിയാക്കി കൊടുക്കുക, ഉമി ഉപയോഗിച്ചു വളമുണ്ടാക്കുക ശബ്ദനിയന്ത്രണത്തിനുപയോഗിക്കുന്ന ശബ്ദനിയന്ത്രണ ഉപാധികൾ മുതലായവ ഉൽപാദിപ്പിക്കുക, ഇന്ധനത്തിന് ഉപയോഗിക്കുക, തവിട് മൃഗങ്ങളുടെ ആഹാരമായി ഉപയോഗിക്കുക എന്നീ വ്യവസായസാധ്യതകൾ ഉള്ളതാണ് ഈ മേഖല.

തോട്ടം വിളയായ റബ്ബർ ഉപയോഗിച്ച് റബ്ബർ ഉൽപന്നങ്ങളായ കൈയുറ, ചെരുപ്പ്, ഷൂസ്, പെൻസിൽ റബ്ബർ മുതലായവ നിർമ്മിക്കാം അതിനുവേണ്ട പരിശീലനം കൊടുക്കേണ്ടത് ആവശ്യമാണ്.

മരുന്നിനും ആഹാരപദാർത്ഥങ്ങൾക്കായും ഉപയോഗിക്കുന്ന കൂവപൊടി, വാഴക്കായപൊടി, കപ്പകിഴങ്ങ് പൊടി എന്നിവ സംസ്കരിച്ചെടുക്കാം. പഴം, പച്ചക്കറി എന്നിവ ഉപയോഗിച്ച് ജാം, ശീതളപാനീയങ്ങൾ, ജല്ലി, അച്ചാർ, വറവ്സാധനങ്ങൾ എന്നിവ ഉണ്ടാക്കാം. ഗുണനിലവാരം മെച്ചപെടുത്തിയാൽ നല്ലവിപണി ഉണ്ടാക്കാം. ഗോതമ്പ് പൊടി, കശുവണ്ടി എന്നിവ ഉപയോഗിച്ച് ബേക്കറി സാധനങ്ങൾ ഉണ്ടാക്കാം.

ഫൈബർഗ്ലാസ് ഉൽപന്നങ്ങൾ മുതലായ വ്യാവസായിക ഉൽപന്നങ്ങൾക്കും വിപണി കണ്ടെത്താവുന്നതുമാണ് ഇത്തരം ഒട്ടേറെ വ്യവസായങ്ങൾക്ക് ഇവിടെ സാധ്യത ഉണ്ട്.

കാലിത്തീറ്റ നിർമ്മാണ വ്യവസായത്തിന് മുതുതല പഞ്ചായത്തിൽ സാധ്യതുണ്ട്.

അതിനുവേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്.

കുപ്പികൾ, പ്ലാസ്റ്റിക്ക് സാധനങ്ങൾ എന്നിവ ശേഖരിച്ച് വ്യവസായ മേഖലകളിൽ വിപണനം നടത്താൻ വേണ്ട സംവിധാനം എന്ന നിലയ്ക്ക് സഹകരണസംഘങ്ങളെ ഉത്തരവാദിത്വപെടുത്തുക. ജൈവവളനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

മുതുതല പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങളെകൊണ്ട് വനിതകൾക്കും വിദഗ്ദ്ധ തൊഴിലാളികൾക്കും ലാഭകരമായി നടത്താവുന്ന താഴെ പറയുന്ന കുടിൽ വ്യവസായങ്ങൾക്ക് [illegible]

1. ചക്ക, മാങ്ങ, കൈതച്ചക്ക, കശുമാങ്ങ, വാഴപഴം എന്നിവയിൽ നിന്ന് ജാം, ജെല്ലി ശീതളപാനീയങ്ങൾ എന്നിവ ഉണ്ടാക്കൽ
2. അരിപൊടി, ഗോതമ്പ്പൊടി, മസാലപൊടി എന്നിവ ഉൽപാദിപ്പിക്കാവുന്ന മിൽ
3. പച്ചക്കറിയിൽ നിന്നും അച്ചാർ, വറവ് സാധനങ്ങൾ എന്നിവ നിർമ്മിക്കൽ
4. ആയുർവേദമരുന്ന് നിർമ്മാണം
5. റെഡിമെയ്ഡ് ഉടുപ്പ് നിർമ്മാണം
6. മുള ഈറ്റ മുതലായവ കൊണ്ടുള്ള ഉൽപന്നങ്ങൾ നിർമ്മിക്കൽ
7. മേശ, കസേര, കട്ടിൽ മുതലായവ ഉണ്ടാക്കൽ
8. കരുവാൻ പണി - കാർഷിക ഗാർഹിക, സാമഗ്രികൾ ഉണ്ടാക്കൽ
9. കളിമൺ പാത്രങ്ങൾ കലാസൗന്ദര്യം തുളുമ്പുന്ന കപ്പുകൾ, പിഞ്ഞാണങ്ങൾ, ഭരണികൾ, പൂച്ചട്ടികൾ എന്നിവ ഉണ്ടാക്കൽ.
10. ചൂൽ ചകിരി സാധനങ്ങൾ എന്നിവ ഉൽപാദിപ്പിക്കൽ
11. ബേക്കറി സാധനങ്ങളുടെ ഉൽപാദനം
12. ചിത്രകല - ബ്രഷ് ഉൽപാദനം
13. പാൽ, ഉൽപന്നങ്ങൾ എന്നിവയുടെ ഉൽപാദനം
14. കോഴിവളർത്തൽ
15. ആടുവളർത്തൽ
16. ബയോ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ
17. നെല്ല് കുത്ത്മിൽ
18. എണ്ണമിൽ
19. കൊപ്പര ഉണക്കൽ വ്യവസായം

വനിതകൾക്കും വിദഗ്ദതൊഴിലാളികൾക്കും നടത്താവുന്ന മറ്റ് ചില ചെറുകിട വ്യവസായങ്ങൾ, തൊഴിലുകൾ എന്നിവയുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉണ്ടാക്കൽ.
2. നോട്ടുബുക്ക് നിർമ്മാണം..
3. മെഴുകുതിരി നിർമ്മാണം.
4. ആണി ·നിർമ്മാണം.
5. ഉരക്കടലാസ് നിർമ്മാണം.
6. കുടനിർമ്മാണം.
7. സോപ്പ്, സോപ്പ് പൊടി നിർമ്മാണം.
8. പൂ കൃഷി
9. ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിംഗ്

സേവന വ്യവസായം ആയ താഴെ പറയുന്ന തൊഴിലുകൾ കുടിൽ വ്യവസായരംഗങ്ങളിൽ ചെയ്യാവുന്നതാണ്.

1. സാങ്കേതിക ഉപദേശം നൽകൽ
2. വീഡിയോ ലൈബ്രറി
3. അലക്ക്വ്യവസായം
4. ബാറ്ററി ചാർജ്ജിംഗ്
5. കംപ്യൂട്ടർ ക്ലാസ്
6. ടെലിഫോൺബൂത്ത്
7. സൈൻ ബോർഡ് പെൻറിംഗ്
8. വാച്ച് റിപ്പയറിംഗ്
9. പുസ്തകശാല
10. സ്റ്റേഷനറിഷോപ്പ്
11. ഭോജന ശാല
12. അച്ചടിശാല
13. ശിശുസംരക്ഷണ കേന്ദ്രം

ഇന്ത്യവ്യവസായികമായി പുരോഗമിക്കുകയാണ് വൻകിട വ്യവസായങ്ങൾക്കാവശ്യമായ സ്പയർപാർട്ട്സ് ഉണ്ടാക്കുന്ന ചെറുകിടവ്യവസായങ്ങൾക്ക് നല്ല ഭാവി ഉണ്ട്. ഇതിൽ വ്യവസായം, വിപണനം, പരിശീലനം, ഉത്പാദനം, ഫൈനാൻസ് മേനേജ്മെൻറ് എന്നിവയിൽ മാർഗ്ഗ നിർധേശം ലഭിക്കാനായി കേന്ദ്ര സംസ്ഥാനവ്യവസായ വകുപ്പുകളെ സമീപിക്കാവുന്നതാണ്. താഴെ പറയുന്ന ചെറുകിട വ്യവസായങ്ങൾക്ക് മുതുതല പഞ്ചായത്തിൽ സാധ്യത ഉണ്ട്.

വ്യാവസായിക റബ്ബർ കൊണ്ട് സ്പെയർപാർട്സ്, റ്റ്യൂബ് മുതലായവയുടെ നിർമ്മാണം.
ഫൈബർ ഗ്ലാസ് ഉൽപന്നങ്ങൾ നിർമ്മിക്കൽ.
കോൺക്രീറ്റ് ഉൽപന്നങ്ങളുടെ നിർമ്മാണം.
പി.വി.സി. ഉൽപന്നങ്ങൾ ഉണ്ടാക്കൽ.
റെഡിമെയ്ഡ് ഉൽപന്നങ്ങളുടെ നിർമ്മാണം.
ഇരുമ്പ്, അലുമിനിയം എന്നിവയിൽ നിന്ന് മെഷിനറി, സ്പെയർ പാർട്സ് നിർമ്മിക്കൽ
തുകൽ വ്യവസായം.
...ത്ത് കേന്ദ്രം
ഫ്ലോറിംഗിനും, സീലിംഗിനു ഉപയോഗിക്കാവുന്ന ഇഷ്ടിക നിർമ്മാണം.
അലുമിനിയം ഫാബ്രിക്കേഷൻ
പ്രിൻറിംഗ് പ്രസ്സ്
മെഴുകിൻെറ തീപ്പെട്ടിനിർമ്മാണം
അടക്ക സംസ്കരണ
ചോമിത്തിറ്റ നിർമ്മാണം.

വ്യാവസായിക പരമായ പ്രശ്നങ്ങൾ പരിഹാരങ്ങൾക്ക് മാർഗ്ഗനിർദേശം കൊടുക്കുക. ... സാമ്പത്തിക സഹായം നൽകുക, വ്യാവസായങ്ങൾക്ക് വേണ്ട മുറികൾ വാടകയ്ക്ക് ...കൾ, വിപണനത്തിനുവേണ്ട മാർഗ്ഗനിർദ്ധേശങ്ങൾ കൊടുക്കൽ എന്നിവ കൊണ്ട് ഈ വ്യവസായങ്ങൾ വിജയകരമായി നടത്താൻ കഴിയും.

ഇന്ത്യയിലും വിദേശത്തും ഉള്ള വിപണന സാധ്യതകളെ പറ്റി ഉൽപന്നങ്ങളുടെ ഗുണനിലവാരം ...ർത്താവുന്ന വിധത്തിൽ ബോധവൽക്കരണം നടത്തേണ്ടതാണ്. ഇതിനായി സെമിനാറുകളും ... സംഘടിപ്പിക്കേണ്ടതാണ്. ഓഹരിനിലവാരം, നികുതി ഘടന എന്നിവയെപറ്റിയും ...ധവൽക്കരണം ആവശ്യമാണ്.

...ച്ചക്കറി കൃഷിക്കാർക്ക് പ്രചോദനം എന്ന നിലയ്ക്ക് അവ സംഭരിക്കാനും വിപണി ...ാനും ഉതകുന്നവിധത്തിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.

...ത്തും ഇന്ത്യക്കകത്തും താമസിക്കുന്ന മുതുതല പഞ്ചായത്തുകാരെ സമീപിച്ച് ...വൽക്കരണത്തിനുതകുന്ന സേവനങ്ങൾ തേടുക. അവരുടെ നിർദ്ധേശങ്ങൾ ...ിക്കുക. പ്രോൽസാഹനം എന്ന നിലയ്ക്ക് പത്തു വർഷത്തേക്ക് ചെറുകിട, സേവന ...സായങ്ങൾ, കുടിൽ വ്യവസായങ്ങൾ എന്നിവയെ നികുതികളിൽ നിന്ന് ഒഴിവാക്കുന്ന് ...തമായിരിക്കുക.

## ഗതാഗതം

സ്വാതന്ത്ര്യം ലഭിച്ചിട്ടും ഏതാണ്ട് രണ്ടരദശാബ്ദക്കാലത്തോളം ഇരുപതു ചതുരശ്ര കിലോമീറ്ററോളം വിസ്തൃതിയും ഇരുപതിനായിരത്തിലധികം ജനസംഖ്യയും വരുന്ന മുതുതല പഞ്ചായത്തിൻെറ യാത്രാസൗകര്യങ്ങൾ 14 കി.മീറ്ററിൽ താഴെയുള്ള നാട്ടുപാതയിലൊതുങ്ങി നിന്നു. ഇരുപതാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധം ഏതാണ്ടു പാതി പിന്നിട്ടു കഴിഞ്ഞപ്പോൾ എഴുപതുകളുടെ ആരംഭത്തിലാണ് ഈ നാട്ടുപാതകൾ പി.ഡബ്ലിയു.ഡി. ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുന്നതും ബസ്സെന്ന അസുലഭ യാത്രാസൗകര്യം മുതുതല പഞ്ചായത്ത് നിവാസികൾ അനുഭവിക്കാൻ തുടങ്ങുന്നതും ഏതാണ്ടിക്കാലത്തുതന്നെ ശ്രീ. ഭരതപിഷാരോടിയുടെയും നാട്ടുകാരുടേയും അശ്രാന്ത പരിശ്രമ ഫലമായി പട്ടാമ്പി - പള്ളിപ്പുറം റെയിൽവെ സ്റ്റേഷനുകളിൽ ഇടയിൽ കൊടുമുണ്ടിയിൽ ഒരു റെയിൽവെ ഹാൾട്ടും അനുവദിച്ചു കിട്ടിയതോടെ റെയിൽവെ യാത്രാസൗകര്യം എന്ന മുതുതലക്കാരുടെ സ്വപ്നവും സഫലമായി. നാലു പാസഞ്ചർ വണ്ടികൾ കൊടുമുണ്ട ഹാൾട്ടിൽ 'ഒരു മിനിട്ടുനേരം' നിർത്തുന്നുണ്ടെങ്കിലും ഒരു സർക്കസ് അഭ്യാസിയുടെ മെയ്മഴക്കമുള്ളവനെ 'ഇറങ്ങാനും' 'കയറാനും' ധൈര്യപ്പെടുയെന്നതാണ് പരമാർത്ഥം. അതുകൊണ്ടു തന്നെ സ്ത്രീകളും കുട്ടികളും മാത്രമല്ല ശാരീരികാരോഗ്യത്തിൻെറ കാര്യത്തിൽ ശരാശരിക്കു കീഴിലുള്ളവരെല്ലാം കൊടുമുണ്ട ഹാൾട്ടു ഉപയോഗിച്ചുള്ള തീവണ്ടി യാത്ര ഒഴിവാക്കുകയാണ് പതിവ്. എന്നിട്ടും 1992 -93 വർഷത്തിൽ 11,483 പേരും 93 -94ൽ 10,471 പേരും 94 - 95 വർഷത്തിൽ 11,687പേരും ഈ ഹാൾട്ടിൽ നിന്ന് ടിക്കറ്റെടുത്ത് യാത്ര ചെയ്തിട്ടുണ്ടെന്ന കാര്യം ഇവിടത്തുകാർ അനുഭവിക്കുന്ന യാത്രാ ദുരിതത്തിൻെറ തീവ്രതയെയാണ് കാണിക്കുന്നത്. ദിവസേന ഏകദേശം 40 സീസൺ ടിക്കറ്റുകാർ ഈ റെയിൽവെ ഹാൾട്ടിൽ നിന്ന് യാത്ര തിരിക്കുന്നു. പ്ലാറ്റ്ഫോറം ഉയർത്തി കൊടുമുണ്ട റെയിൽവെ ഹാൾട്ടു വഴിയുള്ള യാത്ര ആയാസരഹിതമാക്കണമെന്ന ജനകീയ ആവശ്യം ഇന്നും കടലാസു താളുകളിൽ വിശ്രമം കൊള്ളുന്നു.

പട്ടാമ്പി - ചെറുകുടങ്ങാട് പാത പി ഡബ്ലിയു.ഡിക്കു കീഴിൽ വന്നതോടെ പട്ടാമ്പി - പള്ളിപ്പുറം റൂട്ടായി വികസിച്ചു. മുതുതല പഞ്ചായത്തിലെ എട്ടാം വാർഡ് മാത്രമാണ് ഈ റോഡുമായി നേരിട്ടു ബന്ധമില്ലാത്ത ഒരേയൊരു പ്രദേശം. ബാക്കി എട്ടു വാർഡുകളും ഈ റോഡിനിരുവശത്തുമായി കിടക്കുന്നു എന്നതു കൊണ്ടുതന്നെ മുതുതല പഞ്ചായത്തിൻെറ ജീവനാഡിയാണി ഈറോഡെന്നു പറയാം. തൃത്താല കൊപ്പത്തും നിന്ന് ആരംഭിച്ച് മുതുതല സെൻററിൽ എത്തിച്ചേരുന്ന പി.ഡബ്ലിയു.ഡി റോഡ് നാലാം വാർഡിൻെറ മദ്ധ്യത്തിലൂടെയാണ് കടന്നുപോകുന്നത്. അടുത്ത കാലത്ത് എം.എൽ.എ. റോഡായി പി.ഡബ്ലിയു.ഡി. ഏറ്റെടുത്ത് പണിപൂർത്തിയാക്കിയ മുതുതല പട്ടാമ്പി (വഴി ശങ്കരമംഗലം) റോഡ് ഒരു നേട്ടമാണ്.

കെ.എസ്.ആർ.ടി.സി. ബസ്സ് മുതുതലക്കാർക്കിന്നും ഒരു അത്ഭുതവസ്തുവാണ്. മുതുതല വഴി പട്ടാമ്പി - പള്ളിപ്പുറം റൂട്ടിലും പട്ടാമ്പി - കൊപ്പം റൂട്ടിലും മുതുതല - ചെമ്പ്രവഴി

...ളാഞ്ചേരിയിലേക്കും കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഏർപ്പെടുത്തിയാലേ ഈ പഞ്ചായത്തിലെ യാത്രാക്ലേശത്തിന് അല്പമെങ്കിലും പരിഹാരം ഉണ്ടാവൂ.

മുതുതല പഞ്ചായത്തിലെ ടാർ ചെയ്ത് കഴിഞ്ഞിട്ടുള്ളതും ബസ്സ് യാത്രാ സൗകര്യങ്ങളില്ലാത്തതുമായ റോഡുകളെ ബന്ധിപ്പിച്ചുകൊണ്ട് പഞ്ചായത്തിൻെറ നേതൃത്വത്തിൽ മിനി ബസ്സ് ഏർപ്പെടുത്തണമെന്ന് ഗ്രാമസഭകളിൽ നിർദേശങ്ങളിൽ ഒന്ന്. സാധ്യമാകുമെങ്കിൽ പരീക്ഷിച്ചുനോക്കാവുന്ന ഒരു നിർദേശമാണിത്.

ബസ്സു യാത്രക്കാരുടെ സൗകര്യാർത്ഥം കാരക്കുന്ന്, നാലങ്ങാടി, വൈദ്യശാല, കൊടുമുണ്ടവളവ്, പുതിയ ഗൈറ്റ് എന്നീ സ്ഥലങ്ങളിൽ ബസ്സ് വൈറ്റിങ്ങ് ഷെഡുകൾ പണിയണമെന്ന ആവശ്യവും പരിഗണിക്കേണ്ടതാണ്.

ദുർലഭം സ്ഥലങ്ങളിലെങ്കിലും പഞ്ചായത്തു വക റോഡുകളിലും കൈയ്യേറ്റത്തിൻെറ പ്രവണത കാണുന്നുണ്ട്. പഞ്ചായത്തിൻെറ സത്വരശ്രദ്ധ പതിയേണ്ട വിഷയമാണിത്

## നിലവിലുള്ളതും വികസനസാദ്ധ്യതകൂടിയതുമായ റോഡുകൾ

1. **പെരുമുടിയൂർ ആലിക്കപ്പറമ്പ് ആർ.എൽ.ഇ.ജി.പി. റോഡ്**

1984ൽ ആർ.എൽ.ഇ.ജി.പി.സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള റോഡാണിത്. മുതുതല പഞ്ചായത്തിലെ ജനസാന്ദ്രത കൂടിയ 7,8വാർഡുകളിലൂടെ കടന്നു പോയി 4 വാർഡിലെ കൊഴിക്കോട്ടിരിയിൽ എം.എൽ.എ റോഡുമായി ബന്ധിക്കുന്നു. നിർമ്മാണകാലത്തുതന്നെ കൊഴിക്കോട്ടിരി ഭാഗത്തുള്ള 600 മീ. സ്ഥലം ഒഴിച്ച് ഭാക്കി 2.5കി.മീ. ടാറിൻപൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു അറ്റകുറ്റപണികളും നടത്തിയിട്ടില്ലാത്തതിനാൽ തകർന്നുകൊണ്ടിരിക്കുകയാണ്. ഈ റോഡ് പട്ടാമ്പി - പള്ളിപ്പുറം പി. ഡബ്ലിയു.ഡി റോഡുമായി ബന്ധിക്കുന്നത് കാവൽക്കാരനില്ലാത്തതും ഹെവി വാഹനങ്ങൾക്കു പ്രവേശനം നിഷേധിച്ചിട്ടുള്ളതുമായ ഒരു ലെവൽ ക്രോസ് മൂലമാണെന്നതാണ് ഏറ്റവും വലിയ ശാപം. ലെവൽ ക്രോസ് കാവൽക്കാരനുള്ളതും ഹെവി വാഹനങ്ങൾക്ക് പ്രവേശിക്കാൻ കഴിയുന്നതുമായ ലെവൽ ക്രോസാക്കി അടിയന്തരമായും മാറ്റേണ്ടിയിരിക്കുന്നു.

കൊഴിക്കോട്ടിരി ഭാഗത്ത് ടാർ ചെയ്യാനുള്ള ഭാഗം ടാറിങ്ങ് നടത്തുകയും റീടാറിങ്ങ് നടത്തി ഗതാഗതയോഗ്യമാക്കുകയും ചെയ്താൽ ഏറെ വികസനസാദ്ധ്യതയുള്ള റോഡാണിത്. നിർദ്ധിഷ്ട പറക്കാട് - കൊഴിക്കോട്ടിരി (റേഷൻകടവഴി) റോഡു പൂർത്തീകരിക്കുന്നതോടെ മുതുതല പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശങ്ങളെ മുഴുവൻ കൂട്ടിയോജിപ്പിച്ചുകൊണ്ട് പറക്കാട്ടു നിന്നും പട്ടാമ്പിയിലേക്ക് ഏറ്റവും കുറഞ്ഞ ദൂരത്തിൽ യാത്ര ചെയ്യാവുന്ന ഒരു സമാന്തര റൂട്ടായി

വികസിക്കാനുള്ള സാദ്ധ്യതയുണ്ട്.''

### 2. ടാഗോർറോഡ്

പെരുമുടിയൂർ ആർ.എൽ.ഇ.ജി.പി.റോഡിൽ ആലിക്കാപറമ്പിൽ നിന്നു തുടങ്ങി പട്ടാമ്പി പഞ്ചായത്തിലെ കുളപ്പുറം പാറയുമായി ചേരുന്ന റോഡാണിത്. മുതുതല പഞ്ചായത്തിലെ 710 മീ. ഭാഗം 6 മീ.വീതിയും പട്ടാമ്പി പഞ്ചായത്തിലെ കുളപ്പുറം പാറഭാഗത്ത് 4 മീറ്ററുമേ വീതിയുള്ളൂ എന്നതാണ് ഈ റോഡിൻെറ ദോഷം. റോഡ് വീതികൂട്ടി പട്ടാമ്പിയുമായി ബന്ധിപ്പിച്ചാൽ പട്ടാമ്പിയിൽ നിന്നും മുതുതലയിലേക്കുള്ള യാത്രാദൂരം 3 കി.മീറ്ററോളം ലാഭിക്കാൻ കഴിയും ഇത് ഏറെ വികസന സാധ്യതയുള്ള റോഡാണ്.

### 3. കൊഴിക്കോട്ടിരി ശങ്കരമംഗലം എം.എൽ.എ.റോഡ്

ജോലിക്ക് കൂലി ഭക്ഷണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണമാരംഭിച്ച മുതുതല കൂമ്പംകല്ലു റോഡ് പണിയെങ്ങുമെത്താതെ കിടക്കുകയും ഒടുവിൽ ഇന്നത്തെ ബഹു.റവന്യൂ മന്ത്രി. ശ്രീ.കെ. ഇസ്മയിൽ പട്ടാമ്പി എം.എൽ.എ ആയി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ 1984ൽ ഈ റോഡ് എം.എൽ.എ സ്കീമിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു 1994ഓടെ ടാറിങ്ങു പൂർത്തീകരിച്ചിട്ടുള്ള റോഡിലൂടെ ബസ്സ് ഗതാഗതം ഉടനെ ആരംഭിക്കേണ്ടിയിരിക്കുന്നു

### 4. കൊഴിക്കോട്ടിരി – കള്ളി വളപ്പ് റോഡ്

പട്ടാമ്പി - പള്ളിപ്പുറം പി.ഡബ്ലിയു.ഡി റോഡിൽ പഞ്ചായത്ത് ഓഫീസ് പ്രദേശത്തുനിന്ന് ആരംഭിച്ച് മച്ചിങ്ങത്തൊടി വഴി പട്ടാമ്പി പള്ളിപ്പിറം റോഡിൽ കരുവാൻപടിയിൽ എത്തുന്ന റോഡാണിത്. ടാർ വർക്കടക്കം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആദ്യം പണി തീർന്ന ഭാഗങ്ങൾ അറ്റകുറ്റ പണികളുടെ അഭാവത്തിൽ തകർന്നുകൊണ്ടിരിക്കുകയാണ്. ഗതാഗതയോഗ്യമാക്കിയാൽ പട്ടാമ്പി - പള്ളിപ്പുറം ദൂരം 1.5കി.മി. കുറയും.

### 5. കൊടുമുണ്ട – കുളപ്പുറംപാററോഡ്

മുതുതല പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തായി ഉയർന്നു നിൽക്കുന്ന മുത്തശ്ശ്യാർ - പാലപ്പുറം കുന്നുകൾ പഞ്ചായത്തിന് രണ്ടു വ്യത്യസ്ഥ പ്രദേശങ്ങളായി വേർതിരിച്ചുനിർത്തുന്നു. കിഴക്കുഭാഗത്തുള്ള പെരുമുടിയൂർ നിവാസികൾക്ക് മുതുതല പ്രദേശത്ത് എത്തുന്നതിനും മറിച്ച് മുതുതലക്കാർക്ക് പെരുമുടിയൂരിലെത്തുവാനും പട്ടാമ്പി - പള്ളിപ്പുറം റോഡുവഴി യാത്ര ചെയ്യേണ്ട ഗതികേടിലായിരിക്കുന്നു. ഈ വസ്തുത കണക്കിലെടുത്ത് കഴിഞ്ഞ പഞ്ചായത്തു ഭരണസമിതിയുടെ ശ്രമഫലമായി നിർമ്മാണം തുടങ്ങിയ പ്രധാന റോഡാണിത്. മുതുതല പഞ്ചായത്തിലെ പ്രധാന

തീർത്ഥാടനകേന്ദ്രമായ മുത്തശ്ശ്യാർ കാവു വഴി കടന്നുപോകുന്നതിനാൽ ഈ റോഡിൻെറ യാത്രാപ്രാധാന്യം ഇരട്ടിക്കുന്നു. മാത്രമല്ല മഞ്ചനപ്പറമ്പ്. പൂക്കാട്ടുകുന്ന്, ഭട്ടിമനമിച്ചഭൂമി, പുതുശ്ശേരി പടി, തുടങ്ങിയ നാലോളം ഹരിജൻ കോളനികളെ ബന്ധിപ്പിച്ചുകൊണ്ട് കടന്നുപോകുന്ന റോഡാണിത്. പണിപൂർത്തീകരിക്കുമ്പോൾ മുതുതല പഞ്ചായത്തിലെ ഏതുവശത്തേക്കുമുള്ള യാത്രാദൂരം ഗണ്യമായി കുറവുവരുന്നതരത്തിലുള്ള തന്ത്രപ്രധാനമായ റോഡാണിത്. പട്ടാമ്പി - പളളിപ്പുറം പി.ഡബ്ലിയു.ഡി റോഡിൽ കൊടുമുണ്ട സെൻററിൽ നിന്നും ആരംഭിച്ച് പെരുമുടിയൂർ ആർ.എൽ.ഇ.ജി.പി.റോഡിൽ ആലിക്കപറമ്പിൽ ചെന്നുചേരുന്ന ഈ റോഡ് ജെ.ആർ.വൈ. പദ്ധതി ഉൾപ്പെടുത്തി ഈ വർഷം കൊടുമുണ്ട ഭാഗത്തുനിന്നും ടാറിങ്ങ് തുടങ്ങിയിട്ടുണ്ട്.

6. **ആലിക്കൽ സെൻറർ - കൊടുമുണ്ട ജാറംറോഡ്**

കൊടുമുണ്ട - കൊളപ്പുറം പാറ റോഡിൽ ആലിക്കൽ സെൻററിൽ നിന്ന് ആരംഭിച്ച് പട്ടാമ്പി - പളളിപ്പുറം റോഡിൽ ജാറം പോയൻറിൽ അവസാനിക്കുന്ന ഈ റോഡിൻെറ പുനനാരപ്പടിവരെയുളള 700മീ. ദൂരം നിർമ്മാണം കഴിഞ്ഞിട്ടുണ്ട്. ബാക്കി വരുന്ന 300 മീ. പുതുതായി നിർമ്മിക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്യണം.

7. **കാരക്കൂത്ത് - കളളിവളപ്പ് കുഴിപറമ്പ് റോഡ്**

ഒന്നാം വാർഡും 5 വാർഡുംമായി ബന്ധപ്പിക്കുന്ന ഈ റോഡ് ജെ.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചതാണ്. മെറ്റൽ ചെയ്ത് ടാർ പണി നടത്തണം.

8. **പറക്കാട് സെൻറർ - മേൽമുറി റോഡ്**

ഈ റോഡ് പറക്കാട് സെൻറർ മുതൽ കൊപ്പം പഞ്ചായത്ത് അതിർത്തിവരെയുളള ഭാഗം ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

9. **കൊടുമുണ്ട സെൻറർ - ചേക്കൂർമന - ആശാരിപ്പടി റോഡ്**

ജെ.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണമാരംഭിച്ചിട്ടുളളതും മണ്ണാരത്തുപ്പടിവരെ എത്തിനിൽക്കുന്നതുമായ റോഡ് ആശാരിപടിയിൽ കരുവാൻപടിറോഡമായി ബന്ധിപ്പിക്കേണ്ടിയിരിക്കുന്നു.

10. **കൊടുമുണ്ട - ഹൈസ്കൂൾ റോഡ്.**

കൊടുമുണ്ട ഹൈസ്കൂൾവരെ കൊണ്ടെത്തിയിരിക്കുന്ന റോഡ് മുത്തശ്ശ്യാർക്കാവുവരെ

നീട്ടേണ്ടിയിരിക്കുന്നു.

11. പറക്കാട് വേട്ടാംകുന്ന്റോഡ്

ഈ റോഡ് വീതിയില്ലാത്ത ഭാഗങ്ങൾ വീതികൂട്ടുകയും ടാർ വർക്കു നടത്തി ഗതാഗത യോഗ്യമാക്കുകയും വേണം.

## പുതുതായി നിർമ്മിക്കേണ്ട പ്രധാന റോഡുകൾ

1. പറക്കാട് - റേഷൻകടവഴി - കൊഴിക്കോട്ടിരിറോഡ്

പറക്കാട്ടുനിന്നും തുടങ്ങി റേഷൻകടവഴി കൊഴിക്കോട്ടിരിയിൽ എം.എൽ.എ.റോഡിൽ വന്നുചേരുന്ന റോഡാണിത്. മധ്യത്തിൽ റോഡിന് പാലവും നിർമിക്കേണ്ടതുണ്ട്. വളരെക്കാലം മുൻപുതന്നെ നിർദ്ദേശത്തിലുള്ള ഈ റോഡ് പൂർത്തീകരിക്കുകയാണെങ്കിൽ നിലവിലുള്ള പി.ഡബ്ല്യു.ഡി. റോഡിനു സമാന്തരമായി മുതുതല പഞ്ചായത്തിൻെറ കിഴക്കു ഭാഗങ്ങളിലൂടെ പറക്കാടു നിന്നും പട്ടാമ്പിയിലേക്കുള്ള യാത്രാദൂരം 3കി.മീ. കുറക്കാൻ കഴിയുമാറ് വളരെയധികം വികസന സാധ്യതയുള്ള റോഡാണിത് പട്ടാമ്പി ബസ്സ്റ്റാൻറുവരെ ചെന്നു ചേരുന്നതായിരുന്നു ഈ റോഡിൻെറ ആദ്യകാല നിർദ്ദേശമെന്നതും കണക്കിലെടുക്കേണ്ടതുണ്ട്. പറക്കാടു കൊഴിക്കോട്ടിരി ഭാഗം പൂർത്തീകരിക്കുകയാണെങ്കിൽ തന്നെ തുടർന്ന് ആർ.എൽ.ഇ.ജി.പി. റോഡു വഴി പട്ടാമ്പിയിലെത്തിച്ചേരുവാൻ കഴിയും.

2. പെരുമുടിയൂർ - പട്ടാമ്പി ലിങ്ക്റോഡ്

റെയിൽവെ ലെവൽക്രോസ് ഒഴിവാക്കിക്കൊണ്ട് പട്ടാമ്പിയിൽ നിന്നും മുതുതല പഞ്ചായത്തിലേക്ക് നേരിട്ടു പ്രവേശനമുള്ള ആവശ്യത്തിനു വീതിയുള്ള ഒരു റോഡില്ലെന്നുള്ളതാണ് മുതുതല പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിലൂടെ ബസ്സ് ഗതാഗതം ആരംഭിക്കുന്നതിനു തടസ്സമായി നിൽക്കുന്നത് പെരുമുടിയൂർ ആർ.എൽ.ഇ.ജി.പി. റോഡിലെ ആച്ചിതൊടി വളപ്പിൽ നിന്നും പട്ടാമ്പി പഞ്ചായത്തിലെ എ.ജെ.ബി. സ്കൂൾ റോഡു തുടങ്ങുന്ന പണ്ടാരത്തു പടിയിലേക്ക് നെരികുറ്റിപ്പാടം വഴി 850 മീറ്ററോളം ദൂരമേയുള്ളു. മദ്ധ്യത്തിൽ കണ്ടുതോടിനു ഒരു പാലവും നിർമിക്കേണ്ടി വരും റോഡു നിർമാണത്തിനാവശ്യമായ സ്ഥലം സൗജന്യമായി വിട്ടുതരാൻ തദ്ദേശ വാഡികൾ തയ്യാറാണ്. പുതിയഗേറ്റ്, ലെവൽക്രോസ് ഹെവി വാഹനങ്ങൾക്കു പ്രവേശന യോഗ്യമാക്കി ഉയർത്തുകയാണെങ്കിൽ പട്ടാമ്പിയിൽ ഇന്നനുഭവിക്കുന്ന യാത്രാക്കുരുക്കിന്നുള്ള ഒരളവോളം പരിഹാരം കാണാനും ഈ റോഡ് ഉപകരിക്കുന്നതാണ്.

3. **നിലപറമ്പ് റോഡ്**

പട്ടാമ്പി - പള്ളിപ്പുറം പി.ഡബ്ലിയു.ഡി റോഡിൽ നിന്നു തുടങ്ങി ആറാംവാർഡിലൂടെ നിലപറമ്പു വഴി വി.ടി. ശങ്കരൻെറ പടിക്കലെത്തി നിൽക്കുന്ന റോഡാണിത്. നിർമാണം നടന്നിട്ടുള്ളിടത്തു തന്നെ വാഹനയാത്ര സാദ്ധ്യമല്ലാത്ത വിധമുള്ള കുത്തനെയുള്ള കയറ്റമാണിന്ന്. ഈ കയറ്റം കുറയ്ക്കുകയും റോഡ് ാ൦ം വാർഡിൽ കൊടുമുണ്ട - കുളപ്പുറം പാറ റോഡുമായി യോജിപ്പിക്കുകയും വേണം.

4. **വരകുളം – വാഴക്കോട്ടുകുളം റോഡ്**

തറ - പെരുമുടിയൂർ റോഡിൽ വരകുളം ഭാഗത്തു നിന്നു തുടങ്ങി കൊടുമുണ്ട - കുളപ്പുറം പാററോഡുവഴി ൭ാം വാർഡിൽ വാഴക്കോട്ടുകുളത്തിനു സമീപം കൊഴിക്കോട്ടിരിയിൽ കൊട്ടക്കുന്നു ഭാഗത്തു സന്ധിക്കുന്നു 4,8,7 വാർഡുകളെ നേരിട്ടുബന്ധിച്ചു കൊണ്ടുള്ള റോഡായിരിക്കുമിത്.

5. പുതിയ ഗേറ്റിലുള്ള ലെവൽക്രോസ് ഹെവി വാഹനങ്ങൾക്ക് പ്രവേശനം സാദ്ധ്യമാക്കുമാറ് പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

**ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുള്ള മറ്റുറോഡുകൾ:-**

നാലു ചക്രമുളള ഒരു വാഹനം സ്വന്തം വീട്ടുപടിക്കൾഎത്തുക എന്നത് ആധുനിക ജീവിതരീതിയിൽ ഒരാഗ്രഹമല്ല. അത്യാവശ്യമാണ്. ഇതുലക്ഷ്യംവെച്ചുകൊണ്ടു കഴിഞ്ഞ പഞ്ചായത്തു ഭരണ സമിതിയുടെ ഭരണകാലത്ത് ഏറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും മുതുതല പഞ്ചായത്തുപോലെ ദാരിദ്ര്യം പിടിച്ച ഒരു പഞ്ചായത്തിന് ആഗ്രഹങ്ങളും സാധ്യതകളും തമ്മിലുള്ള അന്തരം വളരെ വലുതായിരിക്കുമല്ലോ. ഈ പരിതസ്ഥിതിയിൽ ഗതാഗതചർച്ചയിൽ ഗ്രാമസഭകളിൽ പൊന്തിവന്ന ആവശ്യങ്ങൾ നാലു പഞ്ചവത്സര പദ്ധതികൾ കൊണ്ടുപോലും പൂർത്തീകരിക്കാൻ കഴിയാത്തത്ര വലുതായി പോയതിൽ അത്ഭുതപ്പെടാനില്ല. അത്യാവശ്യവും പരിഗണനാർഹവുമായ ആവശ്യങ്ങളെ ഇങ്ങിനെ ക്രോഡീകരിക്കാമെന്നുകരുതുന്നു.

## വാർഡ്1

വടക്കും മുറി - പള്ളിറോഡ്, താളിക്കൂത്ത് - ആണ്ടാത്ത് റോഡ്, നാലങ്ങാടി, മനക്കൽ പടിറോഡ്, നടുവട്ടാററോഡ് എന്നിവ ടാർ ചെയ്തു ഗതാഗത യോഗ്യമാക്കണം.

കാരക്കുത്ത് - കാരക്കുന്ന് കോളനി വഴി കൊടുമുണ്ട ഭാഗത്തേക്കും കാരക്കുന്ന് കൈപറമ്പ് മച്ചിങ്ങത്തൊടി ഭാഗത്തേക്കും, കാരക്കുളും റോഡ് കുഴിപ്പറമ്പു ഭാഗത്തേക്കും ആണ്ടാം കോളനി മനക്കൽ പടി റോഡുമായി ബന്ധിപ്പിക്കുകയും മനക്കൽപടി മറിയാല വഴി കാരക്കുത്തു മെയിൻറോഡുമായി ബന്ധിപ്പിക്കുകയും, പയ്യൂർപടി - കാരമുക്ക് താളിക്കുന്ന് റോഡുമായി ബന്ധിപ്പിക്കുകയും ആറൊടി പുത്തൻ കവലറോഡും ആറൊടി - മിച്ചഭൂമി വഴി വടക്കോട്ടും റോഡു നിർമ്മിക്കണം. കയ്പ്പുറം മുതൽ കോൽകുന്ന് റോഡു നിർമ്മിക്കണം.

## വാർഡ് 2

1. പള്ളിപ്പുറം റോഡിൽ നിന്ന് 2വാർഡിൻെറ കിഴക്കുഭാഗത്ത് കോതകുളം വഴി മലയോര റോഡിലേക്ക് സുമാർ 2കി.മീ. നീളത്തിൽ പുതിയ റോഡ് നിർമ്മിക്കണം.
2. മെയിൻ റോഡിൽ കൊഴിക്കോട്ടിരി റോഡു ചേരുന്ന ഭാഗത്തുനിന്നു പള്ളിപ്പുറം ചേരുന്ന തരത്തിൽ ഒരു ലിങ്ക് റോഡ്
3. തോട്ടപ്പുറത്ത് റൈസ്മിൽ ഭാഗത്തുനിന്നും തെക്കോട്ട് പഞ്ചായത്താഫീസിന്നുസമീപത്തേക്ക് 1.5കിമീ. നീളം വരുന്ന റോഡ്.
4. ആണ്ടാത്ത കോളനി റോഡിൽ നിന്നു. കുളിപ്പാറ പടിവരെ ഉദ്ദേശം 1.കിമി.നീളം വരുന്ന ലിങ്ക് റോഡ്.
5. ഓടത്തൊടി ഭാഗത്ത് നിലവിലുള്ള റോഡിൽ നിന്നും മുറത്തൊടി വീടിനു സമീപത്തുകൂടി മഠത്തിൽപടി റോഡിലേക്ക് ലിങ്ക് റോഡ്.
6. മുതുതല ഭാഗത്തുനിന്നു പള്ളി വഴി അണ്ണേംകോട് ഭാഗത്തേക്ക് ഉള്ള റോഡ് ഒന്നാം വാർഡിലെ ലിങ്ക് റോഡ് സഹിതം ടാർ ചെയ്യണം.
7. മഠത്തിൽ പടി റോഡിൽ നിന്നും പള്ളിപ്പുറം മെയിൻറോഡിലേക്ക് ഗണപതി ക്ഷേത്രത്തിനു സമീപം ഒരു ലിങ്ക് റോഡ് നിർമ്മിക്കണം.
8. ആണ്ടാത്തു കോളനിയുടെ ഉൾഭാഗങ്ങളെ ബന്ധിപ്പിക്കുന്ന തരത്തിലുള്ള' ഒരു റോഡ് നിർമ്മിക്കണം.
9. കുറവത്തൊടി ആണ്ടാത്തുറോഡും ഓടത്തൊടിറോഡും ഒരു ചെറിയ ലിങ്ക് റോഡുവഴി ബന്ധിപ്പിക്കണം.
10. കണിയാംകുഴിക്ക് കിഴക്കുഭാഗത്തുള്ള നിവാസികൾക്കു നിലവിൽവഴി സൗകര്യമില്ലാത്തതിനാൽ അവർക്കുകൂടി സൗകര്യപ്പെടുമാറ് ഒരു റോഡുനിർമ്മിക്കണം.

## വാർഡ് 3

1. എസ്.പി കോളനിവഴി റോഡ് കൊഴിക്കോട്ടിരി റോഡുമായി ബന്ധിപ്പിക്കണം.
2. 3വാർഡ് 9വാർഡുമായി ബന്ധിപ്പിക്കുന്ന റോഡ് ഗതാഗതയോഗ്യമാക്കണം.
3. കൈലാസ് വഴി ശാന്തിസദൻ കൃഷ്ണൻനമ്പൂതിരി കൊഴിക്കോട്ടിരി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.
4. 4 വാർഡും 3 വാർഡുമായി ബന്ധിപ്പിക്കുന്ന റോഡിൻെറ പണിപൂർത്തീകരിക്കണം.
5. എൻ.എസ്.എസ്.റോഡ് പെരുമുടിയൂർ റോഡുമായി ബന്ധിപ്പിക്കണം.
6. മുതുതല വില്ലേജ് - പുളിയം കുന്നത്ത് വഴി കാരക്കുത്തുമായി ബന്ധിപ്പിക്കുന്ന ഒരു റോഡു പണിയണം.
7. കൊടുമുണ്ട ഹൈസ്കൂളിലേക്ക് കൊഴിക്കോട്ടിരി ഭാഗത്ത് നിന്നും പോകുന്ന കുട്ടികൾക്ക് സൗകര്യപ്പെടുമാറ് കോളനി വഴി യാത്രാസൗകര്യം ഏർപ്പെടുത്തണം.
8. എം.എൽ.എ. റോഡിൽ തകർന്ന പാലവും ഇടിഞ്ഞ ഭാഗവും ഉടനെ നേരയാക്കണം.

## വാർഡ് 4

1. കരുവാത്തിപ്പടി - പറക്കാട് റോഡ് നന്നാക്കുകയും തോടിനു പാലം നിർമിക്കുകയും ചെയ്യുക.
2. പൂഞ്ചേരി കുണ്ടനിടവഴി വീതി കൂട്ടി 8 മീ. റോഡാക്കി ചീനിക്കല്ലുമായി ബന്ധിപ്പിക്കണം.
3. പുല്ലാനിക്കാട്ടുപടി വഴിയുള്ള റോഡ് പന്തക്കളം, മിച്ചഭൂമി ഭാഗങ്ങളിലേക്ക് കൂടി നീട്ടണം.
4. മുള്ളേംകല്ല് അന്താണിമുതൽ ശോഭപറമ്പുവരെയുള്ള റോഡിൻെറ നിർമ്മാണം വളരെയധികം ജനങ്ങൾക്കു പ്രയോജനപ്പെടും.
5. പാറപ്പുറം മുതൽ അമ്മനൂർ അമ്പലം വഴി ചീനിക്കല്ലുവരെ റോഡു നിർമിക്കണം.
6. പാറപ്പുറം കോളനിമുതൽ ഉണിക്കാട്ടുപടി കോളനി വരെ റോഡു നിർമിച്ച് അന്യോന്യം ബന്ധിപ്പിക്കണം.
7. അങ്ങാടിപറമ്പു മുതൽ വള്ളൂർ പള്ളിവരെയുള്ള റോഡ് നന്നാക്കി ടാർ ചെയ്യണം
8. ഉണിക്കാട്ടുപടി ചീരൻ കുഴി പള്ളിയാലിൽവഴി സോമിൽ ഭാഗത്തേക്ക് റോഡു നിർമ്മിക്കണം.

## വാർഡ് 5

1. കൊടുമുണ്ടസെൻറർ - ചേകൂർമന - ആശാരിപ്പടി റോഡ് നിർമിക്കണം.
2. കൊടുമുണ്ട സെൻററിൽ നിന്നും തോട്ടേങ്ങരവഴി ഒരു റോഡു നിർമിക്കണം.
3. തോട്ടേങ്ങര റോഡ് കാരക്കുത്ത് റോഡുമായി യോജിപ്പിക്കുകയും പുനരുദ്ധാരണ പ്രവർത്തികൾ നടത്തി ടാർ ചെയ്യണം
4. എരുക്കും പുറം റോഡിൽ നിന്ന് അംഗനവാടി വഴിയുള്ള റോഡ് റയിൽവെ ലയിനിൽ മുട്ടിക്കണം.
5. എരിക്കൻപുറം റോഡ് റിപ്പയർ ചെയ്യണം.
6. നിലവിലുള്ള എല്ലാ ഗ്രാമീണ റോഡുകളും ടാർ ചെയ്യണം.

## വാർഡ് 6

1. ചെറുശ്ശേരി അമ്പലം മുതൽ പടിഞ്ഞാറേതിൽ വീടുവഴി കടവത്തു മുഹമ്മദിൻെറ വീടുവരെയുള്ള വഴി റോഡാക്കണം.
2. കുന്നത്തുപടിമുതൽ - ചുടല - പള്ളിഭാഗത്തേക്കുള്ള ഇടവഴി റോഡാക്കി മാറ്റണം.
3. ആശാരിപ്പടിമുതൽ ആലിക്കാപടി കോളനിവരെ റോഡു നിർമ്മിക്കണം.
4. ചീതപ്പുറം കോളനിയിലേക്കുള്ള ഇടവഴി റോഡാക്കി നിലപ്പറമ്പു റോഡുമായി ചേർക്കണം
5. തറയിൽ നിന്നും അരിത്തൊടി ഐ.എച്ച്.ഡി.പി.കോളനി വഴി ജുമാഅത്ത് പള്ളി കർത്തനാതൊടി അബ്ദുറഹിമാൻെറ വീടുവരെയുള്ള റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
6. പൂഞ്ചേരി മുഹമ്മദിൻെറ വീടുമുതൽ അരിത്തൊടി കോളനിവരെയുള്ള ഇടവഴി റോഡാക്കണം.
7. പുല്ലാനിക്കോട് റോഡുപാറേൽതൊടി വഴി പൂർത്തീകരിക്കണം
8. കൊടുമുണ്ട ജാറം - പൂപ്പൻതൊടി വഴി കുന്നത്തൊടി കോളനി റോഡിലേക്ക് ബന്ധപ്പെടുത്തി

റോഡു നിർമ്മിക്കണം.

9. അലിയുടെ ഇഷ്ടികകമ്പനിമുതൽ തുടങ്ങുന്ന ഇടവഴി കുന്നത്തൊടി കോളനി റോഡിലേക്ക് ബന്ധിപ്പിച്ച് റോഡാക്കിമാറ്റുക.
10. നിലപ്പറമ്പിലേക്കുള്ള റോഡുകയറ്റം കുറച്ച് ഗതാഗതയോഗ്യമാക്കുക.
11. തൂമ്പ്രത്തൊടി കോളനിയിലേക്ക് പാടം വഴി റോഡ് നിർമ്മിക്കുക.
12. പട്ടാമ്പി പള്ളിപ്പുറം റൂട്ടിലോടുന്ന ഏതാനും ബസ്സുകൾ എങ്കിലും പുതിയ ഗൈറ്റ് തറ വഴി തിരിച്ചു വിടാനുള്ള ഏറപ്പാടു ചെയ്യണം.
13. പട്ടാമ്പി - പള്ളിപ്പുറം പി.ഡബ്ലിയു.ഡി. റോഡിൽ കോയപ്പടിയിൽനിന്നും ഓറിയൻറൽ ഹൈസ്കൂളിലേക്കുള്ള നടവരമ്പ് വീതികൂട്ടി റോഡ് ആക്കുക.
14. തറ റോഡിനു കാന നിർമ്മിച്ചു സംരക്ഷിക്കണം.
15 തറ - കോളനി - ഇടലക്കുളം സൈഡ് വഴി - പ്ലാതോട്ടം കോളനിവഴി റോഡിലേക്കു വഴി സൗകര്യം ഉണ്ടാക്കണം.
16. ഷാരത്തിടവഴി റോഡാക്കിമാറ്റണം.
17. മെയിൻറോഡിൽ നിന്നും ചെറുശ്ശേരി അമ്പലം വരെയുള്ള നടവരമ്പു ഗതാഗതയോഗ്യമാക്കണം.
18. മീനാനിക്കോട്ടു കോയക്കുട്ടി വീടുമുതൽ മെയിൻറോഡുവരെ ഗതാഗതയോഗ്യമാകണം.
19. ഹൈസ്കൂൾ റോഡിൽ നിന്നും ചെറുശ്ശേരി അമ്പലത്തിലേക്കുള്ള നടവരമ്പ് വീതി കൂട്ടി റോഡുനിർമ്മിക്കണം.

വാർഡ് 7.

1. തകർന്നുകൊണ്ടിരിക്കുന്ന പെരുമുടിയൂർ ആലിക്കപറമ്പ് ആർ.എൽ.ഇ.ജി.പി. റോഡ് അടിയന്തിരമായും റീടാറിങ്ങും മറ്റു സംരക്ഷണ പ്രവർത്തികളും നടത്തി ഗതാഗതയോഗ്യമാക്കണം.
2. തറ റോഡിലെ പ്ലാകൂട്ടം പോയൻറിൽ നിന്നും തുടങ്ങി കൊടുമുണ്ട - കുളപ്പുറം പാററോഡിൽ മഞ്ചലപറമ്പ് ഹരിജൻ കോളനിയിലവസാനിക്കുന്ന ലിങ്ക് റോഡ് ആവശ്യമുള്ള സ്ഥലങ്ങളിൽ വീതി കൂട്ടുകയും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുകയും ചെയ്യണം.
3. തറ - പെരുമുടിയൂർ റോഡിന് പടിഞ്ഞാറും ഓറിയൻറൽ ഹൈസ്കൂളിനു കിഴക്കുമായി 6 6,7വാർഡുകളിലായി പരന്നു കിടക്കുന്ന നെൽപാടത്തു ട്രാക്ടർ മുതലായ കാർഷിക യന്ത്രങ്ങൾ ഇറക്കാൻ കഴിയാതെ കർഷകർ വിഷമത്തിലാണ്. മാത്രമല്ല ഓറിയൻറൽ ഹൈസ്കൂളിൽ പഠിക്കുന്ന 100 കണക്കിന് പിഞ്ചുകുട്ടികൾ ചളികെട്ടിയ പാടവരമ്പു നീന്തിയാണുപോകുന്നത്. അതുകൊണ്ട് ഓറിയൻറൽ ഹൈസ്കൂൾ വരെ 4മീ. റോഡ് നിർമ്മിക്കണം.
4. വട്ടപറമ്പു ഹരിജൻ കോളനിറോഡ് വീതികൂട്ടി അറ്റകുറ്റ പണികൾ നടത്തി ടാർ ചെയ്യണം.
5. തറ റോഡിൽ നിന്നും നിർദ്ദിഷ്ട ഹൈസ്കൂൾ റോഡിലേക്ക് പ്ലാ കൂട്ടം, കുഴൽകിണർ, കാവുങ്ങൽപടി, ബാലവാടി എന്നിവിടങ്ങളിൽ നിന്നും ലിങ്ക് റോഡുകൾ നിർമ്മിക്കണം.
6. തറ റോഡിൽ നിന്നും ആർ.എൽ.ഇ.ജി.പി റോഡിലേക്കുള്ള ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കണം.
7. ആർ.എൽ.ഇ.ജി.പി റോഡിൽ ഗോകുലം തുടങ്ങി കഞ്ഞിപ്പള്ളിയാൽവഴി തെക്കേകുളക്ഷേത്രം

വരെ റോഡ് നിർമ്മിക്കണം.

8. തെക്കേകളം മുക്കുമുതൽ വെള്ളിലാപള്ളി ഇടവഴി കൊട്ടാരം സ്കൂൾ വഴി ഇളനായർ റോഡുവരെ റോഡ് നിർമ്മിക്കണം.
9. ഇളനായർ റോഡിൽ നിന്നും ചേടപ്പുറത്തില്ലം വഴി നിർദ്ദിഷ്ടവരകുളം റോഡ് വരെ റോഡ് നിർമ്മാണം.
10. പുതിയഗൈറ്റ് അർച്ചന വുഡ് വർക്ക്സ് മുതൽ ഏട്ടും പടി വരെ റോഡു നിർമ്മാണം.
11. ആച്ചിത്തൊടിപടി മുതൽ തെക്കോട്ട് ഏട്ടും പടി വരെ റോഡു നിർമാണം.
12. പുതിയഗൈറ്റ് മുതൽ പടിഞ്ഞാറോഡ് പോയി മമ്മിപടി നടവരമ്പ് വരെ റോഡ് നിർമ്മാണം.
13. പട്ടാമ്പി - പള്ളിപ്പുറം റോഡിൽ - ഏട്ടുംപടി പോയൻറിൽ നിന്നും പാലത്തിട്ടു കോളനി വഴി ഭാരതപ്പുഴ വരെ റോഡു നിർമ്മാണം.
14. നമ്പ്രം കടവ് റോഡുമുതൽ ഭാരതപ്പുഴവരെ റോഡ് നിർമ്മിക്കണം.
15. കാരയിൽതൊടി - മണ്ണിൻമേൽതൊടി ഷരീഫ് ബ്രിക്‌വർക്സ് പി.ഡബ്ലിയു.ഡി. റോഡ് വരെ റോഡ് നിർമ്മാണം.
16. കൃഷ്ണപുരത്ത് പടിമുതൽ ട്രാൻസ്ഫോമർ മഠത്തിൽ പടിവഴി ആർ.എൽ.ഇ.ജി.പി റോഡിൽ കൊട്ടാരത്തിൽ വന്നുചേരുന്ന കിഴക്കെ റിങ്ങ്റോഡ് നിർമ്മാണം.
17. കഴിയുന്നത്ര എല്ലാഗ്രാമീണ റോഡുകളും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

**വാർഡ് 8.**

1. ആലിക്കപറമ്പ് ചിറയിൽ കോളനിവഴി അക്കരപറമ്പ് ഹരിജൻ കോളനി റോഡ് ഗതാഗതയോഗ്യമാക്കുക.
2. ആലിക്കപറമ്പ് കുഴൽകിണർമുതലുള്ള വഴി റോഡാക്കി പട്ടാമ്പി - കൊടുമുണ്ട റോഡുമായി ബന്ധിപ്പിക്കുക. ഇതിൽനിന്നും തെക്കേപുറം ഭാഗത്തേക്കും കണക്ഷൻറോഡ് ആവശ്യമാണ്.
3. പാറോലവഴി - വരിക്കോട് റോഡിൽ നിന്നും പൊരുതലവഴി ടാഗോർ റോഡുമായി ബന്ധിപ്പിക്കുക.
4. മഞ്ചലപ്പറമ്പ് - ശ്മശാനം റോഡു നിർമ്മിക്കുക.
5. പൂക്കാട്ടുകുന്നു തുടങ്ങി മുത്തശ്ശ്യാർകുന്നുവഴിയുള്ള റോഡ് മുഴുവനാക്കുക.
6. മണിയൻതൊടി - അരുക്കുറ്റിപ്പാടം അറ്റംവരെയുള്ള സ്ഥലത്ത് റോഡ് നിർമ്മിക്കുക.
7. എൽ.പി.സ്കൂളിനു താഴെനിന്നും ആരംഭിക്കുന്ന ഇടവഴി റോഡാക്കിമാറ്റി തെക്കുംമുറി റോഡുമായി ബന്ധിപ്പിക്കുക.
8. കുളങ്ങരപറമ്പ് റോഡ് നിർമ്മിക്കുക.
9. പൂക്കാട്ട് കുന്ന് - ശ്മശാനം റോഡുഗതാഗതയോഗ്യമാക്കുക.
10. ടാഗോർ റോഡ് മുഴുവനാക്കി എം.എൽ.എ. റോഡുമായി ബന്ധിപ്പിക്കുക.

വാർഡ് 9.

1. കൊണ്ടപുറത്തുനിന്നും മച്ചങ്ങത്തൊടി റോട്ടിലേക്കുള്ള ടച്ച്റോഡുണ്ടാക്കുക.
2. മച്ചിങ്ങത്തൊടിയിൽ നിന്നും കാരക്കുന്ന് കൈപറമ്പ് പടിയിലേക്ക് 300മീ.നീളംവരുന്ന റോഡ് നിർമ്മാണം.
3. കാര്യാട്ടുപറമ്പിലേക്ക് സുമാർ 500മീ.നീളം വരുന്ന റോഡിൻെറ നിർമ്മാണം.
4. വേങ്ങാകാട്ടിലേക്കു റോഡു നിർമ്മിക്കുക.
5. വി.ടി.ശങ്കരൻെറ പടിക്കൽ എത്തിനിൽക്കുന്ന റോഡ് കൊടുമുണ്ടകുളപ്പുറം പാററോഡുമായി ബന്ധിപ്പിക്കുക.
6. മേലെ കൊടുമുണ്ടിയിൽ നിന്നും കാഞ്ഞൂർ മനപ്പടി റോഡ് റിപ്പയർചെയ്യുക.
7. പുതുശ്ശേരി പടിയിൽ കൊടുമുണ്ട - കുളപ്പുറം പാററോഡ് ഹൈസ്കൂൾ റോഡ് ലിങ്ക് റോഡ് നിർമ്മാണം.
8. മച്ചിങ്ങത്തൊടി മദ്രസവഴി പാടത്തേക്ക് ട്രാക്ടർ ഇറക്കാൻ റോഡു നിർമ്മിക്കുക.
9. [illegible]പ്പുറത്ത് പടി മുതൽ വടക്കത്തൊടി പടിവരെ ചെട്ടിയാർകോളനി ഉൾപ്പെടുത്തി റോഡുനിർമ്മാണം.
10. പി.ഡബ്ല്യു.ഡി റോഡിൽ കൊടുമുണ്ട വളവുമുതൽ ലക്ഷം വീടുകോളനി വരെ തോടിനു വശം ചേർന്നു റോഡു നിർമ്മിക്കുക.
11. ഭട്ടിമന മിച്ചഭൂമിഭാഗത്ത് കൊടുമുണ്ട - കുളപ്പുറം പാററോഡിലേക്കിറങ്ങുവാൻ എല്ലാവർക്കും ഉപകരിക്കത്തക്കവിധത്തിലുള്ള പൊതു വഴി നിർമ്മിക്കണം.
12. മച്ചിങ്ങത്തൊടിയിൽ നിന്നും മേലെ കൊടുമുണ്ടയിലേക്കുള്ള പൊതുവഴി സഞ്ചായരയോഗ്യമാക്കുക.
13. തെക്കേചോലയിൽ നിന്നും നെലപ്പറമ്പുവരെ റോഡു നിർമ്മിക്കണം.

# പാർപ്പിടം

## ചരിത്രപശ്ചാത്തലം

മലബാറിൻെറ മറ്റു പ്രദേശങ്ങളിൽ നിന്ന് ഏറെയൊന്നും വ്യത്യസ്ഥമായിരുന്നില്ല. പാർപ്പിടവിഷയത്തിൽ നമ്മുടെ പ്രദേശത്തിൻെറ അവസ്ഥ, ബ്രാഹ്മണകുടുംബങ്ങൾക്കു പുറമെ മരുമക്കത്തായവും അനുബന്ധമായ കൂട്ടുകുടുംബവ്യവസ്ഥിതിയും, ഉയർന്ന വർഗ്ഗങ്ങളിൽ വലിയ പാർപ്പിടങ്ങൾ അനിവാര്യമാക്കി. എങ്കിലും ഇതരഭാഗങ്ങളിൽനിന്ന് വ്യത്യസ്ഥമായി വളരെ വലിയ അംഗസംഖ്യയുള്ള തറവാടുകളൊന്നും ഈ കൂട്ടത്തിൽ നമ്മുടെ പ്രദേശത്ത് വ്യാപകമായി ഉണ്ടായിരുന്നില്ല.

പ്രധാനമായും ബ്രാഹ്മണകുടുംബങ്ങൾക്ക് ആധിപത്യമുണ്ടായിരുന്ന ഈ പ്രദേശത്തിൻെറ സാമൂഹ്യാവസ്ഥയിൽ അക്കൂട്ടർക്ക് പാർപ്പിടരംഗത്തും ആധിപത്യം പുലർത്താനായി എന്നത് സ്വാഭാവികമാണ്. ഉയർന്ന നായർ വിഭാഗങ്ങൾക്കും പ്രൗഢിയുള്ള വീടുകൾ ഉണ്ടായിരുന്നു:

തീർത്തും വ്യത്യസ്തമായിരുന്നു. കീഴാള ജനവിഭാഗങ്ങളുടെ പാർപ്പിടസൗകര്യങ്ങൾ മേൽകീഴുബന്ധങ്ങളുടെ വേർതിരിവുകൾ എടുത്തുകാണിക്കാനും, മേധാവിത്വം അതിൻേറതായ പ്രൗഢിയിൽ നിലനിർത്താനും, മറ്റു പല ഉപാധികളേയും എന്നപോലെ പാർപ്പിടവും നാടുവാഴികൾ ഉപയോഗിച്ചിരുന്നു. അത്തരത്തിലുള്ള ഒരു പൊതു സാമൂഹ്യവ്യവസ്ഥയിൽ ഈ പ്രദേശത്തേയും അദ്ധ്വാനിക്കുന്നവരുടെ പാർപ്പിടങ്ങൾ കേവലം ചാളകളോ, ചെറ്റപ്പുരകളോ, ആയത് സ്വാഭാവികം. ജന്മിമാർ സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി പാർപ്പിച്ചിരുന്ന ഇത്തരം അടിയാളവർഗ്ഗങ്ങളുടെ കുടിലുകൾ മറ്റു പലയിടത്തുമെന്ന പോലെ ഇവിടേയും ചില പ്രത്യേക ഭാഗങ്ങളിൽ കേന്ദ്രീകരിച്ച് കാണപ്പെടുന്നു. ഇത്തരത്തിൽ രൂപപ്പെട്ട 56 കോളനികൾ പഞ്ചായത്തിൽ ഉണ്ട്.

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് |
|---|---|---|
| 1 | 1 | കൈപറമ്പ് |
| 2 | ″ | കാരക്കൂത്ത് |
| 3 | ″ | കണിയൻകുഴി |
| 4 | ″ | മനക്കൽപടി |
| 5 | ″ | പുല്ലുന്നിപറമ്പ് |
| 6 | ″ | കോൻപുള്ളിതൊടി |
| 7 | 2 | ആണ്ടാത്ത് |
| 8 | ″ | കോതകുന്ന് |
| 9 | ″ | പുളിക്കൻമാരിൽ |
| 10 | ″ | ചോലയിൽ |
| 11 | 3 | ശ്രീധരംചുമരത്തുപടി |

| | | |
|---|---|---|
| 11 | 3 | ശ്രീധരംചുമരത്തുപടി |
| 12 | " | നായാടികുഴി (അമ്പലപ്പറമ്പ്) |
| 13 | " | വലിയവീട്ടുപറമ്പ് |
| 14 | " | പൊന്നത്തുകുഴി |
| 15 | " | കുരിപള്ളിയാലിൻ |
| 16 | " | തൊടേങ്ങൾതൊടി |
| 17 | " | കാരേട്ടുപറമ്പ് |
| 18 | " | ലക്ഷംവീട് |
| 19 | " | കിഴക്കെതൊടി |
| 20 | 4 | നുറംപറമ്പ് |
| 21 | " | പാറപ്പുറം |
| 22 | " | വേട്ടാംകുന്ന് |
| 23 | " | ഉണിക്കാട്ടുപടി |
| 24 | " | പാലക്കാപറമ്പ് |
| 25 | " | മിച്ചഭൂമി |
| 26 | " | പുല്ലാണിക്കാട്ടുപടി |
| 27 | " | കാലമ്പറ്റപറമ്പ് |
| 28 | 5 | തടത്തിൽപടി |
| 29 | " | ഉരുളാനാം പറമ്പ് |
| 30 | " | കുറവരുതൊടി |
| 31 | " | മുരിങ്ങലം |
| 32 | 6 | പറമ്പിൽതൊടി |
| 33 | " | കുന്നതൊടി |
| 34 | " | പാറപുറം |
| 35 | " | തുപ്രത്തൊടി |
| 36 | " | പാറോലത്തൊടി |
| 37 | " | ആലിക്കമുക്ക് |
| 38 | " | പ്ലാന്തോട്ടത്തിൽ |
| 39 | " | അരിതൊടി |
| 40 | 7 | നമ്പ്രംകോളനി |
| 41 | " | പാലത്തിട്ടമേൽ |
| 42 | " | പട്ടിപറമ്പ് |
| 43 | " | മുറത്തൊടി |
| 44 | " | വട്ടപറമ്പ് |
| 45 | " | പാറപ്പുറം |

| | | | |
|---|---|---|---|
| 47 | | " | പൂക്കാട്ടുകുന്ന് |
| 48 | | " | പുന്നശ്ശേരികുന്ന് |
| 49 | | " | അക്കരപറമ്പ് |
| 50 | | " | കളത്തിൽപടി |
| 51 | | 9 | തെക്കേചോല |
| 52 | | " | പുതുശ്ശേരിതോടി |
| 53 | | " | കാര്യാട്ടുപറമ്പ് |
| 54 | | " | മാടായി |
| 55 | | " | മിച്ചഭൂമി |
| 56 | | " | ചീനക്കുണ്ടുപറമ്പ് |

ഓടുമേഞ്ഞപുര നാട്ടിലെ ഇടത്തരക്കാർക്കുപോലും ക്ഷിപ്രസാധ്യമല്ലാത്ത ഒന്നായിരിക്കെ കീഴ്ജാതിക്കാരുടെ കാര്യം പറയേണ്ടതില്ലല്ലോ. മൂന്നടിയിൽ കൂടുതൽ ഉയരം, താഴ്ന്ന വർഗ്ഗക്കാരുടെ ചുവരുകൾക്ക് പാടില്ലെന്നും, അവരുടെ ചുവരുകൾ ചുവപ്പിക്കാൻ ജൻമിയുടെ അനുവാദം വേണമെന്നും കീഴ്വഴക്കങ്ങളുണ്ടായിരുന്ന കാലമായിരുന്നല്ലോ അന്ന്. ഉയർന്ന ജൻമി കുടുംബങ്ങളുടെ ഭവനങ്ങൾക്ക് ആർഭാടപൂർണ്ണവും തികച്ചും വാസ്തുശില്പതന്ത്രങ്ങൾക്ക് അനുസൃതവും ആയിരുന്നു. ലോകപ്രസിദ്ധമായിരുന്ന വള്ളുവനാടൻ വാസ്തുശില്പ മാതൃകക്ക് ഉത്തമ ഉദാഹരണങ്ങളായിരുന്നു. പഞ്ചായത്തിലെ ഇല്ലങ്ങൾ

ഉൾപ്രദേശങ്ങളിൽ ബ്രിട്ടീഷ് സ്വാധീനം കടന്നു വരാൻ തുടങ്ങിയതോടെ ഉണ്ടായ സാമൂഹ്യമാറ്റങ്ങൾ ഗൃഹ നിർമ്മാണ രീതിയിലും പ്രതിഫലിച്ചു. എങ്കിലും താഴെക്കിടയിലുള്ളവരുടെ പാർപ്പിടസൗകര്യങ്ങളിലും മറ്റും തീരെ മാറ്റങ്ങൾ ഉണ്ടായിരുന്നില്ല എന്നു വേണം കരുതാൻ. ഉയർന്ന വർഗ്ഗങ്ങളുടേയും അപൂർവ്വം ഇടത്തരക്കാരുടേയും വീടുകളിലാണ് വെള്ള പൂശൽ തുടങ്ങിയ പരിഷ്കാരങ്ങൾ നടപ്പിലായത്. കുമ്മായം, സിമൻറ് തുടങ്ങിയവ പ്രചാരത്തിലായത് ഇക്കാലത്താണ്.

മറ്റു പല രംഗത്തുമെന്നപോലെ പാർപ്പിട രംഗത്തും താഴ്ന്ന വിഭാഗക്കാർക്ക് വലിയൊരു മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞത് പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായാണ്. ഭൂബന്ധങ്ങളിൽ കാതലായ മാറ്റം വന്നതോടു കൂടി ഓരോരുത്തരും അവരവരുടേതായ ഭൂമിക്ക് ഉടമയായി. ജൻമി പറയുന്നിടത്ത് പറയുന്ന കാണ പണം കൊടുത്ത് ജൻമിക്കുവേണ്ടി മാത്രം ചാളകെട്ടി അധ്വാനിച്ചിരുന്ന കുടിയാൻമാർ സ്വന്തമായി ലഭിച്ച ഭൂമിയിൽ ആവേശത്തോടെ അവനവൻെറ അധ്വാനമൂല്യങ്ങൾ പടുത്തുയർത്തി. കാർഷികപരിഷ്കരണത്തിൻെറ ഭാഗമായുണ്ടായ വിദ്യാഭ്യാസവളർച്ചയിൽ നിന്ന്, കൈ വന്ന സാങ്കേതിക അറിവുകൾ നാട്ടുകാരായ തൊഴിലന്വേഷകരെ കേരളത്തിന് പുറത്തേക്ക് നയിച്ചു. പുറം നാടു കണ്ടവരിൽ ചിലരെങ്കിലും പുതിയ സങ്കല്പങ്ങളോടെ മടങ്ങിയെത്തിയവരാണ്. ഇത് കെട്ടിടനിർമ്മാണരംഗത്തും പ്രതിഫലിച്ചു.

ഇങ്ങനെയൊക്കെയാണെങ്കിലും വിദ്യാഭ്യാസരംഗത്തും കാർഷികരംഗത്തും ഉണ്ടായ ആവേശകരമായ ഉയർച്ച പാർപ്പിട സൗകര്യങ്ങളുടെ കാര്യത്തിൽ ഇക്കൂട്ടർക്ക് ഉണ്ടായി എന്നത് നേരാണ്. അവനവൻെറ ചെറിയ കൃഷിഭൂമിയിൽ നിന്നുളള വരുമാനം മാത്രം പോരായിരുന്നു ഒരു നല്ല വീടുണ്ടാക്കാൻ.

ഇക്കാലത്തും ഉയർന്ന വിഭാഗങ്ങൾ കെട്ടിടനിർമ്മാണരംഗത്തെ പുതിയ പരിഷ്കാരങ്ങൾക്കൊപ്പം മുന്നേറുക തന്നെയായിരുന്നു. ഓലപുരയിൽ നിന്ന് ഓട്ടുപുരകളിലേക്കും വാർപ്പുപുരകളിലേക്കും ക്രമാനുഗതമായ മാറ്റമുണ്ടായി. നമ്മുടെ പഞ്ചായത്തിൽ വാർപ്പുവീടുകൾ എത്തിയതുപോലും സാവധാനമായിരുന്നു എന്നുവേണം കരുതാൻ. പഞ്ചായത്തിലെ ആദ്യവാർപ്പുവീടുകളിലൊന്നായ കൊടുമുണ്ടയിലെ തേവർകളം നിർമ്മിക്കപ്പെടുന്നത് 1960 കളുടെ മദ്ധ്യത്തിലാണ്.

പിന്നീടാണ് വ്യപകമായ ഗൾഫ് ധനാഗമം പാർപ്പിടരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നത്. മുസ്ലീം ജനവിഭാഗങ്ങളുടെ വീടുകളിൽ ഗൾഫ് സ്വാധീനം ഏറെ ആയിരുന്നു.

കെട്ടിടനിർമ്മാണരംഗത്ത് സ്ഥാപനങ്ങൾ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. 7 ഇഷ്ടിക കമ്പനികൾ പ്രവർത്തിക്കുന്നു. സീസണൽ ആയി പ്രവർത്തിക്കുന്ന നാടൻ ഇഷ്ടികചൂളകൾ വേറെയുമുണ്ട്. മുതുതല, കൊടുമുണ്ട, പെരുമുടിയൂർ എന്നീ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ച് മരപ്പണിശാലകൾ നിലവിലുണ്ട്. മുതുതലയിൽ ഒരു ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. പെരുമുടിയൂരിൽ ഒരു ക്രഷർമെറ്റൽ സ്ഥാപനവും ഉണ്ട്. മുതുതലയിലും കൊടുമുണ്ടയിലും കരിങ്കൽ ക്വാറികൾ ഉണ്ട്. കെട്ടിടനിർമ്മാണരംഗത്ത് ഏറ്റവും മികച്ച മണൽ എന്നറിയപെടുന്ന പട്ടാമ്പി മണൽ ഈ പഞ്ചായത്തിന് സുലഭമാണെങ്കിലും അതിൻെറ അന്യസംസ്ഥാനങ്ങളിലേക്കുളള വമ്പിച്ച കയറ്റുമതി ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ ക്കിടയാകുന്നുണ്ട്. രണ്ട് മണൽകടവുകൾ നമുക്കുണ്ട്. ചെറിയ തോതിലുളള ഹാർഡ്വെയർ സ്ഥാപനങ്ങൾ മുതുതലയിലും കാരക്കൂത്തുമുണ്ട്. കെട്ടിടനിർമ്മാണസാമഗ്രികൾക്ക് മുഖ്യമായും നമ്മുടെ പഞ്ചായത്തുകാർ ആശ്രയിക്കുന്നത് പട്ടാമ്പിയെ തന്നെ. കെട്ടിടനിർമ്മാണ രംഗത്തേക്ക് തൊഴിലാളികൾ ധാരാളമായികടന്നുവരുന്നു. പഞ്ചായത്തിൽ ഭവന നിർമ്മാണരംഗത്ത് കോൺട്രാക്ട് സമ്പ്രദായം നിലവിലുണ്ട്, സാങ്കേതിക സേവനസ്ഥാപനങ്ങളും ഇവിടെ ഉണ്ട്.

## പാർപ്പിട രംഗം ഇന്ന്

4416 കെട്ടിടങ്ങളാണ് ഇന്ന് നമ്മുടെ പഞ്ചായത്തിലുളളത് അവയുടെ തരം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

പാർപ്പിടങ്ങളുടെ ആവശ്യകതയും എണ്ണവും വർദ്ധിച്ചുവരുന്നു. പാടങ്ങളും പളളിയാലുകളും

അതിവേഗം പുരയിടങ്ങളായി മാറികൊണ്ടിരിക്കുന്നു. ഗൃഹനിർമാണരംഗത്തെ ഏറിവരുന്ന ചെലവുകളിലും അതിനെ തടസ്സപെടുത്തുന്നില്ല. ഗൾഫ് സ്വാധീനത്തിൻെറ ഫലമായിട്ടുണ്ടായ പുതിയ വീടുകളിൽ പലതും അത്യാവശ്യമല്ലാത്ത വിധം ആഡംബരപൂർണ്ണമോ വലുപ്പമേറിയതോ ആണ്. (താമസിക്കാനൊരുവീട് എന്നതിനപ്പുറം പൊങ്ങച്ചങ്ങൾക്കു സ്ഥാനം കണ്ടെത്തി) ഒട്ടും ഉൽപാദനപരമല്ല ഈ മുതൽമുടക്ക്. കോൺക്രീറ്റ് വീടുകളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടിക

| വാർഡ് | ആകെ | കോൺക്രീറ്റ് | ഓട് | ഓല | മറ്റുളള | |
|---|---|---|---|---|---|---|
| 1 | 548 | 120 | 252 | 165 | - | |
| 2 | 410 | 21 | 255 | 49 | - | |
| 3 | 473 | 19 | 235 | 53 | - | |
| 4 | 598 | 45 | 383 | 95 | - | |
| 5 | 319 | 17 | 202 | 45 | - | |
| 6 | 567 | 75 | 349 | 149 | - | |
| 7 | 556 | 77 | 285 | 72 | - | |
| 8 | 521 | 35 | 237 | 249 | 1 | |
| 9 | 424 | 46 | 242 | 33 | - | |
| | 4416 | 456 | 2440 | 910 | 1 | |

## നിലവിൽ പാർപ്പിടരംഗം നേരിടുന്ന പ്രശ്നങ്ങൾ

പാർപ്പിടം അതിൻെറ അടിസ്ഥാനഅർത്ഥത്തിൽ പോലും പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ പുരഉണ്ടാക്കാനോ ഉളളത് കെട്ടിമേയാനോ പോലും ത്രാണിയില്ലാത്ത ദുർബലവിഭാഗങ്ങൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ദുർബലവിഭാഗങ്ങളുടെ വീടുകൾ പലതും ഓലപുരകളായി തന്നെ നിലനിൽക്കുന്നു. പാർപ്പിടരംഗത്ത് ഇടത്തരക്കാരൻെറയും നില ആശാവഹമല്ല. വർദ്ധിച്ചു വരുന്ന ഭൂമി വിലയും കെട്ടിടനിർമ്മാണ ചിലവും, അതോടൊപ്പം അവസ്ഥക്കൊത്ത വീടു വേണമെന്ന മോഹവും ചേരുമ്പോൾ വീടു പണി ദുരിത പൂർണ്ണമാകുന്നു.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും ദൗബല്യവും വലിയ പ്രശ്നങ്ങളാണ്. പഞ്ചായത്തിൽ ഏഴ് ഇഷ്ടികകമ്പനികൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും ഇഷ്ടിക ക്ഷാമം തീർന്നെന്ന് പറയാൻ വയ്യ കെട്ടിടനിർമ്മാണ രംഗത്ത് തൊഴിലാളികൾക്കിടയിൽ സ്ത്രീ പുരുഷാന്തരം ഏറെയാണ് കൂലി നിരക്കുകൾ ഏകീകരിക്കേണ്ടതുണ്ട്.

## പട്ടിക കൂലിനിരക്ക്

| വർഷം | കൃഷി | | നിർമ്മാണരംഗം | |
|---|---|---|---|---|
| | സ്ത്രീ | പു. | സ്ത്രീ | പു |
| 1975 | 3രൂപ | 6രൂപ | 3രൂപ | 6രൂപ |
| 1980 | | 25 | | 45 |
| 985 | | 45 | | 60 |
| 1990 | | 60 | | 90 |
| 1995 | | 70 | | 110 |
| 1996 | 60 | 100 | 65 | 125 |

(പ്രാദേശിക വ്യത്യാസങ്ങൾ നിലനിൽക്കുന്നു)

കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ വായ്പാസൗകര്യങ്ങൾ സാധാരണക്കാരന് ലഭിക്കുക എളുപ്പമല്ല. ഭവന വായ്പകളുടെ സങ്കീർണ്ണതകളാണ് മറ്റൊരു വിഷയം അപൂർവ്വമെങ്കിലും ഭൂരഹിതരായ ആളുകളും പഞ്ചായത്തിലുണ്ട്. ഹൗസിംഗ്സൊസൈറ്റികളൊന്നും നിലവിലില്ല.

## സാധ്യതകളും പരിഹാരങ്ങളും

സമഗ്രമായ കാഴ്ചപാടോടുകൂടിയ ഒരു ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിക്കലാണ് നമ്മുടെ മുന്നിലുള്ള മുഖ്യവിഷയം. അതിനുവേണ്ടിയുള്ള ഒരു പ്രവർത്തനപദ്ധതി തയ്യാറാക്കണം. വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ഒരു പദ്ധതിനടപ്പിലാക്കണം. അതിന് താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകണം.

1. പഞ്ചായത്തിലെ ഭൂരഹിതരായ ആളുകളെ കണ്ടെത്തുക. അവരുടെ പാർപ്പിടാവശ്യങ്ങൾക്ക് മുൻതൂക്കം നൽകുക.
2. പദ്ധതി അവസാനത്തോടുകൂടി പഞ്ചായത്തിൽ എല്ലാ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഓലമേഞ്ഞതല്ലാത്തവീടുകൾ ഉണ്ടാകണം എന്ന നയം സ്വീകരിക്കണം.
3. അവശവിഭാഗങ്ങൾക്ക് പദ്ധതിയിൽ മുൻഗണന നൽകുക.
4. ഭവന വായ്പകൾ നീതി പൂർവ്വകമായിവിതരണം ചെയ്യുക. അതിനർഹരായവരെ ജനകീയമായി ഗ്രാമസഭകളൂടെ സഹായത്തോടെ കണ്ടെത്തുക. ഭവന നിർമ്മാണത്തിൽ ജനകീയസേവന രീതി അവലംബിക്കുക.
5. ഭവനങ്ങൾ റിപ്പയർ ചെയ്യുന്നതിന് സഹായം നൽകുക.
6. ചെലവു കുറഞ്ഞ കെട്ടിടനിർമ്മാണരീതികൾ പ്രോത്സാഹിപ്പിക്കുക.
7. നിലവിലുള്ള പദ്ധതികളെക്കുറിച്ച് ശരിയായ ബോധവൽക്കരണം നടത്തുക.

5. ഭവനങ്ങൾ റിപ്പയർ ചെയ്യുന്നതിന് സഹായം നൽകുക.

6. ചെലവു കുറഞ്ഞ കെട്ടിടനിർമ്മാണരീതികൾ പ്രോത്സാഹിപ്പിക്കുക.

7. നിലവിലുള്ള പദ്ധതികളെക്കുറിച്ച് ശരിയായ ബോധവൽക്കരണം നടത്തുക.

8. പഞ്ചായത്തിലെ ആവശ്യമുള്ള പ്രദേശങ്ങളിൽ പഞ്ചായത്തിൻെറ നേതൃത്വത്തിൽ വാടക കെട്ടിടങ്ങൾ നിർമ്മിക്കുക. അതിനർഹരായവരെ നിശ്ചയിക്കുന്നതിന് ഒരു മാർഗ്ഗ രേഖ തയ്യാറാക്കുക. പഞ്ചായത്തിലുള്ള അന്യനാട്ടുകാർക്ക് മുൻഗണന നൽകുക.

9. ഭവന നിർമ്മാണ ചുമതല ഏറ്റെടുക്കുന്നതിന് ഒരു പഞ്ചായത്ത് ഏജൻസിരൂപീകരിക്കുക. അതിൻെറ പരിപൂർണ്ണ മേൽ നോട്ടം പഞ്ചായത്തിനായിരിക്കണം.

10. നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് ഒരു പൊതു പദ്ധതിയാക്കി മാറ്റാനുള്ള സാധ്യത ആരായുക.

11. അനാവശ്യമായ ആഡംബര പൂർണ്ണമായ വീടുകൾനിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്താൻ സെസ്സുകൾ ഏർപ്പെടുത്തുക.

12. പാടങ്ങൾ നിരത്തുന്നത് കർശനമായി തടയുക.

13. കെട്ടിടനിർമ്മാണ സാമഗ്രികൾ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവിധം ഉപയോഗപ്പെടുത്തുന്നത് തടയുക.

14. വായനശാലകൾ അംഗനവാടികൾ എന്നിവ ഇത്തരത്തിൽ ഈ പദ്ധതികളുടെ ബോധവൽക്കരണത്തിന് ഫലപ്രദമായി ഉപയോഗിക്കുക.

15. പദ്ധതിയിലുൾപെട്ടഭവനങ്ങൾ അനുവദിക്കുന്നതിന് ഗ്രാമസഭകളുടെ നേതൃത്വത്തിൽ മുൻഗണനാക്രമം തീരുമാനിക്കുക.

16. ഭവന നിർമ്മാണവായ്പകൾ കലോചിതമായി പരിശോധിക്കുക. അവയുടെ സങ്കീർണ്ണതകൾ ഒഴിവാക്കുക.

17. മുൻപദ്ധതികളിലുൾപെട്ട നിർമ്മിക്കപ്പെട്ട ഭവനങ്ങളുടെ ഇന്നത്തെ നില പരിശോധിക്കുക അവയ്ക്ക് ആവശ്യമായ അറ്റകുറ്റ പണിക്ക് സഹായം അനുവദിക്കുക.

ഒന്നാം വാർഡിൽ വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടുണ്ടാക്കാൻ സംവിധാനം ഉണ്ടാകണം. വാർഡിൽ വീടില്ലാത്ത എട്ട് കുടുംബങ്ങളുണ്ട്.

രണ്ടാം വാർഡിൽ ഓലപുരകൾ എല്ലാം ഓടുമേയുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം. വീടില്ലാത്തവർക്ക് വീടുണ്ടാക്കുന്നതിന് സംവിധാനം ഉണ്ടാക്കണം. ആണ്ടാത്ത് അംഗനവാടി കെട്ടിടം ഫർണീച്ചറുകൾ എന്നിവ ഉണ്ടാക്കണം.

മൂന്നാം വാർഡിലെ ദാരിദ്രരേഖക്ക് താഴെ -ലക്ഷം വീട് കോളനികൾ പുതുക്കി പണിയുക.- യുള്ള എല്ലാവർക്കും പാർപ്പിടസൗകര്യം ഉണ്ടാക്കണം. അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കണം.

നാലാം വാർഡിൽ ഓലമേഞ്ഞ മുഴുവൻ വീടുകളും ഓടുമേയുന്നതിന് സാമ്പത്തിക സഹായം നൽകണം.

അഞ്ചാം വാർഡിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ ആളുകൾക്കും വീടുവെയ്ക്കാൻ സഹായം നൽകുക. അഞ്ചുവർഷം കൊണ്ട് വാർഡിലെ ഓലമേഞ്ഞ വീടുകൾ ഓടിട്ടവയാക്കണം. തോട്ടിൻകര തടത്തിൽ അംഗനവാടികൾക്ക് കെട്ടിടം പണിയണം.

ആറാം വാർഡിലെ ഓല മേഞ്ഞ മുഴുവൻ വീടുകളും ഓടിട്ടതാക്കുന്നതിന് സാമ്പത്തിക സഹായം വേണം. പഞ്ചായത്തിലൊരു സാംസ്കാരിക നിലയം സ്ഥാപിക്കുക.

ഏഴാം വാർഡിലെ ഓല മേഞ്ഞ മുഴുവൻ വീടുകളും ഓടു മേയാൻ സാമ്പത്തിക സഹായം നൽകണം.

എട്ടാം വാർഡിലെ ഓലമേഞ്ഞവീടുകൾ ഓടുമേയുന്നതിന് സാമ്പത്തിക സഹായം നൽകണം. ലക്ഷം വീട് കോളനി പുതുക്കിപണിയുക.

ഒമ്പതാംവാർഡിലെ ലക്ഷം വീട് കോളനിയിലെ വീടുകൾ പുതുക്കി പണിയുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പുര ഓടുമേയുന്നതിന് സാമ്പത്തിക സഹായം നൽകണം.

പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥലങ്ങളിൽ ബസ്സ്റ്റോപ്പ് നിർമ്മിക്കണം.

1ാം വാർഡിൽ കാരക്കൂത്ത്
2ാം വാർഡിൽ മുതുതലസെൻറർ
3ാം വാർഡിൽ പഞ്ചായത്ത് ഓഫീസ്
4ാം വാർഡിൽ പറക്കാട്
5ാം വാർഡിൽ കൊടുമുണ്ട
6ാം വാർഡിൽ ഗൈറ്റ്
7ാം വാർഡിൽ പുതിയഗൈറ്റ്
9ാം വാർഡിൽ കൊടുമുണ്ട മേലെ

# സാമൂഹ്യക്ഷേമം

## ആമുഖം

മുതുതല പഞ്ചായത്തിലെ സാമൂഹ്യാവസ്ഥയിലെ മാറ്റങ്ങൾ പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്ഥമായിരുന്നില്ല. വിവിധസാമൂഹ്യവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയാണല്ലോ ക്ഷേമപദ്ധതികൾ അനിവാര്യമാക്കുന്നത്. മുൻകാലങ്ങളിൽ ഈ രംഗത്തുണ്ടായിരുന്ന പദ്ധതികളെക്കുറിച്ച് കാര്യമായ വിവരം തരുന്ന ശ്രോതസ്സുകളൊന്നും ഇല്ല. ബ്രിട്ടീഷുകാരന് സ്വാഭാവികമായും ക്ഷേമ പദ്ധതികളിൽ താൽപര്യമുണ്ടായിരിക്കാൻ ഇടയില്ല. ഉണ്ടായിരുന്നെങ്കിൽ തന്നെ അതൊട്ടു താഴക്കിടയിലേക്ക് അവ യഥാർത്ഥത്തിൽ ആവശ്യമുളളവരിലേക്ക് എത്തിയതുമില്ല.

നാടുവാഴിത്തവ്യവസ്ഥയിലെ സാമൂഹ്യഭേദങ്ങൾ ഒരു വിഭാഗം ജനങ്ങളിൽ അവശതയിലേക്കും ദാരിദ്ര്യത്തിലേക്കും നയിക്കുന്നതായിരുന്നല്ലോ. സ്വാതന്ത്ര്യാനന്തരം മാത്രമാണ് അവശവിഭാഗങ്ങൾക്ക് ശ്രദ്ധകിട്ടിതുടങ്ങിയത്. പിൽക്കാലത്ത് വളരെയധികം തൊഴിലാളി കുടുംബക്ഷേമപദ്ധതികൾ ആവിഷ്കരിക്കപ്പെടുകയുണ്ടായി.

## സാമൂഹ്യക്ഷേമരംഗം ഇന്ന്.

വിവിധരംഗത്തുളള തൊഴിലാളികൾക്കായി ആവിഷ്കരിച്ച ക്ഷേമപദ്ധതികളാണ് ഇന്ന് കുറെയെങ്കിലും പ്രയോജനപ്പെടുന്നതരത്തിലുളളത്. കർഷകതൊഴിലാളി ക്ഷേമനിധിയിൽ പഞ്ചായത്തിലുടനീളം അംഗങ്ങളുണ്ട്. കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നവരും ഉണ്ട്. അർഹർക്കെല്ലാം ലഭിക്കുന്നുണ്ട് എന്ന് പറയാൻ വയ്യ. അനഹർക്ക് ലഭിക്കുന്നില്ല. ക്ഷേമനിധിയിൽ വരിസംഖ്യ കൃത്യമായി അടക്കുന്നതിൽ പലരും വീഴ്ചവരുത്തുന്നുണ്ട്. എങ്കിലും കർഷകതൊഴിലാളി സംഘടന ഇക്കാര്യത്തിൽ സാമാന്യം ശ്രദ്ധച്ചെലുത്തുന്നുണ്ട്. നിർമ്മാണതൊഴിലാളികൾക്കു ഈ പദ്ധതികളുണ്ട്. എങ്കിലും അത്രതന്നെ വ്യാപകമല്ല. പഞ്ചായത്തിലുളള ചെത്തുതൊഴിലാളികളെല്ലാം ക്ഷേമനിധിഅംഗങ്ങളാണ്.

തൊഴിലാളി ക്ഷേമ പദ്ധതികളല്ലാത്തയെല്ലാം നാമ മാത്രമാണ്. വികലാംഗക്ഷേമപദ്ധതികളുടെ ചില ആനുകൂല്യങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥികളും മറ്റും ഉണ്ട്.

മുൻ കാല വനിതാക്ഷേമപദ്ധതികളെല്ലാം പേരിനുമാത്രമായിരുന്നു. അംഗനവാടികൾ വ്യാപകമായതോടുകൂടെ ഈ രംഗത്ത് ചില ആശാവഹമായ മാറ്റങ്ങൾ ഉണ്ട്. ശിശുക്ഷേമരംഗത്ത് അവ ഒരു നിശബ്ദവിപ്ലവം തന്നെ സംഘടിപ്പിക്കുന്നു. 3,4,7 വാർഡുകളിൽ ഡി.ഡബ്ലിയു.സി.ആർ.എ.യൂണിറ്റുകൾ നിലവിലുണ്ടായിരുന്നു. ഒന്നും പ്രവർത്തനത്തിലില്ല. ഐ.ആർ.ഡി.പി.പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്ന ആളുകൾ പഞ്ചായത്തിലുണ്ട്.

പ്രകൃതിക്ഷോഭത്തിലും മറ്റു അപകടങ്ങളിൽപെട്ടവർക്ക് അർഹമായ സഹായപദ്ധതികൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കാറുണ്ട്.

## ഇന്നത്തെ പ്രശ്നങ്ങൾ

1. ക്ഷേമപദ്ധതികളിൽ പലതും സാങ്കേതികനൂലാമാലകളിൽ കുടുങ്ങി ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കാതെ പോകുന്നു.
2. സഹായധനങ്ങൾ പലതും കാലോചിതമല്ല.
3. പദ്ധതികൾ ഉദ്യോഗസ്ഥ കേന്ദ്രീകൃതങ്ങളായിത്തീർന്നിരുന്നതിനാൽ ആവശ്യക്കാർക്ക് പലപ്പോഴും സഹായം ലഭിക്കുന്നില്ല.
4. പദ്ധതികളുടെ സഹായം ദുരുപയോഗം ചെയ്യുന്ന പ്രവണതയുണ്ട്.
5. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. അംഗനവാടി ജീവനക്കാർക്ക് ലഭിക്കുന്ന വേതനം പര്യാപ്തമല്ല.
6. സ്കൂളുകൾ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമായി നടത്തുന്നില്ല. പലസ്കൂളിലും ഉച്ചക്കഞ്ഞി വിതരണം ഇല്ല.
7. ക്ഷേമ പദ്ധതികളുടെ അർഹതയെക്കുറിച്ച് പലർക്കും ശരിയായ ബോധമില്ല.
8. പലവിധത്തിലുള്ള തൊഴിൽ പരിശീലനപദ്ധതികൾ നിലവിലുണ്ടെങ്കിലും അവ പലപ്പോഴും പ്രായോഗികമാവുന്നില്ല. ആവശ്യമായ സാമ്പത്തിക പിൻതുണ പരിശീലിതർക്ക് ലഭിക്കുന്നില്ല.
9. വിവിധക്ഷേമപദ്ധതികൾ അംഗങ്ങളായവരുടെ പക്കൽനിന്നും വരിസംഖ്യ കൃത്യമായി വാങ്ങിക്കുന്നതിന് ഫലപ്രദമായ സംവിധാനമില്ല.
10. അംഗനവാടികൾ പലതും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുനത്. ചിലതിന് സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ല. അംഗനവാടികൾക്ക് ലഭിക്കുന്ന കെട്ടിടഗ്രാൻറ് അപര്യാപ്തമാണ്.
11. മഹിളാസമാജങ്ങൾ പലതും പ്രവർത്തനക്ഷമമല്ല. വനിതാക്ഷേമരംഗത്ത് കാര്യമായ ഒരു ശ്രമവും നടന്നിട്ടില്ല.
12. വികലാംഗർ, അവശകലാകാരൻമാർ, വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയവർ, മദ്യരോഗ വിമുക്തർ, തുടങ്ങിയവർക്കായി ക്ഷേമപദ്ധതികൾ പ്രാദേശികമായി സംഘടിപ്പിക്കേണ്ടതുണ്ട്.
13. കുടിൽവ്യവസായങ്ങൾ വേണ്ടരീതിയിൽ നടമാക്കപ്പെടുന്നില്ല. ഉള്ളവ തന്നെ സംരക്ഷിക്കപ്പെടുന്നില്ല.
14. ഹരിജനക്ഷേമപദ്ധതികൾ പലതും താഴെതട്ടിലേക്കുഎത്തുന്നതേയില്ല.
15. ക്ഷേമപദ്ധതികളുടെ പരിധിയിൽപെടാത്ത ജനവിഭാഗങ്ങളുണ്ട്. അവരെ കണ്ടെത്തി സമഗ്രമായ ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.
16. രോഗികൾക്കുള്ള സഹായപദ്ധതികൾ ഒന്നും ശരിയായി നടക്കുന്നില്ല.

## സാധ്യതകളും പരിഹാരങ്ങളും

1. ക്ഷേമപദ്ധതികളെ ക്രോഡീകരിക്കുക. ഒരേതരത്തിൽപെട്ടക്ഷേമപദ്ധതികളെ ഒരു ഗ്രൂപ്പിൽ പെടുത്തി സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
2. ക്ഷേമപദ്ധതികൾ മുഴുവൻ ഗ്രാമപഞ്ചായത്തിലൂടെ വിതരണം ചെയ്യുക.
3. ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുക.
4. സാമൂഹ്യക്ഷേമപദ്ധതികളുടെ ബോധവൽക്കരണത്തിന് ജനകീയപ്രവർത്തനം സംഘടിപ്പിക്കുക. വായനശാലകളേയും അംഗനവാടികളേയും അത്യാവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.
5. അംഗനവാടികളെ സമഗ്ര വനിതാ - ശിശു ക്ഷേമ കേന്ദ്രങ്ങളായി വികസിപ്പിക്കുക. അംഗനവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക - അംഗനവാടികൾക്കുള്ള കെട്ടിടഗ്രാൻറ് വർദ്ധിപ്പിക്കുക.
6. പഞ്ചായത്തിൽ സർവ്വെനടത്തി വികലാംഗർ, വിധവകൾ, മിശ്രവിവാഹിതർ, വിവാഹബന്ധം വേർപ്പെടുത്തി വന്നവർ, അവശകലാകാരൻമാർ മറ്റു ആനുകൂല്യങ്ങൾക്കു അർഹരായവർ എന്നിവരെ കണ്ടെത്തുക.
7. വനിതാക്ഷേമത്തിനുതകുന്ന തരത്തിൽ ഗാർഹിക തൊഴിൽ പദ്ധതികൾ ഒരു സാംസ്കാരമായി വികസിപ്പിക്കുക. അതിന് ജനകീയപ്രവർത്തനം സംഘടിപ്പിക്കുക.
8. പ്രാദേശികമായി ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുക.
9. പഞ്ചായത്തിൽ തൊഴിൽ പരിശീനകേന്ദ്രം തുടങ്ങുക. പരിശീനകർക്ക് സ്വയംതൊഴിൽ ചെയ്യാനുള്ള സാമ്പത്തികസഹായം ലഭ്യമാക്കുക.
10. വിവിധബാങ്കുകളുടെ ക്ഷേമപദ്ധതികൾ പ്രയോജനപ്പെടുത്തുക.
11. മഹിളാസമാജങ്ങളെ പുനരുദ്ധരിക്കുക. അവയിലൂടെ ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
12. നിത്യരോഗികളുടെയും ദരിദ്രരോഗികളുടെയും സഹായത്തിനായി ഒരു പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കുക. അർഹരെ കണ്ടെത്തുന്നതിന് ഗ്രാമസഭകളുടെ സേവനം പ്രയോജനപ്പെടുത്തുക.
13. ക്ഷേമപദ്ധതികളുടെ ഏകോപനത്തിന് ഒരു പഞ്ചായത്തുതല ഏജൻസി രൂപീകരിക്കുക.
14. പൊതുശ്മശാനം ഏർപ്പെടുത്തുക - പഞ്ചായത്തുതലത്തിൽ
15. വൃദ്ധമന്ദിരത്തിൻെറ ആരോഗ്യ പദ്ധതി ശ്രദ്ധിക്കുക.എ ബ്ലോക്ക് അടിസ്ഥാനത്തിലെങ്കിലും വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുക.
16. യാചകരെ പുനരധിവസിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. അവയും ബ്ലോക്ക് അടിസ്ഥാനത്തിൽ ആകാവുന്നതാണ്.
17. മദ്യവിപത്തിനെതിരെ ശക്തമായ ബോധവൽക്കരണം സംഘടിപ്പിക്കുക. മദ്യവിമുക്തരെ പുനരധിവസിപ്പിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക. വാർഡുതലത്തിൽ മദ്യവിരുദ്ധസമിതികൾ രൂപീകരിക്കുക.
18. ക്ഷേമപദ്ധതികൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധിക്കുന്നതിന് ഗ്രാമസഭാ സവിധാനം ഉപയോഗപ്പെടുത്തുക.
19. സ്കൂളുകളിലെ ഉച്ചക്കഞ്ഞിവിതരണം കാര്യക്ഷമമായി നടത്തുക.
20. ആവശ്യമുള്ളിടത്ത് അംഗനവാടികേന്ദ്രങ്ങൾ അനുവദിക്കുക.
21. മദ്യവിരുദ്ധനയം പഞ്ചായത്ത്തലത്തിൽ വേണം.
22. ഡി.ഡബ്ലിയു.സി.ആർ.എ. യുണിറ്റുകൾ രുപീകരിച്ച് പ്രവർത്തനക്ഷമമാക്കണം. പഞ്ചായത്തിൻെറ കൈവശമുള്ള മിച്ചഭുമി ഈ ആവശ്യത്തിന് വിട്ടുകൊടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്.

# സാംസ്കാരികം

ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ കൃത്യമായി പറഞ്ഞാൽ 1935ൽ നിര്യാതനായ പുന്നശ്ശേരി നമ്പി ശ്രീ. നീലകണ്ഠശർമ്മ സർവ്വാദരണീയനായ സംസ്കൃത പണ്ഡിതനായിരുന്നു. അദ്ദേഹത്തിൻെറ ജന്മം കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേശത്ത് - ഇന്നത്തെ മുതുതല പഞ്ചായത്തിൽ ഒരു ഓറിയൻറൽ ഹൈസ്കൂളും, തൊട്ടടുത്ത് പട്ടാമ്പി പഞ്ചായത്തിൽ അദ്ദേഹത്തിൻെറ നാമധേയത്തിൽ ആരംഭിച്ച കോളേജും പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്നു. സാംസ്കാരിക കേരളത്തിൻെറ ശ്രീകോവിലിൽ നിറദീപങ്ങളായി എന്നെന്നും ശോഭിക്കുന്ന മഹത്വ്യക്തികളായ മഹാകവി പി. കുഞ്ഞിരാമൻനായർ, കുട്ടികൃഷ്ണൻമാരാർ, ഡോ.കെ.എൻ എഴുത്തച്ഛൻ, കെ.എസ് എഴുത്തച്ഛൻ, വിദ്വാൻ സി.എസ്.നായർ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ, എന്നിങ്ങനെ മൺമറഞ്ഞവരും ഇപ്പോൾ ജീവിച്ചിരിക്കുന്ന പണ്ഡിത സർവ്വഭൗമനായ കെ. പി. നാരായണപിഷാരടി, പണ്ഡിതവരേണ്യനായ ചെമ്പ്രയെഴുത്തച്ഛൻ എന്നിവരും പുന്നശ്ശേരി കളരിയിൽ പയറ്റിതെളിഞ്ഞവരാണെന്ന് അഭിമാനപൂർവ്വം ഈ പഞ്ചായത്ത് അവകാശപ്പെടുന്നു.

സാമൂഹ്യതിൻമകൾക്ക് എതിരെയായുള്ള പോരാട്ടം എന്ന നിലയിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തിയ പുന്നശ്ശേരി നമ്പിക്കുശേഷം കെ.പി. ഭരതപിഷാരടി തുടങ്ങിയവർ നടത്തിയ പ്രവർത്തനങ്ങളും പഞ്ചായത്തിൻെറ സാംസ്കാരിക ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതപ്പെടേണ്ടതാണ്.

നമ്പൂതിരിയെ മനുഷ്യനാക്കിയ സാമൂഹ്യ പരിഷ്കരണത്തിൽ കൂടെ തൻെറ ജീവിതദൗത്യം പൂർത്തീകരിച്ച മഹാനായ വി.ടി. ഭട്ടതിരിപ്പാടിൻെറ പ്രവർത്തനമണ്ഡലങ്ങളിൽ ഒന്ന് ഈ പഞ്ചായത്തിലെ കൊടുമുണ്ട പ്രദേശമായിരുന്നു. ജ്വലിച്ചമർന്ന ആ പന്തത്തിൻെറ പ്രകാശരേണുക്കൾ ഇന്നും കെടാതെ സൂക്ഷിക്കുന്നവരാണ്. മുതുതല പഞ്ചായത്തിലെ പ്രബുദ്ധജനത ഈ പഞ്ചായത്തിലെ ആദ്യകാല പ്രസിഡൻറായിരുന്ന തടം പരമേശ്വരൻ ഭട്ടതിരിപ്പാട്, കാഞ്ഞൂർ നാരായണൻ ഭട്ടതിരിപ്പാട്, പുത്തൻവീട്ടിൽ കുട്ടിശങ്കരൻനായർ എന്നിവർ ഈ നാടിന് വിപ്ലവ - വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ പുരോഗതിയിലേക്ക് നയിച്ചവരായിരുന്നു. സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൻെറ സന്ദേശം ജനങ്ങളിലെത്തിക്കാനായി കാഞ്ഞൂർ നാരായണൻ ഭട്ടതിരിപ്പാട്, വി.ടി. ഭട്ടതിരിപ്പാടിൻെറ കൂടി സഹായത്തോടെ സ്വന്തം വസതി ആസ്ഥാനമാക്കി ഉദ്ബുദ്ധകേരളം എന്നൊരു പത്രം ആറുമാസക്കാലം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് തൻെറ ആത്മകഥയിൽ പേജ് 210 ഈ പത്രപ്രവർത്തനത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. മേൽപറഞ്ഞ വ്യക്തികളിൽ നിന്നൊക്കെ പകർന്നുകിട്ടിയ സംസ്കാരത്തിൻെറ കൈതിരികെടാതെ സൂക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധരാണെന്ന് ഈ അവസരത്തിൽ ഉറപ്പിച്ചു പറയുന്നു.

പഞ്ചായത്തിൻെറ തെക്കെ അതിർത്തിയായ ഭാരതപ്പുഴ നാലു വാർഡുകളെ തഴുകിപ്പോകുന്നു. ഈ നദി നമ്മുടെ സാംസ്കാരിക പൈതൃകത്തിൻെറ വറ്റാത്ത ഉറവ കൂടിയാണ്. കേട്ടുകേൾവിയിൽ

കൂടെ ഉരുത്തിരിഞ്ഞിട്ടുള്ള നിരവധി കഥകൾ പറയുന്നു. തനിമയേയും സാംസ്കാരത്തേയും വിളിച്ചറിയിക്കുന്ന ദേവാലയ വാസ്തു ശില്പത്തിൻെറ മാതൃകകളായിട്ടുള്ള ആരാധനാലയങ്ങൾ ഇരു മതക്കാരുടേതുമായി ഇവിടെ നിരവധിയാണ്. അവ സംരക്ഷിക്കപ്പെടുന്നതിലൂടെ ഒരു പ്രദേശത്തിലെ ജനതയുടെ സാസ്കാരിക പൈതൃകം കൂടിയാണ് സംരക്ഷിക്കപ്പെടുന്നതെന്നു ഈ പഞ്ചായത്തിലെ യുവ തലമുറ മനസ്സിലാക്കുന്നു.

ഹിന്ദുക്കളും മുസ്ലീമുകളുമാണ് പഞ്ചായത്തിലെ പ്രധാന മതവിഭാഗങ്ങൾ. കൊല്ലത്തിൽ നാലുപ്രാവശ്യം താലപ്പൊലി നടത്തപ്പെടുന്ന മുത്തശ്ശ്യാർകാവ് ഇവിടത്തെ സാംസ്കാരിക പാരമ്പര്യത്തിൻെറ നെടുനായകമായി പരിലസിക്കുന്നു. മുതുതല കൊഴിക്കോട്ടിരി കൊടുമുണ്ട പെരുമുടിയൂർ എന്നിങ്ങനെ മുതുതല പഞ്ചായത്തിലെ നാലു ദേശവും പട്ടാമ്പി പഞ്ചായത്തിലെ വള്ളൂർ ദേശവും ഉൾപ്പെട്ടതാണ് ഭഗവതിയുടെ തട്ടകം. ''ഞാൻ നായരുടെ വെള്ളംകുടിച്ച് ഇവിടെ ഇരിക്കുകയേയുള്ളൂ നിനക്ക് വേണമെങ്കിൽ പോകാം'' എന്ന് കല്പിച്ച് അനുജത്തിയെ പറഞ്ഞയച്ച് മുത്തശ്ശ്യാർക്കാവിലെ അമ്മ തന്നെയായിരിക്കണം ഇവിടത്തെ പുരോഗമന ചിന്തകളുടെ ആദ്യപ്രചോദനകേന്ദ്രം അക്കാലത്ത് പ്രചാരത്തിലിരുന്ന മൃഗബലിക്കെതിരെ ആദ്യം ശബ്ദമുയർന്നതും നമ്മുടെ പ്രദേശത്ത് നിന്നായിരുന്നു. ബലി കർമ്മത്തിൻെറ സമയത്ത് ശ്രീമതി. ചായില്യത്ത് ദേവകിഅമ്മ സ്വന്തം തല ബലികല്ലിലേക്ക് നീട്ടികൊടുത്ത കഥ ഇവിടത്തെ പഴമക്കാർ പറയാറുണ്ട്.

മതസൗഹാർദ്ദത്തിൻെറ ഊർവ്വരഭൂമിയായ ഈ പ്രദേശം എന്നും ആ പാരമ്പര്യം നില്നിർത്താൻ ആഗ്രഹിക്കുന്നു യാതൊരു മതവിവേചനവുമില്ലാതെ നേർച്ചയും പെരുനാളും താലപ്പൊലിയും പൂരവുമൊക്കെ ഒരു പോലെ കാണുന്നു. കൊടുമുണ്ടയിലെ മുസ്ലീം പള്ളിക്കുള്ള സ്ഥലം കാഞ്ഞൂർ മനക്കാർ സംഭാവനയായി നൽകുകയായിരുന്നുവെന്ന വസ്തുത നമുക്കിടയിൽ ആഴത്തിൽ വേരോടിയ മതമൈത്രിയെ വിളിച്ചറിയിക്കുന്നതാണ്.

ജാതിവ്യവസ്ഥയ്ക്കും മറ്റു അനാചാരങ്ങൾക്കുമെതിരെ സവർണ്ണരുടെ നേതൃത്വത്തിൽ തന്നെ ശക്തമായ പോരാട്ടങ്ങൾ നടന്ന സ്ഥലമാണ് മുതുതല പഞ്ചായത്ത്. യാതൊരു മുഖവുരയും ആവശ്യമില്ലാത്ത സവിശേഷവ്യക്തിത്വത്തിനുടമയായ ശ്രീ.എം.ആർ.ബി, ശ്രീ.ഐ.സി.പി.നമ്പൂതിരിയുടെ സഹോദരിയായ വിധവയെ വിവാഹം ചെയ്തപ്പോൾ അവരെ സ്വീകരിച്ചതും പിൻതുണനൽകിയതും കൊടുമുണ്ടക്കാരാണ് എന്നത് സ്മരണീയമാണ്.

ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിൻെറ ഭാഗമായി ജയിൽശിക്ഷ അനുഭവിച്ചതിൻെറ പേരിൽ സ്വസമുദായം ഭ്രഷ്ടു കല്പിച്ച ശ്രീ. ചക്രപാണിപിഷാരടി കണ്ണനൂർ പിഷാരടിക്ക് അഭയമേകുകയും, ദേശീയ പ്രസ്ഥാനത്തിൻെറ ആഹ്വാനമനുസരിച്ച് ഹിന്ദി പഠിപ്പിക്കാൻ നിയോഗിക്കപ്പെടുകയും ചെയ്തത് കൊടുമുണ്ടയിലെ മറ്റൊരനുഭവമാണ്. കുടുംബവിലക്കുകളെ മറികടന്ന് കൊടുമുണ്ടയിൽ വെച്ച് നടത്തപ്പെട്ട ശ്രീ പിഷാരടിയുടെ വിവാഹവും ഏറെവിവാദമായി. ഈയിടെ എച്ച്.എ.എൽ. നിന്ന് ജനറൽ മാനേജരായി വിരമിച്ച ശ്രീമുകുന്ദൻ ശ്രീ പിഷാരടിയുടെ മകനാണ്.

പന്തിഭോജനം, (വിവിധജാതിക്കാർ ഒരേപന്തിയിലിരുന്ന് ഭക്ഷണം കഴിക്കുക) എന്ന ആശയം പ്രാവർത്തികമാക്കാൻ ശ്രമിച്ചവരാണ് കാഞ്ഞൂർ രാമൻ ഭട്ടതിരിപ്പാട്, ഭാര്യ കാളിഅന്തർജ്ജനം മുതുതല തോട്ടുപുറത്ത് കുഞ്ചുണ്ണി മേനോൻ എന്നിവർ.

പന്തിഭോജനത്തിനു പുറമെ ഹരിജൻ സ്ത്രീകൾക്കിടയിൽ ഉണ്ടായിരുന്ന കല്ലും, മാലയും ധരിക്കൽ സവർണ്ണക്കൊപ്പം വസ്ത്രധാരണം ചെയ്യാൻ താഴ്ന്ന .ജാതിക്കാരെ അനുവദിക്കാതിരിക്കൽ എന്നിവയെയൊക്കെ എതിർത്ത മഹാനാണ് തോട്ടുപുറത്ത് ശ്രീ. കുഞ്ചുണ്ണിമേനോൻ. ശ്രീ.മേനോൻെറ പ്രവർത്തനങ്ങളെപ്പറ്റി ഈയിടെ മാതൃഭൂമി പത്രത്തിലെ പഴമയുടെ താളുകൾ എന്ന പംക്തിയിൽ വന്നിരുന്നു. സവർണ്ണ നേതൃത്വത്തെ വെല്ലുവിളിച്ച് താഴ്ന്ന ജാതിയിൽപ്പെട്ട ഒരാളെ മുതുതല മഹാഗണപതി ക്ഷേത്രക്കുളത്തിൽ കുളിക്കാൻ പ്രേരിപ്പിച്ച ബാലൻ എന്ന പുരോഗമനാശയക്കാരന് ശക്തമായ എതിർപ്പുകൾ മൂലം നാടുവിടേണ്ടി വന്ന കഥയും നമുക്കു മറക്കാനാവുന്നതല്ല. ജാതീയമായ ഇത്തരം ചേരിതിരിവുകൾക്കനുബന്ധമായി സമ്പത്തിൻെറ അന്തരം മൂലമുള്ള പ്രശ്നങ്ങളും സമൂഹത്തിൽ അക്കാലത്തു പ്രകടമായിരുന്നെങ്കിലുംഇന്നവയ്ക്കൊക്കെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നുവെന്നത് ശ്രദ്ധേയമാണ്.

പഞ്ചായത്തിൽ നാലു ഗ്രന്ഥശാലകളുണ്ട്. ഒട്ടേറെ പരാധീനതകൾ ഉണ്ടെങ്കിലും ഇവയെല്ലാം സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഒന്നാംവാർഡിൽ പ്രവർത്തിക്കുന്ന സംഗീത ലൈബ്രറി റിക്രിയേഷൻ ക്ലബ്ബിനു സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടമില്ല. ഒന്നാം വാർഡ് ഗ്രാമസഭയിൽ പ്രധാനമായും ഉയർന്നു വന്ന ആവശ്യം പ്രസ്തുത ലൈബ്രറിയുടെ കെട്ടിട നിർമ്മാണത്തിന് ധന സഹായം നൽകുന്ന കാര്യമായിരുന്നു. മുതുതലയിൽ പ്രവർത്തിക്കുന്ന യുവജനസമാജം വായനശാല നന്നായി പ്രവർത്തിക്കുന്നുണ്ട്. കൈരളി റിക്രിയേഷൻ ക്ലബ്ബ് കൊഴിക്കോട്ടിരിയും വായനശാല പ്രവർത്തനത്തിനു തുടക്കം കുറിച്ചിട്ടുണ്ട്. ഏഴാം വാർഡിലുള്ള ശ്രീധർ സ്മാരക വായനശാല ആദ്യകാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനമൊന്നുമില്ല. ഒമ്പതാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുഞ്ഞൻ നായർ സ്മാരക വായനശാലയും ആണ് പ്രവർത്തനത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. പഞ്ചായത്തിൽ ഇന്ന് വനിതാ ലൈബ്രേറിയനുള്ള ഏക വായനശാലയാണിത്. താഴ്ന്ന ക്ലാസ്സുകളിലെ അക്ഷരമറിയാത്തവർക്കായി വിദ്യാഭ്യാസ പരിപാടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വായനശാലകൾ കൂടാതെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിരവിധി ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പട്ടിക താഴെ ചേർക്കുന്നു.

സ്വന്തമായി കെട്ടിടമുള്ള ക്ലബ്ബുകൾ

1. ശിൽപ്പ പെരുമുടിയൂർ
2. പ്രതിഭ ആർട്സ് ഏൻറ് സ്പോർട്സ് ക്ലബ്ബ്, പെരുമുടിയൂർ.

3. കൈരളി റിക്രിയേഷൻ ക്ലബ്ബ് കൊഴിക്കോട്ടിരി.

സ്വന്തമായി കെട്ടിടമില്ലാത്ത സ്പോരഃട്സ് ക്ലബ്ബായി പ്രവർത്തിക്കുന്ന താഴെ പറയുന്ന നിരവധി സ്ഥാപനങ്ങളും പഞ്ചായത്തിൽ ഉണ്ട്.

| വാർഡ് | സ്ഥാപനം |
|---|---|
| 1 | ഉദയാആർട്സ് ഏൻറ് സ്പോർട്സ് ക്ലബ്ബ് · |
| 2. | ഫ്രൻറസ്ആർട്സ് ഏൻറ് സ്പോർട്സ് ക്ലബ്ബ്, വിക്ടറി സ്റ്റോർ റോക്ക് |
| 3. | ന്യൂസ്റ്റാർ പറക്കാട് |
| 4. | ന്യൂകേരള പറക്കാട് |
| 5. | സൗത്ത് ഇന്ത്യാ ക്രിക്കറ്റ് ക്ലബ്ബ് |
| 6. | യുവധ്വനി, യുവതരംഗം, യുവധാര ക്ലബ്ബ്, തോട്ടിൻകര, യെങ്ങ്സ്റ്റേ സ്സ് ക്ലബ്ബ്, ബ്രേദ്ദേഴ്സ് |
| 7. | പെരുമുടിയൂർ സ്റ്റീറ്റ് |
| 8. | വിവേകാനന്ദ ആർട്സ് ക്ലബ്ബ്, ഗ്രാമേശ്വരി |
| 9. | സഹൃദയ |

അംഗീകൃതവായനശാലകൾക്ക് പഞ്ചയാത്ത് രണ്ടു പത്രങ്ങൾ സൗജന്യമായി നൽകുന്നുണ്ട്. അപൂർവ്വമായി ചില കലാകേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നിൻേറയും നില മെച്ചമല്ല. ക്ലബ്ബുകൾ പലതും കാലീകമായി മാത്രമാണ് പ്രവർത്തിക്കുന്നത്. സ്കൂളുകളിൽ യുവജനോൽസവങ്ങൾ നടത്താറുണ്ട് എന്നാൽ അവ പലപ്പോഴും വേണ്ട രീതിയിൽ ആകാറില്ല. സ്കൂളുകളിൽ നിന്ന് ജില്ലാ സംസ്ഥാനതലങ്ങളിൽ കലാകാരൻമാർ എത്തിപ്പെടുന്നത് അപൂർവ്വമാണ്. അമേച്ചർ പ്രൊഫഷ്ണൽ നാടകസംഘങ്ങളൊന്നും തന്നെ നിലവിൽ ഇല്ല. കേരളോൽസവങ്ങളുമായി ബന്ധപ്പെട്ട ഒറ്റപ്പെട്ട ചില ശ്രമങ്ങൾ നടത്താറുണ്ടെന്നുമാത്രം. ആധുനീക തലമുറക്ക് അജ്ഞാതമായ ചില നാടൻ കലാരൂപങ്ങൾ വശമുള്ള പഴയ തലമുറയുടെ ചില കണ്ണികൾ നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്. പഞ്ചായത്തിലെ വിവിധ ക്ഷേത്രങ്ങളിൽ ഉൽസവങ്ങളോടനുബന്ധിച്ച് തിറ, പൂതൻ തുടങ്ങിയ അനുഷ്ഠാനകലാരൂപങ്ങൾ പ്രദർശിപ്പിക്കപ്പെടാറുണ്ട്. ചവിട്ടുകളി, പാണൻപാട്ട്, പുളളുവൻപാട്ട് തുടങ്ങിയ ചില പ്രത്യേക സമുദായക്കാർക്കു മാത്രം അവകാശപ്പെടാവുന്ന പാരമ്പര്യത്തോടുകൂടിയ നാടൻ കലകൾ നാമമാത്രമായിട്ടാണെങ്കിലും അവതരിപ്പിക്കപ്പെടാറുണ്ട്. മുതുതല പ്രദേശം ആദ്യകാലത്ത് പകിടകളിയുടെ പ്രധാന കേന്ദ്രമായിരുന്നു.

മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, മാധ്യമം, ചന്ദ്രിക, ഇന്ത്യൻ എക്സ്പ്രസ് എന്നീ പ്രമുഖ പത്രങ്ങൾക്ക് പഞ്ചായത്തിൽ പ്രചാരമുണ്ട്. മാതൃഭൂമി ആഴ്ചപ്പതിപ്പ്, വനിത, ഗൃഹലക്ഷി, കേരളശബ്ദം, ഇന്ത്യാറ്റുഡേ, ദേശാഭിമാനി വാരിക എന്നീ ആനുകാലീകങ്ങൾക്ക് മോശമല്ലാത്ത പ്രചാരം കിട്ടിയിട്ടുണ്ട്. ഉയർന്ന നിലവാരത്തിലുളള വായനയില്ലാത്തവർക്കിടയിൽ മലയാളമനോരമ, മംഗളം എന്നീ ആഴ്ചപ്പതിപ്പുകൾക്കു നല്ല പ്രചാരമാണ്.

പഞ്ചായത്തിലെ ടെലിവിഷൻെറ സ്വാധീനം എടുത്തുപറയേണ്ട ഒന്നാണ്. എന്നാൽ ഇതു സാംസ്കാരിക രംഗത്തെ ദോഷകരമായാണ് ബാധിച്ചിരിക്കുന്നതെന്നത് ഖേദകരം തന്നെ. ഒഴിവു സമയം മുഴുവനും ടെലിവിഷൻ സെറ്റിനു മുമ്പിൽ ചെലവഴിക്കാനാണു ഭൂപരിപക്ഷം പേരും ഇഷ്ടപ്പെടുന്നത്. മിക്കവരുടേയും ആകർഷണകേന്ദ്രം സിനിമ തന്നെ. ടി.വി.യുടെ സ്വാധീനം സിനിമരംഗത്തെ ബാധിച്ചതിൻെറ പ്രതിഫലനം പഞ്ചായത്തിൽ കാണാം. വീട്ടമ്മമാരുൾപ്പടെ പലരുടേയും സിനിമാസ്വാദനമിപ്പോൾ വീട്ടിനകത്തു തന്നെയായിരിക്കുന്നു. എങ്കിലും പഞ്ചായത്തിലെ ഏകസിനിമാശാലയായ ഷനൂജ് മൂവീസ് നന്നായി പ്രവർത്തിക്കുന്നുണ്ട്. വരും കാലത്ത് സിനിമയുടെ മാസ്മരലോകത്തെത്തിപ്പെടാൻ സാധ്യതയുള്ളവർ നമുക്കിടയിലുമുണ്ട്. തിരുവനന്തപുരത്ത് സഹസംവിധായകനായി പ്രവർത്തിക്കുന്ന ശ്രീ. മൻസൂർ കെ.ടി.യും നിലാവറിയുന്നു എന്ന ടെലിവഫിലിമിൻെറ സാങ്കേതികരംഗത്തു പ്രവർത്തിച്ച് ശ്രദ്ധേയനായി, ബൾഗേറിയയിലെ ചലച്ചിത്രോത്സവത്തിൽ പങ്കെടുക്കാനവസരം നേടിയ ശ്രീ. മൊയ്തൂട്ടിയും നമുക്കേറെ പ്രതീക്ഷകൾ തരുന്നു.

അഭിനയത്തിനുപുറമേ സാഹിത്യം, സംഗീതം, ചിത്രമെഴുത്ത് എന്നിവയിലും അഭിരുചിയുള്ളവർ പുതിയ തലമുറയിൽ ധാരാളമുണ്ട് ഇവർക്കു ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാൻ അനുഭവസമ്പത്തുള്ളവരും ധാരാളം. സാംസ്കാരികപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ മുതുതല പ്രദേശം പണ്ടുമുതലേ മുൻപന്തിയിലായിരുന്നുവെന്നതിനു തെളിവാണ് വർഷങ്ങൾക്കു മുൻപിവിടെ നിലനിന്നിരുന്ന അക്ഷരശ്ലോക സമിതി.

പഞ്ചായത്തിൻെറ കായികരംഗത്ത് ആശാവഹമായ പുരോഗതി കാണുന്നില്ല. നേരത്തെ സൂചിപ്പിച്ച ചില ക്ലബ്ബുകളുമായി ബന്ധപ്പെട്ടുകൊണ്ടാണ് നമ്മുടെ കായികരംഗത്തിൻെറ നിലനിൽപ്പ്. ദേശീയ തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള രണ്ടു ചെസ്സ് പ്രതിഭകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പെരുമുടിയൂർ ലീലാലയത്തിൽ ശ്രീ. സുധാകരൻ നായരുടെ പുത്രന്മാരായ ഗോപകുമാറും, ഗോപിമോഹനനുമാണവർ. ഇവർക്കുപുറമെ ക്രിക്കറ്റിലും ഫുട്ബോളിലും അഭിരുചയുള്ളവർ ധാരാളമുണ്ടിവിടെ. പക്ഷേ നിർഭാഗ്യവശാൽ, ഉയർന്നുവരാനുള്ള താൽപര്യവും, ശ്രമങ്ങളുമൊന്നും ഇവരുടെ ഭാഗത്തുനിന്നും ഇനിയുമുണ്ടായിട്ടില്ല.

രാഷ്ട്രീയ പ്രബുദ്ധതയുടെ കാര്യത്തിലും മുതുതല പഞ്ചായത്ത് ഒട്ടും പിന്നിലല്ല. ഭീകരമായ പോലീസ് മർദ്ദനങ്ങൾ സഹിച്ച് രക്തസാക്ഷിത്വം വഹിച്ചവർ പഞ്ചായത്തിലുണ്ട്. കർഷകസമരങ്ങളുടെ വള്ളുവനാട്ടിലെ ശക്തികേന്ദ്രമായിരുന്നു മുതുതല. ഈ പാരമ്പര്യം ഇന്നും നിലനിറുത്തുന്നതിൽ ബദ്ധശ്രദ്ധരാണ് മുതുതല പഞ്ചായത്തിലെ നിവാസികൾ. പുരോഗമനപ്രസ്ഥാനങ്ങൾക്ക് അവഗണിക്കാനാവാത്ത സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. വി.ടി.യും എം.ആർ.ബിയും ഉയർത്തിപ്പിടിച്ച ആശയങ്ങൾക്കൊപ്പം പോയിട്ടുണ്ട് എന്നും മുതുതല പഞ്ചായത്തിലെ സാംസ്കാരിക നേതൃത്വം. ആ സാംസ്കാരിക ഊർജ്ജസ്വലത വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനമാണ് നാമിനി ചെയ്യേണ്ടത്.

# വനിതാക്ഷേമം

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ ഇന്നത്തെ സ്ഥിതി അത്ര മെച്ചപ്പെട്ടതൊന്നുമല്ല. ജനസംഖ്യയിൽ 51.61% സ്ത്രീകളാണ്. 1000 പുരുഷൻമാർക്ക് 1100 സ്ത്രീകൾ വരും. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ആദ്യപ്രവർത്തനമായ ഗ്രാമസഭായോഗങ്ങൾ മുതൽ രണ്ടാംഘട്ട പഞ്ചായത്തുതല പരിശീലനം വരെയുള്ള സ്ത്രീകളുടെ പങ്കാളിത്തം 20% മാത്രമാണ്. ഇത് സൂചിപ്പിക്കുന്നത് ഉയർന്ന സാമൂഹ്യബോധവും വികസന കാഴ്ചപ്പാടും ഇനിയും സ്ത്രീകൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു എന്നാണ് ഒമ്പതാം പദ്ധതി ജനകീയ പങ്കാളിത്തത്തോടെ പ്രാവർത്തികമാക്കുമ്പോൾ സ്ത്രീകളുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സാദ്ധ്യത തെളിഞ്ഞു വരുന്നു.

നവോത്ഥാനത്തിൻെറ കാലത്തുതന്നെ സ്ത്രീകൾ അപൂർവ്വമായിട്ടെങ്കിലും പൊതുപ്രവർത്തനരംഗത്തുവന്നതായി കാണാം. ആര്യാപള്ളം പോലെയുള്ള ആദ്യകാല വനിതാ പ്രവർത്തകരുടെ നേതൃത്വത്തിൽ സമുദായ പരിഷ്കരണ പ്രവർത്തനങ്ങളുടെ ആരംഭകാലത്തിൽതന്നെ കാഞ്ഞൂര് കാളി അന്തർജ്ജനം പൊതുരംഗത്തേക്കു വന്നു. തുടർന്നുവന്ന രാഷ്ട്രീയ മുന്നേറ്റത്തിൽ തടത്തിൽ പ്രിയദത്തയുടെ പ്രവർത്തനം എടുത്തു പറയേണ്ടതാണ് സ്വാതന്ത്ര്യാനന്തര വർഷങ്ങളിൽ പദ്ധതി പ്രവർത്തനമാരംഭിച്ച മഹിളാസമാജം നേതൃത്വം കൊടുത്തു. തോട്ടുപുറത്തു കാർത്ത്യായനിഅമ്മ മഞ്ചേരി തൊടി ചിന്നമാളുഅമ്മ തുടങ്ങിയവരും രംഗത്തുവന്നു. വളരെ മന്ദഗതിയിലാണെങ്കിലും പെരുമുടിയൂർ കൊഴിക്കോട്ടിരി പ്രദേശങ്ങളിലേക്ക് അടുത്ത കാലത്ത് മഹിളാസമാജങ്ങളും സംഘടിത പ്രവർത്തനങ്ങളും കടന്നുവന്നു.

വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ പുരുഷൻമാരുടെ പുറകിലാണ്. പെൺകുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം കൊടുക്കുക. എന്നത് ഒരു അവശ്യം ആവശ്യമായി രക്ഷാകർത്താക്കൾക്ക് തോന്നി തുടങ്ങിയിട്ടില്ല. വളരെ ചെറുപ്പത്തിൽ തന്നെ പെൺമക്കളെ വിവാഹം കഴിച്ചുകൊടുക്കുന്നതിൽ ശ്രദ്ധിക്കുന്ന അച്ഛനമ്മമാർ അവരുടെ വിദ്യാഭ്യാസനം ഒരു പാഴ്വേലയായി കണക്കാക്കുന്നു. മുസ്ലീം സമുദായത്തിലും, പിന്നോക്കം നിൽക്കുന്ന മറ്റു ജന വിഭാഗങ്ങൾക്കിടയിലും വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകൾ ഇന്നും വളരെ പുറകിലാണ്. വിദ്യാഭ്യാസമുള്ള സ്ത്രീകൾ പൊതുവിൽ സാമൂഹ്യ പ്രവർത്തനത്തിൽ വിമുഖതയുള്ള വരാണ്. പുരുഷൻമാർ അതിനുവേണ്ട പ്രോൽസാഹനം കൊടുക്കുന്നില്ല എന്നതുതന്നെയാണ് പ്രധാനകാരണം. ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഒമ്പത് അംഗങ്ങളിൽ 4 പേർ സ്ത്രീകളാണ്. അതിൽതന്നെ ഒരു സ്ത്രീ പൊതുസിറ്റിൽമത്സരിച്ച് ജയിച്ചു വന്ന അംഗമാണ്. പഞ്ചായത്തിൽ ഏഴ് എൽ.പി സ്കുളുകളും, ഒരു യു.പി.സ്കൂളും, രണ്ട് ഹൈസ്കൂളുകളും ഉണ്ട്. 4 എൽ.പിയിലേയും യു.പിയിലേയും, രണ്ടു ഹൈസ്കൂളുകളിലേയും പ്രധാനദ്ധ്യാപകർ സ്ത്രീകളാണ്. പഞ്ചായത്തിലെ ഒരു ലൈബ്രറിയൻ വനിതയാണ്.

17 അംഗൻവാടികളിലായി 34 സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്.

ആരോഗ്യസംരക്ഷണരംഗത്ത് സ്ത്രീയും പുരുഷനും ഏതാണ്ടു തുല്യതയിലാണ്. ശിശുമരണനിരക്കും പ്രസവമരണനിരക്കും വികസിത രാജ്യങ്ങളോട് കിട നിൽക്കുന്ന രീതിയിലാണ്. ജനനനിരക്ക് കുറച്ചു കൊണ്ട് വന്ന് ചെറിയ കുടുംബം എന്ന ആശയം ഇവിടെ പ്രചരിച്ചിട്ടുണ്ട്. നാലു പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ഒരു ആയുർവേദാശുപത്രിയും ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടത്തെ സൗകര്യങ്ങൾ അപര്യാപ്തമായതുകൊണ്ട് സ്ത്രീകൾ മറ്റു പ്രദേശങ്ങളെ ആശ്രയിക്കുന്നു.

സേവന മേഖലയിലെ ജീവനക്കാരായ സ്ത്രീകളുടെ എണ്ണം ചെറിയൊരു ശതമാനമേ ഉള്ളൂ കാർഷികമേഖലയിൽ ജോലിചെയ്തിരുന്ന സ്ത്രീകൾ അധികവും ഇന്ന് നിർമാണമേഖലയിലാണ് ഇഷ്ടികനിർമ്മാണം, മണൽവാരൽ, വസ്ത്രനിർമ്മാണം, തീപ്പെട്ടിനിർമ്മാണം, നൂൽനൂൽപ്പ് എന്നിങ്ങനെയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരുണ്ട്. പാരമ്പര്യതൊഴിലുകളായ മൺപാത്രനിർമ്മാണം, ഓട്ടുപാത്രനിർമ്മാണം, ഇരുമ്പുപണി, വസ്ത്രമലക്കൽ, കൊട്ട പനമ്പ് നിർമ്മാണം മുതലായവയിലും ഉപജീവനം കണ്ടെത്തുന്നവർ വിരളമായെങ്കിലും ഉണ്ട്. പശു, ആട്, കോഴി എന്നിവയെ വളർത്തി വരുമാനമാർഗ്ഗം ഉണ്ടാക്കുന്നവരും ഉണ്ട്. ഇങ്ങനെ പലവിധത്തിലും തൊഴിൽ ചെയ്യുന്നവരെ കണ്ടെത്താമെങ്കിലും ഇവരെല്ലാം ചേർന്നാലും ആകെയുള്ള സ്ത്രീകളുടെ പകുതി പോലും ആകുന്നില്ല. തൊഴിലില്ലാത്ത സ്ത്രീകൾ വീടുകളിൽ പാചകം, കുട്ടികളെ പരിചരിക്കൽ തുടങ്ങിയ ജോലികളുമായി കഴിഞ്ഞുകൂടുന്നതായാണ് കണ്ടുവരുന്നത്. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വിറകുശേഖരിക്കൽ എന്നിവ സ്വന്തം സൗകര്യത്തിനനുസരിച്ച് ചെയ്യുന്നവരുമുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ സ്ത്രീകളിലും ധാരാളം ഉണ്ട്. ഉയർന്ന വിദ്യാഭ്യാസം ലഭിച്ച പെൺകുട്ടികൾ ട്യൂഷൻ ക്ലാസിലോ പാരലൽ കോളേജിലോ പോയി അധ്യാപനം നടത്തുന്നു. തൊഴിലെടുക്കുന്ന സ്ത്രീകളുടെ നില പരിശോധിച്ചാൽ എല്ലാ പ്രധാനപ്പെട്ട തുറകളിലും സ്ത്രീകളും പുരുഷൻമാരും തമ്മിൽ കൂലിയിൽ വലിയ അന്തരംകാണാൻ സാധിക്കും. ഒരു പുരുഷതൊഴിലാളിക്ക് ദിവസകൂലി 100രൂപ കിട്ടുമ്പോൾ സ്ത്രീ തൊഴിലാളിക്ക് 60 രൂപയാണ് കിട്ടുന്നത്. കൂലിയുടെ ഈ അന്തരം സ്ത്രീ തൊഴിലാളികളെ അലോസരപ്പെടുത്താറില്ല.

സ്ത്രീകൾ കുടുംബനാഥകളായുള്ള വീടുകളും ഇവിടെയുണ്ട്. കുടുംബബാദ്ധ്യത സ്ത്രീകൾക്കാണ് എന്നതുകൊണ്ടുമാത്രം അവിടങ്ങളിൽ പ്രത്യേകം പ്രശ്നം ഒന്നും ഉള്ളതായി തോന്നുന്നില്ല.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പല കുടുംബങ്ങളിലും വിവാഹപ്രായം കഴിഞ്ഞു നിൽക്കുന്ന ധാരാളം യുവതികളുണ്ട്. ദാമ്പത്യജീവിതം നിഷേധിക്കപ്പെട്ട ഇവരെ സംബന്ധിച്ചിടത്തോളം വിവാഹം എന്നത് സ്വപ്നം മാത്രമായിരിക്കുന്നു. പറഞ്ഞവെച്ച സ്ത്രീധനതുകയുടെ ബാക്കി കൊടുക്കാനാവാത്തതുകൊണ്ട് ഭർതൃഗൃഹത്തിലെ അപമാനനത്തിന് പാത്രമാകേണ്ടിവരുന്നവരുമുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുറഞ്ഞ തോതിലാണെങ്കിലും ഇന്നും സ്ത്രീകളുടെ ഇടയിൽ നിലനിൽക്കുന്നു. മാധ്യമങ്ങളിൽ ടെലിവിഷനുതന്നെയാണ് സ്ത്രീകൾക്കിടയിൽ കൂടുതൽ സ്വാധീനം ഗൃഹജോലികൾ വളരെ ബദ്ധപ്പെട്ട് ചെയ്തു തീർത്ത് ടെലിവിഷനുമുമ്പിലിരിക്കാനുള്ള പ്രവണത

വർദ്ധിച്ചുവരുന്നു. എന്നാൽ ഈ ആവേശം സിനിമാസംബന്ധിയായ പരിപാടികൾ സീരിയലുകൾ എന്നിവ കാണാനുള്ളതാണ്. വിജ്ഞാനപ്രദങ്ങളായ പരിപാടികളോ വാർത്തകളോ ശ്രദ്ധാപൂർവ്വം വീക്ഷിക്കാത്തവരാണ് അധികവും. റേഡിയോവിലെ നല്ല പരിപാടികൾ ശ്രദ്ധിക്കുക, പത്രം വായിക്കുക, എന്നീ ശീലവും സ്ത്രീകൾക്കിടയിൽ ആരോഗ്യകരമായ രീതിയിൽ വളർന്നുവരുന്നില്ല.

വിധവാപെൻഷൻ ലഭിക്കുന്നവർ 135 പേരാണ്. അർഹതയുള്ള ചിലർക്കുകൂടി കിട്ടേണ്ടതായുണ്ട്. 17 അംഗനവാടികളിൽ 4 എണ്ണത്തിനു മാത്രമേ സ്വന്തം സ്ഥലമുള്ളു. ഒന്നിനു മാത്രം സ്വന്തം കെട്ടിടമുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി സർക്കാർ ആരംഭിച്ചിട്ടുള്ള പല പദ്ധതികളുടേയും പ്രയോജനം ഇവിടെ എത്തിയിട്ടില്ല. ഐ.ആർ.ഡി.പി. സർവ്വേലിസ്റ്റിൽ ഉൾപ്പെട്ടവരെ മാത്രമാണ് ഇപ്പോൾ ഡി.ഡബ്ലിയു.സി.ആർ.എ. യൂണിറ്റിൽ അംഗങ്ങളാക്കുന്നത്. അർഹതയുള്ള പലരും ഈ ലിസ്റ്റിൽ അതുകൊണ്ട് ഉൾപ്പെടുന്നില്ല. ഉൾപ്പെട്ടിട്ടുള്ള പലരും ഇത്തരം പ്രവർത്തനങ്ങൾക്ക് സന്നദ്ധരല്ല. അതിനാൽ ഈ രീതിക്ക് മാറ്റം വരുത്തി ഡി.ഡബ്ലിയു.സി.ആർ.എ. യൂണിറ്റുകളിൽ ഇടത്തരം കുടുംബങ്ങളിൽ നിന്നുള്ളവരെ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഇതിനുള്ള അധികാരം പഞ്ചായത്തുകൾക്കായിരിക്കണം. വ്യക്തിഗത വായ്പകൾ പലതും ദുരുപയോഗപ്പെടുത്തുകയാണ്.

സ്ത്രീകളുടെ നേതൃത്വത്തിലുള്ള ബഹുജന സംഘടനകളോ സന്നദ്ധസംഘടനകളോ ഇവിടെയില്ല വനിതാപങ്കാളിത്തമേ ഉള്ളൂ. പൊതുരംഗത്തേക്കിറങ്ങുന്ന സ്ത്രീകളെ സംശയദൃഷ്ടിയോടെ കാണാനുള്ള പ്രവണത ഇന്നും ഇവിടത്തെ ജനങ്ങൾക്കിടയിലുണ്ട്. പുറത്തിറങ്ങി പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് തീരെ സുരക്ഷിതത്വബോധമുണ്ടാക്കാത്ത വിധത്തിലാണ്. ഇന്നത്തെ സമൂഹം അവരോടു പെരുമാറുന്നത് ദിനംതോറും വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനകേസ്സുകളിൽ ഉത്തരവാദപ്പെട്ട സ്ഥാനത്തിലിരിക്കുന്നവർപോലും പ്രതികളാകുന്ന സാഹചര്യത്തിൽ കതകടച്ച് വീട്ടിൽ കഴിയാൻ സ്ത്രീകൾ നിർബന്ധിതരായിരിക്കുകയാണ്. പുറത്തുപോയ പെൺമക്കളെ കാത്തിരിക്കുന്ന അച്ഛനമ്മമാരുടെ വയറ്റിൽ തീയാണ്. ഇന്ന് വിവാഹം കഴിച്ചു കൊടുത്താലും മകളുടെ സുരക്ഷിതത്വത്തിൽ ഉത്കണ്ഠാകുലരാണ്. അവർ സാമ്പത്തികമോ സാമൂഹ്യമോ ആയ കഴിവുകേടിനെ ചൂഷണം ചെയ്തു അതിക്രമം കാണിക്കുന്ന സാമൂഹ്യവിരുദ്ധരെ നേരിടാനുള്ള അറിവോ ശക്തിയോ സ്ത്രീകൾക്കില്ല. പീഡനമേൽക്കുന്നവർ പലരും അപമാനഭീതിമൂലം എല്ലാം മറച്ചുവെക്കുന്നു. തന്നെയല്ല പുറത്തറിഞ്ഞാൽ പെൺകുട്ടിയുടെ ഭാവിക്ക് ദോഷം വരുമോ എന്ന ഭയം കൊണ്ട് രക്ഷിതാക്കളും പ്രതികൾക്ക് അർഹമായ ശിക്ഷകൊടുക്കുന്നതിന് സഹായം ചെയ്യുന്നില്ല. ഇതുമൂലം കുറ്റകൃത്യങ്ങൾ അനുസ്യൂതമായി പെരുകുകയും ചെയ്യുന്നു. സത്രീക്ക് സ്വതന്ത്രമായി നിർഭയം സഞ്ചരിക്കാനും പ്രവൃത്തി ചെയ്യാനുമുള്ള സാഹചര്യം ഇവിടെ എത്രയും വേഗം സംജാതമാകേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ സ്ത്രീകളുടെ മുഖ്യപ്രശ്നങ്ങൾ.

1. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്ര അവസരം ഇല്ല.
2. പൊതുരംഗത്ത് പ്രവർത്തിക്കുന്നതിന് മുന്നോട്ടുവരുന്നില്ല.

3. സ്വയം തൊഴിൽസംരംഭങ്ങൾ വേണ്ടത്രയില്ല.
4. മഹിളാസ്സമാജങ്ങൾ വേണ്ടത്രയില്ല. ഉള്ളവയുടെ തന്നെ പ്രവർത്തനം കാര്യക്ഷമമല്ല.
5. മദ്യം കൊണ്ടുള്ള ദുരിതം സ്ത്രീകളാണ് കൂടുതൽ അനുഭവിക്കുന്നത്.
6. സ്ത്രീധനത്തിൻെറ പേരിൽ ജീവിതം നശിച്ചുപോയവരും ദാമ്പത്യജീവിതം നിഷേധിക്കപ്പെട്ടവരും ധാരാളം ഉണ്ട്.
7. അശ്ലീലപോസ്റ്ററുകളിൽ സ്ത്രീകളെ ആഭാസമായി പ്രദർശിപ്പിക്കുന്നുണ്ട്.
8. സ്ത്രീകൾ ഒഴിവു സമയം അലസരായി വൃഥാ ചെലവാക്കുന്നുണ്ട്.
9 വായനാശീലം വളർത്തികൊണ്ടുവരാൻ ശ്രമിക്കുന്നില്ല.
10. സുലഭമായതും താരതമ്യേന ചെലവു കുറഞ്ഞതുമായ പോഷകവിഭവങ്ങളെക്കുറിച്ച് വേണ്ടത്ര ബോധമില്ലാത്തതുകൊണ്ട് അവ പാഴാക്കുന്നു. (പപ്പായം, ചക്ക, മുരിങ്ങയില,കൂടാതെയുള്ള മറ്റു ഇലക്കറികൾ എന്നിവ)

സാദ്ധ്യതകൾ

1. വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനവും സാങ്കേതിക സഹായവും നൽകി അവരെ വിവിധതരം തൊഴിലുകൾക്ക് പ്രാപ്തരാക്കുക. കുടനിർമ്മാണം, വസ്ത്രനിർമ്മാണം, അച്ചാർ നിർമ്മാണം, മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം, കൂൺകൃഷി, കോഴി വളർത്തൽ, പപ്പട നിർമ്മാണം എന്നിങ്ങനെയുള്ള തൊഴിലുകളാകാം.
2. സ്ത്രീകളെ പൊതുരംഗത്തു കൊണ്ടുവരുന്നതിന് പുരുഷൻമാർ മുൻകൈ എടുക്കണം. അവർക്ക് പ്രത്യേകമായി നേതൃത്വപരിശീലനക്ലാസ്, പ്രസംഗപരിശീലനക്ലാസ് എന്നിവ പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക.
3. വനിതാ വ്യവസായ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ വിറ്റഴിക്കുന്നതിനുള്ള വിപണനകേന്ദ്രങ്ങൾ കണ്ടെത്തണം.
4. മഹിളാസമാജങ്ങളുടെ പ്രവർത്തന കാര്യക്ഷമമാക്കാൻ പഞ്ചായത്തുതലത്തിൽ അവയെ ഏകോപിപ്പിച്ചുകൊണ്ട് സ്ത്രീകൾക്കുവേണ്ടി ചർച്ചാക്ലാസുകളും കലാസാഹിത്യമൽസരങ്ങളും നടത്തണം.
5. ആരോഗ്യബോധവൽക്കരണക്ലാസുകളിൽ കുറഞ്ഞ ചെലവിലുള്ള പോഷകാഹാരനിർമ്മാണം പഴവർഗ്ഗങ്ങളുടെ സംസ്കരണം ആരോഗ്യശീലങ്ങൾ എന്നിവയെക്കുറിച്ച് വിദഗ്ധൻമാരെ കൊണ്ട് ക്ലാസെടുപ്പിക്കണം. പലഘട്ടങ്ങളിലായി പഞ്ചായത്തിലെ വനിതകളെ മുഴുവൻ ഉൾക്കൊള്ളിക്കുന്നതിന് ശ്രമിക്കണം.
6. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കി പഞ്ചായത്തിനെ 5കൊല്ലം കൊണ്ട് മദ്യവിമുക്ത മേഖലയാക്കണം
7. ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകളെ ഉദ്ദേശിച്ച് പച്ചക്കറിതോട്ടനിർമ്മാണത്തിന് വിത്തും വളവും സൗജന്യമായി കൊടുക്കണം.
8. വനിതാസഹകരണസംഘം ആരംഭിക്കുന്നതിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണം.

9. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹം നടത്തികൊടുക്കാൻ പഞ്ചായത്തുതലത്തിൽ അവരെ രജിസ്റ്റർ ചെയ്യിച്ച് മറ്റു പഞ്ചായത്തുകളുമായി യോജിച്ചുകൊണ്ടുള്ള വിവാഹ ബ്യൂറോ ഏർപ്പെടുത്തണം.
10. സ്ത്രീധനപീഡനം സ്ത്രീക്കു നേരെയുള്ള അക്രമം എന്നിവ നടത്തുന്നവരെ മാതൃകാപരമായി താമസം വിനാശിക്ഷിക്കുന്നതിനുവേണ്ടി ഒരു വനിതാ സെൽ തൊട്ടടുത്ത പോലീസ്റ്റേഷനിൽ ആരംഭിക്കണം.
11. സ്ത്രീകളെ അശ്ലീലമായി പ്രദർശിപ്പിക്കുന്ന പ്രവണതക്കെതിരെ ശക്തമായി പ്രതികരിക്കണം.
12. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ വിവാഹം കഴിച്ചുകൊടുക്കുന്നത് കർശനമായി നിരോധിക്കുന്നതോടൊപ്പം വിധവാവിവാഹം പ്രോത്സാഹിപ്പിക്കുകയും വേണം.
13. സാക്ഷരതാ - തുടർവിദ്യാഭ്യാസപരിപാടികൾ കാര്യക്ഷമമായി പുന:സംഘടിപ്പിക്കണം
14. വിധവകളുടെ പെൺമക്കളെ വിവാഹം കഴിച്ചു കൊടുക്കുന്നതിനുള്ള സാമ്പത്തികസഹായം 10000രൂപയെങ്കിലുമായി വർദ്ധിപ്പിക്കണം.
15. പഞ്ചായത്തിൽ 2 നൂൽനൂൽപ്പുകേന്ദ്രങ്ങളിലായി 100ഓളം സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട്. ഈ രംഗം ആധുനിക വൽക്കരിച്ചുകൊണ്ട് അവർ നേരിടുന്ന നിരവധിപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താം.
16. പഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിൽ ആവശ്യമായ മരുന്നുകൾ യഥാസമയം എത്തിക്കണം രോഗികളെ കിടത്തി ചികിത്സിക്കാവുന്ന സൗകര്യം ഏർപ്പെടുത്തണം.
17. കഴിവുള്ള വനിതകളെ കണ്ടെത്തി കായികലോകത്തിൽ അവരെ വളർത്തികൊണ്ടുവരാനുള്ള ഏറപ്പാടുണ്ടാക്കണം.
18. തുല്യജോലിക്ക് തുല്യവേതനം എന്ന നിലക്ക് കൂലി ഏകീകരിക്കണം
19. അംഗനവാടികളോടനുബന്ധിച്ച് ക്രഷേകൾ ഏർപ്പെടുത്തണം.
20. ഭാരതപ്പുഴയിൽ തോട്ടുമുഖത്ത് (പാലത്തിട്ട്) സ്ത്രീകൾക്കുമാത്രമായി കുളിക്കടവ് ഉണ്ടാക്കണം.
21. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യം നിർവഹിക്കുന്നതിന് സൗകര്യം എർപ്പെടുത്തണം.
22. സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്ന ജോലി സ്ത്രീകൾക്കായി മാറ്റിവെക്കണം.
23. ബസ്സുകളിൽ വിദ്യാർത്ഥിനികൾക്കും യുവതികൾക്കും അനുഭവിക്കേണ്ടിവരുന്ന പൂവ്വാലശല്യം കർശനമായി നിയന്ത്രിക്കണം.
24. തൊഴിൽ ശാലകളിൽ സ്ത്രീകൾക്ക് വിശ്രമിക്കാനും പ്രാഥമികാവശ്യങ്ങൾക്കും സൗകര്യം ഏർപ്പെടുത്തണം.
25. അന്ധവിശ്വാസങ്ങൾക്കെതിരെ യുക്തിപൂർവം ചിന്തിക്കുന്നതിന് ശാസ്ത്രീയവീക്ഷണത്തോടെ കാര്യങ്ങൾ നോക്കികാണാനും പരിശീലിപ്പിക്കുന്നതിനും സന്നദ്ധസംഘടന(ശാ.സാ.പ.)കളുടെ സേവനം ഉപയോഗപ്പെടുത്തണം.
26. അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് സംഘശേഷിയെക്കുറിച്ചുള്ള ബോധം ഉണ്ടാക്കണം.

27. സർവ്വോപരി സ്ത്രീ പുരുഷന്മാർ പരസ്പരബഹുമാനത്തോടും വിശ്വാസത്തോടും സഹവർത്തിക്കുന്ന സംസ്ക്കാരം ഇവിടെ വളർത്തിയെടുക്കണം.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കണം.
2. ഗ്രന്ഥശാലകൾ ഇല്ലാത്ത 1, 5, 6 എന്നീ വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കാനും നിലവിലുള്ളവ സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കണം.
3. ഗ്രന്ഥശാലകൾക്കു പഞ്ചായത്ത് പ്രവർത്തന മാർഗ്ഗരേഖ നൽകണം.
4. വാർഡുതലങ്ങളിലും പഞ്ചായത്തുതലത്തിലും കലാകായികസംഘങ്ങൾ രൂപീകരിക്കണം.
5. പാന, പുള്ളുവൻപാട്ട്, സർപ്പംതുള്ളൽ തുടങ്ങിയ കലാരൂപങ്ങളെ സംരക്ഷിക്കണം.
6. അവശകലാകാരന്മാർക്ക് ധനസഹായം നൽകണം.
7. വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് കൂടുതൽ കലാസാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുക.
8. പഠനത്തിലും കലാരംഗത്തും മികവ് പുലർത്തുന്നവർക്ക് അവാർഡുകളേർപ്പെടുത്തുക.
9. എല്ലാവാർഡിലും ഓരോ പൊതു കളിസ്ഥലം വേണം.
10. പഞ്ചായത്തിൽ ഒരു പൊതു സ്റ്റേഡിയവും നിർമ്മിക്കണം.
11. ചാരായം, വാറ്റ്, പണം വെച്ചുള്ള ശീട്ടുകളി എന്നിവ അവസാനിപ്പിക്കണം.
12. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ കലാജാഥകൾ സംഘടിപ്പിക്കണം.
13. സ്ക്കൂളുകളിൽ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയും ലഘുരേഖകൾ വിതരണം ചെയ്യുകയും വേണം.
14. സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തണം.
15. ശൈശവവിവാഹം, സ്ത്രീധനം എന്നിവ കർശനമായി നിരോധിക്കണം.

# സഹകരണമേഖല

ജനങ്ങളുടെ കൂട്ടായ പ്രവർത്തനം കൊണ്ടു പൊതു നന്മ കൈവരിക്കുകയാണല്ലോ സഹകരണ പ്രസ്ഥാനം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ മുതുതല കേന്ദ്രമായി ആരംഭിക്കുകയും തകരുകയും നിരവധി പാവപ്പെട്ട കുടുംബങ്ങളെ കുടിയിറക്കുകയും ചെയ്തു. ഐക്യ നാണയ സംഘത്തിന്റെ പഴയ കഥ ഭയത്തോടു കൂടിയേ ജനങ്ങൾ ഇന്ന് ഓർക്കുന്നുള്ളൂ. പിന്നീട് കൊടുമുണ്ടയിൽ പ്രവർത്തനമാരംഭിക്കുകയും ഉപഭോക്തൃരംഗത്ത് കൂടി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്ത ഐക്യ നാണയ സംഘവും സ്വതന്ത്രമായി പ്രവർത്തിച്ചു മുന്നേറിയില്ല.

1930 കളിൽ നമ്പൂതിരിയെ മനുഷ്യനാക്കുകയും എന്ന വിപ്ലവാത്മകമായ ആശയം മുന്നിൽ വെച്ച ശ്രീ. വി.ടി.ഭട്ടതിരിപ്പാട്, എം.ആർ.ബി. തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കളുടെ ശ്രമഫലമായി ഉദ്ബുദ്ധ കേരളം എന്ന പത്ര പ്രസ്ഥാനവും പ്രസ്സും സഹകരണാടിസ്ഥാനത്തിൽ സ്ഥാപിതമായി പ്രവർത്തിച്ചിരുന്നു.

സ്വാതന്ത്ര്യാനന്തരം ഭക്ഷ്യ കമ്മിയും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവും മൂലം ജനങ്ങൾ അനുഭവിച്ചു വന്ന ദുരിതങ്ങൾക്ക് പരിഹാരമെന്നോണം റേഷൻ ഷാപ്പുകൾ നിലവിൽ വന്നു. കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്ന ചുമതല സ്വകാര്യ വ്യക്തികൾക്കായിരുന്നു. ആ കാലഘട്ടത്തിൽ മലബാർ ഭാഗത്തെ നെല്ലെടുപ്പ് ചുമതല പാലക്കാട്ടുള്ള ഒരു വ്യക്തിക്കായിരുന്നു.

പലപ്പോഴും പോലീസ് സഹായത്തോടെ നടത്തി വന്ന നിർബന്ധ ലെവി പിരിവ് കർഷകർക്ക് പല തരത്തിലുള്ള ബുദ്ധിമുട്ടുകളും സൃഷ്ടിച്ചു. ഇതറിഞ്ഞ്, അന്തരിച്ച ശ്രീ. കെ. കേളപ്പൻ മദിരാശി മുഖ്യമന്ത്രിയായിരുന്ന ശ്രീ. പ്രകാശത്തെ കണ്ട് (അന്ന് കേരള സംസ്ഥാനം ഉണ്ടായിരുന്നില്ല) നടത്തിയ നിവേദനത്തെ തുടർന്ന് ലെവി സംഭരണത്തിനും, അരി വിതരണത്തിനുമായി സഹകരണ സംഘങ്ങൾ രൂപീകരിച്ചു. അങ്ങിനെയാണ് പി.സി.സി. സൊസൈറ്റികൾ നിലവിൽ വന്നത്. ഇതിന്റെ ഭാഗമായി നേതിരിമംഗലം, മരുതൂർ, ആമയൂർ, പെരുമുടിയൂർ, മുതുതല എന്നീ അംശങ്ങൾ പരിധി നിശ്ചയിച്ചു കൊണ്ട് പട്ടാമ്പി കേന്ദ്രമായി രൂപീകരിക്കപ്പെട്ട സംഘമാണ് പട്ടാമ്പി പി.സി.സി. സൊസൈറ്റി. ഈ സൊസൈറ്റിയാണ് ഇന്നത്തെ പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്കിന്റെ പൂർവ്വ രൂപം. പ്രതികൂല സാഹചര്യങ്ങളും കാര്യക്ഷമതയില്ലാത്ത ഭരണവും, ശരിയായ മേൽനോട്ടത്തിന്റെ അഭാവവും മറ്റും ജനങ്ങൾക്ക് വലിയ ആശ്വാസം പകർന്നു കൊടുത്ത ഇത്തരം സ്ഥാപനങ്ങളെ ആരംഭകാലത്ത് നാശഗർത്തത്തിലേക്ക് പതിപ്പിച്ചു. പല സംഘങ്ങളും മരണമടയുകയോ, ജീവച്ഛവങ്ങളായി നിലനിൽക്കുകയോ ചെയ്തു. ഈ ദുർഗതിയിൽ നിന്ന് നമ്മുടെ പ്രദേശത്തുള്ള സംഘങ്ങളും വിമുക്തരായില്ല. മുതുതലയിലെ

സൊസൈറ്റി പിരിച്ചു വിടപ്പെട്ടിരുന്നു. കൊടുമുണ്ടയിലെ ഐക്യ നാണയ സംഘം കിട്ടാക്കുററി പിരിച്ചെടുക്കുന്ന ഒരു പ്രവർത്തനത്തിൽ മാത്രം ഒതുങ്ങി നിന്നു. പട്ടാമ്പി പി.സി.സി. സൊസൈറ്റി പിന്നീട് റൂറൽ കോ-ഓപ്പറേറ്റീവ് ബാങ്ക്, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് ബാങ്ക് എന്നീ പേരുകളിലായി വ്യത്യസ്ഥ കാലയളവിൽ പരിണാമം ചെയ്യുകയുണ്ടായി. 1964 നു ശേഷം സംസ്ഥാന വ്യാപകമായി ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സഹകരണ ബാങ്കുകളേയും സർവ്വീസ് സഹകരണ ബാങ്കുകളായി പുനർനാമകരണം ചെയ്തതനുസരിച്ച് നമ്മുടെ ബാങ്ക് പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തു. പിന്നീട് അധികം താമസിയാതെ പട്ടാമ്പി ബാങ്കിൻേറയും കൊടുമുണ്ട ഐക്യ നാണയ സംഘത്തിൻേറയും പൊതുയോഗങ്ങളുടെ അംഗീകാരത്തോടെ അന്യോന്യം ലയിപ്പിക്കുകയും ചെയ്തു.

ബാങ്കിൻെറ പ്രധാന പ്രവർത്തനം കാർഷികാവശ്യത്തിന്ന് അംഗങ്ങൾക്ക് പണം, വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ കടമായി കൊടുക്കുക എന്നതായിരുന്നു. സ്വർണ്ണപണ്ട പണയ വായ്പകൾ ഉണ്ടായിരുന്നുവെങ്കിലും ആയത് നാമമാത്രമായിരുന്നു. ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്ന കടത്തെ ആശ്രയിച്ചു മാത്രമാണ് ഇടപാടുകൾ നടത്താൻ കഴിഞ്ഞിരുന്നത്. നിക്ഷേപങ്ങൾ, സ്വർണ്ണപണ്ട പണയ വായ്പകൾ എന്നിവക്കെല്ലാം ജനങ്ങൾ അന്ന് പട്ടാമ്പിയിലുണ്ടായിരുന്ന കാൽഡിയൻ സിറിയൻ ബാങ്ക് എന്ന സ്ഥാപനത്തെയായിരുന്നു സമീപിച്ചിരുന്നത്. എന്നാൽ പ്രസ്തുത ബാങ്കിനെ 1966 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഏറ്റെടുക്കുകയുണ്ടായി. ഈ നടപടി പൂർത്തീകരിക്കാൻ വന്ന ഒരു ചെറിയ കാലയളവ് നമ്മുടെ ബാങ്കിന്ന് ലഭിച്ച ഒരു അസുലഭ അവസരമായിരുന്നു. സ്വർണ്ണപണ്ട കടങ്ങൾക്കായി പലരും സഹകരണ ബാങ്കിനെ സമീപിച്ചത് ഈ സമയത്താണ്.

1960 ൽ വീണ്ടും നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സർക്കാർ റേഷൻ ഷാപ്പുകൾ ഏർപ്പെടുത്തിയപ്പോൾ നമ്മുടെ ബാങ്ക് പ്രസ്തുത ചുമതല ഏറ്റെടുക്കുകയും പട്ടാമ്പി, കീഴായൂർ, മരുതൂർ, ശങ്കരമംഗലം, ആമയൂർ, മുതുതല, പെരുമുടിയൂർ, കൊടുമുണ്ട എന്നിവിടങ്ങളിൽ റേഷൻ ഷാപ്പുകൾ ആരംഭിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു. പെർമിറ്റ് പ്രകാരം മാത്രം വിതരണം നടത്തിയിരുന്ന സിമൻറ് വ്യാപാരവും ഈ കാലഘട്ടത്തിൽ നാം ഏറ്റെടുത്തു. ഇതു മൂലം കൂടുതൽ ജനങ്ങൾ ബാങ്കുമായി അടുത്തു. ബാങ്കിൻെറ ഇടപാടുകൾ ക്രമാനുസൃതമായി വർദ്ധിച്ചു വരുവാൻ തുടങ്ങിയെങ്കിലും പൊതുവേയുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിരുന്നില്ല. മുതുതലയിൽ ഒരു ശാഖ തുടങ്ങണമെന്ന ആവശ്യം വളരെ ശക്തമായി പൊതുയോഗത്തിൽ ഉന്നയിക്കപ്പെട്ടുവെങ്കിലും അതിനു തക്ക ശേഷി ആയിക്കഴിഞ്ഞിട്ടില്ലാത്തതു കൊണ്ട് പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ കഴിയില്ലെന്ന് പ്രസിഡൻറ് അഭിപ്രായപ്പെടുകയാണ് ഉണ്ടായത്. മൂന്നു ലക്ഷം രൂപയെങ്കിലും പഞ്ചായത്തിൽ നിന്ന് നിക്ഷേപമായി സംഭരിക്കാൻ കഴിഞ്ഞാൽ പ്രസ്തുത ആവശ്യം പരിഹരിക്കാമെന്ന് പൊതുയോഗത്തിൽ ഭരണസമിതി പ്രസ്താവിച്ചത് ബാങ്കിൻെറ അന്നത്തെ സാമ്പത്തിക നിലയിലേക്ക് വിരൽ ചൂണ്ടുന്ന കാര്യമാണ്.

എന്നാൽ സർക്കാരിൻെറ അനുഭാവപൂർണ്ണമായ പല നടപടികളും സഹകരണ ബാങ്കുകളുടെ നില മെച്ചപ്പെടുത്താൻ ഇടയായി. ലക്ഷക്കണക്കിലുള്ള കിട്ടാക്കുറ്റി കടങ്ങളിന്മേൽ അനുവദിച്ച പലിശയിളവും പിന്നീട് നടപ്പിൽ വരുത്തിയ നിക്ഷേപസമാഹരണ യജ്ഞ പദ്ധതിയും നൂറുകണക്കിലുള്ള സഹകരണ ബാങ്കുകളുടെ നില വളരെ മെച്ചപ്പെടുത്തി നമ്മുടെ ബാങ്കും നല്ല നിലവാരം പുലർത്തിക്കൊണ്ട് മുന്നോട്ടു വന്നു കഴിഞ്ഞു. 15 വർഷങ്ങൾക്കു മുമ്പ് സർക്കാർ സഹായത്തോടെ ഒരു ഗോഡൗണും ചെറിയ ഓഫീസുമായി മുതുതലയിൽ നമുക്ക് ഒരു ശാഖ തുടങ്ങുവാൻ കഴിഞ്ഞു. പിന്നീട് മുതുതല സെൻററിൽ ഒരു നല്ല കെട്ടിടം നിർമ്മിച്ചു കൊണ്ട് ശാഖയുടെ പ്രവർത്തനം അതിലേക്ക് മാറ്റുകയും ചെയ്തു. ഒമ്പതു വർഷങ്ങൾക്കു ശേഷം അംഗങ്ങളുടേയും നിക്ഷേപകരുടേയും ആവശ്യപ്രകാരം പട്ടാമ്പി ബസ് സ്റ്റാൻറിനു സമീപം ഒരു സായാഹ്ന ശാഖ ആരംഭിക്കുവാനും നമുക്ക് കഴിഞ്ഞു.

ഈ അടുത്ത കാലത്തായി മുതുതല, പെരുമുടിയൂർ കേന്ദ്രങ്ങളിലായി സഹകരണാടിസ്ഥാനത്തിൽ മിൽക്ക് സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ ഏതാണ്ട് 50 വർഷങ്ങളിലായി സഹകരണാടിസ്ഥാനത്തിൽ നടന്ന പ്രവർത്തനങ്ങളിലെ ജയാപജയങ്ങളുടെ ഒരു ഹ്രസ്വ ചിത്രമാണിവിടെ കാണിച്ചത്. പരാജയങ്ങളുടെ ഉറവിടങ്ങൾ കണ്ടു പഠിക്കുകയും, ഭാവി പ്രവർത്തനങ്ങളിൽ ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തു കൊണ്ടു വേണം പുതിയ പരിപാടികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും. ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്തിൽ ആവിഷ്കരിക്കാനുദ്ദേശിക്കുന്ന ഏതു പരിപാടികളും വിജയപ്രദമാക്കാൻ നിതാന്ത ജാഗ്രത ആവശ്യമാണ്. സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുന്ന ഏത് ഉദ്യമങ്ങൾക്കും ഇത് കൂടുതൽ ബാധകമാണ്.

ജനോപകാരപ്രദങ്ങളായ നിരവധി ആവശ്യങ്ങൾ നമ്മുടെ ഓരോ ഗ്രാമസഭകളിലും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അവയെ ക്രോഡീകരിച്ച് ഇവിടെ രേഖപ്പെടുത്തുകയാണ്.

## കൃഷി

1. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ജൈവ വളങ്ങളുടെ ദൗർലഭ്യം, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, കൂലിയിൽ വന്ന വർദ്ധനവ്, യഥാ സമയം കൃഷി സംരക്ഷണത്തിനുള്ള വിഷമങ്ങൾ, ഉല്പന്നങ്ങൾക്ക് ഉചിതമായ തോതിൽ വില ലഭിക്കാതിരിക്കൽ എന്നിങ്ങനെ നിരവധി കാരണങ്ങളെക്കൊണ്ട് അത് ഒരു വിഷമ വൃത്തത്തിൽ അകപ്പെട്ടിരിക്കുകയാണ്. സൗകര്യപ്രദമായി കൃഷിയിടങ്ങളിൽ കർഷകരെ ഒരുമിച്ച് ചേർത്ത് കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തുകയും അനുബന്ധ വ്യവസായങ്ങൾ വികസിപ്പിക്കുകയും ചെയ്യേണ്ടതാണ്. (നെല്ലുകുത്തു മില്ലുകൾ, വളക്കുഴി നിർമ്മാണം തുടങ്ങിയവ).

2. കാർഷികവൃത്തിയുടെ ഭാഗമെന്ന നിലക്കു തന്നെ മൃഗസംരക്ഷണവും പോഷണവും ഉറപ്പു വരുത്താം. തിരഞ്ഞെടുത്ത സ്ഥലത്ത് എല്ലാ സൗകര്യങ്ങളുമുള്ള ക്ഷീരസംരക്ഷണ കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

3. പച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കും അത് വ്യക്തികളുടെ ലാഭകരമായ ഒരു വരുമാന മാർഗ്ഗമാക്കുന്നതിലേക്കും കർഷകരെ സംഘടിപ്പിച്ച് ഉചിതമായ കേന്ദ്രങ്ങളിൽ പച്ചക്കറി കൃഷി വികസന പദ്ധതി ആവിഷ്കരിക്കുക. ഇത് പൊതു സ്ഥലങ്ങളിൽ കൂട്ടുകൃഷി സമ്പ്രദായത്തിലും പരീക്ഷിക്കണം.

## വ്യവസായം

1. പരമ്പരാഗത തൊഴിലാളികളുടെ ജോലിസ്ഥിരതയും, സുരക്ഷിതത്വവും ഉറപ്പു വരുത്തുവാൻ അത്തരം തൊഴിൽ ചെയ്യുന്നവരെ ചേർത്ത് പ്രത്യേകം സഹകരണ സംഘങ്ങൾ ഉതകുന്ന സ്ഥലങ്ങളിൽ ആരംഭിക്കണം. ഉദാ: മുള, ഈറ്റ തുടങ്ങിയവ ഉപ യോഗിച്ച് ജോലി ചെയ്യുന്നവർ, മൺ പാത്രങ്ങൾ നിർമ്മിക്കുന്നവർ, ഇരുമ്പു സാമഗ്രി കൾ നിർമ്മിക്കുന്നവർ എന്നിങ്ങനെ.

2. മഹിളാസമാജങ്ങളുടെ കീഴിലോ, അല്ലാതെയോ തുന്നൽ, പ്ലാസ്റ്റിക് കുട്ടകൾ, കസേരകൾ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അച്ചാർ നിർമ്മാണം എന്നിവ സഹകരണാടിസ്ഥാനത്തിൽ ഉചിതമായ കേന്ദ്രങ്ങളിൽ ആരംഭിക്കുക. ഇത്തരം സ്ഥാ പനങ്ങളിൽ നിർമ്മിക്കുന്ന വസ്തു വകകൾ കുറ്റമറ്റതായിരിക്കാനും, ഇതിന് വിപണനം കണ്ടെത്താനും ശരിയായ വ്യവസ്ഥയുണ്ടാക്കണം.

3. മെഴുകുതിരി, ചന്ദനത്തിരി, മിഠായി, സോപ്പ് എന്നിവ ഗുണമേന്മയോടെ നിർമ്മിക്കാനും വിറ്റഴിക്കാനും വ്യവസ്ഥയുള്ള തരത്തിൽ സഹകരണസംഘങ്ങൾ നിർമ്മിക്കണം. ഇങ്ങ നെയുള്ള സംഘങ്ങൾ രണ്ട് തരത്തിൽ സംഘടിപ്പിക്കാം.

എ) സംഘത്തിൽ വെച്ച് ഇവയുടെ നിർമ്മാണം നടത്തുക. ബി) ആവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് വ്യക്തികൾക്ക് നൽകുകയും നിർമ്മിത വസ്തുക്കൾ തിരിച്ചു വാങ്ങി വിപണനം നടത്തുകയും ചെയ്യുക.

## മറ്റുവക

1. സാധാരണക്കാരന് മാസംതോറും ഗഡുക്കളായി അടച്ചുതീർക്കാവുന്ന തരത്തിൽ പാർപ്പിട പദ്ധതി സഹകരണ ബാങ്കിൽ ആരംഭിക്കുക.

2. സഹകരണ ബാങ്കിലെ കാർഷിക കടങ്ങൾക്ക് മിതമായ പലിശ ഈടാക്കുക.

3. വിദേശത്തേക്ക് ജോലിതേടി പോകുന്നവർക്ക് വേണ്ടി ദീർഘകാല വായ്പ സഹകരണ ബാങ്കിൽ നിന്നും അനുവദിക്കുക.

4. ഭവനനിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിനും വിറ്റഴിക്കുന്നതിനും ഒരു സഹകരണ സംഘം രൂപീകരിക്കുക.

## സഹകരണ മേഖല (തുടർച്ച)

പഞ്ചായത്തുതല കാർഷിക സൊസൈറ്റി രൂപീകരിക്കുകയും ഇതിൻെറ കീഴ് ഘടകങ്ങളായി വാർഡുകൾ തോറും ഡെപ്പോകൾ തുടങ്ങുകയും ചെയ്യുക. പച്ചക്കറി, അരി എന്നിങ്ങനെ പഞ്ചായത്തിലുള്ള എല്ലാ ഉല്പന്നങ്ങളും കൃഷിക്കാർക്ക് സൊസൈറ്റിയിൽ നിന്ന് കൊടുക്കാനും, ആവശ്യക്കാർക്ക് വാർഡുകളിലെ ഡെപ്പോ വഴി വിതരണം ചെയ്യാനും കഴിയണം. ഇന്ന് സഹകരണ ബാങ്കുകൾ മുഖേന നടത്തുന്ന വളം, കീടനാശിനി, വിത്ത് തുടങ്ങിയ സാധനങ്ങൾ ഇങ്ങനെ രൂപീകരിക്കുന്ന സൊസൈറ്റിക്ക് കൈകാര്യം ചെയ്യാൻ കഴിയും. ഇതിനു പുറമെ പലവ്യഞ്ജനങ്ങൾ സിവിൽ സപ്ലൈ ഡിപ്പാർട്ടുമെൻറിൽ നിന്ന് ശേഖരിക്കാനും വിതരണം ചെയ്യാനും കഴിയും.

തെങ്ങുകൃഷി ലാഭകരമാക്കുന്നതിലേക്ക് ആവശ്യമായ തരത്തിൽ ഒരു സംഘം പ്രത്യേകം രൂപീകരിക്കുകയോ മേൽപ്പറഞ്ഞ കാർഷിക സൊസൈറ്റിയുടെ ഒരു ഭാഗമായി പ്രവർത്തിക്കുകയോ ചെയ്യേണ്ടതാണ്. കെട്ടുതെങ്ങു സമ്പ്രദായം, കൊപ്ര വ്യവസായം, ചകിരി, ചിരട്ട എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യാപാരം എന്നിവയെല്ലാം ഇവയിൽ ഉൾക്കൊള്ളിക്കാം.

# പട്ടികജാതി ക്ഷേമം

ജാതി ജന്മി നാടുവാഴിത്ത സമൂഹത്തിൽ കടുത്ത ചൂഷണത്തിനും പ്രത്യക്ഷ പീഡനത്തിനും ഏറ്റവും ഏറെ വിധേയരായ ഒരടിയാള വിഭാഗമാണ് പട്ടികജാതി - പട്ടിക വർഗ്ഗക്കാർ. ചാതുർവണ്യത്തിനും പുറത്ത് പഞ്ചമരായി അകറ്റി നിർത്തപ്പെട്ട ഇവർ മേലാളന്മാരുടെ അടിമകൾ തന്നെയായിരുന്നു. ഗോത്ര കാലഘട്ടത്തിനു ശേഷം കർഷക സമൂഹം വളർന്നു വന്നപ്പോൾ സാമൂഹ്യ വികാസത്തിന് മാനുഷികാദ്ധ്വാനം നൽകിയ ഒരു സമൂഹമാണിവർ. പാടശേഖരങ്ങൾ ഒരുക്കാനും, ജലാശയങ്ങൾ നിർമ്മിക്കാനും തുടർന്ന് സാമൂഹ്യവികാസത്തിന്റെ പരുക്കൻ ശാരീരികാദ്ധ്വാനത്തിനും ഉപയോഗിക്കപ്പെട്ട മണ്ണിന്റെ മണമുള്ള ചരിത്രത്തിൽ പരാമർശിക്കപ്പെടുന്ന അടിമകളിൽ നിന്നും അത്രയേറെയൊന്നും മെച്ചപ്പെട്ട സ്ഥിതിയിലായിരുന്നില്ല. മേലാളന്മാരുടെ എഴുതപ്പെട്ട രേഖകളിൽ ഇവരെ കൈമാറ്റം ചെയ്തിരുന്നു എന്ന പരാമർശം പോലുമുണ്ട്.

സമൂഹത്തിന്റെ സർഗ്ഗാത്മകതയുടെ സജീവ ഘടകമായിരുന്നു എങ്കിലും പ്രധാന ജനപഥങ്ങളിൽ നിന്നകലെ ഉയർന്നു വരണ്ട പ്രദേശങ്ങളിലാണ് പൊതുവെ ഗോത്രങ്ങളായി ഇവർ താമസിച്ചു വന്നത്. അയിത്തക്കാർ എന്ന നിലക്ക് സാമൂഹ്യ സാംസ്കാരിക ജീവിതത്തിന്റെ മുഖ്യധാരയിൽ ഇവർക്ക് പ്രവേശനമുണ്ടായിരുന്നില്ല. കണക്കൻ, കൂടാൻ, വള്ളുവൻ, പറയൻ എന്നീ വിഭാഗീയതകളും ഇവർക്കിടയിലുണ്ട്. ഇതിനു പുറമെ പാണസമുദായത്തിൽ പെട്ട അപൂർവ്വം ചില കുടുംബങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നതായി പറയപ്പെടുന്നു. തുയിലുണർത്തുകാരായ ഇവരെ അന്ധവിശ്വാസത്തിന്റെ പേരിൽ ആട്ടിയോടിക്കപ്പെടുകയാണത്രെ ഉണ്ടയത്. ഈ പാണരു തൊടി മുതുതല രണ്ടാം വാർഡിൽ ആയിരുന്നു. കാർഷികവൃത്തിയിലോ പൊതു ക്ഷേത്രാരാധനയിലോ പങ്കാളികളാകാതെ വളരെ അകന്നു മാറി മലമുകളിൽ മൂന്ന് തലമുറകളിലായി കഴിഞ്ഞു കൂടിയിരുന്ന ഒരു മലയഗോത്രവും ഈ പഞ്ചായത്തിലുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലുയർന്നു വന്ന ദേശീയ നവോത്ഥാന പ്രസ്ഥാനങ്ങൾ, ഹരിജനോദ്ധാരണം പോലെയുള്ള പ്രവർത്തനങ്ങളിലൂന്നിയതോടെ ഇവരുടെ ജീവിതാവസ്ഥ ചർച്ചാ വിഷയമായി തീർന്നു. തുടർന്നു വളർന്നു വന്ന ദരിദ്ര കൃഷിക്കാരുടെ സംഘടിത മുന്നേറ്റം സാമൂഹ്യ ജീവിതത്തിലെ നിർണ്ണായക ഘടകമായ ഇവരെക്കൂടി ഉൾക്കൊണ്ടു. ഇതിന്റെ ഫലമായി ഉണ്ടായ ഭൂബന്ധങ്ങളിലുണ്ടായ മാറ്റവും സാമൂഹ്യമുന്നേറ്റവും ഇവർക്കാശ്വാസമായി. അതോടെ നിവാസ സ്ഥലങ്ങളുടേയും ചെറിയ കൃഷിയിടങ്ങളുടേയും ഉടമയായി ഇവർ. ഒരു വലിയ പരിധി വരെ പ്രത്യക്ഷ പീഡനങ്ങൾക്കെതിരെ ചെറുത്തു നിൽക്കാൻ ഇവർ കരുത്തുനേടി. ക്ഷേത്രപ്രവേശനാധികാരവും, വിദ്യാഭ്യാസാനുകൂല്യങ്ങളും ഇവരുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചിട്ടുണ്ട്. അടുത്ത കാലത്ത് വന്ന സാമ്പത്തിക മാറ്റങ്ങൾ പുതിയ ജീവിത മേഖലകളിലേക്ക് കടന്നു വരാൻ അവസരമുണ്ടാക്കിയിട്ടുണ്ട്. മുഴുവൻ കുഞ്ഞുങ്ങൾക്കും പ്രാഥമിക

വിദ്യാഭ്യാസം ലഭിക്കാനും അപൂർവ്വം ചിലർക്കെങ്കിലും ഉപരിവിദ്യാഭ്യാസം ലഭിക്കാനും സാഹചര്യമുണ്ടായിട്ടുണ്ട്. സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ ഗൃഹനിർമ്മാണരംഗത്തും, തൊഴിൽ രംഗത്തും (കർകത്തൊഴിലാളി പെൻഷൻ, കർഷകത്തൊഴിലാളി ക്ഷേമനിധി) ചില സംരക്ഷണങ്ങൾ നൽകുന്നുണ്ട്. ഇടക്കാലത്തു വന്ന ഗൾഫ് പണത്തിന്റെ സ്വാധീനം സൃഷ്ടിച്ച നിർമ്മാണ രംഗത്ത് പുതിയ തൊഴിൽ സാദ്ധ്യതകൾ വളർത്തിയിട്ടുണ്ട്. ഇത് യുവാക്കളെ വിദഗ്ധ തൊഴിലാളികളായി വളർത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ തന്നെ പഴയ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ അദ്ധ്വാനത്തിന് മെച്ചപ്പെട്ട പ്രതിഫലം ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. ഇതൊക്കെ ഉണ്ടെങ്കിലും ഗ്രാമസമൂഹത്തിലെ പഴയ അടിയാളരും അവശജനവിഭാഗങ്ങളും എന്ന നിലക്ക് ഇവർ തന്നെയാണ് സമൂഹത്തിന്റെ ദരിദ്രമായ അടിത്തറ.

സമീപകാലത്തുണ്ടായ സാമ്പത്തിക നേട്ടങ്ങൾക്കനുസരിച്ച് സാമൂഹ്യമായി മുന്നേറാനാവുന്നില്ല എന്നത് ഒരു പ്രശ്നമാണ്. സമൂഹത്തെ പൊതുവെ ബാധിച്ച മൂല്യച്യുതി ഇവരിലെ പുതിയ തലമുറയേയും വ്യാപകമായി പിടികൂടുന്നത് മുന്നേറ്റത്തിന് വിഘാതമാവുന്നുണ്ട്.

ഭൂപരിഷ്കരണത്തിന്റെ തുടർച്ചയായി നടന്ന മിച്ചഭൂമി സമരങ്ങളിൽ പ്രത്യക്ഷത്തിലുള്ള ഇവരുടെ പങ്കാളിത്തം പ്രശംസാർഹമാണ്. ജില്ലയിൽ തന്നെ സമരകേന്ദ്രങ്ങളിൽ ഒന്നായിരുന്നു മുതുതല പഞ്ചായത്ത്. ഔദ്യോഗികമായി പിടിച്ചെടുത്ത നൂറിലധികം ഏക്കർ ഭൂമി വിതരണം ചെയ്തതിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിനാണ്. പക്ഷെ ഇതൊന്നും ജനസംഖ്യാ വർദ്ധനവിനനുസരിച്ച് വീടു വെച്ച് താമസിക്കാൻ വിഷമിക്കുന്ന ഈ ജനവിഭാഗത്തിന് പ്രശ്നപരിഹാരത്തിന് പര്യാപ്തമായിട്ടില്ല. ഭൂമി വില അമിതമായി വർദ്ധിച്ച സാഹചര്യത്തിൽ ഒരു തുണ്ട് ഭൂമിയും ഒരു കൊച്ചു വീടും പുതിയ ഓരോ കുടുംബത്തിനും ഒരു കടുത്ത വെല്ലുവിളിയാണ്. സർവ്വേയിൽ സാനിറ്ററി സൗകര്യങ്ങളില്ലാത്ത 1500 വീടുകളിൽ ഭൂരിപക്ഷവും ഈ ജനവിഭാഗത്തിന്റേതു തന്നെയാണ്. എല്ലാ ഗ്രാമസഭകളിലും അടിയന്തിരമായി പരിഹാരം കാണേണ്ട ഒരു പ്രശ്നം എന്ന നിലക്ക് ഈ പക്ഷത്തു നിന്നും ഉയർത്തപ്പെട്ടത് ഇതുതന്നെയാണ്.

**ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ**

1. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനം അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തലത്തിലേക്കിറങ്ങി വരണം.

2. ഹരിജൻ കോളനികൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള നിലവിലുള്ള പ്രവർത്തനം പ്രായോഗിക ഫലം ചെയ്യുന്ന രൂപത്തിൽ സജീവമാക്കുക.

3. ഭൂരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും സ്ഥലവും വീടും ഉറപ്പുവരുത്തുക.

4. കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

5. സൗകര്യപൂർവ്വം ഹരിജൻ ശ്മശാനങ്ങൾക്ക് വാർഡുകളിൽ പൊതുവായ സ്ഥലം ഉണ്ടാക്കുക.

6. ലക്ഷംവീടുകൾ റിപ്പെയർ ചെയ്യുക.

7. നാല് സെൻറ് മിച്ചഭൂമി പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുക.

8. വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

9. പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെങ്കിലും വലിയൊരു ശതമാനം ഈ രംഗത്ത് പുറന്തള്ളപ്പെടുകയാണ്. പ്രധാനമായും സാമൂഹ്യാവശത കൊണ്ടാണിത് സംഭവിക്കുന്നത്. ഇതിന്നു പരിഹാരമായ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ഫലപ്രദമായി പുനഃസംഘടിപ്പിക്കുകയും വേണം.

10. രണ്ടാംവാർഡിൽ ആണ്ടാത്ത് എൽ.പി.സ്കൂൾ വേണം.

11. ജാതി സർട്ടിഫിക്കറ്റ് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം.

12. ഹരിജനങ്ങൾക്ക് സഹകരണസംഘം രൂപീകരിച്ച് പരിശീലനവും ധനസഹായവും നൽകണം.

13. ഓലമേഞ്ഞ മുഴുവൻ വീടുകളും ഓടു മേയാൻ ധനസഹായം നൽകണം.

14. എല്ലാ വീടുകളും വൈദ്യുതീകരിക്കുക.

15. എല്ലാ ഹരിജൻ കോളനികളും IHDP കോളനിയായി അംഗീകരിക്കണം.

16. എല്ലാ ഹരിജൻ വീടുകളിലും കക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം.

വാർഡ് 1

1. കാരക്കുന്ന്, കൈപ്പറമ്പ്, മനക്കൽപടി, കണിയാംകുഴി എന്നീ കോളനികൾ IHDP കോളനിയായി അംഗീകരിക്കുക.

2. എല്ലാ ഹരിജൻ വീടുകൾക്കും കക്കൂസുകൾ അനുവദിക്കുക.

3. കാരക്കുന്ന്, മനക്കൽ പടി കോളനികളിലും പുല്ലൂനി ഭാഗത്തേക്കും കുടിവെള്ളം ലഭ്യമാക്കണം.

4. മനക്കൽ പടി, കണിയംകുഴി, കാരക്കുന്ന്, കൈപ്പറമ്പ്, നാലുവീടു കുഴി കോളനികളിൽ മുഴുവൻ വീടുകളും വൈദ്യുതീകരിക്കണം.

5. ഭവനരഹിതരായ ഹരിജൻ യുവാക്കൾക്ക് സ്ഥലവും വീടും അനുവദിക്കണം.

6, കാരക്കുന്ന്, കൈപ്പറമ്പ് കോളനികളിൽ ടി.വി. സ്ഥാപിക്കുക.

7. കാരക്കുന്ന്, കൈപ്പറമ്പ്, മനക്കൽ പടി എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.

വാർഡ് 2

1. ആണ്ടാത്ത് ഹരിജൻ കോളനിയിൽ ഒരു എൽ.പി.സ്കൂൾ സ്ഥാപിക്കണം.

2. മഹിളാസമാജത്തിൽ പുതിയ ഒരു അംഗൻവാടി സ്ഥാപിക്കണം.

വാർഡ് 3

1. മൂന്നാംവാർഡിലെ മുഴുവൻ പട്ടിക ജാതിക്കാർക്കും പാർപ്പിടം, വെള്ളം, വെളിച്ചം എന്നിവ എത്തിക്കണം. ലക്ഷം വീട് കോളനികൾ റിപ്പെയർ ചെയ്യുക.

2. എസ്.പി. കോളനി, മിൽ ഏരിയ, പാപ്പുറം, സ്റ്റേറ്റ് ബാങ്കിനു സമീപം, പൊന്നത്തൊടി കോളനി, മുതുതല റേഷൻ കടയുടെ സമീപം, കുടുങ്ങൻതൊടി പ്രദേശം, ലക്ഷംവീട്, നാല് സെൻറ് കോളനികൾ എന്നിവിടങ്ങളിൽ വെള്ളവും വെളിച്ചവും എത്തിക്കുക.

3. ഹരിജൻ സഹകരണസംഘങ്ങൾ രൂപീകരിക്കണം.

വാർഡ് 4

1. ഈ വാർഡിൽ ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന എല്ലാ പ്രദേശങ്ങളിലേക്കും ഗതാഗത സൗകര്യം ഉണ്ടാക്കണം. ആ പ്രദേശങ്ങൾ കോളനികളായി അംഗീകരിച്ച്, സ്വന്തമായി വീട്, കക്കൂസ് എന്നിവ നിർമ്മിക്കുകയും, കുടിവെള്ള ക്ഷാമം പരിഹരിക്കുകയും, വൈദ്യുതി എത്തിക്കുകയും വേണം.

2. പറക്കാടു നിന്ന് ഉണിക്കാട്ടു പടിയിലേക്ക് പള്ളിയാൽ വഴി റോഡുണ്ടാക്കണം.

3. പറക്കാട് പാറപ്പുറം കോളനി റോഡ് ഉണിക്കാട്ടുപടിയുമായി ബന്ധിപ്പിക്കണം.

4. വേട്ടാംകുന്ന് റോഡ് ഉയരം കുറച്ച് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.
വേട്ടാൻകുന്നിൽ പൊതുശ്മശാനം ഉണ്ടാക്കണം.

5. വേട്ടാംകുന്ന്, പാറപ്പുറം, നൂറമ്പറമ്പ്, ഉണിക്കാട്ടുപടി എന്നീ പ്രദേശങ്ങൾ ഹരിജൻ കോളനികളായി അംഗീകരിക്കണം.

6. 25 വരെ കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന കാലമ്പറ്റ പറമ്പു കോളനി IHDP കോളനിയായി അംഗീകരിക്കണം.

വാർഡ് 5

1. 25 വീടുകളിൽ ഉടൻ തന്നെ ഏതെങ്കിലും വിധത്തിലുള്ള കക്കൂസുകൾ ഉണ്ടാക്കണം.

2. സ്ഥിരമായ രോഗം മൂലം കഷ്ടപ്പെടുന്നവർക്ക് ധനസഹായം എത്തിക്കണം. വികലാംഗനായ ആൾക്ക് കൃത്രിമാവയവം ആവശ്യമാണ്.

3. 25 പേർക്ക് സ്ഥിരമായ വീടില്ല. അവർക്ക് വീടുണ്ടാക്കണം.

4. തൊഴിലില്ലാത്ത 30 പേർക്ക് (അഭ്യസ്തവിദ്യരായ) തൊഴിൽ കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കണം.

5. നിരക്ഷരർ കുറെയുണ്ട്. അവരെ സാക്ഷരരാക്കണം.

6. കുഴൽകിണറിലെ വെള്ളം ദൂരെ കൊണ്ടുപോയി ഉപയോഗിക്കാനുള്ള പൈപ്പ് ഇടണം. (5-ാം വാർഡിൽ നല്ല ഒരു കുഴൽകിണർ ഇപ്പോൾ ഉണ്ട്)

7. വയറിംഗ് കഴിഞ്ഞ് 15 വർഷം കഴിഞ്ഞിട്ടും വൈദ്യുതി കിട്ടാത്ത വീടുകളിൽ ഉടനെ വൈദ്യുതി എത്തിക്കണം.

8. തോട്ടിൽ ചിറ കെട്ടിയും, ഗ്രൗണ്ട് ടാങ്ക് കെട്ടിയും കുടിവെള്ള ക്ഷാമം പരിഹരിക്കാം.

വാർഡ് 6.

1. നിലപ്പറമ്പിലെ മിച്ചഭൂമി കൃഷിയോഗ്യമാക്കണം.

2. സ്വകാര്യ കിണറുകൾ കുഴിക്കാനും, ഉള്ളവ നേരെയാക്കാനും സാമ്പത്തിക സഹായം വേണം.

3. ഹരിജൻ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കണം.

4. എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സ്ഥിരമായി വീടനുവദിക്കണം.

5. വീടുകൾ നേരെയാക്കാൻ സാമ്പത്തിക സഹായം നൽകണം.

6. ഹെൽത്ത് സെൻറർ പ്രവർത്തനം സജീവമാക്കണം.

7. പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം അനുവദിക്കണം.

8. എല്ലാ പട്ടികജാതി കുടുംബങ്ങളിലും കക്കൂസ് വേണം.

9. സീതപ്പുറം, തുമ്പ്രത്തൊടി, കുന്നത്തൊടി, പാറപ്പുറം, മുണ്ടന്മാരിൽ കോളനികൾ IHDP കോളനിയാക്കണം.

വാർഡ് 7

1. താമസയോഗ്യമായ വീടില്ലാത്തതും, കിണർ, കക്കൂസ് ഇല്ലാത്തതുമായ എല്ലാ പട്ടികജാതിക്കാർക്കും അവയുണ്ടാക്കാനുള്ള സാമ്പത്തിക സഹായം നൽകണം.

2. വൈദ്യുതീകരിക്കാത്ത എല്ലാ വീടുകളും വൈദ്യുതീകരിക്കണം.

3. ഏട്ടുംപടി കോളനിയിൽ പാറപ്പുറം ഭാഗം കൂടി ഹരിജൻകോളനിയായി അംഗീകരിക്കുക.

4. കോളനികളിലും മറ്റും താമസിക്കുന്ന ഹരിജനങ്ങൾക്ക് കുടിവെള്ള പദ്ധതി നടപ്പിലാക്കുക.

5. ഹരിജനങ്ങൾക്കായി പൊതു ശ്മശാനം നിർമ്മിക്കുക

6. നിരക്ഷരരായ ഹരിജനങ്ങളെ സാക്ഷരരാക്കുക.

7. വികലാംഗരായ ഹരിജനങ്ങളെ പുനരധിവസിപ്പിക്കുക.

8. ഹരിജൻ കോളനികളിലേക്കുള്ള റോഡുകൾ ഉടൻ നിർമ്മിക്കുക.

9. മിച്ചഭൂമി പട്ടയം ഉടൻ നൽകുക.

വാർഡ് 8

1. പട്ടികവർഗ്ഗക്കാർക്കു വേണ്ടി സഹകരണസംഘങ്ങൾ നടപ്പാക്കണം.

2. ഹെൽത്ത് സെൻറർ വേണം.

3. എല്ലാ ഹരിജൻ കോളനികളും IHDP കോളനിയായി അംഗീകരിക്കുക.

4. ഭൂമിയും, വീടുമില്ലാത്ത എല്ലാ പട്ടികജാതി-വർഗ്ഗ വിഭാഗത്തിനും ഇവ അനുവദിക്കുക.

5. എല്ലാ പട്ടികജാതിക്കാർക്കും കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.

വാർഡ് 9

ഹരിജൻ വീടുകളുടെ ഭാഗത്തേക്ക് കുടിവെള്ളം എത്തിക്കുക (വെള്ളത്തിൻെറ ലഭ്യത അനുസരിച്ച് കുഴൽകിണർ നിർമ്മിച്ച്) ഏതാണ്ട് 300 വീടുകളിൽ കക്കൂസില്ല. അടിയന്തരമായി അവിടെ കക്കൂസ് നിർമ്മിക്കാൻ ഏർപ്പാട് ചെയ്യുക. (തെക്കേചോല ലക്ഷം വീട് ഭാഗത്ത് കൂടുതൽ പ്രാധാന്യം). വീടില്ലാത്ത പത്തോളം ഹരിജൻ കുടുംബങ്ങൾക്ക് ഉടനെ വീട് നിർമ്മിക്കുകയും അവിടേക്ക് ഗതാഗത സൗകര്യവും വെളിച്ചവും എത്തിക്കുക. (കാര്യാട്ട് പറമ്പ് മേഖല പ്രത്യേകം). മുടങ്ങികിടക്കുന്ന കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ എത്രയും പെട്ടെന്ന് എത്തിക്കുക (അഗതി-വിധവ). തെക്കേച്ചോല മിച്ചഭൂമി ഭാഗവും, ചീനിക്കുണ്ട്, മാടായി, കാര്യാട്ടുപറമ്പ് എന്നീ ഭാഗവും ഹരിജൻ കോളനിയായി പ്രഖ്യാപിക്കുക. ഈ രണ്ടു പ്രദേശത്തും ടി.വി. സ്ഥാപിക്കുക.

കാര്യാട്ടുപറമ്പിൽ മിനി എന്ന ഹരിജൻ സ്ത്രീ ബധിരയും മൂകയുമാണ്. അതുകൊണ്ട് ഈ സ്ത്രീക്ക് തൊഴിൽ ചെയ്യാനുള്ള സഹായധനം ഉടൻ അനുവദിക്കുക.

പുറമ്പോക്കായി കിടക്കുന്ന തരിശുഭൂമി ആ പ്രദേശത്തെ ഹരിജനങ്ങൾക്ക് തുല്യമായി വീതിക്കുക. ശാസ്ത്രീയ രീതിയിലുള്ള കൃഷിരീതികളിൽ പരിശീലനം കൊടുക്കുക. പണിയായുധങ്ങൾ ഉപയോഗപ്രദമായ രീതിയിൽ വിതരണം ചെയ്യുകയും, അതിനെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്യുക.

## വിഭവസമാഹരണം

സാമ്പത്തികമായി വളരെ മെച്ചപ്പെട്ട സ്ഥിതിയല്ല നമ്മുടെ പഞ്ചായത്തിൻേറത്. ഭൂരിപക്ഷം പേരും കാർഷിക മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഭൂപരിഷ്കരണത്തോടു കൂടി ഏറെ കുറെ പട്ടിണി മാറ്റാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാദ്ധ്യതക്ക് അനുസരിച്ച് കാർഷിക രംഗത്തും, വ്യാവസായിക രംഗത്തും മെച്ചം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. സേവനമേഖലകളിലും ആവശ്യത്തിനനുസരിച്ച് സൗകര്യങ്ങൾ ഒരുക്കുന്നതിന് വിഭവം കണ്ടെത്താനും കഴിഞ്ഞിട്ടില്ല. എന്നാൽ വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ ചില നേട്ടങ്ങൾ എടുത്തുകാണിക്കാൻ ഉണ്ട്.

1) നിലവിൽ S.N.G.L.Pയും G.O.H.S ഉം പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ ചിലതും, സ്ഥലവും പുന്നശ്ശേരി ശ്രീ. നീലകണ്ഠ ശർമ്മ അവർകൾ നിരുപാധികം സൗജന്യമായി ജനങ്ങൾക്ക് നൽകിയതാണ്. ഇതിൽ കോമ്പൗണ്ട് വാൾ ഉണ്ടാക്കിയതാവട്ടെ അടുത്ത കാലത്തായി ജനങ്ങൾ (PTA) സമാഹരിച്ച സമ്പത്തു കൊണ്ടാണ്.

2) 1980 ൽ സ്ഥാപിതമായ കൊടുമുണ്ട ഹൈസ്കൂളിന് 3 ഏക്ര സ്ഥലവും, 4 ക്ലാസ്സ് മുറികളുള്ള സ്ഥിര കെട്ടിടവും ജനങ്ങളാൽ സമാഹരിച്ച് ഉണ്ടാക്കിയതാണ്.

3) നിലവിലുള്ള പഞ്ചായത്താഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നത് മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കല്ലറകുഴി പനമ്പറ്റക്കളത്തിൽ ഗോപമേനോൻ സഹോദരി ശ്രീമതി. ആനന്ദവല്ലി അമ്മ സംഭാവന ചെയ്തതാണ്.

4) പെരുമുടിയൂർ കോയപ്പടിക്കലുള്ള ബസ് വെയിറ്റിംഗ് ഷെഡ് ശ്രീ. കെ.എം. കുട്ടി ശങ്കരൻ നായരുടെ കുടുംബം സംഭാവന ചെയ്തതാണ്.

5) സാംസ്കാരിക കേന്ദ്രങ്ങളായ ശില്പ ആർട്സ് & സ്പോർട്സ് ക്ലബ്ബും, കുഞ്ഞൻ നായർ സ്മാരക വായനശാല, കൊഴിക്കോട്ടിരി റിക്രിയേഷൻ ക്ലബ്ബ്, യുവജന സമാജം വായനശാല മുതുതല, മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. തടം പരമേശ്വരൻ ഭട്ടതിരിപ്പാടിൻെറ സ്മാരകമായി നിലകൊള്ളുന്ന മന്ദിരം ഇവയുടെ നിർമ്മാണം ദരിദ്രമായ ഗ്രാമീണ ജനതയുടെ കൂട്ടായ്മയിലൂടെ സമാഹരിക്കാവുന്ന വലിയ നേട്ടങ്ങളുടെ ഉദാഹരണമാണ്.

6) ഗ്രാമീണ റോഡുകൾക്ക് വേണ്ടി നൂറുകണക്കിനാളുകൾ നൽകിയ ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കാവുന്നതിൽ അപ്പുറമാണ്.

7. ആരാധനാലയങ്ങൾക്കും, ഉത്സവങ്ങൾക്കുമായി വലിയ തോതിലുള്ള ധനം സമാഹരിക്കപ്പെടാറുണ്ട്.

കാർഷിക രംഗത്ത് ജലസേചനത്തിനും, പൊതുജനത്തിന്റെ മറ്റ് ഉപയോഗത്തിനുമായി നിരവധി സ്വകാര്യകുളങ്ങൾ തീർത്തിട്ടുണ്ട്.

പഞ്ചായത്തിലുള്ള 28 പൊതു കിണറുകൾക്കായി ഉള്ള സ്ഥലവും ജനങ്ങൾ സൗജന്യമായി നൽകിയതാണ്. നമ്മുടെ പഞ്ചായത്തിലെ 3 മഹിളാസമാജങ്ങൾ, ചില അംഗൻവാടികൾ എന്നീ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. പണ്ടുമുതൽ പിരിച്ചു വരുന്ന ഭൂനികുതി, കെട്ടിട നികുതി, ലൈസൻസ് ഫീ, വിദ്യാഭ്യാസ ഫീസ് മുതലായവയാണ് ധനാഗമ മാർഗ്ഗങ്ങൾ.

മുതുതല പഞ്ചായത്തിൽ കുടുംബക്ഷേമ ആരോഗ്യകേന്ദ്രങ്ങളായ മുതുതല 2-ാം വാർഡിലെ സ്ഥലം ശ്രീമതി. തോട്ടുപുറത്ത് കാർത്ത്യായനി അമ്മ എന്ന അമ്മാളുക്കുട്ടി അമ്മയും, അഞ്ചാം വാർഡിൽ സ്ഥലം ശ്രീ. പരമേശ്വരൻ ഭട്ടതിരിപ്പാടിന്റെ കുടുംബവും, മൂന്നാം വാർഡിൽ സ്ഥലം ശ്രീ. പൊന്നേത്ത് ശങ്കരനും, ഏഴാം വാർഡിൽ സ്ഥലം ശ്രീ. വാക്കപ്പറമ്പിൽ നാരായണൻ നായരും നൽകിയിട്ടുണ്ട്.

വില്ലേജ് ഓഫീസിനു വേണ്ടി സ്ഥലം സൗജന്യമായി നൽകിയത് മച്ചിങ്ങതൊടി സൈതലവി എന്ന കുഞ്ഞിവാപ്പുവാണ്. മുതുതല പഞ്ചായത്തിലെ പെരുമുടിയൂർ ഭാഗത്ത് 6-ാം വാർഡിലേയും, 7-ാം വാർഡിലെ വട്ടപ്പറമ്പ് ഭാഗത്തും ഒരു പരിധി വരെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ച ചിതപ്പുറം ഹരിജൻ കോളനി പദ്ധതി പ്രകാരം നിർമ്മിച്ച വാട്ടർ സ്കീമിന്റെ ടാങ്കിനു വേണ്ടി കറത്തനതൊടി മൊയ്തീൻ S/o. അലവി സ്ഥലം സൗജന്യമായി വിട്ടുകൊടുത്തിട്ടുണ്ട്. കിണറിന്റെ ആവശ്യത്തിന് വേണ്ടി കുന്നത്തൊടി മുഹമ്മദ് S/o. കുട്ടുണ്ണി, കറത്തന തൊടി ഹംസ ഹാജി എന്നിവരും സ്ഥലം വിട്ട് കൊടുത്തിട്ടുണ്ട്. മുതുതല പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും ഹൗസ് കണക്ഷൻ നൽകുന്നതിനു വേണ്ടിയുള്ള പുതിയ പദ്ധതിക്കു വേണ്ടി ടാങ്ക് നിർമ്മാണത്തിനുള്ള സ്ഥലം നിലപ്പറമ്പിൽ കെ.ടി. സൈതലവി നൽകിയിട്ടുണ്ട്. (ഈ സ്കീമിന്റെ പ്രവർത്തനം നടന്നു വരുന്നുണ്ട്.) കോൽക്കുന്നിനു മുകളിൽ ടാങ്കിനു സ്ഥലം വേളക്കാട്ടിൽ മൂഹമ്മദ് നൽകിയിട്ടുണ്ട്.

## നമ്മുടെ പഞ്ചായത്തിലെ വരുമാനം താഴ പറയുന്ന രീതിയിലാണ്

| | |
|---|---|
| കെട്ടിട നികുതി | 1,04,075.53 |
| തൊഴിൽ നികുതി | 60,040.00 |
| വിനോദ നികുതി | 41,241.00 |
| അഡീഷണൽ വിനോദ നികുതി | 15,509.00 |
| പ്രദർശന നികുതി | 2,302.50 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 553.25 |

| | |
|---|---|
| ലൈസൻസ് ഫീസ് | 3,911.00 |
| വസ്തു കൈമാറ്റ നികുതി | 62,076.00 |
| വസ്തു കൈമാറ്റ നികുതി (Special) | 27,700.00 |
| സംഭാവന | 5,500.00 |
| ഡിപ്പോസിറ്റ് | 24,002.00 |
| മറ്റുള്ളവ | 6,00,000.00 |
| ഭരണ ചിലവ് | 3,24,570.00 |
| പൊതുമരാമത്ത് | 8,18,419.00 |
| വിദ്യാഭ്യാസം | 8,653.00 |
| ജലവിതരണം, പൊതുജനാരോഗ്യം, | |
| ഓടകൾ | 3,004.50 + 5,945.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 94,012.00 |
| | 3,004.50 |
| | 5,945.00 |
| | 8,949.50 |

## നിർദ്ദേശങ്ങൾ

1. റോഡ്, പാലം എന്നിവ കോൺട്രാക്റ്റ് സമ്പ്രദായം നിർത്തി സന്നദ്ധ സംഘടനകൾക്ക് വർക്ക് കൊടുക്കുമ്പോൾ ഇടത്തട്ടുകാരെ മാറ്റിയാൽ അതുവഴി അഴിമതി കുറക്കാനും അതു വഴിതന്നെ വിഭവസമാഹരണം നേടാനും കഴിയും.

2. നികുതി സമ്പ്രദായത്തിൻെറ അപാകതകൾ മനസ്സിലാക്കാൻ ശ്രമിക്കണം.

3. കെട്ടിട നികുതിയിലും, കച്ചവടക്കാരുടെ ലൈസൻസിലും ചെറിയ തോതിൽ വർദ്ധനവ് ഉണ്ടാക്കി കൃത്യമായി പിരിച്ചെടുക്കണം.

4. കന്നുകാലികളുടെ സെൻസസ് എടുക്കുന്നതു പോലെ നായ്ക്കളുടെ സെൻസസും, അതിന് ലൈസൻസും നൽകുക. ലൈസൻസ് എടുത്ത് നായ്ക്കളേയും അലഞ്ഞു തിരിയുന്നവയേയും നിർമാർജ്ജനം ചെയ്യുക.

5. റോഡിൻെറ ഇരുവശങ്ങളിലും പ്രദർശിപ്പിക്കുന്ന പരസ്യബോർഡുകളുടെ ഉടമകളിൽ നിന്നു ടാക്സ് ഈടാക്കുക.

6. സഹകരണ ബാങ്കിൽ നിന്ന് കാർഷികാവശ്യങ്ങൾക്കും മറ്റും വായ്പകൾ കിട്ടാനുള്ള കാലതാമസം ഒഴിവാക്കുക. ഈ കാലതാമസം കാർഷികമേഖലയെ മുരടിപ്പിക്കുകയും അത് വ്യക്തികളുടെ പ്രവർത്തനങ്ങൾക്ക് മങ്ങലേൽപ്പിക്കുകയും ചെയ്യുന്നു. കൃഷി വകുപ്പും ഗ്രാമവികസന വകുപ്പ് തുടങ്ങി ഗവർമ്മെണ്ട് നൽകുന്ന വായ്പകൾ ദേശീയ ബാങ്കുകളിൽ നിന്ന് മാറ്റി സഹകരണ ബാങ്കുകൾ മുഖാന്തിരം നടപ്പിലാക്കുക.

7. ആലയിൽ കെട്ടുന്ന മൃഗങ്ങൾക്ക് വർദ്ധിച്ച ഫൈൻ ഈടാക്കുകയും അതോടെ മൃഗസംരക്ഷണം ഉറപ്പു വരുത്തുകയും ചെയ്യുക.

8. അതാതു പഞ്ചായത്തുകളിൽ താമസിക്കുന്ന ആളുകൾ വാങ്ങുന്ന വാഹനങ്ങളുടെ വ്യക്തികളിൽ നിന്ന് ആ വാഹനത്തിൻെറ നികുതി, ലൈസൻസ് എന്നിവ പഞ്ചായത്ത് തലത്തിലാക്കി അത് പിരിച്ചെടുക്കുവാൻ ശ്രമിക്കുക.

9. പരമ്പരാഗത കുടിൽ വ്യവസായം വിപുലപ്പെടുത്താൻ ബാങ്കിൽ നിന്ന് ദീർഘകാലാടിസ്ഥാനത്തിൽ വായ്പ അനുവദിക്കുക. ഉല്പാദനം വർദ്ധിക്കുമ്പോൾ നിരവധി തൊഴിൽ മേഖലകൾ ഉണ്ടാവുകയും അവയിൽ നിന്ന് നിശ്ചിത സംഖ്യ എന്ന കണക്കിന് പഞ്ചായത്തിന് പിരിച്ചെടുക്കുകയും ചെയ്യാം.

10. ചെറിയ റോഡുകളും കുളങ്ങളും മറ്റു സംഘടനകളെ ഉൾപ്പെടുത്തി സ്വകാര്യവ്യക്തികളെക്കൊണ്ടോ സ്പോൺസർ ചെയ്യിപ്പിച്ച് നടപ്പിൽ വരുത്തുക.

11. ഭദ്രത പോലുള്ള നിക്ഷേപ സമാഹരണം പഞ്ചായത്ത് തലത്തിൽ നടത്തുക. പഞ്ചായത്ത് മുഖേന ലോട്ടറി വില്പന നടത്തുക.

12. കൃഷിഭവൻ മുഖാന്തിരം എല്ലാ വീടുകളിലും അടുക്കളത്തോട്ടങ്ങൾ പോലെ പച്ചക്കറി തോട്ടങ്ങളും സംഘടിപ്പിച്ച് സ്വയംപര്യാപ്തത നേടണം.

13. എൻ.ആർ.ഇ. അക്കൗണ്ട് അതാതു പഞ്ചായത്തുകളിലുള്ള ബാങ്കുകളിൽ നിക്ഷേപിച്ച് ആ പണം കുറഞ്ഞ പലിശക്ക് വിതരണം നടത്തുക.

14. കല്യാണമണ്ഡപമോ, കളിസ്ഥലമോ പഞ്ചായത്ത് തലത്തിൽ നിർമ്മിച്ച് വാടകക്ക് കൊടുത്ത് ധനം ഈടാക്കുക.

15. പ്രാദേശികടിസ്ഥാനത്തിൽ പാൽ, പച്ചക്കറി, പരമ്പരാഗത സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

16. മത്സ്യം വളർത്താൻ കഴിയുന്ന കുളങ്ങൾ സന്നദ്ധ സംഘടനകളെക്കൊണ്ട് ഉപയോഗ പ്രദമാക്കി ഉല്പാദനം മെച്ചപ്പെടുത്തി വിറ്റതിൻെറ ലാഭവിഹിതം പഞ്ചായത്തുകൾക്ക് നൽകുക.

17. സംഭരണ ശാലകൾ നിർമ്മിച്ച് കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ശേഖരി ക്കുകയും അത് വിതരണം നടത്തുകയും ചെയ്യുക.

18. റോഡ്സൈഡുകളിൽ തെങ്ങ്, മറ്റു ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ച് ഉല്പന്നം ലേലം വിളിച്ച് ധനം ആർജ്ജിക്കുക.

19. പറങ്കിയണ്ടി, നാളികേരം, എള്ള്, റബ്ബർ, അടക്ക്, ഇഞ്ചി എന്നീ ഉല്പന്നങ്ങൾ ശേഖരിച്ച് അത് സംസ്കരിക്കാൻ കഴിയുന്ന ഫാക്ടറികൾ നിർമ്മിക്കുക.

20. പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ അതാതു പ്രദേശത്തെ റിട്ടയേർഡ് അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വിദ്യാഭ്യാസത്തിൽ പിന്നിൽ നിൽക്കുന്നവർക്കും, നിരക്ഷരർക്കും വിജ്ഞാനം നൽകുക.

21. അതാതു പ്രദേശങ്ങളിൽ ഉയർന്നു വരുന്ന സാംസ്കാരിക കേന്ദ്രങ്ങളിലെ മനുഷ്യ ശേഷി പ്രയോജനപ്പെടുത്തുക.

22. നമ്മുടെ പഞ്ചായത്തിലെ വലിയ വിഭവസമാഹരണമായിരുന്ന മണൽ വാരൽ ലേലം കുറച്ചു കാലം മുമ്പ് പഞ്ചായത്തിൽ വെച്ചു തന്നെയായിരുന്നു. എന്നാൽ അടുത്ത രണ്ടു മൂന്നു കൊല്ലമായി മണൽ വാരൽ ലേലം താലൂക്കാഫീസിൽ വെച്ചാവുകയും, അത് വലിയ അഴിമതിക്ക് ഇടനൽകുകയും ചെയ്തു. അത് കൊണ്ട് ഇത് പഞ്ചായത്ത് തലത്തിൽ തന്നെ ലേലം നടക്കാൻ വേണ്ട നടപടികൾ ഉണ്ടാക്കണം. മണലിൻെറ വില ലോറിക്ക് വിവിധ ജില്ലകളിൽ വിവിധ തലത്തിലാണ് പിരിവ് നടക്കുന്നത്.

ഉദാ:- പാലക്കാട് 100 രൂപ. 150 രൂപ.
മിനി ലോറി 30 രൂപ
മലപ്പുറം 30 -20 രൂപ

ഇതു സംസ്ഥാന വ്യാപകമായി ഏകീകരിച്ച് ഒരു സംഖ്യ തീരുമാനിക്കുക.

23. ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പ്രൊഫഷണൽ ടാക്സ് ഈടാക്കുകയും, സ്ഥാപനങ്ങൾക്ക് മാന്യമായ ലൈസൻസ് ഫീ ഈടാക്കുക.